# ചിത്രഹർമ്മ്യം

ദ്വാൻ. കെ. എസ്സ്. എഴുത്തച്ഛൻ.

# ചിത്രഹർമ്മ്യം

(ചെറുകഥാസമാഹാരം.)

ഗ്രന്ഥകർത്താ:

വിദ്വാൻ കുറുവാൻതൊടി ശങ്കരനെഴുത്തച്ഛൻ.

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

1950] [വില 1—8—0

**Second Edition 1950**

*Copy right to publishers.*

*Approved by the Text-Book Committee, Madras for class use Vide Fort St. George Gazette, Dated 7-5-52. on page-141.*

Registered Publishers:

**P. K. BROTHERS, CALICUT.**

**Regd. No. 66.**

**Printed at**

**THE PRAKASAKAUMUDI PRINTING WORKS, KOZHIKODE.**

# പ്രസ്താവന.

ഹിന്ദിയിൽനിന്നും ഇംഗ്ലീഷിന്‍ നിന്നും അടുത്ത കാലത്തായി തർജ്ജമ ചെയ്തു് പത്രങ്ങളിലും മാസികകളിലും പ്രസിദ്ധം ചെയ്തിട്ടുള്ള ഏതാനും ചെറുകഥകളാണ് ഈ "ചിത്രഹർമ്മ്യ"ത്തിലടങ്ങീട്ടുള്ളതു്. ഇതിൽ സമാഹരിയ്ക്കപ്പെട്ടിട്ടുള്ളതു് വൈചിത്ര്യമുള്ള കഥകളാണ്. കഥാകൃത്തുകളിൽ "പ്രേമചന്ദ്" ഹിന്ദിസാഹിത്യനഭോമണ്ഡലത്തിൽ വിളങ്ങിക്കൊണ്ടിരുന്ന ഒരു പ്രേമചന്ദ്രൻ തന്നെയായിരുന്നു "ഉപന്യാസസമ്രാട്" (നോവലെഴുത്തുകാരുടെ ചക്രവർത്തി) എന്ന അപരാഭിധാനത്താലാണ ദ്ദേഹം ഹിന്ദിയിൽ അറിയപ്പെടുന്നതു്. ഇംഗ്ലീഷിൽ ഒരു നല്ല കഥാകർത്ത്രിയുടെ നിലയിൽ പ്രസിദ്ധയായ ശ്രീമതി സിതാദേവി "സുവർണ്ണപഞ്ജരം" (Golden Cage) മുതലായ അവരുടെ കൃതികൾമൂലം കേരളീയസഹൃദയന്മാൎക്കും സുപരിചിതയാണല്ലൊ.

"ട്യൂഷൻ മാസ്റ്ററെ" ഒഴിച്ചാൽ പിന്നെ എന്റെ സ്വന്തമായി ഈ ഗ്രന്ഥത്തിൽ ഒന്നുമില്ലെന്നുതന്നെ പറയാം, അതുതന്നെ ഒരു ഒട്ടു ചെടിയാണ്. കഥകൾക്കു വല്ല ഗുണങ്ങളുമുണ്ടെങ്കിൽ അതിന്നവകാശികൾ മൂലകഥാകാരന്മാരാണ്. വിവൎത്തനത്തിന്റെ വൈകല്യങ്ങൾക്കുത്തരവാദി ഞാനും മൂലകഥാകൃത്തുകളുടെ ആശയഭംഗിയെ വിരൂപപ്പെടുത്തുന്നതായിട്ടുള്ളതൊന്നും ചെയ്യാതിരിപ്പാൻ കഴിയുന്നതു ശ്രദ്ധിച്ചിട്ടുണ്ടു്.

ഹിന്ദി, ബങ്കാളി മുതലായ ഇന്ത്യയിലെ ഇതരഭാഷകളിൽ കഥാസാഹിത്യത്തിന്നുള്ള നിലയും വിലയും കേരളീയകഥാസാഹിത്യത്തിന്നുണ്ടായിക്കഴിഞ്ഞിട്ടില്ല. ആകർഷം ആസ്വാദ്യമായ ഈ സാഹിത്യശാഖ വളൎന്നു പൂത്തുതളിൎത്തു് ഫലിതാവസ്ഥയിലെത്തേണ്ടതായിട്ടാണിരിയ്ക്കുന്നതു്. നമ്മുടെ സാഹിത്യക്ഷേത്രത്തിൻെറ ഇന്നത്തെ സ്ഥിതിയ്ക്കു് ഇങ്ങിനത്തെ പറിച്ചുവെയ്ക്കലും "ഒട്ടു"നടലും അപരിഹാൎയ്യമായ ആവശ്യമായിത്തോന്നുന്നു.

ഉൽകൃഷ്ടാദൎശങ്ങൾ പ്രതിഫലിച്ചുകാണുന്ന ഈ ചെറുകഥാസമാഹാരം വിദ്യാൎത്ഥികൾക്കു് അവരുടെ സ്വഭാവരൂപവൽക്കരണത്തിന്നു പററുമെന്നാണെൻെറ വിശ്വാസം.

ശാരദാവിലാസം, }
1116 ചിങ്ങം 1. } കുറുവാൻതൊടി ശങ്കരനെഴുത്തച്ഛൻ.

# അവതാരിക.

ഒരിരുപതിലധികം കൊല്ലത്തിന്നു മുമ്പ് ഒരുമിച്ച് ഒരേ ബെഞ്ചിന്മേലിരുന്നു സംസ്കൃതം പഠിച്ചുപോന്ന രണ്ടു വിദ്യാൎത്ഥികളാണ്, ഈ ഗ്രന്ഥകൎത്താവും ഈ അവതാരിക എഴുതുന്നാളും—ഇതെഴുതുവാൻ തുടങ്ങുമ്പോഠ ഉണൎന്നുല്ലസിയ്ക്കുന്ന ആ മധുരസ്മരണയെപ്പററി മിണ്ടാതെ പോകുവാൻ ഞാനാളല്ല.

എൻെറ ഈ സഹപാഠി അന്നുതന്നെ സ്വഭാഷാസാഹിത്യത്തിൽ സ്വയം പരിശ്രമിയ്ക്കുകയും, ഞങ്ങളിൽച്ചിലരെ അതിലേയ്ക്കു പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്തുപോന്ന ആളാണ്. ഏറെത്താമസിയാതെ അദ്ദേഹം തൻെറ പത്രാധിപത്യത്തിൽ "പൈങ്കിളി" എന്നൊരു മാസിക തുടങ്ങി; ഏതാനും മാസത്തോളം നടത്തുകയുമുണ്ടായി. അക്കാലത്ത് ഇദ്ദേഹം കുണ്ടൂരിൻെറ "കോമപ്പൻ" എന്ന പച്ചമലയാളകൃതിയ്ക്ക് പച്ചമലയാളത്തിൽത്തന്നെ ഒരു നിരൂപണമെഴുതിയ ആ വീരകൎമ്മം എടുത്തു പറയത്തക്കൊന്നാണ്.

അന്നുമുതൽ ഇന്നുവരെ ഇദ്ദേഹം സാഹിത്യലോകത്തിൽ തൻെറ നാമധേയത്തെ മായാതെ നിലനിൎത്തിപ്പോന്നിട്ടുണ്ട്. ഇത്ര പഴക്കവും തഴക്കവും ചെന്ന ഒരു സാഹിത്യകാരൻെറ പുതിയൊരു പ്രസിദ്ധീകരണമാണ് ഈ "ചിത്രഹൎമ്മ്യം". ഇതിലുള്ള ചെറുകഥാപ്രഹസനങ്ങളിൽ "ട്യൂഷൻമാസ്റ്റർ" എന്ന അനുകരണകഥയൊഴികെ, ബാക്കിയെല്ലാം മലയാളസാഹിത്യത്തിന്ന് ഇപ്പോഠ സുപരിചിതരായ ദ്വിജേന്ദ്രലാൽറായി, പ്രേംചന്ദ്, സീതാദേവി

എന്നി പ്രസിദ്ധഭാരതീയസാഹിത്യകാരന്മാരെഴുതിയവയുടെ വിവൎത്തനങ്ങളുമാണ്.

ഇത്രമാത്രമേ ഇപ്പുസ്തകത്തിന്ന് ഒരവതാരിക, വേണമെങ്കിൽത്തന്നെ. വേണ്ടു. എന്നാലും, എനിയ്ക്കിവിടെ വിരമിപ്പാൻ മനസ്സു വരുന്നില്ല.

“സാൾട്ടിൻസ്പെക്ടർ”, “പഞ്ചായത്ത്” എന്നി പ്രേംചന്ദിൻെറ രണ്ടു കഥകളാണ്, ഇപ്പുസ്തകത്തിൽവെച്ചു ഏററവും മികച്ചു നില്ക്കുന്നതെന്ന് എനിയ്ക്കു തോന്നുന്നു. അവ രണ്ടും ആവിഷ്കരിയ്ക്കുന്ന ജീവിതരഹസ്യം ഏതാണ്ടൊന്നുതന്നെയാണെന്നും പറയാം

അടക്കിയാലടങ്ങാത്ത സ്വാൎത്ഥലോഭാദികളാൽ മനുഷ്യൻ എത്ര കെട്ടുപോയാലും, അവൻെറ അന്തരാത്മാവിൽ സത്യത്തിൻെറ ശാശ്വതസന്ദേശം ലയിച്ചിരിപ്പുണ്ട്. അതിന്നു ജാതിഭേദമോ വൎഗ്ഗഭേദമോ ഒന്നുമില്ല. അലോപിദീനപ്പോലെ കള്ളച്ചരക്കുകച്ചവടക്കാരനായ ബ്രാഹ്മണനിലും, ജുമ്മൻ ഷെയ്ക്കിനെപ്പോലെ ലോഭശീലനായ മുസ്ലീമിലും എല്ലാം അത് അവ്യാഹതമായി കുടികൊള്ളുന്നുണ്ട്. തക്ക സമയം വരുമ്പോൾ—സ്വാൎത്ഥലോഭങ്ങൾക്കു പ്രസക്തിയില്ലാത്ത സമയത്തെങ്കിലും—അതവനെ നേർവഴിയ്ക്കു നടത്താൻ ഉണൎന്നു പ്രവൎത്തിയ്ക്കുകയും ചെയ്യും. ഇതാണ്, ആ രണ്ടു കഥയിലും കഥാകാരൻ ആസ്വാദ്യമായ കല്പനാവൈഭവത്തോടുകൂടി സമൎത്ഥിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിയ്ക്കുന്നു. അലോപിദീൻെറ പ്രവൃത്തിയിൽ, പൌരോഭാഗ്യദൃഷ്ടികൊണ്ടു നോക്കിയാൽ, സ്വാൎത്ഥചിന്താസ്പൎശമുണ്ടെന്നു പക്ഷേ വാദിയ്ക്കാം; എന്നാൽ തന്നെ അനാദരിയ്ക്കുകയും അവമാനിയ്ക്കുകയും ചെയ്ത ആ സത്യസന്ധതയെ അയാൾ അങ്ങോട്ടുചെന്നാദരിച്ചതിൽ ആ സത്യസന്ദേശത്തിൻെറ ശാശ്വതപ്രേരണയാണ് മുഖ്യ

മായി പ്രവൎത്തിച്ചിട്ടുള്ളതെന്നത് അനിഷേധ്യമത്രേ. ജൂമ്മൻഷെയ്ക്കിൻെറ പഞ്ചായത്തുവിധിയിലാകട്ടേ, ദുർവ്യാഖ്യാനം ചെയ്യാൻ തക്കവണ്ണം യാതൊന്നുമില്ലാത്തവണ്ണം അത്രയ്ക്കു നിരുപാധികമായിട്ടും അത്രയ്ക്കു അവിചാരിതമായിട്ടുമാണ് അതു കടന്നു പ്രവൎത്തിച്ചത്. അയാൾതന്നെ പിന്നെ പറഞ്ഞതുപോലെ, അയാളിലൂടേ അപ്പോൾ 'പടച്ചവൻ' തന്നെയാണ് സംസാരിച്ചത്.

അതേ, ഗാന്ധിജി പറയുന്നു: എല്ലാവരുടെ ഉള്ളിലുമുണ്ട് സത്യം അധിവസിയ്ക്കുന്ന ഒരു പുണ്യസ്ഥാനം. അസത്യം പ്രവൎത്തിയ്ക്കുന്ന ആൎക്കും, താൻ സത്യമല്ല പ്രവൎത്തിക്കുന്നതെന്നറിയാം. കാരണം അസത്യത്തെ സത്യമായി തെററിദ്ധരിയ്ക്കുക ആൎക്കും സാധ്യമല്ല. (നീതിധൎമ്മം.)

ഈ രണ്ടു കഥ ഉൾപ്പെട്ടതുകൊണ്ടുതന്നെ ഈ ചിത്രഹാൎമ്മ്യം വിലയേറിയൊരു പുസ്തകമാണ്; മററു കഥകൾ ഇതിനെ വീണ്ടും മനോഹരമാക്കിച്ചെയ്യുന്നു. 'ദ്വിജേന്ദ്രലാൽറായിയുടെ "പുനൎജ്ജന്മം", വിദ്യാലയാഘോഷങ്ങളിലും മററും വിദ്യാൎത്ഥികൾക്ക് എടുത്തഭിനയിയ്ക്കുവാൻ പററിയ ഒരു പ്രഹസനമാണെന്ന വിശേഷം കൂടിയുണ്ട്. അതിലെ കഥാപാത്രങ്ങൾക്കു മലയാളിപ്പേർ കൊടുത്തു മാററിയെഴുതുക മാത്രം ചെയ്താൽ അതിനെ നേരംപോക്കു നിറഞ്ഞ ഒരു കേരളീയരംഗമായിത്തന്നെ അഭിനയിച്ചു ഫലിപ്പിയ്ക്കാൻ സാധിയ്ക്കും.

എൻെറ സതീൎത്ഥ്യനായ വിദ്വാൻ കരുവാൻതൊടി ശങ്കരനെഴുത്തച്ഛനവർകളുടെ സാഹിത്യപരിശ്രമം വിജയാവഹമായി തുടരുന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു.

കോഴിക്കോട്,
28—9—'42.

കെ. എം. കുട്ടിക്കൃഷ്ണമാരാര്.

# വിഷയവിവരം.

| | | |
|---|---|---|
| | | ഭാഗം. |
| 1. | സാറംട്ട് ഇൻസ്പെക്ടർ—പ്രേംചന്ദ് | 1 |
| 2. | വലിയ തറവാട്ടിലെ കട്ടി—ടി | 21 |
| 3. | ട്യൂഷൻ മാസ്റ്റർ (അനുകരണം) | 40 |
| 4. | സപത്നി—പ്രേംചന്ദ് | 57 |
| 5. | അയാളുടെ ചെറുപ്പക്കാരിയായ ഭാര്യ —സീതാദേവി | 81 |
| 6. | ശൈവലിനി (ഹിന്ദിയിൽനിന്ന്) | 108 |
| 7. | പഞ്ചായത്ത്—പ്രേംചന്ദ് | 139 |
| 8. | പുനർജ്ജന്മം (ഒരു പ്രഹസനം)— ദ്വിജേന്ദ്രലാലിൻെറ ബങ്കാളിപ്രഹസന ത്തിൻെറ ഹിന്ദിഭാഷാന്തരത്തിൽനിന്നു | 164 |

# ചിത്രാറമ്യം.

## 1. *സാൾട്ട് ഇൻസ്പെക്ടർ.

### I

പുതുതായി സാൾട്ട് ഡിപ്പാർട്ടുമെൻറ് ഏർപ്പെടുത്തുകയും ഈശ്വരദത്തമായ ഒരു വസ്തു യഥേഷ്ടം ഉപയോഗപ്പെടുത്തുവാൻ പ്രതിബന്ധം നേരിടുകയും ചെയ്തപ്പോരം ജനങ്ങരം അതുകൊണ്ടു ഗൂഢമായി വ്യാപാരം ചെയ്യുവാൻ തുടങ്ങി. അനേകം വിധത്തിൽ വഞ്ചനചെയ്യുന്നതിനുള്ള ആസൂത്രണങ്ങരം തയ്യാറായി. ചിലർ കൈക്കൂലി കൊടുത്തു കാര്യം നേടി; വേറെചിലർ മററുചില സൂത്രങ്ങരംകൊണ്ടു കാര്യം ഒപ്പിച്ചു. അംശം ഉദ്യോഗസ്ഥന്മാരുടെ സവ്വസമ്മാനിതമായ സ്ഥാനങ്ങളുപേക്ഷിച്ച് ആളുകരം ഈ ഡിപ്പാർട്ടുമെൻറിലേയ്ക്ക് ചാടുവാൻ തുടങ്ങി. ഒരു സാൾട്ട് ഇൻസ്പെക്ടരായിത്തീരുവാൻ അന്ന് വക്കീൽമാക്കുകൂടി അത്യാഗ്രഹം ഉണ്ടായിരുന്നു. ഇംഗ്ലീഷ് പഠിയ്ക്കുകയെന്നുവെച്ചാൽ "പാതിരി മതം" പഠിയ്ക്കുകയാണെന്ന് ആളുകരം ധരിച്ചിരുന്ന കാലമായിരുന്നു അത്.

മുൻഷി വംശീധരൻ ഒരുദ്യോഗം സമ്പാദിയ്ക്കുന്നതിന്നു പരിശ്രമിച്ചുവരികയായിരുന്നു. അദ്ദേഹത്തിൻെറ

---

* പ്രേംചന്ദ് ഹിന്ദിയിൽ എഴുതിയത്.

അച്ഛൻ വളരെ ലോകപരിചയമുള്ള ഒരാളാണ്. അദ്ദേഹം പുത്രനോടിങ്ങിനെ ഉപദേശിപ്പാൻ തുടങ്ങി:—

"എടൊ, വീട്ടിലെ കാൎയ്യം നല്ലവണ്ണം ശ്രദ്ധിച്ചുനോക്കിക്കൊള്ളുക. എന്തൊരു ദുൎദ്ദശയാണിവിടെ വന്നുപെട്ടിരിയ്ക്കുന്നത്! കടക്കാരുടെ ശല്യംകൊണ്ട് ഒളിച്ചിരിയ്ക്കേണ്ട നിലയിലെത്തിയിരിയ്ക്കുന്നു. രണ്ട് പെൺകുട്ടികളുണ്ട്. അവരങ്ങിനെ വല്ല പുല്ലോ മററൊ വളരും പോലെ ആരും ശ്രദ്ധിപ്പാനില്ലാതെ വളൎന്നുവരികയാണ്. ഞാനാണെങ്കിൽ പുഴവക്കത്തുള്ള ഒരു മരംപോലെയായിരിയ്ക്കുന്നു. എപ്പോഴാ മറിഞ്ഞുവീഴുമെന്നറിഞ്ഞുകൂടാ. ഇപ്പോഴാ താനാണ് ഈ വീട്ടിലെ സൎവ്വാധികാരി; ഉദ്യോഗത്തിൻെറ പദവിയെപ്പററിയൊന്നും അത്ര വിചാരിയ്ക്കേണ്ട; അതത്ര സാരമില്ല. മാസ്സപ്പടിയെന്നത് മാസത്തിലൊരിയ്ക്കൽ മാത്രം കാണുന്ന ഒരു പൂൎണ്ണചന്ദ്രനാണ്. ഒരു ദിവസം അങ്ങിനെ പൂൎണ്ണമായി പ്രത്യക്ഷപ്പെട്ടാൽ പിന്നെ അത് ദിവസംപ്രതി കുറഞ്ഞുകുറഞ്ഞു വരികയായി! പുറമെയുള്ള വരവാണെങ്കിൽ അതൊരൊഴുകുന്ന നദിയാണ്; അതിൽനിന്നെപ്പോഴും ദാഹം ശമിപ്പിയ്ക്കാം. മാസ്സപ്പടി തരുന്നത് മനുഷ്യനാണ്; അതുകൊണ്ടാവകയിൽ അത്രയേ അഭിവൃദ്ധിയുണ്ടാകൂ; എന്നാൽ പുറമേയുള്ള വരവിൻെറ കഥയതല്ല. അതു തരുന്നത് ദൈവത്തിൻെറ പ്രവൃത്തിയാണ്; അതുകൊണ്ടതിന്നൊരു ശ്രീത്വം കൂടും. നിനക്കു പഠിപ്പുണ്ട്; പിന്നെ ഞാനൊന്നും ഉപദേശി

യ്യേണ്ട ആവശ്യമില്ല. ഇക്കാൎയ്യത്തിൽ വേണ്ടതു വിവേകമാണു്. മനുഷ്യനെ നോക്കണം; അവന്റെ ആവശ്യങ്ങളും നോക്കണം; സന്ദർഭങ്ങളും നോക്കണം; അതിന്നു ശേഷം എന്താണുചിതമെന്നു വെച്ചാൽ അതു മനസ്സിലാക്കിച്ചെയ്യേണം. സ്വാൎത്ഥികളോടു് കഠിനമായി പ്രവൎത്തിയ്ക്കുന്നതുകൊണ്ടു് ഒരു ദോഷവുമില്ല. എന്നാൽ അങ്ങിനെയല്ലാത്തവരോടു് ആ വിധത്തിൽ പ്രവൎത്തിയ്ക്കുന്നതു കഷ്ടവുമാണു്. ഈ ഉപദേശം ഭദ്രമായി സൂക്ഷിച്ചുകൊള്ളുക; ഇതെന്റെ ജീവിതത്തിലെ മുഴുവൻ സമ്പാദ്യമാണു്."

ഈ ഉപദേശം ചെയ്തശേഷം അച്ഛൻ ആശീൎവ്വദിച്ചു; വംശീധരൻ ഒരനുസരണമുള്ള പുത്രനായിരുന്നു. അയാളിതെല്ലാം ശ്രദ്ധിച്ചുകേട്ടു. ഈ വിസ്തൃതമായ ലോകത്തിൽ ആ യുവാവിനെസംബന്ധിച്ചേടത്തോളം ധൈൎയ്യം അയാളുടെ മിത്രവും, ബുദ്ധിമാൎഗ്ഗോപദേഷ്ടാവും, സ്വാശ്രയശീലം സഹായിയുമായിരുന്നു. നല്ല ശകുനം കണ്ടിട്ടാണ് ആ ഉദ്യോഗാൎത്ഥി പുറപ്പെട്ടതു്. പോയിപ്പോയി അയാളൊരു സാൾട്ട്ഇൻസ്പെക്ടരുടെ പദവിയിലെത്തിച്ചേൎന്നു. നല്ല ശമ്പളം; പുറമേയുള്ള വരവിന്നാണെങ്കിൽ അവസാനമില്ലാത്ത ഒരു ഉദ്യോഗവും! വൃദ്ധനായ പിതാവിനെ ഈ വൎത്തമാനം വളരെയധികം സന്തോഷിപ്പിച്ചു. മദ്യവ്യാപാരികളുടെ ആശാലത തളിൎത്തുപൂത്തു. അയൽവക്കക്കാരുടെ ഉള്ളിൽ വേദനതുടങ്ങി.

## II

ശീതകാലമായിരുന്നു; രാത്രി സമയവും. സാറ്ജന്റ് ശിപായിമാരും, ചൌക്കീദാരും ലഹരിയിൽ മുഴുകിയിരിയ്ക്കയാണ്. മുൻഷിവംശീധരൻ ഇവിടെവന്നിട്ട് ആറു മാസത്തിലധികമായിട്ടില്ല; എങ്കിലും ഈ അല്പകാലം കൊണ്ടദ്ദേഹം തന്റെ കാൎയ്യപ്രാപ്തിനിമിത്തം മേലധികാരിമാരെയെല്ലാം സന്തോഷിപ്പിച്ചു; അവൎക്കെല്ലാം അദ്ദേഹത്തിന്റെ പേരിൽ വലിയ വിശ്വാസമായിരുന്നു. ഇൻസ്പെക്ടരുടെആപ്പീസ്സിൽനിന്ന് ഏതാണ്ട് ഒരു മൈൽ കിഴക്കുഭാഗത്തുകൂടിയാണ് യമുനാനദി ഒഴുകുന്നത്; അതിൽക്കൂടെ തോണികൾകൊണ്ട് ഒരു പാലംതന്നെ പണിതിരുന്നു. ഇൻസ്പെക്ടർ വാതിലടച്ചു സുഖമായി ഉറങ്ങുവാൻ തുടങ്ങി; അദ്ദേഹം പെട്ടെന്നു കണ്ണു തുറന്നുനോക്കി. പുഴ ഒഴുകുന്നേടത്തുനിന്ന് വണ്ടികളുടെ 'കടകട' ശബ്ദങ്ങളും വണ്ടിക്കാരുടെ കോലാഹലങ്ങളും കേട്ടുകൊണ്ടിരുന്നു.

ഇത്രയും രാത്രിയായിട്ട് എന്താണിങ്ങനെ വണ്ടികൾ പോയിക്കൊണ്ടിരിയ്ക്കുന്നത്, എന്തൊ ഒരു തകരാറുണ്ട്. ഊഹം അദ്ദേഹത്തിന്റെ പരിഭ്രമത്തെ വൎദ്ധിപ്പിച്ചു. അതിവേഗത്തിൽഉടുപ്പെടുത്തിട്ട് കൈത്തോക്കും എടുത്ത് കുതിരപ്പുറത്തു ചാടിക്കയറി പാലത്തിന്മേലെത്തി. വണ്ടികളുടെ ഒരു നീണ്ട വരിതന്നെ പാലത്തിന്മേൽക്കൂടി നീങ്ങിക്കൊണ്ടിരിയ്ക്കുന്നതാണദ്ദേഹംകണ്ടത്. കുറെ അധികാരസ്വരത്തിലദ്ദേഹം ചോദിച്ചു: "ആരുടെയാണീവണ്ടികൾ?"

കുറച്ചുനേരം അവിടെ നിശ്ശബ്ദമായിരുന്നു. വണ്ടിക്കാർതമ്മിൽ ചില സ്വകാര്യം പറയൽ കഴിഞ്ഞശേഷം മുമ്പിലത്തെ വണ്ടിക്കാരൻ പറഞ്ഞു: "പണ്ഡിത അലോപിദീൻെറ."

"ഏതു പണ്ഡിത അലോപിദീൻ?"

"ദാതാ ഗഞ്ചിലെ."

വംശീധരൻ ഞെട്ടി; പണ്ഡിത അലോപിദീൻ ഈ സംസ്ഥാനത്തിലെ ഏററവും വലിയ സെമിൻദാരാണ്; അദ്ദേഹത്തിന്ന് അനേകലക്ഷം ഉറുപ്പികയുടെ കൊള്ളക്കൊടുക്കയുണ്ടായിരുന്നു. കുചേലൻ മുതൽ കുബേരൻ വരെയുള്ള ഇവിടുത്തുകാരാരുംതന്നെ അദ്ദേഹത്തിന്നു കടപ്പെടാതെയില്ല. കച്ചവടവും വളരെ വലുതായിരുന്നു. ഇതിന്നൊക്കെപ്പുറമെ ആൾ വലിയ ഒരു ഉപായക്കാരനുമാണ്. വലിയ വലിയ ഇംഗ്ലീഷുകാരൊക്കെ വന്ന് അദ്ദേഹത്തിൻെറ കാട്ടിൽ നായാട്ടുചെയ്തു മടങ്ങിപ്പോയിരുന്നതിന്നു പുറമെ പലപ്പോഴും അവരദ്ദേഹത്തിൻെറ അതിഥികളുമായിരിയ്ക്കും. പുറമെ പല ദിക്കുകളിലും "സദാവൃത്തികളും" മററും ഏപ്പെടുത്തുകയും ചെയ്തിരുന്നു.

മുൻഷി വംശീധരൻ ചോദിച്ചു.— "വണ്ടികളെവിടേയ്ക്കാണ് പോകുന്നത്?"

"കോൺപൂരിലേയ്ക്കു്"

പക്ഷെ ഈ ചോദ്യത്തിന്നു പെട്ടെന്ന് ഉത്തരം കിട്ടുകയുണ്ടായില്ല; വംശീധരൻെറ ചോദ്യം കേട്ടപ്പോൾ അവിടെ ഒരു നിശ്ശബ്ദത വ്യാപിക്കയാണുണ്ടായത്. അദ്ദേ

ഹത്തിന്നു കുറേക്കൂടി സംശയമായി. ഉത്തരം കിട്ടുന്നില്ലെന്നു കണ്ടപ്പോറം അദ്ദേഹം ചോദിച്ചു:— "എന്താ നിങ്ങളൊക്കെ ഊമകളാണൊ? ഞാൻ ചോദിയ്ക്കുന്നു; ഇതിലെല്ലാം എന്താണ് കയററിയിരിയ്ക്കുന്നതു്?"

ഈ പ്രാവശ്യവും ഉത്തരമില്ലെന്നു കണ്ടപ്പോറം അദ്ദേഹം വണ്ടിയുടെ മറ നീക്കി; ഒരു ചാക്കു പരിശോധിച്ചുനോക്കി; സംശയമെല്ലാം തീൎന്നു. ആ വണ്ടികളിലെല്ലാം നിറച്ചിരുന്നതു് ഉപ്പുചാക്കുകളായിരുന്നു !

## III

പണ്ഡിത അലോപിദീൻ തൻെറ മനോഹരമായ വണ്ടിയിൽ ഉറക്കം തൂങ്ങിക്കൊണ്ടങ്ങിനെ വരുന്നുണ്ടായിരുന്നു ഒരു വണ്ടിക്കാരൻ പരിഭ്രമിച്ചുകൊണ്ടോടിച്ചെന്നു പറഞ്ഞു:—"ഇൻസ്പെക്ടരെജമാനനുണ്ടു് വണ്ടികറം തടുത്തുനിത്തീട്ടു് കടവത്തുനിന്നു് ഏമാനെ വിളിയ്ക്കുന്നു."

പണ്ഡിത അലോപിദീന് മഹാലക്ഷ്മിയുടെ വിലാസത്തിൽ വലിയ വിശ്വാസമുണ്ടായിരുന്നു. പണത്തിൻെറ മീതെ പരുന്തും പറക്കില്ലെന്നും, പണത്തിന്നു് സ്വൎഗ്ഗത്തിൽക്കൂടി സ്ഥാനമുണ്ടെന്നും അദ്ദേഹം ഇടയ്ക്കിടെ പറക പതിവാണു്; അദ്ദേഹത്തിൻെറ ഈ അഭിപ്രായം വാസ്തവത്തിൽ അയഥാൎത്ഥമല്ല; ന്യായവും നീതിയുമെല്ലാം ലക്ഷ്മീദേവിയുടെ കളിക്കോപ്പുകളാണു്; അവറംക്കെങ്ങിനെയാണൊ ഇഷ്ടം അങ്ങിനെ അവറം ഇവയൊക്കൊണ്ടു കളിയ്ക്കുന്നു.

കിടന്നുകൊണ്ടുതന്നെ ഗർവ്വത്തോടുകൂടി സെമിൻദാർ പറഞ്ഞു:—നടന്നോ, ഞാൻ വരുന്നു.

ഇതും പറഞ്ഞുകൊണ്ടു് പണ്ഡിത്ജി വളരെ നിശ്ചിന്തനായിട്ടു് വെററിലയെടുത്തു മുറുക്കി, പുതപ്പൊന്നു നേരെയാക്കി ഇൻസ്പെക്ടരുടെ അടുത്തുചെന്നു പറഞ്ഞു:—ബാബുജി, ഞാനങ്ങയെ ആശീർവ്വദിയ്ക്കുന്നു; വണ്ടികറം തടുത്തുനിറുത്തത്തക്കവണ്ണം ഞാനെന്തൊരപരാധമാണു് ചെയ്തിട്ടുള്ളതു്? ഒന്നു പറഞ്ഞുതരണെ; ഞങ്ങളിൽ ചില ബ്രാഹ്മണരുടെ പേരിൽ ബാബുവിൻെറ ദയാദൃഷ്ടി ഉണ്ടായിരിക്കുകതന്നെ വേണം.

ഇൻസ്പെക്ടർ സഗൌരവം:—ഇതു് ഗവമ്മെൻറു് കല്പനയാണു്.

അലോപിദീൻ ചിരിച്ചുംകൊണ്ടു് പറഞ്ഞു:—ഞങ്ങറംക്കു ഗവമ്മെണ്ടിൻറിനെപ്പററിയൊ ഗവമ്മെൻറു് കല്പനയെപ്പററിയൊ അറിഞ്ഞുകൂട; ഞങ്ങളുടെ ഗവമ്മെൻറ് നിങ്ങറംതന്നെയാണു്. ഞങ്ങളുടെ കാൎയ്യമാണെങ്കിൽ നിങ്ങളുടെ വീട്ടിലെ കാൎയ്യംതന്നെ; ഞങ്ങറംക്കു നിങ്ങളെ വേറൊരാളായി ഗണിയ്ക്കുവാൻ നിവൃത്തിയില്ല. താങ്കറം ഈ ബുദ്ധിമുട്ടുകളെല്ലാം ഉണ്ടാക്കിയതു വെറുതെയാണു്. ഇവിടെനിന്നുപോയി ക്ഷേത്രത്തിലെ ഭഗവതിയെ സേവിപ്പാൻ സാധിക്കുകയില്ല; ഞാൻ ഭവാനെ സേവിപ്പാനാണു് വിചാരിക്കുന്നതു്.

വംശീധരനെ സംബന്ധിച്ചേടത്തോളം ഐശ്വൎയ്യത്തിൻെറ സമ്മോഹനമായ ഓടക്കുഴൽവിളി വ്യൎത്ഥമായി

രുന്നു. വിശ്വസ്തതയുടെ നവീനമായ ഒരുത്സാഹത്തോടു കൂടി അദ്ദേഹം ഉറക്കെപ്പറഞ്ഞു:—"ഞാൻ, ഒരു ചില്ലി ക്കാശിന്നുവേണ്ടി അവനവൻെറ വിശ്വാസ്യത വിററുകള യുന്ന ആ നന്ദികെട്ട വർഗ്ഗത്തിൽപ്പെട്ടവനല്ല. നിങ്ങളെ അറസ്റ്റ് ചെയ്തിരിയ്ക്കുന്നു. രാവിലെ നിയമാനുസരണമുള്ള നടവടികളെടുക്കുന്നതാണ്. മതി, ഇനി അധികം പറ ഞ്ഞിട്ടാവശ്യമില്ല. ജമേദാർ ബദലൂസിംഹൻ! ഞാൻ നിങ്ങൾക്ക കല്പന തരുന്നു, ഇദ്ദേഹത്തെ തടവുമുറിയിൽ കൊണ്ടുപോയി വെയ്ക്കൂ."

പണ്ഡിത അലോപിദീൻ സ്തംഭിച്ചുപോയി; വണ്ടി ക്കാരുടെ കോലാഹലമെല്ലാം നിലച്ചു! ഇങ്ങിനെ ഒരു കഠോരവാക്ക് അദ്ദേഹം കേൾക്കേണ്ടിവന്നത് തൻെറ ജീവിതത്തിലിത് ഒരുപക്ഷെ ഒന്നാമത്തെ പ്രാവശ്യമായി രിക്കണം. ബദലൂസിംഹൻ മുന്നോട്ടുവന്നു; പക്ഷെ അദ്ദേ ഹത്തിൻെറ കയ്യ്പിടിപ്പാനുള്ള സാഹസം അയാൾക്ക ണ്ടായില്ല. അലോപിദീൻ, ധർമ്മം ധനത്തെ ഇപ്രകാരം അനാദരിയ്ക്കുന്നത് ഇതിന്നു മുൻപ് ഒരിയ്ക്കലും കണ്ടിട്ടുണ്ടാ യിരുന്നില്ല. അദ്ദേഹം വിചാരിച്ചു:—"വല്ലാത്തൊരു ഗർവ്വി ഷ്ഠനായ കുട്ടി! ലോകപരിചയം പോരാ; അതുകൊണ്ട് പേടിയ്ക്കുകയാണ്."

പിന്നെ അദ്ദേഹം ദീനഭാവത്തിൽ പറഞ്ഞു:— "ബാബുസാഹിബ്, അങ്ങിനെ ചെയ്യരുത്; ഞാൻ നശി ച്ചുപോകും; എൻെറ മാനം കെട്ടുപോകും; എന്നെ അപ മാനിയ്ക്കാൻ താങ്കൾക്ക് കയ്യുകൂടുമോ? എങ്ങിനെയായാലും ഞാൻ നിങ്ങളുടെ കൂട്ടത്തിൽനിന്ന പുറത്തുള്ളവനല്ല."

"ഇങ്ങനത്തെ വൎത്തമാനമൊന്നും എനിയ്ക്കു കേഠം ക്കേണ്ട." ഒരു രൂക്ഷഭാവത്തിൽ ഇൻസ്പെക്ടർ പറഞ്ഞു.

അലോപിദീൻ ഇതേവരെ ഏതൊന്നിനെ തനിയ്ക്ക് ആശ്രയമായിക്കരുതി ഇരുന്നവൊ, കാൽച്ചുവട്ടിൽനിന്ന് അത് ഇപ്പോഠം വഴുതിപ്പോവുകയാണെണ്ടായതെന്ന് അദ്ദേഹത്തിന്നു മനസ്സിലായി.

ഇതേവരെ പണത്തിൻെറ സംഖ്യാശക്തിയിലദ്ദേഹ ത്തിന്ന് അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം തൻെറ മുക്ത്യാർ കാൎയ്യസ്ഥനോട പറഞ്ഞു:—ലാലാജി, ഒരായിരം ഉറുപ്പികയുടെ നോട്ട് ഇൻസ്പെക്ടൎക്ക കൊണ്ടു വന്നു കൊടുക്കു; അദ്ദേഹമിപ്പോഠം പട്ടിണികിടന്ന സിംഹത്തെപ്പോലെ ആയിരിയ്ക്കുകയാണ്

വംശീധരൻ കോപത്തോടുകൂടി പറഞ്ഞു:—ഒരാ യിരത്തിന്നല്ല, ഒരു ലക്ഷം ഉറുപ്പികയ്ക്കുകൂടി എന്നെ സന്മാൎഗ്ഗത്തിൽനിന്നു തെററിപ്പാൻ സാധിയ്ക്കുകയില്ല.

ധൎമ്മത്തിൻെറ ബുദ്ധിഹീനമായ ഈ ധൃഷ്ടതയും, ദേവദുല്ലഭമായ ഈ ത്യാഗവും കണ്ടിട്ട് ധനത്തിന്നു വല്ലാതെ കോപംവന്നു. രണ്ടു ശക്തികളും പരസ്പരം ആക്ര മിപ്പാനുള്ള വട്ടമായി. ഒരായിരത്തിൽനിന്ന് അയ്യായിരം, അയ്യായിരത്തിൽനിന്ന് പതിനായിരം, എന്നിങ്ങനെ ഇരുപതിനായിരത്തോളം കളിയെത്തി! എന്നാൽ ധൎമ്മ മാകട്ടെ ഒരു അലൌകികമായ ധീരതയോടുകൂടി വളരെ സംഖ്യയോളം വരുന്ന ഈ സേനയോടൊററയ്ക്കുനിന്നെ തിരിട്ട് പൎവ്വതത്തെപ്പോലെ ഇളകാതിരുന്നു.

അലോപിദീൻ നൈരാശ്യത്തോടെ പറഞ്ഞു:—ഇതിലധികം ചെയ്യാനുള്ള സഹായം എനിയ്ക്കില്ല; ഇനിയെല്ലാം താങ്കളുടെ അധികാരമാണ്.

വംശീധരൻ തൻെറ ജമേദാരുടെ നേരെ ഞ്ഞി എടുത്തു. ബദല്യൂസിംഹൻ ഇൻസ്പെക്ടരുടെ കോപം കണ്ട പ്പോഠം മുമ്പോക്കം ചെന്നു. പണ്ഡിതജി പരിഭ്രമിച്ച് രണ്ടുമൂന്നടി പിന്നോക്കംവെച്ചു, വളരെ ദീനഭാവത്തിൽ പറഞ്ഞു:—ഈശ്വരനെ വിചാരിച്ച് എൻെറ പേരിൽ ദയ ചെയ്യണേ! ഞാൻ ഇരുപത്തയ്യായിരത്തിൽ കാര്യം കലാശിപ്പിപ്പാൻ ആഗ്രഹിയ്ക്കുന്നു.

"നടക്കാത്ത കാര്യമാണ്"

"മുപ്പതിനായിരമായാലോ?"

"എങ്ങിനെയായാലും സാധിയ്ക്കയില്ല."

"എന്ത്! നാല്പതിനായിരമായാലും ആവില്ലെ?"

"നാല്പതിനായിരമല്ല; നാല്പതു ലക്ഷമായാൽക്കൂടി നടക്കില്ല. ബദല്യൂസിംഹൻ, ഈ മനുഷ്യനെ ഇപ്പോഠം തടവുമുറിയിലേയ്ക്ക കൊണ്ടുപോക. എനിയ്ക്ക ഇനി ഒരു വാക്കപോലും കേഠംക്കേണ്ട."

ധർമ്മം ധനത്തെ കാലിന്നടിയിലിട്ടു ചവുട്ടിത്തേച്ചു! ഒരു തടിച്ച ക്കുററൻ, കയ്യാമവുമായി തൻെറ നേരെ വരുന്നത് അലോപിദീൻ കണ്ടു; അപ്പോഴദ്ദേഹം പെട്ടെന്നു മോഹാലസ്യപ്പെട്ടു വീണു.

## VI

ലോകം ഉറങ്ങിയിരുന്നു; എന്നാൽ അതിൻെറ നാവാകട്ടെ ഉറക്കമൊഴിച്ചുകൊണ്ടുതന്നെ ഇരുന്നു. നേരം വെളിച്ചമായപ്പോഴേയ്ക്കു് ആബാലവൃദ്ധം ആളുകളുടെ മുഖത്തുനിന്നു് ഈ ഒരു വർത്തമാനമേ കേൾപ്പാനുള്ളവെന്നായി. എല്ലാടത്തുവെച്ചും ആളുകൾ തമ്മിൽത്തമ്മിൽ പണ്ഡിതജിയുടെ ഈ പ്രവൃത്തിയെക്കുറിച്ചു് വിമർശനം ചെയ്തുകൊണ്ടിരുന്നു. പാലാണെന്നു പറഞ്ഞു് വെള്ളം കൊണ്ടുപോയി വില്ക്കുന്ന പാൽക്കച്ചവടക്കാർ, കള്ള ഡയറി എഴുതി കാലം കഴിയ്ക്കുന്ന ഉദ്യോഗസ്ഥന്മാർ, ടിക്കററില്ലാതെ തീവണ്ടിയാത്ര ചെയ്തുവരുന്ന ബാബുമാർ, കള്ളാധാരമുണ്ടാക്കുന്ന പണമിടവാടുകാർ എന്നിവരൊക്കെ ദേവലോകത്തിൽനിന്നു വന്നവരെപ്പോലെ അലോപിദീൻെറ ഹീനകൃത്യത്തെ നിന്ദിച്ചു്, പരിഹാസത്തിൻെറ പെരുമഴതന്നെ ചൊരിഞ്ഞുകൊണ്ടിരുന്നു. പിറേറന്നു് പണ്ഡിത അലോപിദീൻ കുററക്കാരൻെറ നിലയിൽ, കോൺസ്റ്റബിൾമാരോടുകൂടി, കയ്യുകളിൽ ആമവും ഹൃദയത്തിൽ ക്ഷോഭവുമായി, ലജ്ജകൊണ്ടു് തലതാഴ്ത്തി കോടതിയിലേയ്ക്കു് ചെന്നപ്പോൾ പട്ടണം മുഴവനും ഇളകിപ്പോയി! ഉത്സവങ്ങളിൽക്കൂടി ആളുകളുടെ കണ്ണുകൾക്കിത്ര ആയാസം സംഭവിച്ചിരിയ്ക്കുകയില്ല. ചുമരുകളിലാകട്ടെ മേൽപ്പുരകളിലാകട്ടെ ആൾക്കൂട്ടമില്ലാതെ ഒരിടവുമുണ്ടായിരുന്നില്ല.

കോടതിയിലെത്തുന്നതിന്നു സമയമായി; പണ്ഡിത അലോപിദീൻ ഈ ഘോരാരണ്യത്തിലെ സിംഹമായി

അലോപിദീൻ നൈരാശ്യത്തോടെ പറഞ്ഞു:—ഇതിലധികം ചെയ്യാനുള്ള സഹായം എനിയ്ക്കില്ല; ഇനിയെല്ലാം താങ്കളുടെ അധികാരമാണ്.

വംശീധരൻ തൻെറ ജമേദാരുടെ നേരെ ശ്രുണ്ഠി എടുത്തു. ബദലൂസിംഹൻ ഇൻസ്പെക്ടരുടെ കോപം കണ്ട പ്പോഠം മുമ്പോക്കം ചെന്നു. പണ്ഡിതജി പരിഭ്രമിച്ച് രണ്ടുമൂന്നടി പിന്നോക്കംവെച്ചു, വളരെ ദീനഭാവത്തിൽ പറഞ്ഞു:—ഈശ്വരനെ വിചാരിച്ച് എൻെറ പേരിൽ ദയ ചെയ്യണേ! ഞാൻ ഇരുപത്തയ്യായിരത്തിൽ കാര്യം കലാശിപ്പിപ്പാൻ ആഗ്രഹിയ്ക്കുന്നു.

"നടക്കാത്ത കാര്യമാണ്"

"മുപ്പതിനായിരമായാലോ?"

"എങ്ങിനെയായാലും സാധിയ്ക്കുയില്ല."

"എന്ത്! നാല്പതിനായിരമായാലും ആവില്ലെ?"

"നാല്പതിനായിരമല്ല; നാല്പതു ലക്ഷമായാൽക്കൂടി നടക്കില്ല. ബദലൂസിംഹൻ, ഈ മനുഷ്യനെ ഇപ്പോഠം തടവുമുറിയിലേയ്ക്കു കൊണ്ടുപോക. എനിയ്ക്കു ഇനി ഒരു വാക്കുപോലും കേഠക്കേണ്ട."

ധർമ്മം ധനത്തെ കാലിന്നടിയിലിട്ടു ചവുട്ടിത്തേച്ചു! ഒരു തടിച്ച കൂററൻ, കയ്യാമവുമായി തൻെറ നേരേ വരുന്നത് അലോപിദീൻ കണ്ടു; അപ്പോഴദ്ദേഹം പെട്ടെന്നു മോഹാലസ്യപ്പെട്ടു വീണു.

## VI

ലോകം ഉറങ്ങിയിരുന്നു; എന്നാൽ അതിൻെറ നാവാകട്ടെ ഉറക്കമൊഴിച്ചുകൊണ്ടുതന്നെ ഇരുന്നു. നേരം വെളിച്ചമായപ്പോഴേയ്ക്കു് ആബാലവൃദ്ധം ആളുകളുടെ മുഖത്തുനിന്നു് ഈ ഒരു വൎത്തമാനമേ കേഠംപ്പാനുള്ളുവെന്നായി. എല്ലാടത്തുവെച്ചും ആളുകഠം തമ്മിൽത്തമ്മിൽ പണ്ഡിതജിയുടെ ഈ പ്രവൃത്തിയെക്കുറിച്ചു് വിമൎശനം ചെയ്തുകൊണ്ടിരുന്നു. പാലാണെന്നു പറഞ്ഞു് വെള്ളം കൊണ്ടുപോയി വില്ക്കുന്ന പാൽക്കച്ചവടക്കാർ, കള്ളഡയറി എഴുതി കാലം കഴിയ്ക്കുന്ന ഉദ്യോഗസ്ഥന്മാർ, ടിക്കററില്ലാതെ തീവണ്ടിയാത്ര ചെയ്തുവരുന്ന ബാബുമാർ, കള്ളാധാരമുണ്ടാക്കുന്ന പണമിടവാടുകാർ എന്നിവരൊക്കെ ദേവലോകത്തിൽനിന്നു വന്നവരെപ്പോലെ അലോപിദീൻെറ ഹീനകൃത്യത്തെ നിന്ദിച്ചു്, പരിഹാസത്തിൻെറ പെരുമഴതന്നെ ചൊരിഞ്ഞുകൊണ്ടിരുന്നു. പിറേറന്നു് പണ്ഡിത അലോപിദീൻ കുററക്കാരൻെറ നിലയിൽ, കോൺസ്റ്റബിഠംമാരോടുകൂടി, കയ്യുകളിൽ ആമവും ഹൃദയത്തിൽ ക്ഷോഭവുമായി, ലജ്ജകൊണ്ടു് തലതാഴ്ത്തി കോടതിയിലേയ്ക്കു് ചെന്നപ്പോഠം പട്ടണം മുഴുവനും ഇളകിപ്പോയി! ഉത്സവങ്ങളിൽക്കൂടി ആളുകളുടെ കണ്ണുകഠംക്കിത്ര ആയാസം സംഭവിച്ചിരിയ്ക്കുകയില്ല. ചുമരുകളിലാകട്ടെ മേൽപ്പുരകളിലാകട്ടെ ആഠംക്കൂട്ടമില്ലാതെ ഒരിടവുമുണ്ടായിരുന്നില്ല.

കോടതിയിലെത്തുന്നതിന്നു സമയമായി; പണ്ഡിത അലോപിദീൻ ഈ ഘോരാരണ്യത്തിലെ സിംഹമായി

രുന്നു. ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്റെ ഭക്തന്മാരും, ക്ലാൎക്കമാർ സേവകന്മാരും, വക്കീലന്മാർ ആജ്ഞ നടത്തുന്നവരും, ചൌക്കിദാർ ശിപായിമാർ മുതലായവർ അടിമകളുമായിരുന്നു; അദ്ദേഹത്തെ കണ്ടപ്പോഠംതന്നെ ആളുകഠം നാലുപുറത്തുകൂടിയും ഓട്ടം തുടങ്ങി; എല്ലാവരും വിസ്മയിച്ചുനിന്നു. അലോപിടീൻ എന്തിനിപ്രവൃത്തിചെയ്തുവെന്നല്ല, അദ്ദേഹം കോട്ടിലെങ്ങിനെ ഒരു കുററക്കാരന്റെ നിലയിൽ വന്നുവെന്നാണ് ചോദ്യം. ഇങ്ങിനെയുള്ള ഒരു മനുഷ്യൻ, അസാദ്ധ്യമായ കാര്യങ്ങഠം സാധിപ്പിയ്ക്കുന്ന ധനവും, അനന്യസാധാരണമായ വാചാലതയും സ്വാധീനത്തിലുള്ള ഒരാഠം നിയമക്കോടതിയിൽ വരേണ്ടിവരികയൊ? ഓരോരുത്തരും പ്രത്യേകം പ്രത്യേകമായി അദ്ദേഹത്തോടുള്ള സഹാനുഭൂതി പ്രകടിപ്പിച്ചു. വലിയ താല്പൎയ്യത്തോടുകൂടി ഈ ആക്രമണം തടുക്കുന്നതിന്ന് വക്കീൽമാരുടെ ഒരു സൈന്യംതന്നെ തയ്യാറായിക്കഴിഞ്ഞു. ന്യായത്തിന്റെ മൈതാനത്തിൽവെച്ച് ധൎമ്മവും ധനവും തമ്മിൽ യുദ്ധം തുടങ്ങി. വംശീധരൻ മിണ്ടാതെനിന്നു; അദ്ദേഹത്തിന്റെ വശം സത്യമല്ലാതെ ഒരു ധനവും കാൎയ്യങ്ങഠം സ്പഷ്ടമായി പറയുക എന്നതല്ലാതെ ഒരായുധവും ഇല്ലായിരുന്നു. സാക്ഷികളുണ്ടായിരുന്നു; പക്ഷെ അവർ അത്യാഗ്രഹത്തിന്റെ കോമരങ്ങളായിപ്പോയി!

വംശീധരന്ന് തന്നിൽനിന്ന് ന്യായം അകന്നുപോകുന്നതായി തോന്നി; അത് ന്യായത്തിന്റെ ഭരണംനടക്കുന്ന സ്ഥലമാണെങ്കിലും, താന്തോന്നികളോട്ട് പക്ഷപാതം

കാണിയ്ക്കുന്ന ഒരു സ്വഭാവം അവിടെ കാണപ്പെട്ടു; പക്ഷപാതത്തിന്നും ന്യായത്തിന്നും തമ്മിലെങ്ങിനെയാണു യോജിപ്പുണ്ടാവുക? പക്ഷപാതമുള്ളേടത്തു് ന്യായത്തെ പ്പററി ചിന്തിപ്പാൻപോലും സാദ്ധ്യമല്ല. കേസ് വേഗ ത്തിൽ വിധിപറഞ്ഞു കഴിഞ്ഞു. ഡിപ്യൂട്ടി മജിസ്ട്രേട്ടു് തൻെറ വിധിന്യായത്തിൽ, പണ്ഡിത അലോപിദീന്നു് എതിരായിക്കൊണ്ടുവന്നിട്ടുള്ള ചാൎജ്ജുകൾ അടിസ്ഥാന രഹിതങ്ങളും തെററിദ്ധാരണയുടെ ഫലമായിട്ടുണ്ടായവ യും ആണെന്നെഴുതിയിരുന്നു! "അദ്ദേഹം ഒരു വലിയ ആ ളാണു്; ഒരു ചില്ലറ ലാഭത്തിന്നുവേണ്ടി ഇങ്ങനെ ഒരു ദു സ്സാഹസം ചെയ്യുവെന്നു സങ്കല്പിപ്പാൻകൂടി സാദ്ധ്യമല്ല. സാൾട്ടു് ഇൻസ്പെക്ടരുടെ പ്രവൃത്തിയിൽ ഒരു വലിയ കുററ മൊന്നും പറവാനില്ലെങ്കിലും, അദ്ദേഹത്തിൻെറ ആലോ ചനക്കുറവും അഹംഭാവവും നിമിത്തം ഒരു വലിയ ആൾക്കു് കഷ്ടപ്പാടു് വന്നുചേൎന്നുവെന്നതു് വ്യസനിയ്ക്കു ത്തക്ക ഒരു കാൎയ്യമാണു്. ഇൻസ്പെക്ടർ തൻെറ പ്രവൃത്തി യിൽ ജാഗ്രതയുള്ളവനാണെന്നു കാണുന്നതിൽ കോടതി സന്തോഷിയ്ക്കുന്നു; എന്നാൽ ഡിപ്പാർട്ടുമെൻറിനോടുള്ള കൂറു് അദ്ദേഹത്തിൻെറ ബുദ്ധിയേയും വിവേകത്തേയും നശിപ്പിച്ചുകളഞ്ഞിരിയ്ക്കുന്നു. മേലിൽ ഇൻസ്പെക്ടർ സൂക്ഷ്മ തയുള്ളവനായിരിപ്പാൻ ശ്രദ്ധിയ്ക്കേണ്ടതാണു്."

വക്കീലന്മാർ ഈ വിധി കേട്ടപ്പോൾ സന്തോഷം കൊണ്ടു തുള്ളിച്ചാടിയെന്നു പറയാം. പണ്ഡിത അലോ പിദീൻ പുഞ്ചിരിയിട്ടുകൊണ്ടു് പുറത്തേയ്ക്കു കടന്നു. ബന്ധു

ക്കളും സ്വജനങ്ങളുമെല്ലാം അദ്ദേഹത്തിൻെറ പണം കൊള്ളയിട്ടു. ഉദാരതയുടെ സമുദ്രം കര കവിഞ്ഞൊഴുകി. വംശീധരൻ ആത്മാഭിമാനത്തോടുകൂടെ തല ഉയർത്തിപ്പിടിച്ചുകൊണ്ട് പുറത്തുവന്നപ്പോൾ അദ്ദേഹത്തിൻെറമേൽ നാലുപുറത്തുനിന്നും കൊള്ളിവാക്കുകൾ ധാരാളം വന്നു വീണുതുടങ്ങി. ശിപായിമാർ കുനിഞ്ഞു കുനിഞ്ഞുവന്നു സലാം കൊടുത്തു. ഈ സമയത്തുണ്ടായ ഓരോ കൊള്ളിവാക്കുകളും ഓരോ പരിഹാസചേഷ്ടകളും അദ്ദേഹത്തിൻെറ ആത്മാഭിമാനത്തെ ഉജ്ജ്വലിപ്പിച്ചുകൊണ്ടിരുന്നു. നിയമജ്ഞാനവും വൈദുഷ്യവും, നീണ്ട നീണ്ട ഡിഗ്രികളും, വലിയ വക്കീൽകോട്ടും ഒന്നുംതന്നെ ഒരു മനുഷ്യനെ ശരിയായ ആദരവിന് പാത്രമാക്കിത്തീൎക്കുന്നില്ലെന്ന് വംശീധരന്ന് അന്ന് ആദ്യമായി മനസ്സിലായി.

വംശീധരൻ ധനത്തെ അവഗണിച്ചു; അതിൻെറ ഫലം അനുഭവിയ്ക്കാതിരിയ്ക്കാൻ നിവൃത്തിയില്ല; അദ്ദേഹം വളരെ സുഖമില്ലാതെ ഒരാഴ്ച കഴിച്ചുകൂട്ടി; അപ്പോഴയ്ക്ക് ഉദ്യോഗത്തിൽനിന്നു തരം താഴ്ത്തിയ കല്പന കിട്ടിക്കഴിഞ്ഞു. പ്രവൃത്തിയിലുള്ള കൃത്യനിഷ്ഠയ്ക്കു പ്രതിഫലം കിട്ടി! സാധു, നൈരാശ്യത്താൽ ഭഗ്നഹൃദയനായി ഖേദത്തോടുകൂടി വീട്ടിലേയ്ക്കു തിരിച്ചു. വൃദ്ധനായ മുൻഷിജി കാലേകൂട്ടിത്തന്നെ പിറുപിറുക്കാൻ തുടങ്ങിയിരുന്നു. "ഉപദേശിച്ചുപദേശിച്ച് ഇങ്ങിനെയായിത്തീൎന്നു! ഒന്നും പറഞ്ഞതവൻ കേൾക്കില്ല! താന്തോന്നിയായി നടക്കട്ടെ. ഞാനാണെങ്കിൽ കിടന്നു കുഴങ്ങുകയാണ്. ഈ വയസ്സ

കാലത്തു് ഓരോരുത്തരുടെ സേവയ്ക്കു് നടന്നു നടന്നു തുലഞ്ഞു! അവന്നവിടെ നല്ല ശമ്പളമുണ്ടു്. ഞാൻ ഒരു കൂലിക്കാരനെപ്പോലെ ഇവിടെയും! എനിയ്ക്കു് യാതൊരു പദവിയുമില്ല; പക്ഷെ എന്തെങ്കിലും ഒന്നു ചെയ്യുകയാണെങ്കിൽ അതെനിയ്ക്കു് വേണ്ടപോലെ ചെയ്യാനറിയാം. അയാളിപ്പോഠം വലിയ ഹരിശ്ചന്ദ്രനാവാനുള്ള പുറപ്പാടല്ലെ! വീട്ടിൽ വിളക്കു കത്തിച്ചില്ലെങ്കിലും വേണ്ടില്ല; അമ്പലത്തിൽ കത്തിച്ചാൽ മതി! വല്ലാത്തൊരു കഷ്ടം! അവനെ പഠിപ്പിച്ചതെല്ലാം വെറുതെയായി!"

വംശീധരൻെറ സ്വഭാവത്തിൽ അതൃപ്തനായി അച്ഛൻ ഇങ്ങിനെ പിറുപിറുത്തു കഴിഞ്ഞുകൂടുമ്പോഴാണു് അയാഠം ഇപ്പോഴത്തെ ദുരവസ്ഥയുമായി വീട്ടിലെത്തിച്ചേന്നതു്. മകൻെറ വത്തമാനം അറിഞ്ഞപ്പോഠം ആ വയസ്സൻ തലയ്ക്കു തല്ലുവാൻ തുടങ്ങി! തൻെറ തല തെറിച്ചുപോയെങ്കിൽ എത്ര നന്നായിരുന്നുവെന്നു പറഞ്ഞു് അയാഠം വംശീധരനിലുള്ള വെറുപ്പ് പ്രദശിപ്പിച്ചു. അപ്പോഠം വംശീധരൻ അവിടന്ന് പോയിട്ടില്ലായിരുന്നുവെങ്കിൽ കോപംകൊണ്ടാവയസ്സൻ എന്തൊക്കെയാണു് പ്രവത്തിക്കുമായിരുന്നതെന്ന് പറഞ്ഞുകൂടാ. വൃദ്ധയായ അമ്മയ്ക്കും വളരെ ദുഃഖമുണ്ടായി; അവരുടെ രാമേശ്വരത്തേയ്ക്കും ജഗന്നാഥത്തേയ്ക്കും പോകുവാനുണ്ടായിരുന്ന ആഗ്രഹം മണ്ണടിഞ്ഞുകഴിഞ്ഞു! ഭായ്യ കുറെ ദിവസത്തേയ്ക്കു തെളിഞ്ഞ മുഖത്തോടുകൂടി അയാളെ നോക്കിയതേ ഇല്ല!!

ഒരാഴ്ച ഈ നിലയിലങ്ങനെ കഴിഞ്ഞുകൂടി. നേരം സന്ധ്യയാണ്. വൃദ്ധനായ മുൻഷിജി മാലയെടുത്ത് രാമനാമം ജപിച്ചുകൊണ്ടിരിക്കയാണ്; അപ്പോൾ അദ്ദേഹത്തിൻെറ പടിയ്ക്കൽ ഒരലങ്കരിച്ച വണ്ടി വന്നുനിന്നു. പച്ചയും പനിനീർപൂനിറത്തിലുള്ളതുമായ തിരശ്ശീലകൾ പഞ്ചാബി കാളകളുടെ ജോടി, കൊമ്പുകളുടെ അററം പിച്ചളകൊണ്ട് കെട്ടിയ അവയുടെ കഴുത്തിൽ നീലനിറത്തിലുള്ള ചരടുകൾ; കുറെ ഭൃത്യന്മാർ ലാത്തിയും കഴുത്തിൽ വെച്ചുകൊണ്ട് കൂടെയുണ്ടായിരുന്നു. മുൻഷിജി സ്വാഗതം പറയുന്നതിന്നായി പടിയ്ക്കലേയ്ക്കോടി. നോക്കിയപ്പോൾ പണ്ഡിത അലോപിദീനാണ്; അദ്ദേഹം സാഷ്ടാംഗം നമസ്കരിച്ചശേഷം സ്തുതിവാക്യങ്ങൾ ധാരാളമായി വർഷിപ്പാൻ തുടങ്ങി. "അവിടുത്തെ ചരണങ്ങൾ ഈ വീട്ടിൽവെച്ചത് ഞങ്ങളുടെ ഭാഗ്യാതിരേകം നിമിത്തമാണ്; അവിടുന്ന് ഞങ്ങൾക്കുള്ള ദൈവമത്രെ. പക്ഷെ ഭാഗ്യംകെട്ട ആ കുട്ടി മുഖത്തുനോക്കുവാൻ വയ്യാതാക്കിത്തീർത്തു; ഇങ്ങിനത്തെ ദുഷ്പുത്രന്മാരുണ്ടാകുന്നതിലും ഭേദം ഇല്ലാതിരിയ്ക്കുകയാണ്. അതിന്നാണ് ദൈവകൃപ വേണ്ടത്."

അലോപിദീൻ നടുക്കു കടന്നു പറഞ്ഞു:—മാന്യ സഹോദര, അങ്ങിനെ പറയരുത്.

കിഴവനായ മുൻഷിജി ഭയപ്പെട്ടുകൊണ്ട് ചോദിച്ചു:—ഇങ്ങനത്തെ മക്കളെപ്പററി പിന്നെ എന്താണ് പറയേണ്ടത്?

അലോപിദിൻ വാത്സല്യപൂർണ്ണമായ സ്വരത്തിൽ പറഞ്ഞു:—വംശദീപവും പുരുഷചരിത്രത്തിന്നുതന്നെ മാററു കൂട്ടുന്നവനുമാണു് ഈ പുത്രൻ. സർവ്വസ്വവും തൻെറ കർത്തവ്യത്തിൻെറ മുമ്പിൽ ബലി ചെയ്യുന്നതിന്നു തയാറുള്ള പുരുഷരത്നങ്ങൾ ഈ പ്രപഞ്ചത്തിൽ സുദുർല്ലഭമാണു്.

പണ്ഡിത അലോപിദീൻ വംശീധരനോടു പറഞ്ഞു: ഇതൊരു മുഖസ്തുതിയായി താങ്കൾ ഗണിയ്ക്കരുതു്; അതിന്നാണെങ്കിൽ ഇത്രയൊന്നും പ്രയാസമില്ല. അന്നു രാത്രി നിങ്ങളുടെ അധികാരബലംകൊണ്ടു് എന്നെ അറസ്റ്റ്ചെയ്തു് അധീനത്തിൽവെച്ചു; ഇന്നു ഞാൻ സ്വേച്ഛയായിത്തന്നെ അറസ്റ്റ്വരിച്ചു് നിങ്ങളുടെ അധീനത്തിൽ വന്നിരിയ്ക്കുന്നു. ഞാൻ ആയിരക്കണക്കിൽ ധനാഢ്യന്മാരേയും അമീർമാരേയും കണ്ടിട്ടുണ്ടു്. ആയിരക്കണക്കിൽ ഉന്നതപദവിയിലുള്ള അധികാരസ്ഥന്മാരുമായി കാര്യങ്ങളിൽ ഇടപെട്ടിട്ടുമുണ്ടു്; പക്ഷെ എന്നെ കേവലം തോല്പിയ്ക്കുന്നതിന്നു് ഇതിലിടയ്ക്കു നിങ്ങൾക്കു മാത്രമേ സാധിച്ചിട്ടുള്ളു. ഞാനെല്ലാവരേയും പണംകൊണ്ടു് എൻെറ അടിമകളാക്കീട്ടുണ്ടു്; അതു് നിങ്ങളോടു മാത്രം പററിയില്ല.

വംശീധരജീ, എനിയ്ക്കങ്ങയോടു് ഒരു കൃതജ്ഞത കാണിച്ചാൽ കൊള്ളാമെന്നുണ്ടു്; അതിന്നനുവാദം തരണം.

അലോപിദീൻ തൻെറ അടുത്തേയ്ക്കു വരുന്നതു കണ്ടപ്പോൾ വംശീധരൻ എഴുന്നേററു് അദ്ദേഹത്തിന്നുപ

ചാരങ്ങൾ ചെയ്തു; പക്ഷെ അതു് സ്വാഭിമാനത്തോടു കൂടെയാണു് ചെയ്തതു്; ഇദ്ദേഹം തന്നെ ലജ്ജിപ്പിയ്ക്കുവാനാണു് വന്നിരിയ്ക്കുന്നതെന്നാണു് വംശീധരൻ വിചാരിച്ചതു്. ക്ഷമിപ്പാനുള്ള അഭ്യർത്ഥനയൊന്നും അദ്ദേഹത്തിൽനിന്നു പുറപ്പെടുകയുണ്ടായില്ല; എന്നു മാത്രമല്ല അച്ഛൻെറ പ്രഭുത്വത്തെപ്പുകഴ്ത്തിക്കൊണ്ടുള്ള വാക്കുകളും സ്വീകരണവുമെല്ലാം അദ്ദേഹത്തിന്നസഹ്യമായി തോന്നുകയും ചെയ്തു. എന്നാൽ പണ്ഡിതജിയുടെ വാക്കു കേട്ടപ്പോൾ മനസ്സുതെളിഞ്ഞു; അദ്ദേഹത്തെ അഭിമാനപൂർണ്ണങ്ങളായ നേത്രങ്ങൾകൊണ്ടു നോക്കി; ഇപ്പോൾ അദ്ദേഹത്തിൻെറ ഗർവ്വം ലജ്ജയ്ക്കു വഴിമാറിക്കൊടുത്തു, അദ്ദേഹം സലജ്ജം പറഞ്ഞു:—ഇങ്ങിനെയെല്ലാം സംസാരിയ്ക്കുന്നതു് അങ്ങയുടെ ഉദാരത നിമിത്തമാണു്; ഞാൻ ചെയ്ത അവിനയം ക്ഷമിയ്ക്കണം. ഞാൻ ധർമ്മത്തിൻെറ ചങ്ങലകൊണ്ടു വരിഞ്ഞുകെട്ടപ്പെട്ടവനായിരുന്നു; അല്ലെങ്കിൽ അങ്ങയുടെ ആജ്ഞകൾ ഒരു ഭൃത്യനെപ്പോലെ നിറവേററമായിരുന്നു.

അലോപിദീൻ വിനയഭാവത്തിൽ:—നദിയുടെ വക്കത്തുവെച്ചു് അന്നു ചെയ്ത അപേക്ഷ നിങ്ങൾ നിരസിച്ചു; എന്നാൽ ഇന്നെൻെറ അപേക്ഷ സ്വീകരിയ്ക്കേണ്ടിവരും.

വംശീധരൻ:—എന്നേക്കൊണ്ടു് എന്താണു് സാധിയ്ക്കേണ്ടതുള്ളതു്? എന്തായാലും, സാധിക്കുന്ന കാര്യമാണെങ്കിൽ അതിൽ പ്രയാസം വരില്ല.

അലോപിദീൻ, എഴുതീട്ടുള്ള ഒരു മുദ്രക്കടലാസ്സ് നീട്ടിക്കാണിച്ചു പറഞ്ഞു:—ഈ സ്ഥാനം സ്വീകരിച്ച് ഒപ്പിട്ടേയ്ക്കുക; ഞാനൊരു ബ്രാഹ്മണനാണ്; ഇതു സ്വീകരിക്കുന്നതുവരെ ഞാനീപടിയ്ക്കൽനിന്നു പോവുകയില്ല.

മുൻഷി വംശീധരൻ കടലാസ്സു വായിച്ചു; കൃതജ്ഞതകൊണ്ടദ്ദേഹത്തിൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അലോപിദീൻ തൻെറ മാനേജരായി വംശീധരനെ നിശ്ചയിച്ചിരിയ്ക്കുന്നു. കൊല്ലത്തിൽ 600ക. ശമ്പളത്തിനു പുറമെ സക്കിററു ചെലവുകളും സവാരിയ്ക്കു കുതിരയും, താമസിയ്ക്കുന്നതിനു ബങ്കളാവും ഭൃത്യന്മാരും അനുവദിയ്ക്കപ്പെട്ടിരുന്നു. അദ്ദേഹം ഇടറുന്ന സ്വരത്തിൽ പറഞ്ഞു:— പണ്ഡിതജി, എനിയ്ക്കതിനൊന്നുമുള്ള യോഗ്യതയില്ല; ഞാൻ യഥാൎത്ഥം പറകയാണ്; അങ്ങയുടെ ഔദാൎയ്യത്തെ പ്രശംസിപ്പാനുള്ള സാമൎത്ഥ്യവും എനിയ്ക്കില്ല.

അലോപിദീൻ ചിരിച്ചുകൊണ്ട്:—എനിക്കിപ്പോഠം ഒരു യോഗ്യത ഇല്ലാത്ത ആളുടെ അത്യാവശ്യകതയാണുള്ളതു.

വംശീധരൻ ഗംഭീരസ്വരത്തിൽ: —ഞാനങ്ങയുടെ ദാസനാണ്; അങ്ങയെപ്പോലെ കീൎത്തിമാനും വിശിഷ്ടനുമായ ഒരാഠംക്കുവേണ്ടി പ്രവൃത്തിയെടുക്കുന്നത് എന്നെ സ്സംബന്ധിച്ചേടത്തോളം ഒരു ഭാഗ്യകരമായ കാൎയ്യമാണ്; പക്ഷെ എനിയ്ക്കു വിദ്യയും ബുദ്ധിയും ലോകപരിചയവും

കുറവാണ്. അതുകൊണ്ട് ഞാനബലത്തിൽച്ചാടി യേയ്ക്കും. ഇത്ര വലിയ ഒരു ഉദ്യോഗത്തിന്ന് എന്നേക്കാറം ലോകപരിചയവും യോഗ്യതയുമുള്ള ഒരാളാണാവശ്യം.

അലോപിദീൻ തുവലെടുത്ത് വംശീധരൻെറ കയ്യിൽക്കൊടുത്തുകൊണ്ടു പറഞ്ഞു —എനിയ്ക്കു ലോകപരിചയത്തേക്കാളും മററു യോഗ്യതകളേക്കാളും ആവശ്യമായിട്ടുള്ളത് വേറൊന്നാണ്.

ഈ തുവലെടുത്ത് ഇതിലൊന്നൊപ്പിട്ടു തരൂ. അധികമൊന്നും ആലോചിക്കേണ്ടതില്ല. എനിയ്ക്കു ദൈവത്തോടിതുമാത്രമെ പ്രാൎത്ഥനയുള്ളൂ. അദ്ദേഹം അങ്ങയെ എപ്പോഴും ആ പുഴവക്കത്തുവെച്ചു കണ്ട നിർദ്ദയനും ഗൎവ്വിഷ്ഠനും കഠോരനും ധൎമ്മനിഷ്ഠനുമായ ആളായിത്തന്നെ കാത്തുപോരട്ടെ!

വംശീധരൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു. ഹൃദയത്തിൻെറ സങ്കുചിതപാത്രങ്ങളിൽ ഇത്രമാത്രം ഔദാൎയ്യത്തെ ഒതുക്കുവാൻ കഴിഞ്ഞില്ല. ഒരിയ്ക്കൽക്കൂടി അദ്ദേഹം പണ്ഡിതജിയുടെ നേരെ ഭക്ത്യാദരപുരസ്സരം നോക്കി; പിന്നെ വിറയ്ക്കുന്ന കൈകറംകൊണ്ട് മാനേജർസ്ഥാനം സ്വീകരിച്ച് ഒപ്പിട്ടുകൊടുത്തു.

അലോപിദീൻ ചാടിയെഴുന്നേററ് വംശീധരനെ ആലിംഗനം ചെയ്തു.

—(കൈരളി)

# 2. *വലിയ തറവാട്ടിലെ കുട്ടി.

## I

വേണീമാധവസിംഹൻ ഗൌരീപുരം ഗ്രാമത്തിലെ ഒരു സെമിന്ദാരായിരുന്നു; അദ്ദേഹത്തിൻെറ മുത്തച്ഛൻ ഒരു കാലത്തു് ഒരു വലിയ സമ്പന്നനായിരുന്നു; അദ്ദേഹം നിമ്മിച്ച ഗ്രാമത്തിലെ പൊതുക്കുളവും ക്ഷേത്രവും, ഇപ്പോളവയുടെ കേടുപാടുകൾ തീക്കുന്നതുകൂടി അസാദ്ധ്യമായ വിധത്തിൽ, അദ്ദേഹത്തിൻെറ കീത്തിസ്തംഭങ്ങളായി നിലനില്ക്കുന്നു. മുമ്പു് ക്ഷേത്രത്തിൻെറ വാതിലിൽ കൂടി ആനകളെ കൊണ്ടുപോയിരുന്നുവത്രെ; എന്നാൽ ഇന്നവയുടെ സ്ഥാനത്തൊരു തള്ള എരുമയാണുള്ളതു്; അതിൻെറ ശരീരത്തിൽ എല്ലല്ലാതെ മറെറാന്നുമില്ല; എന്നാൽ ഇതിനെ ഒരാൾ നോക്കിരക്ഷിക്കുന്നതുകൊണ്ടു് പാൽ നല്ലവണ്ണം കിട്ടുന്നുണ്ടു്. വേണീമാധവസിംഹൻ തൻെറ സമ്പത്തിൽ പകുതിയിലധികം ഭാഗവും വക്കീൽമാക്കു് കൊടുത്തുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്നിപ്പോൾ കൊല്ലത്തിൽ ആയിരത്തിലധികം ഉറുപ്പിക വരവില്ല. രണ്ടു മക്കളുണ്ടായിരുന്നു; അതിൽ വലിയ ആളുടെ പേർ ശ്രീകണ്ഠനെന്നായിരുന്നു; അവൻ വളരെക്കാലത്തെ പരിശ്രമഫലമായി ബി. എ. ഡിഗ്രി സമ്പാദിച്ചു; ഇപ്പോൾ ഒരാപ്പീസ്സിൽ ഒരുദ്യോഗം ഭരിച്ചുവരികയാണു്. ചെറിയ പുത്രനായ ലാലവിഹാരീസിംഹൻ സുഭഗനായ ഒരു യുവാവായിരുന്നു; നിറഞ്ഞ മുഖം,

---

* പ്രേംചന്ദ് ഹിന്ദിയിൽ എഴുതിയതു്.

വിടന്ന മാറു്. അവൻ ദിവസവും രാവിലെ രണ്ടുനേർ നല്ല ചൂടുള്ള എരുമപ്പാൽ കുടിച്ചു നടന്നുകളയും. ശ്രീക ണ്ഠൻെറ സ്ഥിതി ഇതിൽനിന്നു വളരെ വ്യത്യസ്തമാണു്; അവൻെറ സൌഭാഗ്യം അവൻ ബി. എ. എന്ന രണ്ടക്ഷ രത്തിന്നുവേണ്ടി ബലികൊടുത്തിരുന്നു; ആ രണ്ടക്ഷരം, ശരീരത്തെ ദുർബ്ബലവും, മുഖത്തെ കാന്തിഹീനവുമാക്കിക്ക ളഞ്ഞു. ഇതുനിമിത്തം വൈദ്യഗ്രന്ഥങ്ങളോടയാൾക്കു് ഒരു വിശേഷപ്രതിപത്തിയുണ്ടായിരുന്നു. ആയുർവ്വേദ ഔഷധങ്ങളിലായിരുന്നു അധികം വിശ്വാസം. മിക്കവാറും എല്ലാ ദിവസവും അയാളുടെ മുറിയിൽനിന്നു് രാവിലെ വളരെ നേരത്തെതന്നെ ചാണയുടെ കർണ്ണമധുരമായ ധ്വനി പുറപ്പെട്ടുകൊണ്ടിരിയ്ക്കും. ലാഹോറിലും കല്ക്കത്ത യിലുമുള്ള അനേകം പ്രസിദ്ധവൈദ്യന്മാരുമായി ശ്രീക ണ്ഠൻ എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു.

ബി. എ. പാസ്സായിട്ടുകൂടി അയാൾ പാശ്ചാത്യ പരിഷ്ക്കാരത്തിൽ വിശേഷിച്ചു് ആഭിമുഖ്യമൊന്നും കാണി ച്ചില്ല; എന്നു മാത്രമല്ല, പല പ്രകാരത്തിലും വളരെ ശക്തിയായി അതിനെ നിന്ദിയ്ക്കുകയും തിരസ്കരിയ്ക്കുകയും ചെയ്തു; ഇതു നിമിത്തം ഗ്രാമക്കാർ അയാളെ വളരെ ആദരിച്ചു. നവരാത്രികാലങ്ങളിൽ വലിയ ഉത്സാഹ ത്തോടുകൂടി രാമലീലയിൽ സംബന്ധിച്ചിരുന്നുവെന്നു മാ ത്രമല്ല, ഏതെങ്കിലും ഒരു പാത്രത്തിൻെറ പാട്ടേടുക്കുകയും ചെയ്തിരുന്നു. പ്രാചീനഹൈന്ദവപരിഷ്ക്കാരത്തിൻെറ ഗുണഗാനം ചെയ്യൽ ശ്രീകണ്ഠസിംഹൻെറ ധാർമ്മികത യുടെ ഒരു പ്രധാനഭാഗമായിരുന്നു. കൂട്ടുകുടുംബത്തിൻെറ

മാഹാത്മ്യത്തിൽ വിശ്വസിച്ചിരുന്നത് ആ ഗ്രാമത്തിൽ അയാഠം മാത്രമായിരുന്നു. ഇക്കാലത്തു് സ്ത്രീകഠംക്ക് സംയുക്തകുടുംബജീവിതത്തിലുണ്ടായിട്ടുള്ള അരുചി, നമ്മുടെ ജാതീയജീവിതത്തിന്നും ദേശീയജീവിതത്തിന്നുംകൂടി ഹാനികരമാണെന്ന് അയാഠം മനസ്സിലാക്കിയിരുന്നു. ഇതു നിമിത്തം ഗ്രാമത്തിലെ സ്ത്രീകഠം ശ്രീകണ്ഠനെ നിന്ദിച്ചിരുന്നു. അവരിൽ ഓരോരുത്തരും അയാളെ തങ്ങളുടെ ശത്രുവാണെന്ന് വിചാരിയ്ക്കുന്നതിന്നുകൂടി സങ്കോചം കാണിച്ചിരുന്നില്ല; എന്നു മാത്രമല്ല അദ്ദേഹത്തിന്റെ പത്നിയ്ക്കുകൂടി ഇക്കാര്യത്തിലദ്ദേഹത്തിനോട്ട് വിരോധമായിരുന്നു.

'ആനന്ദി' ഒരു വലിയ തറവാട്ടിലെ കുട്ടിയായിരുന്നു; അവളുടെ അച്ഛൻ ഒരു സെമിന്ദാരാണ്. ഒരു വിശാലമായ ഭവനം, ഒരാന, മൂന്നു നായ, പലതരത്തിലുള്ള പക്ഷികഠം, ന്യായാധിപത്യം, കടം എന്നു തുടങ്ങി തന്റെ പദവിക്കാവശ്യമുള്ളതെല്ലാം അദ്ദേഹത്തിന്നുണ്ടായിരുന്നു. ഭൂപസിംഹനെന്നായിരുന്നു സെമിന്ദാരുടെ പേർ; അദ്ദേഹം വളരെ ഉദാരചിത്തനും വലിയ പ്രതിഭാശാലിയുമായിരുന്നു; എന്നാൽ ദൗർഭാഗ്യം എന്നു പറയട്ടെ: സെമിന്ദാക്ക് ആൺമക്കളൊന്നുമുണ്ടായിരുന്നില്ല; എന്നാൽ പെൺകുട്ടികഠം ഏഴെണ്ണമുണ്ടായി; അവരെല്ലാവരും ജീവിച്ചിരിയ്ക്കുകയും ചെയ്തിരുന്നു. ആദ്യം അദ്ദേഹം ഉത്സാഹപൂർവ്വം മൂന്നു വിവാഹം ചെയ്തു; എന്നാൽ പത്തിരുപതിനായിരം ഉറുപ്പികയുടെ കടം തലയിൽ വന്നുപെട്ടപ്പോഠം കണ്ണുതുറന്നു; ഇപ്പോഠം എല്ലാററിൽനിന്നും ഒഴിഞ്ഞു

മിണ്ടാതിരിയ്ക്കുകയായി. ആനന്ദി നാലാമത്തെ കുട്ടിയായിരുന്നു. അവൾ തന്റെ എല്ലാ സഹോദരിമാരേക്കാളും സുന്ദരിയും ഗുണവതിയുമായിരുന്നു. ഇതുകൊണ്ട് ഭൂപസിംഹൻ അവളെ വളരെ സ്നേഹിച്ചു. സൌന്ദര്യമുള്ള സന്താനങ്ങളെ അവരുടെ മാതാപിതാക്കന്മാർകൂടി ചിലപ്പോൾ അധികം ഇഷ്ടപ്പെടാറുണ്ട്. അവളുടെ വിവാഹകാര്യത്തിൽ ഭൂപസിംഹൻ വളരെ പരിശ്രമിച്ചു. ഒരു ദിവസം ശ്രീകണ്ഠൻ അദ്ദേഹത്തിന്റെ അടുത്ത് എന്തോ വരിസംഖ്യ വാങ്ങുവാൻ ചെന്നു; പക്ഷെ നാഗരീകപ്രചാരത്തിന്റെ വകതന്നെയായിരിക്കാം ഭൂപസിംഹൻ അവന്റെ സ്വഭാവത്തിൽ സന്തോഷിയ്ക്കുകയും, വളരെ ഘോഷമായി ശ്രീകണ്ഠസിംഹന് ആനന്ദിയെ വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു.

ആനന്ദി തന്റെ പുതിയ ഭവനത്തിൽ എത്തി; അവിടെയാണെങ്കിൽ പരിഷ്കാരങ്ങളൊന്നും കണ്ടില്ല. അവൾ ബാല്യം മുതൽക്കേ പരിചയിച്ചുവന്നിരുന്ന ആഡംബരങ്ങളൊന്നും അവിടെ പേരിന്നു മാത്രമെങ്കിലും ഉണ്ടായിരുന്നില്ല. ആനയുടേയും കുതിരയുടെയും കഥയിരിക്കട്ടെ, അവിടെ ഒരു നല്ല കാളവണ്ടികൂടിയുണ്ടായിരുന്നില്ല! അവളൊരു പട്ടുകൊണ്ടുള്ള സ്ലിപ്പർ കൂടെ എടുത്തിട്ടുണ്ടായിരുന്നു, എന്നാൽ അവിടെ ഉദ്യാനംതന്നെ എവിടെയാണ്! വീട്ടിൽ ജനവാതിലുകൾകൂടി ശരിയ്ക്കുണ്ടായിരുന്നില്ല. നിലത്തു പരവതാനിയില്ല, ചുമരിൽ ചിത്രപടങ്ങളില്ല! അതൊരു സാധുഗ്രാമീണഗൃഹസ്ഥന്റെ വീടായിരുന്നു; എന്നാൽ ആനന്ദി വിലാസ

സാമഗ്രികളൊന്നും കണ്ടിട്ടേ ഇല്ലെന്ന മട്ടിൽ, കുറച്ചു ദിവസംകൊണ്ടു് ഈ പുതിയ അവസ്ഥകളിലെല്ലാം പരിചയിച്ചു കഴിഞ്ഞു.

## II

ഒരു ദിവസം ഉച്ചക്കു് ലാലവിഹാരിസിംഹൻ രണ്ടു പക്ഷികളെ കൊണ്ടുവന്നു് ജ്യേഷ്ഠത്തിയമ്മയോടു പറഞ്ഞു:—"ഇതൊന്നു വേഗം തയ്യാറാക്കു, എനിക്കു വിശപ്പുതുടങ്ങിയിരിക്കുന്നു."

ആനന്ദി ഭക്ഷണം തയാറാക്കി ഇയാളെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. അവൾ മാംസം വെയ്ക്കാൻ തുടങ്ങി; പാത്രത്തിൽ നോക്കിയപ്പോൾ കുറച്ചേ നെയ്യുണ്ടായിരുന്നുള്ളൂ. വലിയവീട്ടിലെ കുട്ടിയ്ക്കുണ്ടോ മിതവ്യയം ശീലം? അവൾ നെയ്യെല്ലാമെടുത്തു് മാംസത്തിലൊഴിച്ചു. ലാലവിഹാരി ഉണ്ണാനിരുന്നപ്പോൾ പാത്രത്തിൽ നെയ്യില്ല.

അവൻ ചോദിച്ചു:—"ഉം, നെയ്യെവിടെ?"

ആനന്ദി പറഞ്ഞു:—"നെയ്യ് മാംസത്തിലേക്കെടുത്തു." "മിനിഞ്ഞാന്നല്ലെ നെയ്യുകൊണ്ടുവന്നതു്? ഇത്ര വേഗം തീൎന്നു?"ലാലവിഹാരി കുറച്ചുറക്കെച്ചോദിച്ചു.

ആനന്ദി:—"അതിൽ കുറച്ചേ ഉണ്ടായിരുന്നുള്ളു, അതു മുഴുവൻ ഞാൻ മാംസത്തിലൊഴിച്ചു."

ഏതുപ്രകാരം ഉണങ്ങിയ വിറകു് പെട്ടെന്നു് കത്തിജ്വലിക്കുന്നുവോ, അതുപ്രകാരം വിശപ്പുകൊണ്ടു് ഭ്രാന്തനായ മനുഷ്യൻ സംസാരിക്കുമ്പോൾ പെട്ടെന്നു ക്ഷുഭി

യെടുക്കുന്നു! ലാലവിഹാരിയ്ക്കു് ജ്യേഷ്ഠത്തിയമ്മയുടെ ഈ സ്വഭാവമൊന്നും അത്ര പിടിച്ചില്ല; അവൻ കോപത്തോടെ പറഞ്ഞു:—"നിങ്ങളുടെ വീട്ടിൽ നെയ്യിൻെറ നദി ഒഴുകുകയായിരിക്കാം!"

സ്ത്രീ അധിക്ഷേപം സഹിക്കും; അടിച്ചാൽകൂടി സഹിക്കും; എന്നാൽ തൻെറ വീട്ടിൻെറ സ്ഥിതിയെപ്പററി നിന്ദിക്കുന്നതു് അവൾ സഹിക്കുകയില്ല. ആനന്ദി മുഖംതിരിച്ചു് പറഞ്ഞു:—"ചത്താലും ജീവിച്ചാലും ആനക്കു് പന്തിരായിരമാണു്; അവിടെ ഇത്ര നെയ്യു് സാധുക്കളായ വേലക്കാർകൂടി ദിവസവും കൂട്ടുന്നുണ്ടു്."

ലാലവിഹാരിക്കു് ശുണ്ഠി മൂത്തു; പാത്രമെടുത്തു വലിച്ചെറിഞ്ഞു; എന്നിട്ടു പറയുകയാണു്:— "നാവു വലിച്ചെടുക്കാനാണെനിക്കു തോന്നുന്നതു്!"

ആനന്ദിക്കും ദേഷ്യംവന്നു; അവളുടെ മുഖം ചുവന്നു; അവൾ പറഞ്ഞു:— "ഇവിടെ അവർ ഉണ്ടായിരുന്നെങ്കിൽ അറിയാമായിരുന്നു."

ഇതു കേട്ടപ്പോൾ ആ വിദ്യാഭ്യാസമില്ലാത്ത ബുദ്ധിഹീനന്നു് സഹിക്കാൻ കഴിഞ്ഞില്ല; അവൻെറ ഭാര്യ ഒരു സാധാരണ സെമിന്ദാരുടെ മകളായിരുന്നു. അവന്നു തോന്നുമ്പോൾ അവളെ അടിക്കുകകൂടി ചെയ്തിരുന്നു. അവൻ മെതിയടിയെടുത്തു് ആനന്ദിയെ ഊക്കിലൊരേറുകൊടുത്തു കൊണ്ടു് പറഞ്ഞു:—"ആരെ കണ്ടിട്ടാണു് നിൻെറ ഈ ഞെളിച്ചൽ, അവനേയും നിന്നേയും കാണിച്ചുതരാം."

ആനന്ദി കയ്യുകൊണ്ടു് ഏറു തടുത്തു; അതുകൊണ്ടു തല പൊളിയാതെ കഴിഞ്ഞു; എന്നാൽ വിരൽ വല്ലാതെ മുറിഞ്ഞു. ദ്വേഷ്യംനിമിത്തം കാററത്തിളകുന്ന ഇലപോലെ വിറച്ചുകൊണ്ടു് അവൾ തൻെറ മുറിയിൽപ്പോയിക്കിടന്നു. സ്ത്രീയുടെ ബലവും സാഹസവും മാനവും മര്യ്യാദയും എല്ലാം ഭർത്താവിനെ ആശ്രയിച്ചാണിരിക്കുന്നതു്. അവൾ തൻെറ പതിയുടെ ബലത്തിലും പൌരുഷത്തിലും തന്നെയാണു് അഹംഭാവം കാണിക്കുന്നതു്.

## III

ശ്രീകണ്ഠസിംഹൻ ശനിയാഴ്ച വീട്ടിൽ വന്നിരുന്നു. രണ്ടു ദിവസത്തോളം ആനന്ദി കോപത്തിൽത്തന്നെയായിരുന്നു; യാതൊരു ഭക്ഷണപാനീയങ്ങളും കൂടാതെ അവൾ അയാളെ നോക്കിക്കൊണ്ടിരുന്നു; അവസാനം ആ ശനിയാഴ്ച പതിവുപോലെ ശ്രീകണ്ഠൻ വീട്ടിലെത്തി ഉമ്മറത്തിരുന്നു; രാജ്യകാര്യ്യങ്ങൾ, ദേശവർത്തമാനങ്ങൾ എന്നിവയ്ക്കു പുറമെ, പ്രാചീനവും നവീനവുമായവയുടെ താരതമ്യത്തെക്കുറിച്ചും മററും ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു; ഈ വർത്തമാനം പറയൽ രാത്രി പത്തുമണിവരെ നിലനിന്നു; ഗ്രാമത്തിലെ സുഖിയന്മാരായ ആളുകൾ ഇങ്ങിനത്തെ വർത്തമാനം എടുത്തിട്ടാൽ പിന്നെ ഉണ്ണേണ്ട കാര്യ്യംകൂടി അവക്കു് ഓർമ്മയുണ്ടാവില്ല. ശ്രീകണ്ഠന്നു് ഇതിൽനിന്നു് വിട്ടൊഴിവാൻ പ്രയാസമായിരുന്നു. ഈ രണ്ടുമൂന്നു മണിക്കൂർ ആനന്ദി വളരെ കഷ്ടപ്പെട്ടു കഴിച്ചുകൂട്ടി. ഒരുവിധം ഉണ്ണേണ്ട സമയമായി; പഞ്ചായത്തു

കയ്യുകൊണ്ടു് തടുത്തിരുന്നില്ലെങ്കിൽ എൻെറ തല പൊളിയുമായിരുന്നു. ഞാൻ പറഞ്ഞതു നേരോ കള വോ എന്നു് അയാളോടുതന്നെ ചോദിയ്ക്കൂ.

ശ്രീകണ്ഠൻെറ കണ്ണുകഠം ചുവന്നു. അദ്ദേഹം പറ ഞ്ഞു:—"ഇത്രയ്ക്കായോ! ചെറുക്കൻെറ തെമ്മാടിത്തം!"

ആനന്ദി സ്ത്രീകളുടെ സ്വഭാവമനുസരിച്ചു് കരയു വാൻ തുടങ്ങി; കണ്ണുനീരവരുടെ കൺപോളകളിലാണ ല്ലോ ഇരിയ്ക്കുന്നതു്. ശ്രീകണ്ഠൻ വളരെ ധീരനും ശാന്ത നുമായിരുന്നു. അയാഠംക്കൊരിയ്ക്കലും കോപം വന്നിരു ന്നില്ല; എന്നാൽ സ്ത്രീകളുടെ കണ്ണുനീർ പുരുഷൻെറ ക്രോധാഗ്നിയെ ജ്വലിപ്പിക്കുന്നതിനുള്ള എണ്ണയാണു് രാത്രി മുഴവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു്, ശ്രീകണ്ഠനു കൺപോള കൂട്ടുവാൻ കഴിഞ്ഞില്ല. രാവിലെ അച്ഛൻെറ അടുത്തുചെന്നു പറഞ്ഞു:— "ഇനി എനിയ്ക്കീവീട്ടിൽ കഴിച്ചുകൂട്ടാൻ വയ്യ!"

ഇത്തരത്തിൽ സംസാരിയ്ക്കുന്നതിനെപ്പററി ശ്രീക ണ്ഠൻ പലപ്പോഴും തൻെറ മിത്രങ്ങളെ ശകാരിച്ചിട്ടുണ്ടു്; എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, ഇന്നു അത്തരം വാക്കു കഠം അയാളുടെ വായിൽനിന്നുതന്നെ പുറപ്പെട്ടു! അന്യ ന്മാക്കുപദേശം കൊടുക്കുന്നതു് എത്ര എളുപ്പമാണു്.

വേണീമാധവസിംഹൻ പരിഭ്രമിച്ചുകൊണ്ടെഴുന്നീ ററു് ചോദിച്ചു:—"ഉം; എന്തെ?"

ശ്രീകണ്ഠൻ:—എനിയ്ക്കും എൻെറ മാനം രക്ഷിക്കുന്നതിനു കുറച്ചാഗ്രഹമുണ്ടു്; ഈ വീട്ടിലിപ്പോഠം അന്യായവും

ദുശ്ശാഠ്യവും വളരെ അധികമായിരിയ്ക്കുന്നു. ആരെ ആദരിയ്ക്കേണമോ അവരെ അവമാനിയ്ക്കുയാണവർ ചെയ്യുന്നത്. ഇവിടെ ഞാനില്ലാത്തപ്പോൾ ആനന്ദിയുടെ മേൽ മെതിയടിയും ചെരിപ്പും വർഷിയ്ക്കുന്നു! ഞാനിനി വേറൊരാളുടെഭൃത്യനായി അന്യൻെറവീട്ടിൽ താമസിക്കുന്നില്ല. കഠിനമായ വാക്കുകൾ ഇരിയ്ക്കട്ടെ, വല്ലതും ഒന്നോ രണ്ടോ വാക്കു കോപംവരുമ്പോൾ പറഞ്ഞു എന്നു വരാം; അതൊക്കെ സഹിയ്ക്കാം; പക്ഷെ ഇതു സഹിപ്പാൻ കഴികയില്ല; എന്നെ ഇടിച്ചുതാഴ്ത്തുക; എന്നിട്ടു ഞാൻ മിണ്ടാതിരിയ്ക്കുക!

വേണീമാധവ്സിംഹന് ഒന്നും പറവാൻ കഴിഞ്ഞില്ല; ശ്രീകണ്ഠൻ എപ്പോഴും അദ്ദേഹത്തെ ആദരിച്ചുപോന്നിരുന്നു; അവൻെറ ഇങ്ങിനത്തെ ഭാവം കണ്ടിട്ട് വൃദ്ധനായ അദ്ദേഹം നിശ്ശബ്ദനായിപ്പോയി! കേവലം ഇത്രമാത്രം പറഞ്ഞു:— "കുട്ടീ, നീ ഒരു ബുദ്ധിമാനായിട്ട് ഇങ്ങിനെ സംസാരിക്കുകയോ? ഇങ്ങിനെയാണ് സ്ത്രീകൾ വീട്ടിൽ നാശമുണ്ടാക്കിത്തീർക്കുന്നത്; അവരെ അത്രയധികം തലയിൽ കയററുന്നത് നന്നല്ല."

ശ്രീകണ്ഠൻ:—അതെനിയ്ക്കറിയാം; അങ്ങയുടെ അനുഗ്രഹംകൊണ്ട് ഞാനത്ര മൂർഖനല്ല. എൻെറ ഉപദേശംകൊണ്ടുതന്നെ ഈ ഗ്രാമത്തിൽ പലേ വീടുകളിലും ഛിദ്രംകൂടാതെ കഴിഞ്ഞിട്ടുണ്ട്. ഏതൊരു സ്ത്രീയുടെ മാനസംരക്ഷണകാൎയ്യത്തിൽ ഞാൻ ഈശ്വരൻെറ മുമ്പിൽ ഉത്തരം പറവാൻ ബാദ്ധ്യസ്ഥനാണോ, ആ സ്ത്രീയോട് ഇത്തരം അന്യായം പ്രവൎത്തിയ്ക്കുന്നതും

ഇത്രയും നീചമായി സംസാരിക്കുന്നതും എനിക്കസഹ്യമാണ്.

വേണീമാധവസിംഹനും കുറച്ചു കോപം വന്നു; അദ്ദേഹത്തിന്നു് ഈ സംസാരം സഹിപ്പാൻ കഴിഞ്ഞില്ല; അദ്ദേഹം പറഞ്ഞു:— "ലാലവിഹാരി നിൻെറ അനുജനാണു്; അവൻ തെററുചെയ്താൽ അവൻെറ ചെവി പിടിച്ചോ; എന്നാൽ—"

ശ്രീകണ്ഠൻ:—ലാലവിഹാരിയെ ഞാനിപ്പോൾ എൻെറ അനുജനാണെന്നു വിചാരിക്കുന്നില്ല.

വേണി:—പെണ്ണുകാരണം അല്ലേ?

ശ്രീകണ്ഠൻ:—അല്ല, അവൻെറ ക്രൂരതയും അവിവേകവും കാരണം.

വേണീമാധവസിംഹന്നു് മകൻെറ ക്രോധം ശാന്തമാക്കുവാനാഗ്രഹമുണ്ടായിരുന്നു; എന്നാൽ ലാലവിഹാരി ഒരു അനുചിതമായ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നദ്ദേഹത്തിന്നു ബോദ്ധ്യമുണ്ടായിരുന്നില്ല. ഇതിന്നിടയിൽ ഗ്രാമത്തിലുള്ള ചില സജ്ജനങ്ങൾ ഒന്നു വെററില മുറുക്കാനാണെന്നുള്ള നാട്യത്തിൽ അവിടെ വന്നുകൂടി. ശ്രീകണ്ഠൻ ഭാര്യക്കുവേണ്ടി അച്ഛനുമായി ശണ്ഠകൂട്ടുവാൻ തയ്യാറായിരിക്കുന്നുവെന്നു കേട്ടപ്പോൾ ചില സ്ത്രീകൾക്കു വളരെ സന്തോഷമായി. ഇരുപക്ഷത്തിൽനിന്നുമുള്ള "മധുരവാക്യങ്ങൾ" കേൾക്കുവാൻ അവരുടെ ഹൃദയം കിടന്നു വെമ്പിത്തുടങ്ങി. ഈ കുടുംബത്തിൻെറ ക്ഷേമത്തിലും മര്യാദയിലും ഉള്ളിൽ സുഖമില്ലാത്ത ചില കുടിലമനുഷ്യരും

ഗ്രാമത്തിലുണ്ടായിരുന്നു. അവർ ഇങ്ങിനെ പറഞ്ഞുകൊണ്ടിരുന്നു:—ശ്രീകണ്ഠൻ തൻെറ അച്ഛന്ന് ഒതുങ്ങിയിരിയ്ക്കുന്നു; ഇതവൻെറ ഭീരുത്വമാണ്, അവൻ എത്ര പഠിച്ചു! അതിന്നുവേണ്ടി അവനൊരു പുസ്തകത്തിലെ പുഴവായി! വേണീമാധവസിംഹൻ ഇവനോടാലോചിയ്ക്കാതെ ഒന്നും പ്രവർത്തിക്കില്ല; . അതയാളുടെ വിഡ്ഢിത്തം! ഈ മഹാനുഭാവന്മാർ അവരുടെ അഭ്യുദയചിന്തയിൽ മുഴകിയവരായി കാണപ്പെട്ടു. ചിലർ ഒന്നു വെററില മുറുക്കാൻ, ചിലർ നികുതിരശീതി ഒന്നു കാണിപ്പാൻ, ഇങ്ങിനെ ഓരോനാട്യത്തിൽ വേണീമാധവൻെറ വീട്ടിൽ ഓരോരുത്തർ വന്നുകൂടിത്തുടങ്ങി. വേണീമാധവസിംഹൻ ഒരു പഴക്കംചെന്ന ആളായിരുന്നു; ആദ്ദേഹത്തിന്നു ഇവരുടെ വരവിൻെറ ഉദ്ദേശമൊക്കെ മനസ്സിലായി; അദ്ദേഹം വിചാരിച്ചു:— ഒരു സാധനം പുറത്തു കാണിക്കില്ല; ഈ വർഗ്ഗത്തിന്ന് കയ്യുകൊട്ടിച്ചിരിപ്പാനൊരു വഴിയുണ്ടാക്കിക്കൊടുക്കില്ല. അദ്ദേഹം വേഗം കോമളശബ്ദത്തിൽ പറഞ്ഞു:—"മകനെ ഞാൻ നിന്നിൽനിന്ന് അന്യനല്ല; നിനക്ക് എന്താണിഷ്ടം; അതു ചെയ്തോളു".

അനുഭവരഹിതനായ ആ അലഹബാദ് ഗ്രാജ്വെയ്ററിന് ഇതിൻെറ മർമ്മം മനസ്സിലായില്ല. ഡിബെററിംഗ് സൊസൈററിയിൽ (സ്കൂളിലെ വാദപ്രതിവാദസംഘം) അവൻ തൻെറ ഭാഗത്തുറച്ചുനിന്നു വാദിയ്ക്കുന്ന സ്വഭാവക്കാരനായിരുന്നു. എന്നാൽ ഇതിൻെറ മർമ്മ

ത്തെപ്പററി അവനെന്തറിയാം! അച്ഛൻ എന്തുദ്ദേശ ത്തിലാണ് വിഷയം മാററിയതെന്ന് അയാൾക്ക മന സ്സിലായില്ല. അവൻ പറഞ്ഞു:—"ഞാൻ ലാലവിഹാരി യോടുകൂടി ഈ വീട്ടിൽ ഇനി പാക്കുകയില്ല!"

വേണീ:—കുട്ടി, ബുദ്ധിമാന്മാർ , വിഡ്ഢികൾ പറയുന്നതി നെ കാര്യമായി ഗണിയ്ക്കാറില്ല; അവൻ അറിവില്ലാത്ത വനാണ്; അവൻ വല്ല തെററും ചെയ്തിട്ടുണ്ടെങ്കിൽ, നീയ്യ് വലിയവനല്ലേ? അതു വിചാരിച്ച് ക്ഷമിയ്ക്കു.

ശ്രീക:—ഈ ദുഷ്ടത എനിയ്ക്കൊരുനാളും ക്ഷമിപ്പാൻ കഴികയില്ല; അവൻ താമസിയ്ക്കണോ വീട്ടിൽ, അതോ ഞാൻ താമസിയ്ക്കണോ? അച്ഛന്ന് അവനെയാണ ധികം ഇഷ്ടമെങ്കിൽ എന്നെ പോവാൻ സമ്മതിച്ചാൽ മതി; എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം. അല്ല, ഞാൻ താമസിയ്ക്കയാണ് വേണ്ടതെങ്കിൽ, അവ നോട് എവിടേയ്ക്കാണ് ഇഷ്ടമുള്ളതെങ്കിൽ പോയ്ക്കൊ ളാൻ പറയു. ഇതിലധികമൊന്നും എനിയ്ക്ക് പറ വാനില്ല; ഇതെന്റെ അവസാനത്തെ നിശ്ചയമാണ്.

ലാലവിഹാരി ഇതെല്ലാം വാതിലിന്നപ്പുറത്തു നിശ്ശ ബ്ദമായിനിന്നു കേട്ടിരുന്നു; അവൻ ശ്രീകണ്ഠനെ വളരെ ആദരിച്ചിരുന്നു; ശ്രീകണ്ഠന്റെ കൂടെ ഒരേടത്തിരിയ്ക്ക കയോ, ഹുക്ക വലിയ്ക്കുകയോ, ഊണു കഴിയ്ക്കുകയോ ചെയ്തിരുന്നില്ല. അച്ഛനെക്കൂടി അവൻ ഇത്ര ആദരി ച്ചിരുന്നില്ല. ശ്രീകണ്ഠനും അവനെ വളരെ സ്നേഹമായി

രുന്നു. അവൻ അലഹബാദിൽനിന്നു വരുമ്പോഠം എ
ന്തെങ്കിലും ഒന്ന് അനുജനുവേണ്ടി വാങ്ങിക്കൊണ്ടുവരും.
അവൻെറ അറിവോടുകൂടി അനുജന് എന്തെങ്കിലും ഒരു
അലോഗ്യം വരാനിടവരുത്തിയിരുന്നില്ല. വ്യായാമത്തി
ന്ന് ഒരു ജോടി ഡംബൽസ് കൊണ്ടുവന്നു കൊടുത്തിരു
ന്നു. കഴിഞ്ഞകൊല്ലത്തെ 'നാഗപഞ്ചമി'ദിവസം ലാലവി
ഹാരി തനിയ്ക്കൊത്ത ഒരു യുവാവിനെ ഗുസ്തിയിലെടുത്തു
മറിച്ചിട്ടു. അപ്പോഠം ശ്രീകണ്ഠൻ പുളകിതഗാത്രനായിട്ട്
മൈതാനത്തിലേയ്ക്കിറങ്ങിച്ചെന്ന് അനുജനെ ആലിംഗ
നം ചെയ്തു. അഞ്ചുറുപ്പികയുടെ പൈസ്സ അന്നു നശിപ്പി
ച്ചു. അങ്ങിനത്തെ ഒരു സഹോദരൻെറ വായിൽ നിന്ന്
തൻെറ ഹൃദയം പിളക്കുന്ന വാക്കുകഠം കേട്ടപ്പോഠം ലാല
വിഹാരിയ്ക്ക് വലിയ സങ്കടമായി; അവൻ തേങ്ങിത്തേങ്ങി
കരയുവാൻ തുടങ്ങി. അവൻ അവൻെറ പ്രവൃത്തിയിലി
പ്പോഠം പശ്ചാത്തപിയ്ക്കുന്നുണ്ടെന്നുള്ളതിന് സംശയമില്ല.
ഏട്ടൻ "എന്താണു' പറയുക ആവോ എന്നു വിചാരിച്ച്
ശ്രീകണ്ഠൻ വരുന്നതിൻെറ ഒരു ദിവസം മുമ്പുതന്നെ അ
വൻെറ ഹൃദയംകിടന്നു പിടയ്ക്കുവാൻ തുടങ്ങിയിരുന്നു. താ
നെങ്ങിനെയാണവരുടെ നേരിട്ടു ചെല്ലുക, എങ്ങിനെയാ
ണ് അവരോട് സംസാരിയ്ക്കുക, തൻെറ മുഖമെങ്ങിനെ
യാണ് അവരുടെ മുമ്പിൽ ഉയത്തേണ്ടത്? എന്നൊക്കെ
അവൻ വിചാരിച്ചുകൊണ്ടിരുന്നു. ഏട്ടൻ തന്നെ വിളിച്ചു
ഗുണദോഷിയ്ക്കുമെന്നാണു' അവൻ വിചാരിച്ചിരുന്നത്.
എന്നാൽ ഈ ആശയ്ക്ക് നേരെ വിപരീതമായി ശ്രീക

ണ്ടൻ അവനോട്ട് നിർദ്ദയമായാണ് പെരുമാറിയത്ത്. ലാലവിഹാരി ഒരു വിഡ്ഢിയായിരുന്നു. ജ്യേഷ്ഠൻ തന്നോട്ട് അന്യായമാണ് പ്രവൎത്തിയ്ക്കുന്നതെന്ന് അവൻ വിചാരിച്ചു. അദ്ദേഹം തന്നെ സ്വകാൎയ്യം വിളിച്ചു വല്ലതും ചീത്ത പറകയോ, രണ്ടടിയ്ക്കുകയോ ചെയ്താൽക്കൂടി അവന്നിത്ര വ്യസനമുണ്ടാകുമായിരുന്നില്ല; എന്നാൽ 'എനിയ്ക്കവൻെറ മുഖം കാണേണ്ട' എന്ന ജ്യേഷ്ഠൻെറ വാക്ക് അവന്നു സഹിപ്പാൻ കഴിഞ്ഞില്ല; അവൻ കരഞ്ഞുകൊണ്ടു മുറിയിൽ കടന്നു, വസ്ത്രം മാററി, കരഞ്ഞതാരും അറിയാതിരിയ്ക്കാൻവേണ്ടി കണ്ണുതുടച്ചു; എന്നിട്ട് ആനന്ദിയുടെ മുറിയുടെ മുമ്പിൽച്ചെന്നു പറഞ്ഞു:—"ജ്യേഷ്ഠത്തിയമ്മെ, ജ്യേഷ്ഠൻ എൻെറകൂടെ ഈ വീട്ടിൽ താമസിക്കയില്ലെന്നു നിശ്ചയിച്ചുകഴിഞ്ഞിരിയ്ക്കുന്നു; അവരിപ്പോൾ എൻെറ മുഖം കാണാനിഷ്ടപ്പെടുന്നില്ല! അതുകൊണ്ട് ഞാനിപ്പോൾ പോകുന്നു; ഞാനിനി അവരുടെ മുഖത്തു നോക്കില്ല. ഞാൻ ചെയ്തിട്ടുള്ളതൊക്കെ നിങ്ങൾ ക്ഷമിയ്ക്കണം."

ലാലവിഹാരിയുടെ തൊണ്ട ഇടറി!

## IV

ലാലവിഹാരി തലയുംതാഴ്ത്തി ആനന്ദിയുടെ മുറിയുടെ വാതില്ക്കൽ നില്ക്കുമ്പോൾതന്നെ ശ്രീകണ്ഠൻ കണ്ണും ചുവത്തിക്കൊണ്ടു പുറത്തുനിന്നു വന്നു. അനുജൻ നില്ക്കുന്നത് കണ്ടപ്പോൾ തല തിരിച്ചു വെറുപ്പോടുകൂടി കടന്നുപോയി; അവൻെറ നിഴലുകൂടി തീണ്ടേണ്ടെന്നു വിചാരിച്ചു.

ആനന്ദി ലാലവിഹാരിയെപ്പററി ആവലാതിപ്പെട്ട വെങ്കിലും ഇപ്പോ൦ അവ൦ക്ക പശ്ചാത്താപമായി. അവ൦ പ്രകൃത്യാതന്നെ ദയാവതിയായിരുന്നു. കാൎയ്യം ഇത്രത്തോളം ഒക്കെ എത്തുമെന്ന് അവ൦ വിചാരിച്ചിരുന്നില്ല. ഭൎത്താവ് എന്തിനാണിത്രയൊക്കെ കയൎക്കുന്ന തെന്നവ൦ക്ക മനസ്സിലായില്ല. അലഹബാദിലേയ്ക്കോ മററൊ പോകേണമെന്നു പറഞ്ഞാൽ താനെന്താണ് ചെയ്യുകയെന്നും അവ൦ക്ക ഭയമായി. ലാലവിഹാരി വാതിയ്ക്കൽ വന്നു:— "ഞാൻ പോകുന്നു; ഞാൻ ചെയ്ത അപരാധമെല്ലാം ക്ഷമിയ്ക്കണം" എന്നു എപ്പോ൦ പറഞ്ഞുവോ അപ്പോളവളുടെ ഉള്ളിലുണ്ടായിരുന്ന ക്രോധമെല്ലാം അലിഞ്ഞുപോയി; അവ൦ കരയാൻ തുടങ്ങി. മനസ്സിലെ മാലിന്യം കഴുകിക്കളയാൻ കണ്ണുനീരോളം അത്ര നന്നായിട്ട് മററൊന്നുമില്ല.

ശ്രീകണ്ഠനെ കണ്ടിട്ട ആനന്ദി പറഞ്ഞു:— "ലാൽ പുറത്തുനിന്നു വല്ലാതെ കരഞ്ഞുകൊണ്ടിരിയ്ക്കുന്നു!"

ശ്രീക:—അതിന്നു ഞാനെന്തു വേണം?

ആന:—അകത്തേയ്ക്കു വിളിയ്ക്കൂ; എന്റെ ഹൃദയത്തിൽ തീ കത്തുന്നു! ഞാൻ നിമിത്തമല്ലെ ഈ ശണ്ഠയുണ്ടായത്.

ശ്രീക:—ഞാൻ വിളിയ്ക്കില്ല.

ആന:—പശ്ചാത്തപിക്കേണ്ടിവരും; അവൻ വല്ലാതെ ദുഃഖിക്കുന്നു; ഇങ്ങിനെയായാൽ എങ്ങോട്ടെങ്കിലും പോയേയ്ക്കും.

ശ്രീകണ്ഠൻ മിണ്ടാതിരുന്നു. അപ്പോഴേയ്ക്ക് ലാല വിഹാരി പറഞ്ഞു: —"ജ്യേഷ്ഠത്തിയമ്മെ, ജ്യേഷ്ഠനോട് എന്റെ നമസ്കാരം പറയണം. അവരെന്റെ മുഖംകൂടി കാണാനിഷ്ടപ്പെടുന്നില്ല; അതുകൊണ്ട് ഞാനും എന്റെ മുഖം അവക്ക് കാണിയ്ക്കയില്ല."

ഇതും പറഞ്ഞു ലാലവിഹാരി വേഗം വാതില്ക്കലേയ്ക്ക് നടക്കാൻ തുടങ്ങി; അപ്പോൾ ആനന്ദി മുറിയിൽ നിന്നു പുറത്തേയ്ക്കു കടന്നു; അവന്റെ കൈ കടന്നു പിടിച്ചു. ലാലവിഹാരി പിന്നോക്കം തിരിഞ്ഞ്, കണ്ണുകൾ നിറച്ചുകൊണ്ട് പറഞ്ഞു: – "എന്നെ പോകാൻ സമ്മതിയ്ക്കു."

ആന:—എവിടേയ്ക്കു പോകുന്നു?

ലാല:—ഇവിടെ ആരും എന്റെ മുഖം കാണാനിഷ്ടപ്പെടുന്നില്ല.

ആന:—ഞാൻ പോവാൻ സമ്മതിയ്ക്കില്ല.

ലാല:—ഞാൻ നിങ്ങളുടെയൊക്കെ കൂടെ താമസിയ്ക്കാൻ യോഗ്യനല്ല.

ആന:—എന്നാണ്; ഒരടി മുമ്പോക്കം വെയ്ക്കരുത്.

ലാല:—ഏട്ടന് എന്റെ നേരെയുള്ള മുഷിച്ചിൽ തീരെ തീർന്നുവെന്ന് മനസ്സിലാവുംവരെ ഞാനിവീട്ടിൽ പാക്കില്ല.

ആന:—ഞാൻ ഈശ്വരനെ സാക്ഷിയായിപ്പറയുന്നു; എനിയ്ക്ക് അങ്ങയുടെ പേരിൽ ലേശവും അലോഗ്യമില്ല.

ഇത്രയുമായപ്പോഠം ശ്രീകണ്ഠന്റെ ഹൃദയവും അലിഞ്ഞു; അവൻ പുറത്തുവന്ന് ലാലവിഹാരിയെ കെട്ടിപ്പിടിച്ചു; രണ്ടു സഹോദരന്മാരും തേങ്ങിത്തേങ്ങിക്കരഞ്ഞു. ലാലവിഹാരി തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു:—ഏട്ടാ, "നിന്റെ മുഖമെനിയ്ക്കു കാണേണ്ട" എന്നു ഇനി പറയരുത്; ഇതു കൂടാതെ ഏട്ടൻ എന്തുശിക്ഷിച്ചാലും ഞാനതു സന്തോഷത്തോടുകൂടി സഹിച്ചുകൊള്ളാം."

ശ്രീകണ്ഠൻ വിറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു:— "അപ്പു, ഈ സംഗതി തീരെ മറന്നുകളയൂ. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ ഇനി ഇങ്ങനത്തെ സന്ദർഭങ്ങളുണ്ടാവില്ല."

വേണീമാധവസിംഹൻ പുറത്തുനിന്നു വന്നുകൊണ്ടിരുന്നു..രണ്ടു സഹോദരന്മാരും ആലിംഗനം ചെയ്തുകൊണ്ടു നില്ക്കുന്നതു കണ്ടിട്ട് അദ്ദേഹം രോമാഞ്ചംകൊണ്ടു. അപ്പോളദ്ദേഹം പറകയാണ്:—"വലിയ തറവാട്ടിലെ കുട്ടികളിങ്ങനെയാണ്; അവർ തകരാറായ കാര്യങ്ങഠം ശരിപ്പെടുത്തും."

ഗ്രാമത്തിൽ ഈ വർത്തമാനം കേട്ടവരൊക്കെ ആനന്ദിയുടെ ഉദാരതയെ ഇങ്ങിനെ പ്രശംസിച്ചു:—"വലിയ തറവാട്ടിലെ കുട്ടികഠം ഇങ്ങിനെതന്നെയാണ്."

—(മാതൃഭൂമി)

# 3. * ട്യൂഷൻമാസ്റ്റർ.

## I

സന്ധ്യാസമയം അടുത്തുതുടങ്ങി. മഴ അല്പാല്പമായി പെയ്തുകൊണ്ടിരുന്നു. ഞാൻ വരാന്തയിലിരുന്നു 'മാതൃഭൂമി' വായിക്കുകയായിരുന്നു; പക്ഷെ കാർ നിറഞ്ഞ നീലാകാശവും, നെടുനീളെ നീണ്ടുകിടക്കുന്ന വിശാലനീലമായ വനപൎവ്വതനിരയും, അവയിലേക്കു് കാറുകളിറങ്ങി കളിയാടിക്കൊണ്ടിരിക്കുന്നതും, ഓടിക്കുതിക്കുന്ന 'മാലിനി' നദിയും എന്റെ ശ്രദ്ധയെ ആകൎഷിച്ചുകൊണ്ടിരുന്നു. വികാരവീചികൾ ഹൃദയത്തെ ഇളക്കിമറിച്ചു. സസ്യശ്യാമളമായ ഭൂതലം, മേഘനീലമായ വിസ്തൃതാകാശം, ഓടിക്കളിക്കുന്ന തരംഗിണികൾ, ബാഷ്പാവിലമായ ആശാമുഖങ്ങൾ, ഹാ! വൎഷക്കാലം എത്രമനോഹരമായിട്ടുള്ളതാണു്!

പെട്ടെന്നു് തോട്ടത്തിലേക്കുള്ള ഗയിററുന്തിത്തുറക്കുന്ന ശബ്ദം കേട്ടു് ഞാനങ്ങോട്ടുനോക്കി. ഒരു ദീർഘകായനായ യുവാവുണ്ടു് മാളികയിലേക്കഭിമുഖമായി വരുന്നു. ദേഹം മുഴുവനും നനഞ്ഞിരുന്നു. ഇദ്ദേഹം എന്റെ അടുത്തുവന്നു ചോദിച്ചു:—"ഇൻസ്പെക്ടർ മിസ്റ്റർ ഗോപാലമേനവൻ ഇവിടെ ഇല്ലേ?"

"ഇല്ല! അദ്ദേഹം ഇപ്പോൾത്തന്നെ പുറത്തേക്കു പോയിട്ടേ ഉള്ളു." കൌതുഹലം നിറഞ്ഞ കണ്ണുകൾ കൊണ്ടു് ഞാനദ്ദേഹത്തെ നോക്കിക്കൊണ്ടുപറഞ്ഞു.

* അനുകരണം

അദ്ദേഹം മടങ്ങിപ്പോയി; ഇങ്ങനത്തെ മഴയത്ത് ഒരു മനുഷ്യൻ കുടയില്ലാതെ നടക്കുന്നത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. ഹൃദയത്തിൽക്കൂടി എന്തൊക്കയൊ വിചാരങ്ങൾ ഓടിക്കൊണ്ടിരുന്നു. വീണ്ടും എൻെറ കണ്ണുകൾ പ്രകൃതിഭംഗിയിലും പത്രപങ്ക്തികളിലും കുറേശ്ശ കുറേശ്ശ വ്യാപരിപ്പാൻ തുടങ്ങി.

മണി നാലു കഴിഞ്ഞു; സ്ഥലത്തെ ഹൈസ്കൂളിൽനിന്ന് ബെല്ലടിയ്ക്കുന്നതു കേട്ടു; കുട്ടികൾ ഓരോ വഴിയ്ക്ക് വരിവരിയായി അവക്ക സഹജമായ ഉല്ലാസത്തോടുകൂടി നാനാവിഷയങ്ങളെപ്പററി സംസാരിച്ചുകൊണ്ട് പോയിത്തുടങ്ങി. ഞാൻ പത്രം മേശപ്പുറത്തുവെച്ചു വഴിയിലേയ്ക്കു നോക്കിയപ്പോൾ ആ മനുഷ്യനുണ്ട് നനഞ്ഞുംകൊണ്ട് അവിടെയൊരു മാവിൻചുവട്ടിൽ നില്ക്കുന്നു. ഞാൻ വിളിച്ചുചോദിച്ചു:— "എയ്! നിങ്ങളെന്തിനാണവിടെനിന്ന് നനയുന്നത്? ഇങ്ങോട്ടു വരാമല്ലൊ."

അയാൾ അകലേയ്ക്കു വന്നു; തൻെറ നനഞ്ഞ വസ്ത്രം ഒന്നു നോക്കി. അവിടെയുണ്ടായിരുന്ന ഒരു കസാലയിൽ ഇരുന്നു. സ്വതവെതന്നെ ആൾ ഒരു ദുർബ്ബലനാണ്; പോരെങ്കിൽ ഇപ്പോൾ വളരെ ക്ഷീണിച്ചുമിരിയ്ക്കുന്നു; എങ്കിലും മുഖത്തൊരു തേജസ്സും കണ്ണുകളിൽ ആകർഷണശക്തിയും തെളിഞ്ഞുകണ്ടിരുന്നു. ചുരുണ്ടിരുണ്ട തലമുടി ചീകിയൊതുക്കിയിരുന്നില്ല. "നിങ്ങൾക്ക് പറവാൻ സാധിയ്ക്കയില്ലേ, മിസ്റ്റർ ഗോപാലമേനവൻ എപ്പോൾ വരുമെന്ന്?" അദ്ദേഹം ചോദിച്ചു.

"അച്ഛൻ ഒരു സമയം ക്ലബ്ബിലേയ്ക്കു പോയിട്ടുണ്ടാവും; എന്നാൽ വേഗം വരുവാൻ വഴിയില്ല. എന്താ, വിശേഷിച്ചു വല്ല കാര്യവും ഉണ്ടായിരിയ്ക്കുമൊ?" ഞാൻ ചോദിച്ചു.

"ആ, കുറച്ചു കാര്യമുണ്ട്; അദ്ദേഹത്തിന്നൊരു ട്യൂഷൻമാസ്റ്റർ വേണമെന്നു കേട്ടു; അതിനെപ്പററി ആലോചിപ്പാനാണ്. ഞാൻ നാളെ വരാം", എന്നു പറഞ്ഞു ആഗതൻ പോകുന്നതിന്നുദ്യുക്തനായി.

"ഇപ്പോഠം മഴ വല്ലാതെ പെയ്യുന്നുവല്ലൊ"— ഞാൻ പുറത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു.

"യാതൊരു നിവൃത്തിയുമില്ല; ഞാൻ ദൂരെയാണ് താമസിയ്ക്കുന്നത്; പോകാതെ കഴികയുമില്ല", എന്നായിരുന്നു ഖിന്നഭാവത്തിലുള്ള അയാളുടെ മറുപടി

"എന്നാൽ കുട എടുത്തുകൊള്ളുക" ഞാൻ കുറച്ചു സങ്കോചത്തോടുകൂടി പറഞ്ഞു.

"വേണ്ട, ഒരുപക്ഷെ എനിയ്ക്കു നാളെ വരാൻ കഴിഞ്ഞില്ലെന്നു വരാം; പിന്നെ ഇങ്ങനെ മഴ നനയുന്നതൊന്നും ഇതൊന്നാമത്തെ പ്രാവശ്യമല്ലതാനും", എന്ന് അയാഠം ചിരിപ്പാൻ ശ്രമിച്ചുംകൊണ്ട് മറുവടി പറഞ്ഞു. അടുത്ത ക്ഷണത്തിൽ പുറത്തേയ്ക്ക് കടന്ന് എൻെറ കണ്ണിൽനിന്നു മറഞ്ഞുപോയി.

ആ അജ്ഞാതനായ യുവാവിനെ കണ്ട മുതൽക്ക് എനിയ്ക്കദ്ദേഹത്തിൻെറ പേരിൽ കരുണയും സ്നേഹവും ഉദിച്ചു തുടങ്ങിയിരുന്നു.

## II

അടുത്തുതന്നെ അദ്ദേഹത്തെ അച്ഛൻ ഉദ്യോഗത്തിൽ നിയമിച്ചു; തന്നിമിത്തം ഞാൻ വളരെ പ്രസന്നചിത്തയുമായിത്തീൎന്നു. മാസ്റ്റർ അവിടെ വന്നുതുടങ്ങിയ മുതൽ ഏതൊ അത്ഭുതപൂൎവ്വമായ ഒരാനന്ദത്തിൻെറ അനുഭവം എനിയ്ക്കുണ്ടായിത്തുടങ്ങി. അദ്ദേഹത്തെ കാണുന്നതും അദ്ദേഹത്തിൻെറ സാന്നിദ്ധ്യവും എനിയ്ക്കൊഴിപ്പാൻ വയ്യാതായിത്തീൎന്നു.

എനിയ്ക്കു് രണ്ടു സഹോദരന്മാരുണ്ടായിരുന്നു; അവരെ പഠിപ്പിപ്പാനാണു് മാസ്റ്ററെ നിയമിച്ചതു്. അദ്ദേഹം അവൎക്കു ധാരാളം കഥകഠം പറഞ്ഞുകൊടുക്കും; ചിത്രം വരച്ചുകൊടുക്കും, ഇതുകൊണ്ടു് കുട്ടികഠക്കദ്ദേഹത്തെ വളരെ ഇഷ്ടമായി. എനിക്കക്കൊല്ലം കേംബ്രിഡ്ജ് പരീക്ഷയ്ക്കു പോകേണ്ടതുണ്ടായിരുന്നു; അതുകൊണ്ടു് ഞാനും ലൈബ്രറിയിൽ പോയിക്കൂടും; കഠിനഭാഗങ്ങഠം അദ്ദേഹത്തോടു് ചോദിച്ചു മനസ്സിലാക്കും.

മാസ്റ്ററുടെ സ്വഭാവം ശാന്തവും ഗംഭീരവുമായിരുന്നു; സംഭാഷണം ചെയ്യുന്നതിന്നിടയിൽ അദ്ദേഹം ചിലപ്പോഠം ചിന്താവിഷ്ടനായിരിയ്ക്കുന്നതു കാണാം. വിശാലമായ ആ മുഖകമലം ചിന്താരേഖകളാൽ അങ്കിതമായിരുന്നു. ആ നീണ്ടിടംപെട്ട നീലനേത്രങ്ങഠം വിദൂരവും അജ്ഞാതവുമായ നക്ഷത്രലോകത്തിൽ എന്തിനേയൊ അന്വേഷിച്ചുകൊണ്ടിരിയ്ക്കുന്നതു പതിവാണു്.

അദ്ദേഹം വളരെ കുറച്ചുമാത്രമെ സംസാരിച്ചിരുന്നു ള്ളു; പക്ഷെ ആ വാക്കുകളുടെ മാധുര്യം അന്യാദൃശമായിരുന്നു; ഞാൻ നിശ്ശബ്ദമായിരുന്ന് അദ്ദേഹം സംസാരിയ്ക്കുന്നത് ശ്രദ്ധിച്ചു കേൾക്കും. •ഏതോ ഒരു സ്വർഗ്ഗീയസംഗീതം കണ്ണുകളെ കുളപ്പിയ്ക്കുന്നതായിട്ടാണ് അപ്പോൾ തോന്നിയിരുന്നത്. ചിലപ്പോൾ ചില മനോഹരകവിതകൾ വായിച്ച് എനിയ്ക്കദ്ദേഹം അർത്ഥം വിവരിച്ചുതരും; അപ്പോൾ ഭാവാവിഷ്ടങ്ങളായ ആ കണ്ണുകൾ കണ്ട് എന്നിൽ വ്യാകുലത വളരുവാനും, ഞാൻ കിഴ്പട്ടു നോക്കുവാനും തുടങ്ങും.

സർവ്വചരാചരങ്ങളും നക്ഷത്രസമുജ്ജ്വലമായ വിസ്തൃതാകാശത്തിൻെറ ചുവട്ടിൽ ഗാഢനിദ്രയിൽ ലയിച്ചിരിയ്ക്കുമ്പോൾ, ഞാൻ ഉറക്കമില്ലാതെതന്നെ സ്വപ്നം കണ്ടുകൊണ്ടിരിയ്ക്കുന്നതു പതിവായി. ഹാ! എൻെറ ഹൃദയം മറെറാരാൾക്കധീനമായിക്കഴിഞ്ഞു!

## III

അന്നൊരു ഞായറാഴ്ചയായിരുന്നു; ഒഴിവുദിവസങ്ങളിൽ നടക്കുവാൻ പോകുന്നത് അച്ഛനു വളരെ പ്രിയമാണ്; പോരെങ്കിൽ, നാലഞ്ചുദിവസമായി മൂടിപ്പിടിച്ചു നിന്നിരുന്ന പ്രകൃതി അന്നു മനോഹരമായി മന്ദസ്മിതം പൊഴിച്ചുകൊണ്ടിരുന്നു. നാലര മണിയ്ക്കു ചായ കഴിഞ്ഞു ഞങ്ങൾ പുറപ്പെട്ടു; മാസ്റ്ററില്ലെങ്കിൽ അച്ഛന് ഉല്ലാസയാത്ര സുഖമാവുകയില്ല; എൻെറ കഥ പറയാനുമില്ലല്ലൊ. സന്തോഷഭരിതരായ കുട്ടികളും കൂടെപ്പോന്നു.

ഞങ്ങളന്ന 'വടക്കൻമല'യുടെ അടുത്തേയ്ക്കാണ് പുറപ്പെട്ടതു്. നടക്കാവിൽക്കൂടെ കടന്നു് 'ആറാട്ടുകടവി'ന്നടുത്തെത്തി; ഇതു മനോഹരമായ 'മാലിനി'നദിയിലെ ഒരു കടവാണു്; സാധാരണയായി അധികം സ്ത്രീകളാണിവിടെ കളിയ്ക്കാറ്. അനേകം സ്ത്രീകൾ കാലേക്കൂട്ടിത്തന്നെ ഇവിടെ എത്തിച്ചേൎന്നിട്ടുണ്ടു്; പുരുഷന്മാൎക്കു ക്ലബ്ബ്കളുണ്ടു്, വൎത്തമാനപ്പത്രങ്ങളുണ്ടു്; എന്നാൽ ഇവിടത്തെ സ്ത്രീകൾക്കു് അതൊന്നുമില്ല. മനുഷ്യസഹജമായ സാമൂഹ്യജീവിതേച്ഛ അവൎക്കുമുണ്ടല്ലോ. അവർ രണ്ടുനേരവും കാലെക്കൂട്ടിത്തന്നെ ഇവിടെ വന്നുകൂടും. ചുരുക്കത്തിൽ ഒരു വൎത്തമാനപ്പത്രം വായനയുടെ ഫലം ഉണ്ടാകത്തക്കവണ്ണം പല വൎത്തമാനങ്ങളും ഇവിടെ വെച്ചു പ്രസിദ്ധം ചെയ്യും. പുരുഷന്മാരുടെ സംസാരവിഷയം രാജ്യഭരണം, സാഹിത്യം, സമുദായം, സൈൻസ് മുതലായതാണെങ്കിൽ ഈ സംഘത്തിലെ സ്ത്രീകൾ സംസാരിക്കുന്നതു് അടുത്ത വീട്ടിലെ സ്ത്രീകളുടെ ബ്ലൌസിനേയൊ ചെയിനിനേയൊ അഥവാ ഭൎത്താവിനേയൊ പററിയായിരിക്കും. വൎത്തമാനപ്പത്രത്തിനു സാധിയ്ക്കാത്ത പല വാൎത്തകളും ഇവർ വിതരണം ചെയ്യും. സ്ത്രീകളുടെ ഈ ശോച്യസ്ഥിതിയ്ക്കുകാരണം പുരുഷന്മാർ തന്നെയാണു്; എങ്കിലും ഇവരുടെ ചില സ്വഭാവങ്ങൾ അത്ഭുതമായിരിക്കുന്നു. പുഴയുടെ കിഴക്കെ വക്കത്തുകൂടി ഞങ്ങൾ വടക്കോട്ടു പോകയായിരുന്നു; അപ്പോൾ പുത്തൻവീട്ടിലെ ദാക്ഷായണി ക്കുട്ടകാരെ ഇടം കണ്ണിട്ടു നോക്കിപ്പറകയാണു്: "ഹാ! കണ്ടാൽ ദമ്പതിമാൎക്കു രണ്ടാൾക്കും നല്ല യോജിപ്പുണ്ടു്." എന്തൊരു സാഹസം! എന്നെപ്പററി അവരെന്തെങ്കിലും പറയട്ടെ, ആ

മാന്യന്റെ മേൽ ഇങ്ങനെ ചളിവാരിയെറിയുന്നതിന്ന് ഒരു മടിയുമില്ലല്ലോ!

"പരപുച്ഛവുമഭ്യസൂയയും
ദുരയും ദുർവ്യതിയാനസക്തിയും
കരളിൽക്കുടിവെച്ചു ഹാ! പര-
മ്പരയായ് പൌരികഠം കെട്ടുപോയിതേ"

എന്ന് കുമാരനാശാൻ പാടീട്ടുള്ളത് എത്ര പരമാത്ഥമായിരിയ്ക്കുന്നു! ഏതായാലും എന്നെയും മാസ്റ്ററെയും തമ്മിൽ ഘടിപ്പിച്ചുകൊണ്ട് പല ഭാവനാശാലികളായ കവയിത്രികളും കവികളുംകൂടി കുറെ കവിതകഠം പ്രചരിപ്പിച്ചിട്ടുണ്ടെന്നു തീച്ചയാണ്. ഞങ്ങഠം വടക്കോട്ടു കടന്നു പോയി. വിശാലമായ 'മാസപ്പറമ്പും' കടന്നു. അവിടെയുള്ള വിസ്തൃതവും ഉന്നതവുമായ പാറകളിൽ ഇരുന്നു. ഹാ! ഇത്രയും പ്രകൃതിരമണീയമായ ഒരു സ്ഥലം വേറെയെവിടെയുണ്ട്? കാറും കറുപ്പുമററ നിമ്മലാകാശം, പച്ചപ്പുൽകളും ശ്യാമളവനങ്ങളും തിങ്ങിയ പവ്വതപ്രദേശങ്ങഠം, ചെറുതെങ്കിലും നീലസ്ഫടികസങ്കാശമായ നിമ്മലജലത്തോടുകൂടി നെടുനീളെകിടക്കുന്ന മാലിനീനദി, നിറം കാച്ചിയ തങ്കക്കുടംപോലെ മെല്ലെ മെല്ലെ തമോഗത്ഭത്തിലേയ്ക്കാണ്ടുപോകുന്ന അസ്തമയസൂയ്യൻ, ഹാ! മനുഷ്യനെ സ്വഗ്ഗസ്ഥനാക്കിത്തീക്കുന്ന പ്രകൃതിപ്രഭാവം! കുറെ നേരം മൂകജീവികളെപ്പോലെ ഞങ്ങഠം നിശ്ശബ്ദമായ ആ മനോഹരസാന്ധ്യപ്രകൃതിയെ നിഷ്പന്ദനേത്രങ്ങളാലവലോകനം ചെയ്തുകൊണ്ടിരുന്നു.

"മനോഹരമായ ഒരു കാഴ്ചതന്നെ", ഇങ്ങനെ അച്ഛൻ മൌനത്തെ ഭഞ്ജനം ചെയ്തു.

മാസ്റ്റർ—അതെ, പ്രകൃതിയുടെ ഇങ്ങനത്തെ ലാസ്യരംഗങ്ങൾ അത്ര സുലഭമല്ല; അവയെ ആസ്വദിക്കുന്നതിനുള്ള കണ്ണുകളും ദുർല്ലഭമാണ്.

അച്ഛൻ—ഏതെങ്കിലും ചിത്രകാരന്നോ കവിയ്ക്കോ ഈ പ്രകൃതിപ്രഭാവത്തെ ചിത്രീകരിച്ചു കാണിയ്ക്കുന്നതിന്നു സാധിയ്ക്കുമോ?

മാസ്റ്റർ—ഒരിയ്ക്കലും സാധിയ്ക്കയില്ല; പ്രകൃതിപ്രഭാവങ്ങളെ ചിത്രീകരിപ്പാനുള്ള പരിശ്രമത്തിൽ ചിത്രകാരന്മാരും കവികളും അത്രമേൽ വിജയാശ്ലിഷ്ടന്മാരായിട്ടുണ്ടെന്നു തോന്നുന്നില്ല; അവക്ക് കുറച്ചൊക്കെ സാധിച്ചിട്ടുണ്ടെന്നതു് ശരിതന്നെ. പ്രകൃതിയുമായി സാത്മ്യം വന്നിട്ടുള്ള വാല്മീകിയ്ക്കുകൂടി അതിൻെറ ഒരവ്യക്തരൂപം ചിത്രീകരിപ്പാനേ കഴിഞ്ഞിട്ടുള്ളു എന്നുവേണം വിചാരിപ്പാൻ.

അച്ഛൻ—അതു ശരിയാണ്. പ്രകൃതിയുടെ കയ്യിലെ ഒരു തുള്ളി ചായംപോലും ചിത്രകാരനു കിട്ടിട്ടില്ല. വിശേഷാത്തരമായ പ്രകൃതിയുടെ അടുത്തു് മഹാകവികൾകൂടി മൂകന്മാരാവുകയാണ് ചെയ്യുന്നതു്.

മാസ്റ്റർ—അതെ, പ്രകൃതിയുടെ കലയാണ് കല; മനുഷ്യൻെറ കല അതിൻെറ അടുത്തു ഹ്രസ്വമാണ്, അപരിപൂർണ്ണമാണ്, അപസ്വരമാണ്.

ഞങ്ങറ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മെല്ലെ മെല്ലെ ലോകപ്രകൃതി മാറിക്കൊണ്ടിരിക്കുന്നതു് അറിഞ്ഞതേയില്ല. ആദ്യത്തിൽ പൂണ്ണചന്ദ്രൻ കിഴക്കു ദിക്കിന്റെ ഒരു ചന്ദനപ്പൊട്ടുപോലെ കാണപ്പെട്ടു; പിന്നീടതൊരു രജതഗോളംപോലെ അല്പാല്പം ഒളിമിന്നി നീലവിഹായസ്സിലേയ്ക്കുയരുവാൻ തുടങ്ങി; ഒടുക്കം ഞെട്ടററ താമരപ്പൂപോലെ അകാശപ്പൊയ്കയിൽ നീങ്ങിത്തുടങ്ങി. പ്രശാന്തമായ ആ പ്രകൃതിയിൽ മാലിനീനദി മാത്രം മുമ്പേത്തെപ്പോലെ പാട്ടുപാടി ഒഴുകുന്നുണ്ടു്. ഞങ്ങറ നിശ്ശബ്ദമായി മന്ദം മന്ദം നടന്നുകൊണ്ടു് വീട്ടിലെത്തി; അപ്പോറ അമ്മ പറഞ്ഞു:—"ലീലേ, മാസ്റ്റക്കു രാത്രിയിൽ ഊണില്ലല്ലോ; അദ്ദേഹത്തിന്നുള്ള ചായയും പലഹാരവും ലീലതന്നെ തയ്യാറാക്കിക്കൊടുക്കു."

എനിയ്ക്കതൊരാനന്ദമായിരുന്നു; മാസ്റ്റക്കു ചായപലഹാരം തയ്യാറാക്കിക്കൊടുക്കുക! എന്റെ കൈകൊണ്ടു തന്നെ! ഞാൻ വളരെ ശ്രദ്ധിച്ചു പലഹാരങ്ങറ ഉണ്ടാക്കി. അവ ഒരു പ്ലെയ്റ്ററിലാക്കി മനോഹരമായ പനിനീർപ്പൂചിത്രങ്ങളുള്ള വിശേഷമായ ഒരു പട്ടുടൌവ്വൽകൊണ്ടു പൊതിഞ്ഞു തയ്യാറാക്കി. എനിയ്ക്കേററവും പിടിച്ചിട്ടുള്ള ഒരു ഭംഗിയേറിയ സാരിയെടുത്തുടുത്തു്, തലമുടിയിൽ പനിനീർപ്പൂക്കറ തിരുകി. ചായയും പലഹാരവുമായി ഞാൻ ലൈബ്രറിയിലേയ്ക്കു ചെന്നു. അപ്പോറ അദ്ദേഹം ചിരിച്ചുകൊണ്ടു് പറയുകയാണു്:— 'ഭവതി വളരെ സൌഭാഗ്യവതിയായിരിക്കുന്നു; ഇന്നു്, 'കൊല്ലംപിറന്ന നടാടെ'യാണല്ലൊ; ഇക്കൊല്ലം മുഴവൻ

ങ്ങനെ തന്നെ സുഭഗയും സൌഖ്യവതിയുമായി കാണപ്പെടുവാൻ ജഗദീശ്വരൻ സഹായിയ്ക്കട്ടെ.'

എൻെറ ഹൃദയം ആനന്ദത്തിൻെറ അലകൾകൊണ്ടു നിറഞ്ഞു. കസാലയിൽ കിടന്നിരുന്ന അദ്ദേഹത്തിൻെറ ഒരു കുപ്പായത്തിന്മേൽ ഞാനൊരു പനിനീർപ്പു തിരുകിപ്പിടിപ്പിച്ചു.

പിറെറ ദിവസം ഞാൻ ലൈബ്രറിയിൽ ചെന്നതു് വളരെ ലജ്ജയോടുകൂടിയാണു്. അപ്പോൾ അദ്ദേഹം പറഞ്ഞു:—"ഞാൻ ഭവതിയെ പ്രതീക്ഷിച്ചിരിയ്ക്കയായിരുന്നു."

ഞാൻ സന്തോഷംകൊണ്ടു മതിമറന്നു; അടുത്തുണ്ടായിരുന്ന ചുമർക്കണ്ണാടിയിൽ അരുണമായ എൻെറ മുഖം പ്രതിബിംബിച്ചു കണ്ടു.

"ഈ ടവ്വൽ ഭവതിയുടേതല്ലെ" മാസ്റ്റർ ചോദിച്ചു.

ഞാൻ, വല്ലാതെയായിക്കൊണ്ടു്:—"ഉം, എന്തെ?"

"എനിയ്ക്കു കഴിപ്പാൻതന്നതു പലഹാരമല്ലെ?" ടവ്വലല്ലല്ലൊ. ഇതു ഉപയോഗിപ്പാനുള്ളതുമായിരിയ്ക്കും; ഭവതിയുടെ പേരിതാ ഇതിൽ, നോക്കു," എന്നു നാമാക്ഷരങ്ങൾ ചൂണ്ടിക്കാണിച്ചു് ചിരിച്ചുംകൊണ്ടദ്ദേഹം പറഞ്ഞു.

"അതെ, ബദ്ധപ്പാടിൽ ഞാനെൻെറ ടവ്വൽ മറന്നു വെച്ചുപോയി. അതങ്ങയുടെ കയ്യിൽപ്പെട്ടതുകൊണ്ടു

ന്തൊരു ദോഷം വരുവാനാണുള്ളതു്?" ഞാൻ വല്ലാത്ത ലജ്ജയോടും നിരാശയോടുംകൂടി ചോദിച്ചു.

അദ്ദേഹം ഒന്നും മിണ്ടിയില്ല.

പലഹാരം അദ്ദേഹത്തിന്നു് ഇഷ്ടപ്പെട്ടിരുന്നുവോ ഇല്ലയോ എന്നറിവാനുള്ള ഔത്സുക്യം എനിയ്ക്കൊതുക്കുവാൻ കഴിഞ്ഞില്ല. ഞാൻ ഉൽക്കണ്ഠയോടുകൂടി ചോദിച്ചു:—"അങ്ങു് ആ പലഹാരം ആക്കെങ്കിലും കൊടുത്തുകളഞ്ഞുവോ?"

"ഞാൻ വളരെ വ്യസനിയ്ക്കുന്നു; എനിയ്ക്കതു തിന്നാൻ കഴിഞ്ഞില്ല. രാത്രിയിൽ വിശന്നു വലഞ്ഞുംകൊണ്ടുവന്ന ഒരു അന്ധനായ ഭിക്ഷക്കാരന്നു് ഞാനതു കൊടുത്തു." അദ്ദേഹം അനുതാപഭരിതമായ സ്വരത്തിൽ പറഞ്ഞു.

ഹൃദയത്തിന്റെ ആവേഗം എനിയ്ക്കു് തടുക്കുവാൻ കഴിഞ്ഞില്ല; ഞാനവിടെനിന്നെഴുന്നേററു് എന്റെ മുറിയിലേയ്ക്കുപോയി. നെടുവീർപ്പോടുകൂടി ഞാൻ തന്നത്താൻ ഇങ്ങിനെ മന്ത്രിച്ചു:—"ദയയില്ലാത്ത മനുഷ്യാ, ഭവാനെന്റെ ഹൃദയം ബലാൽക്കാരേണ കീഴടക്കിയിരിയ്ക്കുന്നു; ഭവാന്റെ ഹൃദയത്തിന്റെ ഒരു ചെറിയ കോണിലെങ്കിലും ഒരു സ്ഥാനം എനിയ്ക്കനുവദിപ്പാൻ പാടില്ലേ?"

## IV

പതിവുപ്രകാരം അദ്ദേഹം വരുവാനുള്ള സമയമായി. ഞാൻ തോട്ടത്തിൽ റോഡിലേയ്ക്കുദ്ദേഹത്തിന്റെ വരവും

നോക്കി ഉലാത്തുകയായി. ഭ്രാന്തുപിടിച്ച എൻെറ മനസ്സിൽനിന്ന് വിചാരതരംഗങ്ങഠം മേൽക്കുമേൽ പൊന്തിക്കൊണ്ടിരുന്നു! "അദ്ദേഹം എപ്പോഴാണ് വരിക! ഇവിടെനിന്ന് എന്നോടു രണ്ടു വാക്കെങ്കിലും സംസാരിയ്ക്കയില്ലേ? അദ്ദേഹത്തിന്നു പൂക്കഠം വളരെ ഇഷ്ടമാണ്. ഇന്നു ഞാൻ എൻെറ കൈകൊണ്ടുതന്നെ പനിനീർപ്പൂവ് കൊടുക്കും; ഹാ! ഹൃദയം കിടന്നു പിടയുന്നു! ഈ മധുരമായ വേദന എന്നെ പാവകളിപ്പിയ്ക്കുന്നു; ഈ ദുഃഖകരമായ സംഗീതം എന്നെ ഇളക്കിമറിയ്ക്കുന്നു."

എന്നാൽ ഉണ്ടായതെന്താണ്: ഹാ കഷ്ടം! അദ്ദേഹത്തിൻെറ ചിന്താക്രാന്തമായ മുഖഭാവം കണ്ടപ്പോഠം എൻെറ സവ്വ ആശകളും നശിച്ചുപോയി! എന്നെ ഒന്നു നോക്കുകപോലും ചെയ്യാതെ അദ്ദേഹം നേരെ ലൈബ്രറിയിലേയ്ക്കു കയറിപ്പോകയാണുണ്ടായതു്! എൻെറ ചുട്ട നെടുവീർപ്പുകഠം നിർബാധം ആകാശമണ്ഡലത്തിൽ പോയി ലയിച്ചു!

ഒരു ദിവസം കുട്ടികഠം അമ്മയോടൊരുമിച്ച് അടുത്ത വീട്ടിലെ ഒരു വിരുന്നിന്നു പോയിരിയ്ക്കുയായിരുന്നു. അപ്പോഴാണ് മാസ്റ്റർ വന്നതു്. ഞാൻ പറഞ്ഞു:—"കുട്ടികഠം ഇന്നു സദ്യയ്ക്കു പോയിരിയ്ക്കുയാണ്."

"എന്നാൽ ഭവതി കുറച്ചു പഠിയ്ക്കുന്നുവോ?" അദ്ദേഹം ചോദിച്ചു.

"ഇന്നുത്സാഹംതോന്നുന്നില്ല." ഞാൻ കോട്ടുവായിട്ടുകൊണ്ടു് പറഞ്ഞു.

"ആവട്ടെ, എനിയ്ക്കിന്നു കല്പനയായി; ഞാനും ഇതുതന്നെയാണ് വിചാരിച്ചിരുന്നത്." അദ്ദേഹം ചിരിച്ചു കൊണ്ടു പറഞ്ഞു.

ഞാൻ—അതു പാടില്ല; നമുക്കിന്നു ശീട്ടുകളിയ്ക്കണം; അമ്മയോടുകൂടി വളരെ നന്നായി ശീട്ടുകളിയ്ക്കാറുണ്ടല്ലൊ.

അദ്ദേഹം—എനിയ്ക്കു മാപ്പുതരണം; ഇന്നു സൌകര്യമില്ല.

ഞാൻ—(നിരാശയോടുകൂടി) എന്തുകൊണ്ട്?

അ:—എനിയ്ക്കിന്നു ദേഹത്തിന്നു സുഖമില്ല.

ഞാ:—എന്തെ, എന്താണുണ്ടായത്?

അ:—(വിഷണ്ണഭാവത്തിൽ) അങ്ങനെ പറയത്തക്കവണ്ണം ഒന്നുമില്ല.

ഞാൻ:—എന്താ എന്നോട് പറഞ്ഞുകൂടെ? അതു ഭവാൻ പറയേണ്ടിവരും.

അദ്ദേഹം ഉത്തരം ഒന്നും പറയാതെ തലയുംതാഴ്ത്തി പോയ്ക്കളഞ്ഞു.

ഞാൻ നിരാശയോടുകൂടി നോക്കിനിന്നു.

മദ്ധ്യാഹ്നത്തിലെ നിശ്ശബ്ദതയിൽ, അപാരമായ വ്യഥ സഹിച്ചുകൊണ്ട് ഞാൻ വിചാരിച്ചു: "ഈശ്വരാ, എന്റെ ചിരകാലത്തെ ആരാധന നിഷ്ഫലമായിത്തീരുമോ!

# V

ആറുമാസം എന്ന ആ സുദീർഘമായ സമയം എത്രയോ വേഗത്തിൽ ഭൂതകാലത്തിന്റെ വിസ്തൃതഗർഭത്തിൽപ്പോയി വിലീനമായി. പതുക്കെപ്പതുക്കെ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചുംകൊണ്ടു വന്നു; ഇടയ്ക്കിടെ അദ്ദേഹത്തിനു പനിയും ഉണ്ടായിരുന്നു.

ഹാ! ഒരിടത്തു നിറഞ്ഞ പ്രേമം; മറെറാരിടത്തു തികഞ്ഞ ഉദാസീനത; ഇതു് വിധാതാവിന്റെ എന്തൊരു വിധാനമാണു്. ജഗദീശ്വര, അങ്ങു യൌവനത്തിന്റെ സൌവർണ്ണവിഭാതത്തിൽ സ്ത്രീഹൃദയമാകുന്ന സുരഭിലകുസുമത്തെ ഇങ്ങിനെ വിലോലമായി വിടത്തുന്നതെന്തിനാണു്. താപത്തിൽ വാടിക്കൊഴിയുവാനൊ? തന്റെ ആരാധനാമൂർത്തിയിൽനിന്നു് ഒരു നോട്ടത്തിന്റെ സ്വാഗതംകൂടി ലഭിയ്ക്കാത്ത അവളുടെസൌന്ദര്യ്യം സൌന്ദര്യ്യമാണോ?

എനിയ്ക്കദ്ദേഹത്തിന്റെ ഈ ദയനീയാവസ്ഥയിൽ അദ്ദേഹത്തെ ശുശ്രൂഷിപ്പാൻ അവകാശം ലഭിച്ചിരുന്നെങ്കിൽ, ചുംബനങ്ങൾകൊണ്ടു് ഹൃദയവ്യഥയെ കുറയ്ക്കുന്നതിനു സാധിച്ചിരുന്നെങ്കിൽ, ആലിംഗനത്താൽ കായികാസ്വാസ്ഥ്യത്തെ കുറയ്ക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ ഹാ! അതെന്തൊരു ഭാഗ്യമാകുമായിരുന്നു!

അദ്ദേഹം അലക്ഷ്യഭാവത്തിൽ മുറിയിൽ കടന്നുവരുമ്പോൾ, ഏതൊ ഒരജ്ഞാതലോകത്തിലേയ്ക്കുള്ള സുദീർഘയാത്ര ചെയ്യുന്നവനായി ആ പഥികൻ എന്റെ

അടുത്തു കുറച്ചുനേരം വിശ്രമിപ്പാൻ വന്നിരിയ്ക്കയാണെന്നെനിയ്ക്കു തോന്നാറുണ്ട്. ഹാ കഷ്ടം! എന്നാൽ എൻെറ ആതിഥ്യം അദ്ദേഹത്തെ സുഖിപ്പിയ്ക്കുന്നതിന്നു പര്യാപ്തമാണൊ? വിഷാദസമ്പൂർണ്ണമായ ദൃഷ്ടികഠംകൊണ്ടദ്ദേഹം എൻെറ നേരെ നോക്കുമ്പോഠം, അദ്ദേഹത്തിൻെറ ഹൃദയവ്യഥ എത്രമാത്രം കഠിനമാണെന്നു എനിയ്ക്കു നല്ലവണ്ണം മനസ്സിലാവാറുണ്ട്. ഹാ! എന്തുകൊണ്ട് എനിയ്ക്കദ്ദേഹത്തെച്ചെന്നു ഗാഢമായാലിംഗനംചെയ്തു ആ ഹൃദയവ്യഥയിൽ പങ്കുകൊള്ളാൻ സാധിയ്ക്കുന്നില്ല? പാഠങ്ങഠം കഴിഞ്ഞു് അദ്ദേഹം ഉദ്യാനത്തിൽ പതുക്കെപ്പതുക്കെ ചിന്താഗ്രസ്തനായി ഉലാത്തിക്കൊണ്ടിരിയ്ക്കുമ്പോഠം എനിയ്ക്കു തോന്നും: "ഈ വിസ്തൃതമായ സംസാരത്തിൽ, ശുക്രനക്ഷത്രത്തെപ്പോലെ അദ്ദേഹം ഏകാകിയാണ്; ആ ജീവിതപരിധിയിൽനിന്നു് ഞാൻ വളരെ ദൂരെയാണ്."

ഇപ്പോഴും അദ്ദേഹം ദിവസവും വരാറുണ്ട്. പക്ഷെ പാഠങ്ങഠം മുറയ്ക്കു നടന്നിരുന്നില്ല. ചിത്രം വരയ്ക്കുന്നതിലും അദ്ദേഹത്തിൻെറ മനസ്സു നിന്നിരുന്നില്ല. കഥകളൊക്കെ മറന്നുപോവുകതന്നെചെയ്തു. കവിത വായിയ്ക്കുമ്പോഠം ആ വിശാല നേത്രങ്ങളിൽ മുമ്പെത്തെപ്പോലെ പ്രകാശം പുറപ്പെടാതായി! പഠിപ്പിയ്ക്കുന്ന സമയത്തു് ഇടയ്ക്കിടയ്ക്കു് അദ്ദേഹം മേശമേൽ മുഖം താഴ്ത്തിക്കൊണ്ടിരിയ്ക്കും.

ഞാനതൊക്കെക്കാണും; എൻെറ ഹൃദയം വ്യസനഭാരംകൊണ്ടു നിറയും; പക്ഷെ എന്തു ചെയ്യാം

എൻെറ ഈ വൈവശ്യത്തിന്നൊരറുതിയെവിടെയാണ്! വ്രണിതഹൃദയത്തിനു നിശ്ശബ്ദമായിക്കരയാനല്ലാതെ എന്തിനു കഴിയും!

VI

അന്ന് ഒരു ശനിയാഴ്ച്ചയായിരുന്നു; അദ്ദേഹം രാത്രി അച്ഛൻെറ അടുക്കൽ വന്നു പറഞ്ഞു:— "ഞാനിപ്പോ൪ വന്നതു് കുട്ടികളുടെ പഠിപ്പിൻെറ കാൎയ്യത്തിൽ വേറെ ഒരേ ൪്പ്പാടു ചെയ്യണമെന്നു പറവാനാണ്; എൻെറ ഇപ്പോ ഴത്തെ ശരീരസ്ഥിതി അറിയാമല്ലൊ." വളരെ അനുക മ്പയോടുകൂടി അച്ഛൻ പറഞ്ഞു:— "അതെ, അതു ശരി യാണ്; നിങ്ങളുടെ താല്ക്കാലികസ്ഥിതി വളരെ ചിന്താ ജനകമാണ്; ശരീരാരോഗ്യത്തിൻെറ കാൎയ്യത്തിൽ ഇങ്ങ നെ ഔദാസീന്യം കാണിയ്ക്കുന്നതു ശരിയല്ലെന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ടല്ലൊ. നിങ്ങ൪ എവിടെയെ ങ്കിലും പോയി കുറച്ചുകാലം പൂൎണ്ണമായി വിശ്രമിയ്ക്കണം."

അദ്ദേഹം യാത്ര പറഞ്ഞു പുറത്തേയ്ക്കു പോയി. ഞാൻ തോട്ടത്തിൽകാത്തുനിന്നിരുന്നു; അദ്ദേഹം അവിടെ വന്നു പുറപ്പെട്ടു. അദ്ദേഹത്തിൻെറ വിളറിയ മുഖത്തു് ചി രപരിചിതമായ ആ വിഷാദം അപ്പോഴും ഉണ്ടായിരുന്നു.

"ഭവാനെവിടെയ്ക്കാണ് പോകുന്നതു്?" തൊണ്ട യിടറിക്കൊണ്ടു ഞാൻ ചോദിച്ചു. കോമളസ്വരത്തിൽ അദ്ദേഹം ഉത്തരം പറഞ്ഞു:— "ഒന്നും നിശ്ചയിച്ചു കഴി ഞ്ഞിട്ടില്ല."

അങ്ങ് അമ്മയുടെ ആരോഗ്യത്തെപ്പററി നല്ലവ ണ്ണം ശ്രദ്ധിയ്ക്കുമെന്ന് എന്നോടു വാഗ്ദത്തം ചെയ്യണം," എന്നു പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്ക് എനിയ്ക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല.

അദ്ദേഹം കുറച്ചുനേരം നിശ്ശബ്ദമായി നിന്നശേഷം എൻെറ കൈകഠം പിടിച്ചു വിഷാദം നിറഞ്ഞ അദ്ദേഹത്തിൻെറ കണ്ണുകളിൽവെച്ചു.

"എന്ത്, എൻെറആശങ്ക സത്യമായിത്തീൎന്നുവൊ?" അദ്ദേഹം തൊണ്ടയിടറിക്കൊണ്ടു ചോദിച്ചു. ഞാൻ പറഞ്ഞു:—"ഹായ്! അങ്ങെൻെറ ഇത്ര സമീപത്തുണ്ടായിട്ടുകൂടി എത്ര ദൂരത്താണ് സ്ഥിതിചെയ്യുന്നത്?"

"ഹാ! എൻെറ ജീവിതത്തിൻെറ പ്രഭാവത്തിൽ ഭവതിയെ എന്തുകൊണ്ട് കാണ്മാൻ കഴിഞ്ഞില്ല!"

അദ്ദേഹം നിബിഡമായ അന്ധകാരത്തിലേയ്ക്ക് നോക്കി; ഒരു നെടുവീൎപ്പിട്ടിട്ട് എൻെറ കൈകഠം വിട്ടുവിച്ചു. "പോകട്ടെ"

ഞാൻ നിരുദ്ധകണ്ഠയായി ചോദിച്ചു:— "ശരീരസ്ഥിതിയെപ്പററി എഴുതില്ലേ?"

"എന്നിട്ടെന്തുചെയ്യാൻ കഴിയും?" എന്നൊരിടറിയ സ്വരത്തിൽ ചോദിച്ചുകൊണ്ടദ്ദേഹം നടന്നു!

ആ വിരക്തനായ ട്യൂഷൻമാസ്റ്റർ, നിബിഡാന്ധകാരത്തിൽ മെല്ലെ മെല്ലെ പോയി മറഞ്ഞു! ഞാൻ നിശ്ചേഷ്ടയായി ശൂന്യദൃഷ്ടികഠംകൊണ്ട് ആ വഴിയിലേയ്ക്കു

നോക്കിക്കൊണ്ടുനിന്നു! നക്ഷത്രസമുജ്ജ്വലമായ ആ നീലാകാശത്തിൽ നോക്കി ഞാൻ കുറെനേരം ഒരു സ്വപ്നാടനക്കാരിയെപ്പോലെ നെടുവീർപ്പിട്ടു. എന്റെ നിരാധാരമായ ആ നെടുവീർപ്പുകൾക്കൊരറുതി എവിടെയാണു്?

"കരുതുവതിഹചെയ്യവയ്യ; ചെയ്യാൻ
വരുതി ലഭിച്ചതിൽനിന്നിടാ വിചാരം;
പരമഹിതമറിഞ്ഞുകൂട,യായു-
സ്ഥിരതയുമില്ലതി നിന്ദ്യമീ നരത്വം."

—(മാതൃഭൂമി).

---

# 4. *സപത്നി.

## I

പണ്ഡിത ദേവദത്തന്റെ വിവാഹം കിഴിഞ്ഞിട്ടു് വളരെ കാലമായി; എന്നാലദ്ദേഹത്തിന്നിതുവരെയായി സന്താനങ്ങളൊന്നുമുണ്ടായിട്ടില്ല. മാതാപിതാക്കന്മാർ ജീവിച്ചിരുന്ന കാലത്തു് അവരദ്ദേഹത്തെക്കൊണ്ടു് മറെറാരു വിവാഹംകൂടി ചെയ്യിക്കാനാഗ്രഹിച്ചിരുന്നു; എന്നാൽ അതു ദേവദത്തൻ സമ്മതിച്ചില്ല. അദ്ദേഹം തന്റെ പത്നിയായ ഗോദാവരിയെ ദൃഢമായി സ്നേഹിച്ചിരുന്നു. സന്താനസുഖത്തിന്നുവേണ്ടി അദ്ദേഹം താല്ക്കാലികസുഖം ഉപേക്ഷിപ്പാനിഷ്ടപ്പെട്ടിരുന്നതുമില്ല. അത്രയുമല്ല, അദ്ദേഹം ചില നവീനാശയങ്ങളുള്ള ഒരാൾകൂടിയായിരുന്നു;

---

* പ്രേംചന്ദ് ഹിന്ദിയിൽ എഴുതിയതു്.

സന്താനങ്ങളുണ്ടാവുന്നതുകൊണ്ട് മാതാപിതാക്കന്മാരുടെ ചുമതലകൾ വൎദ്ധിക്കുന്നുവെന്നാണദ്ദേഹം അഭിപ്രായപ്പെട്ടുകൊണ്ടിരുന്നത്. തങ്ങളുടെ കുട്ടികളെ വേണ്ടതുപോലെ വളൎത്തിക്കൊണ്ടുവരുന്നതിന്നും വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്നും മാതാപിതാക്കന്മാരെക്കൊണ്ട് സാധിയ്ക്കയില്ലെങ്കിൽ അത്തരക്കാൎക്ക് കുട്ടികളുണ്ടാകുന്നത് നാട്ടിന്നും വീട്ടിന്നും ദോഷകരമാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ആദ്യകാലത്ത് കുട്ടികളുടെ ചിരിയും കളിയുമൊക്കെ കാണുമ്പോൾ ദേവദത്തന്റെ ഹൃദയത്തിലൊരു വികാരവുമുണ്ടായിരുന്നില്ല; എന്നാൽ ഇപ്പോഴത്തെ കഥയൊക്കെ മാറി; തന്റെ നാട്ടിലെ അനേകം സഹോദരന്മാരെപ്പോലെ അദ്ദേഹവും വ്യാധിഗ്രസ്തനാവാൻ തുടങ്ങി. കഥാപുസ്തകങ്ങളേക്കാളധികം ഇപ്പോളദ്ദേഹത്തിന്ന് ധാൎമ്മികഗ്രന്ഥങ്ങൾ മനോജ്ഞങ്ങളായി തോന്നിത്തുടങ്ങി. സന്താനങ്ങളുടെ കാൎയ്യം സ്മരിക്കുമ്പോൾത്തന്നെ അദ്ദേഹം ഭയപ്പെടുകയായി.

എന്നാൽ ഗോദാവരി അത്രവേഗം നിരാശപ്പെടുന്നവളായിരുന്നില്ല; ആദ്യത്തിലവൾ നാട്ടിലുള്ള ദേവിമാൎക്കും ദേവന്മാൎക്കുമൊക്കെ വഴിപാടുകൾ നേൎന്നു; മന്ത്രവാദം നോക്കി; യന്ത്രധാരണവും പരീക്ഷിച്ചു. ഇതുകൊണ്ടൊന്നും ഒരു ഫലവും ഉണ്ടായില്ലെന്നു കണ്ടപ്പോൾ അവൾ കായകല്പത്തെക്കുറിച്ചാലോചിപ്പാൻ തുടങ്ങി. അങ്ങിനെ മാസങ്ങളും കൊല്ലങ്ങളും ചിന്താസാഗരത്തിൽ മുങ്ങിപ്പൊങ്ങിക്കഴിച്ചുകൂട്ടി. ഒടുവിലവൾ മനസ്സിലൊന്നു തീൎച്ചപ്പെടുത്തി; പക്ഷെ അതൊരുവിധത്തിലും പുറത്തേ

 യ്ക്ക് പുറപ്പെടുകയുണ്ടായില്ല. അവൾ ഒരു വലിയ ത്യാഗം ചെയ്യേണ്ടിവരും. ഒരു പക്ഷെ ഭർത്തൃപ്രേമമാകുന്ന ആ അമൂല്യരത്നവും അതോടുകൂടെ നഷ്ടമായേക്കാം. എന്നാൽ അതെങ്ങനെയാണ് സുസഹമാവുക! പതിനഞ്ചു കൊല്ലത്തോളം ഇടവിടാതെ അവളീപ്രേമവൃക്ഷത്തെ ശുശ്രൂഷിച്ചു; ഇപ്പോളിതിന്നു കാററിൻെറ ഒരു തള്ള പോലും താങ്ങിനില്ക്കുവാൻ കഴികയില്ലെന്നോ!

ഒടുവിൽ ഗോദാവരി തൻെറ പ്രബലചിന്തയുടെ മുമ്പിൽ തലകുനിയ്ക്കുകതന്നെ ചെയ്തു: ഒരു സപത്നിയുടെ ശുഭാഗമനത്തിന്ന് അവൾ തയാറായി.

## II

പണ്ഡിതദേവദത്തൻ ഗോദാവരിയുടെ ഈ പ്രസ്താവനകേട്ട് സ്തംഭിച്ചുപോയി! "ഇതൊരുപക്ഷെ ഇവളെൻെറ മനസ്സെടുക്കുവാനായിരിക്കും പറയുന്നത്; അല്ലെങ്കിൽ പ്രേമം പരീക്ഷിക്കയായിരിയ്ക്കാം." എന്നൊക്കെയാണദ്ദേഹം ഊഹിച്ചത്, അദ്ദേഹം ചിരിച്ചുകൊണ്ടതു നിരാകരിച്ചു; എന്നാൽ ഗോദാവരി ഗൌരവഭാവത്തിൽ പറഞ്ഞു: "അങ്ങ് ഇതൊരു നേരംപോക്കായി കരുതരുത്; ഞാൻ ഹൃദയപൂൎവ്വമാണ് പറയുന്നത്; ഒരു സന്താനത്തിൻെറ മുഖം കാണ്മാൻവേണ്ടി അസഹ്യമായ സാപത്ന്യദുഃഖമനുഭവിപ്പാൻകൂടി ഞാനൊരുക്കമാണ്." ഇതു കേട്ടപ്പോൾ അദ്ദേഹത്തിന്നത് കളിയല്ലെന്നു തോന്നിത്തുടങ്ങി. ഇത്രയും സമുന്നതവും പവിത്രവുമായ മനോഭാവം കണ്ട് അദ്ദേഹം പറഞ്ഞു:—"ഇതെന്നെക്കൊണ്ടാവില്ല, എനിയ്ക്കു സന്താനത്തിലാഗ്രഹമില്ല."

ഗോദാവരി ഉറപ്പിച്ചു പറഞ്ഞു: "നിങ്ങഠംക്കില്ലെങ്കിൽ എനിയ്ക്കുണ്ട്; നിങ്ങഠംക്കതിഷ്ടമല്ലെങ്കിൽ എൻെറ ഇഷ്ടത്തിനുവേണ്ടി ചെയ്യേണ്ടിവരും."

ദേവദത്തൻ ഒരു സരളസ്വഭാവിയായിരുന്നു; ആദ്യം അദ്ദേഹം ഇതിനോടശേഷം യോജിച്ചില്ല; എന്നാൽ പറഞ്ഞുപറഞ്ഞുകൊണ്ട് കുറേക്കാലം കഴിഞ്ഞപ്പോഠം അദ്ദേഹവും ഗോദവരിയുടെ അഭിപ്രായത്തോട് കുറേശ്ശ യോജിയ്ക്കാൻ തുടങ്ങി; അദ്ദേഹം ഒന്നും പരിശ്രമിയ്ക്കേണ്ടിവന്നില്ല. ഗോദാവരിയുടെ കാര്യപ്രാപ്തി എല്ലാം ശരിപ്പെടുത്തി. ദേവദത്തൻ ഇക്കാര്യത്തിന്ന് യാതൊരു പണവും ചെലവാക്കേണ്ടിവന്നില്ല; എന്നു മാത്രമല്ല അവഠം അദ്ദേഹത്തിന്ന് ആഭരണങ്ങളും വസ്ത്രങ്ങളും കൂടി കൊണ്ടുവന്നു സമപ്പിച്ചു. ആളുകഠം പരിഹസിക്കുമല്ലോ എന്നായിരുന്നു ദേവദത്തന്നു വലിയ ഭയം! വിവാഹത്തിന്നുള്ള വേഷവും കെട്ടി ഞെളിഞ്ഞു പോകുമ്പോഠം ആളുകഠം എന്തുപറയും! "എൻെറ ആപ്പീസിലെ സ്നേഹിതന്മാർ എന്നെ പരിഹസിപ്പാൻ തുടങ്ങും; പുഞ്ചിരിയിട്ടുകൊണ്ട് അവരെന്നെ കടാക്ഷിപ്പാൻ തുടങ്ങും! അവരുടെ കടാക്ഷങ്ങഠം കത്തിയേക്കാഠം മൂച്ചയുള്ളവയായിരിയ്ക്കും! അപ്പോഠം ഞാനെന്താണ് ചെയ്യുക!" ഇതൊക്കെയായിരുന്നു ദേവദത്തൻെറ വിചാരം.

ഗോദാവരി തൻെറ ഗ്രാമത്തിൽച്ചെന്ന് പ്രസ്തുത കാര്യത്തിന്നു വേണ്ട സംരംഭങ്ങഠം തുടങ്ങി; കാര്യം നിവ്വിഘ്നമായിക്കഴിഞ്ഞുകൂടുകയും ചെയ്തു. പുതിയ വധു വരഗൃഹത്തിലെത്തിക്കഴിഞ്ഞു. തൻേറ പുത്രന്നു വിവാഹം

കഴിച്ചു കൊണ്ടുവരുന്നതുപോലെ ഗോദാവരി സന്തോഷിച്ചു. അവരം നല്ലവണ്ണം പാടിയിരുന്നു; പക്ഷെ അവളുടെ ഇന്നത്തെ സംഗീതം നാളത്തെ രോദനമായി മാറുമെന്ന് അവളറിഞ്ഞിരുന്നില്ല!

## III

മാസങ്ങരം ചിലതു കഴിഞ്ഞു. ഗോദാവരി തന്റെ പ്രാണനെപ്പോലെയാണ് സപത്നിയെ കരുതിയിരുന്നതു. എന്നാൽ വാസ്തവത്തിലവരം തന്റെ പ്രാണനല്ലെന്നു ഗോദാവരിയ്ക്കറിയാമായിരുന്നു. ഗോമതിയ്ക്കും അവിടുത്തെ തന്റെ സ്ഥിതി നല്ലവണ്ണം മനസ്സിലായിരുന്നു; അതുകൊണ്ടു് ഗോദാവരി ശാന്തമായി ഗുണദോഷിച്ചാലും അവരക്കതു് അപ്രിയമായി തോന്നിത്തുടങ്ങി. തന്റെ ചെറിയതും വലിയതുമായ എല്ലാ അത്യാവശ്യകാര്യങ്ങരക്കും ഗോദാവരിയോടു് പറയുന്നതു് അവരക്കു് സങ്കോചകരമായിത്തീന്നു.

കുറച്ചു ദിവസത്തിന്നപ്പുറം ഗോദാവരിയുടെ സ്വഭാവത്തിന്നു് ഒരു വലിയ മാററംവന്നതായി കണ്ടുതുടങ്ങിയരിയ്ക്കുന്നു. അവരം ദേവദത്തൻ വീട്ടിൽ വരുമ്പോഴും പോകുമ്പോഴുമൊക്കെ അദ്ദേഹത്തെ കഠിനദൃഷ്ടിയോടുകൂടി നോക്കുവാൻതുടങ്ങി. ഉള്ളിലടങ്ങാതായപ്പോരം അവളുടെ സ്വാഭാവികഗാംഭീര്യത്തിന്നു ഭംഗം വന്നുതുടങ്ങി. പണ്ഡിതജി ആപ്പീസ്സിൽനിന്നു വന്നാലപ്പോരം ഗോദാവരി അദ്ദേഹത്തിന്റെ അടുത്തുചെന്നു് ഗോമതിയുടെ വൃത്താന്തങ്ങരം ഘോഷിപ്പാൻ തുടങ്ങുകയായി. ആ വൃത്താ

ന്തകഥനത്തിൽ ചെറിയ ചെറിയ കാൎയ്യങ്ങൾകൂടി അട ങ്ങിയിരിക്കും; അതു കഴിയുമ്പോഴേയ്ക്കു് ദേവദത്തന്റെ ഹൃദയഭാരം ഇറങ്ങിയപോലെ തോന്നും; എങ്ങിനെയാ ണവളിത്ര മൃദുല്ഭാഷിണിയായതു്? ഇതിന്നുത്തരം പറയു ന്നതു് അത്ര എളുപ്പമല്ല. ഒരു പക്ഷെ അവളിപ്പോൾ ഗോമതിയെ ഭയപ്പെടുന്നുണ്ടായിരിയ്ക്കണം; അവളുടെ സൌന്ദൎയ്യത്തോടും യൌവനത്തോടും ലജ്ജാവിധുരമായ നേത്രങ്ങളോടും താൻ പരാജയപ്പെട്ടതായി അവൾക്കു തോന്നിയിരിയ്ക്കണം. അവൾ ചിറ മുറിച്ചുകളഞ്ഞു. എന്നിട്ടിപ്പോൾ മണൽകൊണ്ടൊരു ചിറ കെട്ടി നദീപ്ര വാഹം തടുക്കുവാൻ നോക്കുകയാണു്!

ഒരു ദിവസം ഗോദാവരി ഗോമതിയോടു പായസം വെയ്ക്കുവാൻ പറഞ്ഞു. അതൊരുപക്ഷെ രക്ഷാബന്ധന ദിവസമായിരിയ്ക്കാം! ഗോമതി പറഞ്ഞു:— "പഞ്ചസാര യില്ല." ഗോദാവരി ഇതു കേട്ടപ്പോഴെയ്ക്കുതന്നെ വിസ്മയി ച്ചുപോയി. "ഇത്ര ദിവസംകൊണ്ടു് ആ പഞ്ചസാര മുഴവൻ എങ്ങിനെ തീൎന്നു? എത്ര ബുദ്ധിമുട്ടിയുണ്ടാക്കുന്ന താണിങ്ങനെ നശിപ്പിയ്ക്കുന്നതു്? തിന്നുന്നവരെന്തറിയു ന്നു!" ആപ്പീസ്സിൽനിന്നു ദേവദത്തൻ എത്തിയപ്പോഴെ യ്ക്കുതന്നെ വളരെ വിസ്തൃതരൂപത്തിൽ ആ പഞ്ചസാര യുടെ കാൎയ്യം അദ്ദേഹത്തിന്റെ ചെവിയിലെത്തിച്ചു. കുറച്ചുനേരത്തിന്നു ദേവദത്തന്നുതന്നെ സംശയം തോന്നി; "ഒരു സമയം ഗോമതിയ്ക്കു വല്ല പ്രമേഹരോഗമോ മ റേറാ ഉണ്ടായിരിയ്ക്കുമോ?"

ഒരിക്കൽക്കൂടി ഇങ്ങിനെ ഒരു സംഗതിയുണ്ടായി. ദേവദത്തന്നു അശ്സ്സിൻെറ ഉപദ്രവമുണ്ടായിരുന്നു. കപ്പൽമുളകദ്ദേഹം തീരെ ഉപയോഗിച്ചിരുന്നില്ല. ഗോദാവരി ഭക്ഷണപദാൎത്ഥത്തിലൊന്നും മുളക് ചേൎത്തിരുന്നതേ ഇല്ല. ഗോമതി ഒരുദിവസം പരിപ്പിൽ മസാലയോടുകൂടി കുറച്ചു കപ്പൽമുളകും ചേൎത്തു. ദേവദത്തൻ പരിപ്പു കുറച്ചു കഴിച്ചു; എന്നാൽ ഗോദാവരി ഗോമതിയുടെ പിന്നിൽ നിന്നു ഞെളിഞ്ഞുംകൊണ്ടുപറകയാണ്:—"ഇങ്ങനത്തെ നാവു കത്തിപ്പോകുന്നില്ലല്ലൊ!"

## IV

പണ്ഡിതജി വളരെ സാധുവായിരുന്നു; ആപ്പീസ്സ പ്രവൃത്തികഠം കഴിഞ്ഞാൽ വീട്ടിൽവരും; ഊണു കഴിയ്ക്കും; ഉറങ്ങും—ഇതായിരുന്നു അയാളുടെ ജീവിതരീതി! ആഴ്ചയിലൊരിയ്ക്കൽ പ്രസിദ്ധീകരിയ്ക്കുന്ന ഒരു പത്രം അദ്ദേഹവും വാങ്ങിയിരുന്നു; പക്ഷെ ചിലപ്പോഴൊന്നും അതൊരു മാസത്തിന്നു പൊളിച്ചുനോക്കിയിരുന്നില്ല! ഏതെങ്കിലും കുറച്ചു ബുദ്ധിമുട്ടോ പരിശ്രമമോ ആവശ്യമുള്ള ഏതൊരു കാൎയ്യത്തിൽനിന്നും അദ്ദേഹം കഴിയുന്നത്ര ഒഴിഞ്ഞുനിന്നിരുന്നു. ഇടയ്ക്കിടയ്ക്ക് ആപ്പീസ്സിൽ നാടകത്തിന്നുള്ള ടിക്കററ സൌജന്യമായി കിട്ടിയിരുന്നു. എന്നാൽ അതിനൊന്നും അദ്ദേഹം പോയിരുന്നില്ല. രാമലീലയോ മററുത്സവങ്ങളോ ഉണ്ടാവുമ്പോഠം അതിന്നു വേണ്ടി വല്ല പരിശ്രമവും ചെയ്യാൻ ദേവദത്തൻ ശ്രമിച്ചിരുന്നതേ ഇല്ല. ഗോദാവരിയ്ക്കുദ്ദേഹത്തിൻെറ പ്രകൃതി നല്ലവണ്ണമറിയാമായിരുന്നു. ഗോദാവരിയുടെഅഭിപ്രായം

എല്ലാ കാൎയ്യങ്ങളിലും അറിയുന്നതു് നല്ലതാണെന്നു ദേവ വദത്തനും ബോദ്ധ്യമായിരുന്നു.

എന്നാൽ മൃദുവസ്തുക്കളും ഒളിച്ചുവെയ്ക്കുന്നതുകൊണ്ടു് കഠോരങ്ങളായിത്തീരുന്നു. പണ്ഡിതജിയ്ക്കു് ഇതു് സദാ സമയം ഒരു വല്ലാത്ത അസഹ്യതയായി തോന്നിത്തുടങ്ങി. ചിലപ്പോഠം അദ്ദേഹത്തിന്നു വല്ലാത്ത ദേഷ്യം വരും; അദ്ദേഹത്തിൻെറ ഇച്ഛാശക്തി നിരുപയോഗമായിരുന്ന തുകൊണ്ടു് കേവലം ദുൎബ്ബലമായിപ്പോയിരുന്നു; എന്നാലി പ്പോളതു് കുറച്ചുകുറച്ചു സജീവമാവാൻ തുടങ്ങിയിരിയ്ക്കുന്നു.

ഒരു സപത്നിയെ വീട്ടിലേയ്ക്കു് കൂട്ടിക്കൊണ്ടുവന്നതു കൊണ്ടു് ഗോദാവരി ഒരു വലിയ ത്യാഗമാണു് ചെയ്ത തെന്നു് ദേവദത്തൻ വിചാരിച്ചിരുന്നു; അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അതൊരലൌകികമായ ത്യാഗംതന്നെ യായിരുന്നു; എന്നാൽ ആ ത്യാഗത്തിൻെറ ഗൌരവം മുഴുവനുമിരിയ്ക്കുന്നതു് തൻെറ തലയിലാണു്; അല്ലാതെ ഗോമതിയ്ക്കതിലെന്താണൊരു ബന്ധമുള്ളതു്. ഇവിടെ അവഠംക്കെന്താണൊരു സുഖം? ഈ ശകാരത്തിന്മേൽ ശകാരം അവളെന്തിന്നു സഹിയ്ക്കണം? ഗോദാവരിയുടെ സ്നേഹരഹിതമായ ഈ പെരുമാററം വളരെ അനുചിത മായാണദ്ദേഹത്തിന്നു തോന്നിയതു്.

ഗോദാവരി അത്ര സ്ഥൂലദൃഷ്ടിയായിരുന്നില്ല. പ ണ്ഡിതജിയുടെ ഹൃദയത്തിലെ ഭാവങ്ങളെല്ലാം അവഠംക്കു മനസ്സിലായിരുന്നു. അദ്ദേഹത്തിൻെറ മുഖത്തു നിഴലിച്ചു

കാണുന്ന ഓരോ ഭാവങ്ങളും അവർ സൂക്ഷ്മദൃഷ്ടിയാൽ കണ്ടുപിടിച്ചു. ഈ കണ്ടുപിടുത്തം ഗോമതിയുടെ മേലുള്ള അവളുടെ ഈർഷ്യാഗ്നിയെ ആളിച്ചുവിടുകയും, ദേവദത്തൻ ഒരു നിഷ്ഠുരനും സ്വാത്മപ്രിയനുമായി ഗണിയ്ക്കപ്പെടുന്നതിനു സഹായിയ്ക്കുകയും ചെയ്തു. ഇതിൻെറ ഒക്കെ ഫലമായി മനസ്സിലുള്ള ഈർഷ്യ ദിവസംതോറും വദ്ധിച്ചുവരികയാണുണ്ടായതു്.

## V

ഗോദാവരി ക്രമേണ ദേവദത്തനോടു ഗോമതിയെ കുറിച്ചു സംസാരിയ്ക്കുന്നതേ മാററി; അങ്ങിനെ ഒരു വ്യക്തി അവിടെ ഉണ്ടെന്നുതന്നെ ഭാവിയ്ക്കാതിരിപ്പാൻ അവൾ നിശ്ചയിച്ചു. അദ്ദേഹത്തിൻെറ ഊണ്, ചായ, ഉടുപ്പു് എന്നിവയിലൊന്നും ഗോദാവരി ശ്രദ്ധിക്കാതായി. ചിലപ്പോൾ കുറെ ദിവസത്തിന്നു് ചായയ്ക്കു ഒന്നുംതന്നെ കിട്ടിയിരുന്നില്ല. അദ്ദേഹമാണെങ്കിൽ ഒരു ഉദാസീന ജീവിയായിരുന്നു. ഈവക അതിക്രമങ്ങളെപ്പററിയൊന്നും അദ്ദേഹം ശ്രദ്ധിക്കാഞ്ഞിട്ടല്ല; പക്ഷെ വല്ലതും പറഞ്ഞാൽ വീട്ടിലെ ശാന്തതയ്ക്കു് ഹാനി വന്നേയ്ക്കുമെന്നദ്ദേഹം ഭയപ്പെട്ടിരുന്നു; എന്നാലും മുൻപറഞ്ഞ സംഗതികൾ സഹനശക്തിയെ നശിപ്പിച്ചുകളഞ്ഞു. ഒരു ദിവസം ദേവദത്തൻ ഗോദാവരിയോടു് പേടിച്ചു പേടിച്ചുകൊണ്ടു ചോദിച്ചു:— "എന്താ ഇയ്യിടെ ചായയ്ക്കു പലഹാരം ഒന്നും കൊണ്ടുവരാത്തതു്?"

ശുണ്ഠിയെടുത്തുംകൊണ്ട് ഗോദാവരി ഉത്തരം പറഞ്ഞു:—"നിങ്ങഠം കൊണ്ടുവരിയ്ക്കുന്നില്ലെങ്കിൽ എവിടുന്നാണ് കിട്ടുന്നതു്? എനിയ്ക്കു വല്ല ഭൃത്യന്മാരുമുണ്ടോ?

ഗോദാവരിയുടെ ഉത്തരം ദേവദത്തൻെറ ഹൃദയത്തിൽ അമ്പുപോലെ തറച്ചു; അവളിതേവരെ അദ്ദേഹത്തോടിങ്ങനെ കോപിച്ചുകൊണ്ടു സംസാരിയ്ക്കുയുണ്ടായിട്ടില്ല.

അദ്ദേഹം പറഞ്ഞു:—പതുക്കെപ്പറയൂ, കോപിക്കാനിപ്പോളൊന്നും ഉണ്ടായിട്ടില്ല.

ഗോദാവരി കീഴ്പോട്ടു നോക്കിക്കൊണ്ടു പറഞ്ഞു:—"എനിയ്ക്കു തോന്നുംപോലെ ഞാൻ പറയും; വേറൊരാളെപ്പോലെ എന്നിയ്ക്കെങ്ങിനെയാണ് മധുരമായി സംസാരിയ്ക്കാൻ സാധിയ്ക്കുക?"

ദേവദത്തന് ശുണ്ഠിവന്നു. അദ്ദേഹം പറഞ്ഞു:—"ഇയ്യിടത്തെ നിൻെറ സ്വഭാവമൊന്നും എനിയ്ക്ക് മനസ്സിലാകുന്നില്ല. വാക്കിന്നു വാക്കിന്നു ശുണ്ഠിയെടുക്കുന്നു!"

ഗോദാവരിയുടെ മുഖം കോപംകൊണ്ട് ചുവന്നു. അവഠം ചുണ്ടു വിറപ്പിച്ചുകൊണ്ടു പറഞ്ഞു:—"ഇപ്പോഠം എൻെറ ഏതെങ്കിലും പ്രവൃത്തി നിങ്ങഠംക്കു രുചിയ്ക്കാറുണ്ടോ? എനിയ്ക്കിപ്പോഴുള്ളതു മുഴുവനും കുററമല്ലേ? നിങ്ങളുടെ മനസ്സിനെ സന്തോഷിപ്പിക്കാൻ ഇപ്പോഠം എന്നെക്കൊണ്ട് സാധിയ്ക്കയില്ല. ഇതാ എടുത്തോളു; പെട്ടിയുടെ താക്കോലിതാ. നിങ്ങളുടെ ഉറപ്പികയും മററും സൂക്ഷിച്ചു വെച്ചോളു. ഈ ദിവസംതോറുമുള്ള ലഹളയ്ക്കൊന്നും ഞാനാളല്ല. ആവുന്നത്ര ഞാൻ നോക്കി; ഇനി എന്നെക്കൊണ്ടാവില്ല."

ദേവദത്തൻ വല്ലാത്തൊരു നിലയിലായി. അദ്ദേഹം ഏതൊരു സമാധാനഭംഗത്തെയാണോ ഇതേവരെ ഭയപ്പെട്ടിരുന്നത്, അതിതാ ഭയങ്കരസ്വരൂപത്തിൽ അദ്ദേഹത്തിൻെറ ഗൃഹത്തിൽ പ്രവേശിച്ചിരിക്കുന്നു; അദ്ദേഹത്തിന്നൊന്നും സംസാരിപ്പാൻ സാധിച്ചില്ല. വല്ലതും സംസാരിച്ചാൽ കാര്യം ഇനിയും വലുതായിത്തീരും എന്നായിരുന്നു ആ സാധുവിൻെറ ഭയം. അദ്ദേഹം പുറത്തുപോയി വന്നു, എന്നിട്ടു വിചാരിക്കയായി —"എന്ത്! ഞാൻ ഗോദാവരിയോടു അനുചിതമായി വല്ലതും സംസാരിച്ചുവോ?" ഗോദാവരിയുടെ മേൽനോട്ടത്തിലല്ലാതെ വീട്ടിലെ കാര്യങ്ങൾ എങ്ങിനെ കഴിഞ്ഞുകൂടുമെന്നറിയാതെ അദ്ദേഹം കുഴങ്ങി. ഈ ചെറിയ വരവുകൊണ്ടു് എങ്ങിനെ കാര്യങ്ങൾ നടന്നുപോകുമെന്നു് അദ്ദേഹത്തിന്നറിഞ്ഞുകൂടായിരുന്നു. അവൾ എന്തൊക്കെ ഉപായങ്ങളാണു് ചെയ്തിരുന്നതു്. ദൈവം എങ്ങിനെ കഴിച്ചുകൂട്ടുമെന്നറിഞ്ഞുകൂട; അദ്ദേഹംതന്നെ രക്ഷിക്കണം; അല്ലാതെ എന്താണു് വഴി? ഗോമതിയെക്കൊണ്ടെന്താണു് സാധിക്കുക? എല്ലാഭാരവും എൻെറ തലയിൽത്തന്നെ വരും; അതു വല്ലാത്തൊരു ബുദ്ധിമുട്ടായി!"

പണ്ഡിതജിയുടെ ശുഭപ്രതീക്ഷകളെല്ലാം വിഫലമായി പരിണമിച്ചു. പെട്ടിയുടെ താക്കോലു് മൂന്നു ദിവസത്തോളം ഒരുവിഷമുള്ള പാമ്പിനെപ്പോലെ മുററത്തുതന്നെ കിടന്നു. അതിൻെറ അടുത്തേക്കു് പോകുന്നതിന്നുള്ള സാഹസം ആർക്കുമുണ്ടായില്ല.

നാലാം ദിവസം അഭിമാനം വിട്ട് ദേവദത്തൻ താക്കോൽ ചെന്നെടുത്തു. തന്റെ തലയ്ക്ക് ഒരു പർവ്വതം വന്നു വീണതുപോലെയാണപ്പോളാമനുഷ്യന്നു തോന്നിയത്. മടിയന്മാർക്ക് തങ്ങളുടെ പതിവിൽനിന്ന് ലേശമെങ്കിലും തെററിനടക്കേണ്ടിവരുന്നത് വളരെ ബുദ്ധിമുട്ടായിട്ടാണ് തോന്നാറുള്ളത്. തന്റെ ആഫീസ്സ് ജോലി നിമിത്തമാണ് തനിക്കിക്കാര്യങ്ങളൊന്നും നോക്കുവാൻ കഴിയാത്തതെന്നു പണ്ഡിതജിക്കു തോന്നിയിരുന്നുവെങ്കിലും, ആ താക്കോൽ ഗോമതിയുടെ കയ്യിൽകൊടുപ്പാൻ അദ്ദേഹത്തിന്നു കഴിഞ്ഞിരുന്നില്ല; ഇങ്ങിനെ ഒരു ഗൃഹിണിയുടെ ഭരണത്തിന്റെ ചിഹ്നമായ ആ അവസാന സാധനവുംകൂടി ഗോദാവരിയുടെ കയ്യിൽനിന്നു പോയിക്കഴിഞ്ഞു. ഒരു ഗൃഹിണിയുടെ നിലയിൽ ഉണ്ടായിരുന്ന മര്യാദകളും ബഹുമാനങ്ങളുമെല്ലാം ആ താക്കോലോടുകൂടി അവൾക്കു നഷ്ടപ്പെട്ടു. കണ്ടുകൊണ്ടിരിക്കെത്തന്നെ വീട്ടിലെ ഭൃത്യകളുടേയും അയൽവക്കത്തെ സ്ത്രീകളുടേയും പെരുമാററത്തിൽ വലിയ മാററങ്ങൾ വന്നുതുടങ്ങി. സ്ഥാനഭ്രഷ്ടയായ ഒരു രാജ്ഞിയുടെ നിലയായിരുന്നു അപ്പോൾ ഗോദാവരിക്കുണ്ടായിരുന്നത്. അപ്പോഴത്തെ അവളുടെ അധികാരം മറെറാരാളുടെ ദയയിലാണ് പ്രതിഷ്ഠിതമായിരുന്നത്.

## IV

ഒരു ഗൃഹനായികയുടെ നിലയിൽനിന്ന് ഗോദാവരിക്കുണ്ടായ മാററംപോലെതന്നെ അവളുടെ സ്വഭാവത്തിലും വിഷാദജനകമായ ഒരു പരിവർത്തനമുണ്ടായി.

ഈഷ്യ മനസ്സിലൊതുങ്ങിയിരിക്കുന്ന ഒരു സാധനമല്ല. അയൽവീടുകളിൽ ഇതിനെപ്പററിയൊക്കെ വിമശ്നങ്ങ ൾ തുടങ്ങി. നോക്കുക, ലോകം എത്ര സ്വാതന്ത്ര്യമുള്ളതാ ണ്! സാധു യുദ്ധംവെട്ടി കല്യാണം കഴിപ്പിച്ചു; കല്ലിച്ചുകു ട്ടിക്കൊണ്ടുതന്നെ മഴവെട്ടത്തു കാലിന്മേൽ വെട്ടി. ഇപ്പോ ഴോ! കരഞ്ഞു കരഞ്ഞു വസ്ത്രാഞ്ചലം നനക്കുകതന്നെ! സപത്നി സപത്നിതന്നെയാണ്. ഭത്താവാണെങ്കിൽ അ വളുടെ മുഖത്തു നോക്കുന്നതുകൂടിയില്ല; ഈ ജീവിതം ഒരു ജീവിതമാണോ?

സഹാനുഭൂതിയോടുകൂടിയ ഇത്തരം വാക്കുകൾ കേട്ടു കേട്ട് ഗോദാവരിയുടെ ഈഷ്യാഗ്നി കത്തിക്കാളുവാൻ തുടങ്ങി. മനുഷ്യന്നു മററാരാളുടെ ആപത്തും വ്യസനവും കണ്ടു ചിരിക്കുന്നതിൽ ഒരു വിശേഷാനന്ദമുണ്ടാകാറുണ്ട്. വാക്കുകൊണ്ട് ഇത്രയൊക്കെ അനുതാപം പ്രകടിപ്പിക്കു ന്നതിന്നു മിയ്യവാറും കാരണമായി നില്ക്കുന്നതു് ആ ആന ന്ദമാണെന്ന് ഗോദാവരി അറിഞ്ഞിരുന്നില്ല.

ഗോദാവരി സംഭവിക്കുമെന്നു പൂണ്ണമായി വിശ്വ സിച്ചിരുന്നതും, ദേവദത്തൻ വളരെ ഭയപ്പെട്ടിട്ടുള്ളതുമായ ആ കായ്യമുണ്ടായില്ല. വീട്ടിലെ കായ്യങ്ങളെല്ലാം നിവ്വിഘ്നം നടന്നുപോന്നു. പരിചയക്കുറവുകൊണ്ടു പണ്ഡിതജിയുടെ ഭരണം ഗോദാവരിയുടെ ഭരണംപോലെ അത്ര നന്നായി രുന്നില്ല. ചെലവും കുറച്ച് അധികരിച്ചിരുന്നു. എന്നാ ലും കായ്യങ്ങളൊക്കെ വേണ്ടതുപോലെ നടന്നുപോരിക തന്നെ ചെയ്തു; എന്നാൽ ഗോദാവരിയ്ക്കു് ഗോമതിയുടെ സവ്വ പ്രവൃത്തികളും ദോഷപൂണ്ണമായിട്ടാണ് തോന്നിയിരു

ന്നതു്. ഈൎഷ്യ അഗ്നിയാണു്; എന്നാൽ അഗ്നിയുടെ ഗുണം അതിന്നില്ലതാനും; ഹൃദയത്തെ വികസിപ്പിക്കുന്നതിന്നു പകരം അതു സങ്കോചിപ്പിക്കുകയാണു് ചെയ്യുന്നതു. ഇപ്പോൾ വീട്ടിൽ വല്ല തകരാറുകളും ഉണ്ടാവുന്നതിൽ സന്തപിക്കുന്നതിന്നു പകരം സന്തോഷിക്കുകയാണു് ഗോദാവരി ചെയ്യാറുള്ളതു്; അന്നു വൎഷക്കാലമായിരുന്നു. കുറച്ചു ദിവസത്തേയ്ക്കു് സൂൎയ്യനെ കണ്ടതേയില്ല. പെട്ടിയിലുണ്ടായിരുന്ന വസ്ത്രങ്ങളെല്ലാം 'കരിമ്പന പിടിച്ചു; ഇതു കണ്ടിട്ടൊന്നും ഗോദാവരിയ്ക്കുശേഷം ദുഃഖമുണ്ടായില്ല; അവൾക്കു മുള്ളുവാക്കു പറവാൻ ഒരവസരം കിട്ടി; അത്രമാത്രം അവൾ പറഞ്ഞു:—"എജമാനൻ തന്നെയാണല്ലൊ എജമാനത്തിയുടെ പ്രവൃത്തികൂടി ചെയ്യുന്നതു്.

പണ്ഡിതജിയുടെ സ്വഭാവത്തിലും ചില പുതിയ മാററങ്ങൾ കണ്ടുതുടങ്ങി. ഗോദാവരി ഗൃഹഭരണത്തിന്റെ ഭാരം മുഴുവനും വഹിച്ചിരുന്നപ്പോൾ വീട്ടിൽ ഒരു സാധനത്തിന്നും കുറവുണ്ടായിരുന്നില്ല. അദ്ദേഹമന്നു് പച്ചക്കറിക്കുവേണ്ടിക്കൂടി അങ്ങാടിയ്ക്കു് പോയിരുന്നില്ല. എന്നാലിപ്പോളദ്ദേഹം ദിവസത്തിൽ പല പ്രാവശ്യം അങ്ങാടിയ്ക്കോടുന്നതു് ഗോദാവരി കാണാറുണ്ടായിരുന്നു. ഗൃഹനായികയുടെ കൊള്ളരുതായ്മകൊണ്ടു് അത്യാവശ്യസാമാനങ്ങൾക്കുവേണ്ടി അസമയത്തും അങ്ങാടിക്കു പോകേണ്ടിവന്നു. ഗോദാവരി ഈ കൌതുകം നോക്കിക്കൊണ്ടു് പരിഹാസമായി ഒരു സീല്ക്കാരം പുറപ്പെടുവിച്ചു് പറകയാണ:— "അദ്ദേഹം മഹാരാജാവാണു്? ഇരിക്കുന്നി

ടത്തുനിന്നെണീററു് ഒരു പുല്ലുകൂടി നുള്ളി ഇട്ടിരുന്നില്ല. ഇപ്പോഴിതാ ദിവസത്തിൽ പത്തുപ്രാവശ്യം അങ്ങാടിയ്ക്കോടുന്നു! എഴുതാനും വായിപ്പാനും തടസ്സം നേരിടുമെന്നിപ്പോഠം ഒരിയ്ക്കലും പറയുന്നതു കേഠക്കാറേ ഇല്ല."

ദേവദത്തൻ സാമാനം വാങ്ങുവാൻ അത്ര പററിയ ഒരാളല്ലെന്നു ഗോദാവരിയ്ക്കറിയുവാൻ മുമ്പുതന്നെ സന്ദർഭമുണ്ടായിട്ടുണ്ടു്; അതുകൊണ്ടവഠക്കു വസ്ത്രങ്ങളുടെ ആവശ്യം വരുമ്പോഠം അയൽവക്കക്കാരനായ ഒരു വയസ്സൻ സേട്ടുവിൻെറ വക്കൽനിന്നു വാങ്ങിവരികയാണു് പതിവു്. ഗോദാവരിയ്ക്കു് സാരിയുടെ അവശ്യം ഉണ്ടായിരിയ്ക്കുമെന്നുതന്നെ ദേവദത്തൻ ആലോചിയ്ക്കാറില്ല. അദ്ദേഹത്തിൻെറ തലയിൽനിന്നെത്രഭാരം ഒഴിഞ്ഞുപോകുന്നുവോ അത്രയും നല്ലതെന്നാണാമനുഷ്യൻ വിച്ചാരിച്ചതു്. അദ്ദേഹം ഉടുത്തിരുന്നതുതന്നെ ഗോദാവരി വാങ്ങിക്കൊടുത്തിരുന്ന വസ്ത്രങ്ങളായിരുന്നു. പണ്ഡിതജിയ്ക്കു് പുതിയ ഫാഷനൊ, തരമൊ ഒന്നും ആവശ്യമുണ്ടായിരുന്നില്ല; എന്നാൽ ഇപ്പോഠം വസ്ത്രങ്ങഠം വാങ്ങാനും അദ്ദേഹം അങ്ങാടിയ്ക്കു പോവാൻ തുടങ്ങി. ഒരിയ്ക്കൽ ഗോമതിയുടെ സാരിയെല്ലാം തീൎന്നുപോയിരുന്നു. അദ്ദേഹം അങ്ങാടിയ്ക്കുപോയി ഒരു ജോടി നല്ല സാരി വാങ്ങിക്കൊണ്ടുവന്നു. ജവുളിക്കച്ചവടക്കാരൻ തോന്നിയപോലെ വില വാങ്ങി. ഗോമതി ഈ ജോടി ഗോദാവരിയ്ക്കു കാണിച്ചു. അവഠം നോക്കി വെറുപ്പോടുകൂടി മുഖം തിരിച്ചുകൊണ്ടു പറഞ്ഞു:—"ശരി,

നല്ലതുതന്നെ; നീയ്യദ്ദേഹത്തെ വസ്ത്രം വാങ്ങിക്കൊണ്ടു വരാൻ പഠിപ്പിച്ചു. പതിനാറു കൊല്ലം കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ കൈകൊണ്ടു വാങ്ങിക്കൊണ്ടുവന്ന വസ്ത്രമുടുപ്പാനുള്ള ഭാഗ്യം എനിയ്ക്കു സ്വപ്നത്തിൽക്കൂടി ഉണ്ടായിട്ടില്ല"

ഈ സംഭവം ഗോദാവരിയുടെ ഈൎഷ്യാഗ്നിയെ ഒന്നുകൂടി ആളിച്ചുവിട്ടു. ദേവദത്തൻ പ്രകൃത്യാ ഒരു ഉദാസീന ജീവിയാണെന്നായിരുന്നു അവളിതേവരെ വിചാരിച്ചിരുന്നത്. എന്നാൽ ഇപ്പോഴത്തെ അയാളുടെ മാതിരികൾ അവളെ അസ്വസ്ഥയാക്കി. ഗോമതിയ്ക്കിപ്പോൾ ലഭ്യമായിട്ടുള്ള ഈ പ്രേമം തനിയ്ക്കു ലഭിയ്ക്കുവാൻ സാധിച്ചിട്ടില്ലെന്നും, അവൾ തന്റെ യൌവനംകൊണ്ടു ദേവദത്തനെ വശംവദനാക്കിയിരിയ്ക്കയാണെന്നും, ഗോദാവരി വിചാരിച്ചു; എന്നു മാത്രമല്ല ദേവദത്തന്നവളിലുണ്ടായിരുന്ന പ്രേമം സത്യമാണെന്ന് അവൾ വിശ്വസിച്ചിരുന്നുവെങ്കിലും അതു കപടമയവും സ്വാൎത്ഥപരവുമായിരുന്നുവെന്നുംകൂടി അവൾ തീൎച്ചപ്പെടുത്തി.

അങ്ങിനെ ഇരിയ്ക്കുമ്പോൾ ഗോമതി ദീനത്തിൽ കിടപ്പിലായി; അത്യാവശ്യങ്ങൾക്ക് എണീറ്റു നടപ്പാൻകൂടി അവൾക്കു കഴിഞ്ഞിരുന്നില്ല. ഗോദാവരി പാചകവേലയിൽ ഏൎപ്പെടേണ്ടിവന്നു. ഗോമതിയ്ക്ക് വാസ്തവത്തിൽ ദീനമുണ്ടെന്നു ഗോദാവരി വിശ്വസിച്ചിരുന്നില്ല. തന്നെക്കൊണ്ട് അടുക്കളപ്പണി എടുപ്പിപ്പാൻ ആ രണ്ടു ജീവികളുംകൂടി എടുത്തൊരു പണിയാണതെന്നായിരുന്നു അവളുടെ വിശ്വാസം. തന്നെ ഒരു വാലിയക്കാരത്തി

യാക്കാത്ത കുറവു മാത്രമേ ഉണ്ടായിരുന്നുള്ളൂ; അതും ഇ പ്പോളായി, എന്നാണവർ അയൽവക്കത്തെ സ്ത്രീകളോട് പറഞ്ഞത്.

ഇയ്യിടെ ദേവദത്തൻ വളരെ ബദ്ധപ്പെട്ടാണ് ഭക്ഷ ണം കഴിച്ചിരുന്നത്. ഗോദാവരിയോടു സംസാരിയ്ക്കുന്ന തിലെന്തിനാണയാൾ ഭയപ്പെടുന്നതെന്ന് അയാൾക്ക തന്നെ അറിഞ്ഞുകൂടായിരുന്നു. അവർ എത്ര കർണ്ണകഠോ രവും ഹൃദയഭേദകവുമായ വാക്കുകളാണ് പുറത്തേയ്ക്കു വിടുകയെന്ന് അയാൾക്കു നിശ്ചയമുണ്ടായിരുന്നില്ല; അ തുകൊണ്ട്, അയാൾ പേടിച്ചു പേടിച്ചു കഴിയുന്ന വേഗ ത്തിൽ "വാരിത്തിന്നെ"ണീററു പോവുകയാണ് പതിവ്. ഗോദാവരി തൻെറ തീവ്രദൃഷ്ടികൊണ്ട് ദേവദത്തൻെറ ഈ വിചാരങ്ങൾ നോക്കിക്കണ്ടിരുന്നു; എന്നാലതവർ മനസ്സിലൊതുക്കിവെച്ചു.

ഒരു ദിവസം അവർക്കൊതുക്കുവാൻ കഴിഞ്ഞില്ല; അവർ ചോദിച്ചു:—"എന്താ! എന്നോട് മിണ്ടാൻ പാ ടില്ലെന്നുകൂടി കല്പനയുണ്ടോ? രാത്രി ഞാൻ കേൾക്കാറു ണ്ടല്ലോ ഇടവിടാതെ കമ്പിവാർത്തകൾ വന്നുകൊണ്ടിരി യ്ക്കുന്നത്; എന്നോടു മിണ്ടാൻ മാത്രം വായ തുറക്കാൻ വയ്യ! ഇപ്പോൾ വീട്ടിലെ സമ്പ്രദായമൊക്കെ കാണാറി ല്ലേ? ഒക്കെ ഇഷ്ടംപോലെതന്നെ നടക്കുന്നുണ്ടല്ലോ?" പണ്ഡിതജി തലതാഴ്ത്തിക്കൊണ്ട് പറഞ്ഞു:—"ഉം, നട ക്കുംപോലെ നടക്കും. ഞാനെന്താ, അതു വിചാരിച്ചു മരിയ്ക്കേ്ാ? നീ ഈ വീട് മണ്ണോടടിഞ്ഞു കാണാനാണാ ഗ്രഹിയ്ക്കുന്നതെങ്കിൽ പിന്നെ ഞാനെന്താ ചെയ്യ്ാ?"

ഗോദാവരി കയൎത്തു; പറഞ്ഞു പറഞ്ഞു മൂത്തു. പണ്ഡിതജി ഉണ്ണാനിരിയ്ക്കുന്നിടത്തു നിന്നെണീററു തളത്തിൽനിന്നു പുറത്തു കടന്നു. ഗോദാവരി അതിവാചകം പറഞ്ഞ് അയാളെ അവിടെ ഇരുത്താൻ ശ്രമിച്ചു; എന്നാലൊരു ക്ഷണംപോലും അയാളവിടെ നിന്നില്ല. അപ്പോഴവളും ചോറിട്ടെണീററു; അന്നാവീട്ടിലെല്ലാവരും ഉപവാസമായിക്കഴിഞ്ഞു!

ഗോമതിയ്ക്കു് ഒരു വിചിത്രമായ സ്വഭാവമുണ്ടായിരുന്നു. ഏതു കഠിനവാക്കും അവഠം നിശ്ശബ്ദമായി സഹിച്ചുകൊള്ളും; എന്നാലവഠംക്ക് വിശപ്പു സഹിപ്പാൻ കഴിഞ്ഞിരുന്നില്ല. ഇതു നിമിത്തം അവഠം എല്ലാ വ്രതങ്ങളിൽനിന്നും വിവേകപൂൎവ്വം ഒഴിഞ്ഞു നില്ക്കുകയാണു് ചെയ്തിരുന്നത് എങ്ങിനെയൊ ഇക്കുറി ജന്മാഷ്ടമീവ്രതമെടുത്തു. ഇയ്യിടെയുണ്ടായ ദീനം നിമിത്തം അവഠംക്ക് ക്ഷീണവും വിശപ്പും കുറച്ചധികമായിരുന്നു. നേരം ഉച്ചയായിട്ടും അന്നവിടെ ഭക്ഷണം കിട്ടേണ്ട വട്ടമൊന്നും കണ്ടില്ല; അവഠംക്കു വയ്യാതായി; അങ്ങാടിയിൽനിന്ന് കുറെ പലഹാരം കൊണ്ടുവരീച്ചുകഴിച്ചു. ഗോദാവരിയ്ക്കു കത്തിജ്വലിപ്പാൻ ഇതൊരു കാരണമായിത്തീൎന്നു. അതു് അസ്വാഭാവികമല്ല; എന്തുകൊണ്ടെന്നാൽ ഒരിയ്ക്കൽ ഭക്ഷണം കഴിയ്ക്കാഞ്ഞിട്ട് ആരും മരിച്ചിട്ടില്ല. ഗോദാവരിയുടെ അടി മുതൽ മുടിയോളം അഗ്നി ജ്വലിയ്ക്കുവാൻ തുടങ്ങി. വേഗം അവളും കുറെ പലഹാരം കൊണ്ടുവരീച്ചു! വളരെ കൊല്ലങ്ങഠംക്കുശേഷം ഇന്നവഠം വയറുനിറച്ചു പലഹാരം തിന്നു! ഇതൊക്കെ ഈൎഷ്യയുടെ നേരമ്പോക്കുകളാണ്.

നേരം നട്ടുച്ചയാവുന്നതിന്നു മുമ്പ് ഇതേവരെ നാവി ന്മേൽ വെള്ളം പാരാതിരുന്ന ഗോദാവരിയ്ക്ക് ഇപ്പോൾ വെളിച്ചമാവും മുമ്പ് ചായയും ഫലാഹാരവും വേണ മെന്നായി. തലയിലവൾ നല്ലവണ്ണം എണ്ണ തേച്ചിരു ന്നില്ല. എന്നാലിപ്പോൾ എണ്ണതേപ്പുകൊണ്ടുതന്നെ തലയിൽക്കുത്തു തുടങ്ങി; ഊണിലും കാപ്പികുടിയിലും എല്ലാം ഇപ്പോൾ ഒരു പുതിയ അഭിരുചി തുടങ്ങിയിരി യ്ക്കുന്നു. ഈർഷ്യ അവളെ ഒരു നവോഢയാക്കിത്തീർത്തു!

ഒരിയ്ക്കൽ ജന്മാഷ്ടമി വന്നു; രണ്ടുമൂന്നു ദിവസമായി ട്ട് ദേവദത്തൻെറ മടി ഒന്നു വിട്ടിരിയ്ക്കയാണ്. അദ്ദേഹം ഇപ്പോൾ അഷ്ടമിക്കവേണ്ടിയുള്ള പരിശ്രമങ്ങളിൽ മുഴു കിയിരിയ്ക്കുന്നു. പണ്ഡിതജി ഒരു ശ്രീകൃഷ്ണഭക്തനായി രുന്നു; ഗോദാവരിയും ഈ വ്രതം വളരെ നിഷ്ഠയോടായി ട്ടാണ് അനുഷ്ഠിച്ചു വന്നിരുന്നത്; അവൾ ഉപവാസം നോററിരുന്നു; ദേവദത്തനെ അനുകരിച്ച് ഇക്കുറി ഗോ മതിയും ആ വലിയ സാഹസത്തിന്നു മുതിന്നു. അവൾക്ക' ഇന്നുപവാസമാണ്! എന്നാൽ ആശ്ചര്യം എന്നു പറയ ട്ടെ, വാലിയക്കാരത്തി വന്ന് ദേവദത്തനോട് പറയുക യാണ്:—"വലിയമ്മയ്ക്ക് ഇന്നുവ്രതമൊന്നുമില്ല; അവക്കു ഫലഹാരം വാങ്ങിക്കൊണ്ടുവന്നു കൊടുപ്പാൻ പറയുന്നു!"

ഗോദാവരിയ്ക്ക് വൈകുന്നേരം അമ്പലത്തിലേക്കു പോകണം; അവൾ വണ്ടി കൊണ്ടുവരുവാൻ കല്പന കൊടുത്തു. ഇതു ഗോമതിയെ ശുണ്ഠി പിടിപ്പിച്ചു. "ഇയ്യി ടെ വണ്ടിവാടക വളരെ വദ്ധിച്ചിരിയ്ക്കുന്നു. അമ്പലം

കുറച്ചു ദൂരെയാണെങ്കിൽ വേണ്ടില്ല. എന്തിനാ വെറുതെ പണം ചെലവാക്കുന്നത്? എന്താ അങ്ങോട്ടു നടന്നു പോയാലാവൊ! വണ്ടി കൊണ്ടുവരുവാൻ കല്പന കൊടുപ്പാൻ പണിയൊന്നുമില്ല; ഈ ധാരാളിത്തം നിമിത്തം കാളയെപ്പോലെ പണിയെടുക്കേണ്ടിവരുന്നത് വേറെ ആളാണ്," എന്നായി ഗോമതി.

രണ്ടുമൂന്നു കൊല്ലം മുമ്പ് ഇത്തരം വാക്കുകഠം ഗോമതി ഗോദാവരിയുടെ മുഖത്തു നിന്നു കേട്ടിട്ടുണ്ട്; ഇന്നു ഗോദാവരിയ്ക്കു് അതേമാതിരി വാക്കുകഠം ഗോമതിയുടെ മുഖത്തുനിന്നു കേഠക്കേണ്ടിവന്നു. കാലത്തിൻെറ ഗതി!!

ഗോദാവരി ഇയ്യിടെ വളരെ ശ്രദ്ധയില്ലാതെയാണ് ഭക്ഷണം തെയ്യാറാക്കിയിരുന്നത്. ദേവദത്തൻെറ പത്ഥ്യാപത്ഥ്യങ്ങളെപ്പററിയുള്ള ചിന്ത അവഠക്കു മുമ്പെത്തെപ്പോലെ ഉണ്ടായിരുന്നില്ല. ഒരിയ്ക്കലവഠ വാലിയക്കാരത്തിയോട് ഏതാണ്ട് കണക്കാക്കി എടുത്തു മസാല അരച്ചു കൊണ്ടുവരാൻ പറഞ്ഞു. മസാല പരിപ്പിൽ ചേത്തു നോക്കിയപ്പോഴെയ്ക്കു് മുളകു വല്ലാതെ ഏറിയിരിയ്ക്കുന്നു. മററു മടിയന്മാക്കെന്നപോലെ പണ്ഡിതജിയ്ക്കും എരിവുള്ള സാധനങ്ങഠ വളരെ ഇഷ്ടമായിരുന്നു, പക്ഷെ അയാഠ ദിനംകൊണ്ടു തോററിരുന്നു! അതുകൊണ്ടു കഴിച്ചില്ല. ഇതു കേട്ടപ്പോഠ ഗോമതി പുരികം ചുളിച്ചു കൊണ്ടു പറഞ്ഞു:— "എന്താ, ഈ വാദ്ധക്യകാലത്തും ശക്തി കൂടിക്കൂടി വരികയാണല്ലൊ?

ഇത്തരം കഠോരവാക്കുകഠം ഒരിയ്ക്കൽ ഗോദാവരി ഗോമതിയോടും പറഞ്ഞിരുന്നു; ഇപ്പോഠ അവഠക്കാണവ കേഠപ്പാൻ നിർഭാഗ്യമുണ്ടായത്.

ഇന്നു ഗോദാവരി ഗംഗാദേവിയെ ആലിംഗനം ചെയ്യുന്നതിന്നു വന്നിരിയ്ക്കുകയാണ്. അവഠം മൂന്നുവഷം മുമ്പ് വധൂവരന്മാരെക്കൊണ്ട് ഗംഗാപൂജ ചെയ്യിയ്ക്കുന്നതിന്ന് ഇവിടെ വന്നിരുന്നു! ഇന്നവഠം ആനന്ദമയമായ ഗംഗയുടെ തിരമാലകളിൽ വിശ്രമിപ്പാനാണ് വന്നിരിക്കുന്നത്।

ഒരു ക്ഷണംപോലും വീട്ടിൽ കഴിച്ചുകൂട്ടുന്നതു ഗോദാവരിയ്ക്ക് ദുസ്സഹമായിത്തീന്നിരുന്നു. താൻ റാണിയായി ക്കഴിഞ്ഞിരുന്ന ഒരു വീട്ടിൽ ഭൃത്യയായിക്കഴിഞ്ഞുകൂടുകയെന്നത് ഒരഭിമാനിനിയായ സ്ത്രീയെ സംബന്ധിച്ചേടത്തോളം അസംഭാവ്യമാണ്; ഗോദാവരിയ്ക്കിന്ന് വീട്ടിനോടുള്ള സ്നേഹം, കെട്ടുമ്പോഠംതന്നെ അങ്ങുമിങ്ങും പൊട്ടിപ്പോകുന്ന ഒരു പഴയ കയറിൻേറതുപോലെ അത്രയും ദുബ്ബലമായിരുന്നു. ഗംഗയെ ശരണം പ്രാപിയ്ക്കുയല്ലാതെ മറെറാരുപായവും അവഠം കണ്ടില്ല!

വളരെ ദിവസമായിട്ടുള്ള ഗോദാവരിയുടെ ലഹള സഹിയ്ക്കാൻ വയ്യാതെ, "നിയ്യെങ്ങിനെയെങ്കിലും ചത്തു പോകുന്നുമില്ലല്ലൊ" എന്നു ദേവദത്തൻ ഒരിയ്ക്കൽ പറഞ്ഞിട്ടുണ്ടായിരുന്നു! ഗോദാവരി ആ വിഷലിപ്തങ്ങളായ വാക്കുകഠം മറന്നിരുന്നില്ല; അത്തരം വാക്കുകഠം അവളൊരിയ്ക്കലും മറക്കുന്നവളുമല്ല. ഇന്നു ഗോമതിയും അതു തന്നെ പറവാൻ തുടങ്ങിയിരിയ്ക്കുന്നു! ഗോമതി ഇങ്ങിനെ പറഞ്ഞതു ഗോദാവരിയുടെ കഠിനവാക്കുകഠം കേട്ടുകേട്ടു മടുത്തിട്ടാണ്; എങ്കിലും അവഠംക്കിപ്പോളതൊന്നും ഓമ്മ

യില്ല. പണ്ഡിതജിയുടേയും ഗോമതിയുടേയും വാക്കുകൾ മാത്രം അവളുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു:— "എന്നോടന്യായം കാണിയ്ക്കുന്നു; എന്നിട്ടൊന്നു മിണ്ടുവാൻ വായ് തുറക്കുന്നുംകൂടി ഇല്ല!" എന്നവൾ ആവലാതിപ്പെട്ടു.

സർവ്വജനങ്ങളും ഉറങ്ങിക്കഴിഞ്ഞിരിക്കുന്നു. ഗോദാവരി വീട്ടിൽനിന്നു പുറത്തിറങ്ങി. ആകാശത്തിൽ കാർമേഘങ്ങൾ നിറഞ്ഞിരുന്നു; മഴ കുറേശ്ശ ചാറുന്നുണ്ട്. അവളുടെ കണ്ണുകൾ കണ്ണുനീരും വാർത്തുകൊണ്ടിരുന്നു. പ്രേമബന്ധം എത്ര കോമളവും എത്ര കഠിനവുമാണ്. സംഭോഗത്തിലതു് കോമളമാണ്; വിപ്രലംഭത്തിൽ കഠിനവുമാണ്. ഗോദാവരി വാതിക്കൽനിന്നു വളരെ നേരം കരഞ്ഞു. വളരെ വളരെ മുമ്പുള്ള ഓരോ സംഭവങ്ങൾ ഒന്നിനുമേലൊന്നായി അവളുടെ ചിന്താപഥത്തിലെത്തി. ഹാ! ഇവിടെ അവൾക്കു പ്രേമംലഭിച്ചിരുന്നു, മാനമുണ്ടായിരുന്നു; ജീവിതസുഖങ്ങളുമുണ്ടായിരുന്നു; ഇന്നോ! പെട്ടെന്നവൾക്കു് ദേവദത്തൻെറ ആ കഠോരമായ ശബ്ദം ഓർമ്മവന്നു; കണ്ണുനീർ ധാരധാരയായി ഒഴുകി, അവൾ വീട്ടിനോട് എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞു നടന്നു.

ഈ സമയത്തു പണ്ഡിതദേവദത്തൻ ആ മഴയത്തു കൊട്ടിപ്പിടഞ്ഞെണീറ്റോടിവന്നു് വിറയ്ക്കുന്ന കൈകൾ കൊണ്ടു് ഗോദാവരിയുടെ കൈ കടന്നുപിടിച്ച് തിരതല്ലുന്ന ഹൃദയത്തോടുകൂടി "പ്രിയേ" എന്നു വിളിച്ചു; പിന്നിടൊന്നും പറവാൻതന്നെ കഴിഞ്ഞില്ലെന്നിരിയ്ക്കട്ടെ; എന്നാലവൾക്കു മുന്നോട്ടു പോകാൻ സാധിയ്ക്കുമോ?

കാലം തുലാമാസമായിരുന്നു. രാത്രിയിൽ ഗംഗയിലെ പ്രചണ്ഡങ്ങളായ തിരമാലകളുടെ ഘോരഗർജ്ജനം ഭയങ്കരമായിരുന്നു; ഇടയ്ക്കിടയ്ക്കുണ്ടായിരുന്ന ഇടിമിന്നലിൽ കതിച്ചു ചാടുന്ന തിരമാലകൾ ഉന്മത്തങ്ങളായ ഗജങ്ങളെപ്പോലെ ചീറുന്നു. ജീവിതായോധനത്തിൻെറ ഒരു വിശാലമായ രംഗം അവിടെ അഭിനയിക്കപ്പെടുന്നു.

ഗോദാവരിയുടെ ഹൃദയത്തിലും ഈ സമയത്ത് അനേകം വിചാരതരംഗങ്ങളതിവേഗത്തിലുയൎന്നു പരസ്പരം കെട്ടിപ്പിണഞ്ഞു് വിലയം പ്രാപിച്ചുകൊണ്ടിരുന്നു. എവിടെ? ഘോരാന്ധകാരത്തിൽ!

കരകവിഞ്ഞു ഗർജ്ജിച്ചുകൊണ്ടൊഴുകുന്ന ഗംഗ ഗോദാവരിയ്ക്കു് ശാന്തിയെ പ്രദാനംചെയ്യാൻ ശക്തയാണോ? അതിൻെറ കല്ലോലമാലകളിൽനിന്നു് അമൃതമയമായ ധ്വനിയല്ല ഇപ്പോൾ കേൾക്കുന്നതു്. കരുണയുടെ വിളയാട്ടമല്ല അവിടെ ഇപ്പോൾ കാണുന്നതു്. ഗംഗാഭഗവതി ഇപ്പോൾ ഉദ്ദണ്ഡതയുടേയും നിർദ്ദയതയുടെയും ഭീഷണരൂപം കൈക്കൊണ്ടിരിയ്ക്കുന്നു.

ഗോദാവരി ഗംഗാതീരത്തിരുന്നെന്താണു് വിചാരിയ്ക്കുന്നതു്? ആൎക്കു പറവാൻ കഴിയും! ദേവദത്തൻ വരുന്നുണ്ടായിരിയ്ക്കുമെന്നു് ഇപ്പോഴും അവൾ ആശിക്കയായിരിയ്ക്കുമോ? പ്രേമത്തിൻെറ ബന്ധനം എത്ര ബലിഷ്ഠമായിരിയ്ക്കുന്നു!!

ആ ഭയാനകമായ അന്ധകാരത്തിൽ ഈൎഷ്യയുടെയും നൈഷ്ഠൂൎയ്യത്തിൻെറയും നൈരാശ്യത്തിൻെറയും ഗൂ ത്തരംഗമായ ആ അബല ഗംഗയുടെ കല്ലോലമാലകളിലേയ്ക്കു കുതിച്ചുചാടി! തിരകൾ മേല്ക്കുമേലെ അവളുടെ മീതെ ചാടി, അവളെ പെട്ടെന്നു വിഴുങ്ങിക്കളഞ്ഞു.!!

നേരം പ്രഭാതമായി; ഗോദാവരി വീട്ടിലുണ്ടായിരുന്നില്ല; അവളുടെ കട്ടിലിന്മേൽ ഈ കത്തു കിടക്കുന്നുണ്ടായിരുന്നു:—

"സ്വാമിൻ, ഈ സംസാരത്തിൽ ഞാനങ്ങയെയല്ലാതെ വേറെ ആരേയും സ്നേഹിച്ചിട്ടില്ല; എൻെറ സൎവ്വസ്വവും ഞാൻ ഭവാൻെറ സുഖത്തിന്നായി സമൎപ്പണം ചെയ്തു; ഇപ്പോൾ ഞാൻ ഈ പ്രപഞ്ചത്തിൽനിന്നു തിരോധനം ചെയ്യുന്നതുകൊണ്ടാണ് അങ്ങേയ്ക്കു സുഖം വൎദ്ധിയ്ക്കുക; അതുകൊണ്ടെൻെറ പ്രാണൻകൂടിയിതാ അവിടേയ്ക്കൎപ്പിക്കുന്നു. ഞാൻ ചെയ്തിട്ടുള്ള അപരാധങ്ങൾ മാപ്പു തന്നാലും! ഈശ്വരൻ അങ്ങേയ്ക്കു സൌഖ്യം പ്രദാനം ചെയ്യട്ടെ"

പണ്ഡിതജി ഈ കത്തു വായിച്ചതോടുകൂടി മോഹാലസ്യപ്പെട്ടു നിലത്തു വീണുപോയി! ഗോമതി നിലവിളിപ്പാൻ തുടങ്ങി; എന്നാൽ അവൾക്കു കണ്ണുനീർ വന്നിരുന്നുവോ?

—(മാതൃഭൂമി)

# 5. *അയാളുടെ ചെറുപ്പക്കാരിയായ ഭാര്യ

ബോസ് കുടുംബത്തിലെ ഭവനത്തിന്റെ ഒന്നും രണ്ടും നിലകൾ തീരെ നിശ്ശബ്ദമായിരുന്നു. അന്ന് വേനൽക്കാലത്തെ ഒരു ചൂടുള്ള ദിവസമാണ്; എങ്കിലും സ്കൂളുകളും കോളേജുകളും ഇനിയും വെക്കേഷനു പൂട്ടിട്ടില്ല; മുതിർന്ന കുട്ടികളെല്ലാം അവരവരുടെ സ്കൂളിലേക്കു പോയിരിക്കയാണ്. ബോസ്സഹോദരന്മാർ രണ്ടാളുള്ളവരിൽ ഒരാൾ ഒരു വക്കീലും മറ്റെ ആൾ ഒരു പ്രൊഫസരും ആയിരുന്നു, അവർ രണ്ടാളും അവരുടെ പ്രവൃത്തിക്കു പോയിരിക്കുന്നു. വീട്ടിലെ വലിയ എജമാനത്തിയായ വക്കീലിന്റെ ഭാര്യ ചെറുപ്രായത്തിലുള്ള തന്റെ മകളെ മാറോടണച്ചുംകൊണ്ടു് ആ ഉച്ചയ്ക്കു് ഒന്നു കിടന്നു മയങ്ങുകയാണ്. പ്രൊഫസരുടെ ഭാര്യയായ മുക്താമാല, രണ്ടാം നിലയിലുള്ള ഒരു മുറിയിൽ ഒരുത്സാഹമില്ലാത്ത മട്ടിൽ ഒരു മാസികയുടെ ഏടുകൾ മറിച്ചുകൊണ്ടിരിക്കുന്നു; അവൾക്കു നല്ലവണ്ണം ഉറക്കം വരുന്നുണ്ടായിരുന്നു; പക്ഷെ കുറെ തുന്നൽപ്രവൃത്തി തീർക്കേണ്ടതുള്ളതുകൊണ്ടു് ഇന്നുറങ്ങുന്നില്ലെന്നാണ് വെച്ചിരിക്കുന്നതു്. എല്ലാദിവസവും രാവിലെ അവൾ ഇന്നതു ചെയ്തുതീർക്കണമെന്ന് നിശ്ചയിക്കാറുണ്ട്; എന്നാൽ ഊണുകഴിക്കുമ്പോഴേയ്ക്കു് ഉറക്കംവന്നു് അവളുടെ കൺപോളകൾ തൂങ്ങിത്തുടങ്ങുകയും അപ്പോളതെല്ലാം മറക്കുകയുമാണ് പതിവു്.

---

* മോഡേൺറവ്യൂവിൽ സീതാദേവി എഴുതിയതു്.

ഇന്നും അവൾക്ക് ഉറക്കം വരുന്നുണ്ട്. മാസിക അവളുടെ കയ്യിൽനിന്നു വീണുപോയി. അവൾ വീണ്ടും അതെടുത്തു. ഇന്നെങ്കിലും വിചാരിച്ചതുപോലെ പ്രവൃത്തിതീക്കണമെന്നു തീച്ചപ്പെടുത്തി തുന്നൽക്കോപ്പുകളെടുത്തു ജോലി ആരംഭിച്ചു; അപ്പോളുണ്ട് ആരോ പുറത്തുവന്ന് അവളെ വിളിക്കുന്നു.

മുക്താമാല പെട്ടെന്നെഴുന്നേററ് വാതിൽ തുറന്നു ചോദിച്ചു:— ആരാതു്; രൂപലാലൊ? നിങ്ങൾക്കെന്താണ് വേണ്ടതു്?

ആ കിഴവനായ ഭൃത്യൻ വാതിൽ തുറന്നു് പതുക്കെ അകത്തേയ്ക്കു കടന്നു; അയാളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞിരുന്നു. മുഖം തുടച്ചു തുടച്ചു നനഞ്ഞതും വൃത്തികെട്ടതുമായ ഒരു തോത്തുമുണ്ട് ചുമലിലും കിടന്നിരുന്നു; അയാൾ ഈ കുടുംബത്തിൽ വന്നുചേന്നിട്ടു വളരെക്കാലമായി. അന്ന് ഇപ്പോഴവിടെയുള്ള പുരുഷന്മാർ കുട്ടികളാണ്? അവരുടെ അമ്മ ജീവിച്ചിരിക്കയും ചെയ്തിരുന്നു. ആ വൃദ്ധൻ ഒരു ഹിന്ദുസ്ഥാനിക്കാരനായിരുന്നു; എങ്കിലും അയാൾക്ക് ബംഗാളി വേഗത്തിലും തെററുകൂടാതെയും സംസാരിക്കാം. അയാൾക്ക് ഈ കുടുംബം സ്വന്തം കുടുംബംപോലെയാണ്. കൊല്ലത്തിലൊരിക്കൽ മാത്രമേ ആ വൃദ്ധൻ നാട്ടിലേയ്ക്കു് പോയിരുന്നുള്ളു. ഈ പോക്കിന്നതന്നെ പ്രത്യേക കാരണവുമുണ്ടായിരുന്നു. സ്വന്തം ഗ്രാമത്തിൽ ഒരു വിധവയായ ചെറിയമ്മയും അവരുടെ മകളും മാത്രമാണ് അയാൾക്കു ബന്ധപ്പെട്ടവരായിട്ടുണ്ടായിരുന്നതു്. അഞ്ചുകൊല്ലത്തിലൊരിക്കൽ അവരെ കാണു

വാൻ നാട്ടിൽപ്പോകും. മാസത്തിലൊരിയ്ക്കൽ കാരോ കത്തെഴുതുകയും ചെയ്യും. ഇതുകൊണ്ട് ആ വൃദ്ധൻ തൃപ്തിപ്പെട്ടിരുന്നു; എന്നാൽ നാലുകൊല്ലംമുമ്പ് അയാരം ക്ക് ഒരു ബന്ധംകൂടി ഉണ്ടായിത്തീന്നു. ചെറിയമ്മയുടെ പ്രേരണകൊണ്ടും ബന്ധുക്കളുടേയും മിത്രങ്ങളുടേയും ഉപ ദേശം നിമിത്തവും അയാളൊരു ചെറുപ്പക്കാരിയായ പെൺകുട്ടിയെ കല്യാണം കഴിച്ചു! അതിന്ന് ഒരുപാട് പണവും ചെലവായി. അയാളുടെ ജാതിയിൽ വധുവിനെ കിട്ടുന്നതിന്ന് പണം കൊടുക്കുക പതിവായിരുന്നു. അതു കൊണ്ട് ഇപ്പോരം അയാരം ചുരുങ്ങിയപക്ഷം കൊല്ല ത്തിലൊരിക്കലെങ്കിലും നാട്ടിൽപോകും. "ജൂലാനി" എ ന്നായിരുന്നു ഭായ്യയുടെ പേരു്. അവരംക്കേതാണ്ട് പതി നാറ് വയസ്സാണ്. അവരം ചെറിയമ്മയുടെ രക്ഷയിൽ ഗ്രാമത്തിലുള്ള വീട്ടിൽ താമസിച്ചുവന്നു.

മുക്താമാല അയാരം തേങ്ങിത്തേങ്ങിക്കരയുന്നതു കണ്ട് അത്ഭുതപ്പെട്ടുകൊണ്ടു ചോദിച്ചു:—രൂപലാൽ, എന്താ സംഗതി? എന്തിനാണ് നിങ്ങരം കരയുന്നതു്? നിങ്ങളെ ജ്യേഷ്ഠത്തിയോ മറേറാ കുററം പറകയോ ശകാ രിക്കയോ ചെയ്തുവോ?

"ആരാണെന്നെ കുററം പറയാൻ" രൂപലാൽ ചോദിച്ചു. "ഞാനിവിടെ വരുമ്പോരം ഇന്നിവിടെയുള്ള വരൊക്കെ കുട്ടികളാണ്; വലിയ എജമാനത്തിയേയും ഞാൻ വളരെ ചെറുപ്പത്തിൽത്തന്നെ പരിചരിച്ചു തുട ങ്ങിയിരിയ്ക്കുന്നു; പിന്നെ അവരെന്നെ ശകാരിക്കയോ കുററപ്പെടുത്തുകയൊ ചെയ്യുമോ? ഞാനതിനൊട്ടു കാര ണമുണ്ടാക്കുകയുമില്ല.

"പിന്നെ എന്തിനാണ് നിങ്ങൾ കരയുന്നത്?" മുക്താമാല ചോദിച്ചു.

അയാൾ പറഞ്ഞു:—"എന്റെ ഗ്രാമത്തിൽനിന്ന് ഒരു കമ്പി വന്നിട്ടുണ്ട്. ചെറിയമ്മ മരിച്ചു! ഇന്നുരാത്രി എനിയ്ക്കു വീട്ടിൽപ്പോകണം;" ഇതു പറഞ്ഞ് ആ വൃദ്ധൻ പിന്നെയും കരയുവാൻ തുടങ്ങി.

മുക്താമാല അയാളെ സാമാധാനിപ്പിക്കാൻ ശ്രമിച്ചു. "എന്താണിങ്ങിനെ കരയുന്നതുകൊണ്ടു പ്രയോജനം? അതുകൊണ്ട് നിങ്ങളുടെ ചെറിയമ്മ തിരിച്ചുവരുമോ? ആരെങ്കിലും എന്നെന്നും ജീവിച്ചിരിക്കാറുണ്ടോ? മാതാപിതാക്കന്മാരും മററു ബന്ധുക്കളെമൊക്കെ എപ്പോഴെങ്കിലും മരിക്കാതിരിയ്ക്കുമോ? നിങ്ങളുടെ ചെറിയമ്മ മരിച്ചതു് നല്ലവണ്ണം പ്രായമായിട്ടാണ്; അതുതന്നെ ഒരു വലിയ അനുഗ്രഹമല്ലേ? അകാലമരണമാണ് ഭയങ്കരമായിട്ടുള്ളതു്. അതുകൊണ്ടു് ഇതിൽ വ്യസനിപ്പാൻ ഒന്നുമില്ല; പൊയ്ക്കോളു; എപ്പോഴാണ് മടങ്ങിവരിക?"

"ഞാൻ പുലകുളിഅടിയന്തരം കഴിഞ്ഞ ഉടനെ മടങ്ങിവരും. വലിയ കൊച്ചമ്മ അധികം കാലത്തേയ്ക്കു എനിയ്ക്കു് ഒഴിവു തരില്ല."

"ശരി; എന്നാൽ പൊയ്ക്കോളു."

എന്നിട്ടും ആ കിഴവൻ അവിടെത്തന്നെ പരുങ്ങി നില്ക്കുകയായി. "എന്താ പണമോ മററൊ ആവശ്യമുണ്ടോ? ജ്യേഷ്ഠത്തി ശമ്പളം തന്നില്ലേ?" മുക്താമാല ചോദിച്ചു.

"ഉവ്വു്; അതൊക്കെത്തന്നിരിക്കനു; പണത്തെ പ്പററിയല്ല, എനിയ്ക്കു വേറൊന്നു ചോദിപ്പാനുണ്ടു്; കൊച്ചെജമാനത്തിയ്ക്കു് ഒരു വാല്യക്കാരത്തിയെ ആവശ്യ മുണ്ടോ?"

"ഉവ്വു്; എനിക്കൊരുത്തിയെ അത്യാവശ്യമുണ്ടു്; നിങ്ങൾക്കു് ആരെയെങ്കിലും തരത്തിൽ തോന്നുന്നുണ്ടോ?"

"എൻെറ ഭാൎയ്യയെ നിൎത്തുമെങ്കിൽ ഞാൻ അവളെ ക്കൂടെ കൊണ്ടുവരൂ; എൻെറ ചെറിയമ്മ മരിച്ചു; ഇനി അവളെ നോക്കുവാനവിടെ ആരുമില്ല; അവൾക്കു് ഇവി ടെ ഇഷ്ടമുള്ള ശമ്പളം കൊടുത്താൽ മതി."

മുക്താമാല ചിരിച്ചുകൊണ്ടു പറഞ്ഞു:—"ശരി, അവളെ കൊണ്ടുവരൂ; ഈ മാസത്തിൻെറ അവസാന ത്തിൽ എൻെറ ആയ പോവുകയാണു്; ആ സ്ഥാനത്തു് അവളെ നിശ്ചയിക്കാം. അതെനിക്കുകൂടി സൌകൎയ്യ മാണു്."

"ഈ മാസത്തിൻെറ അവസാനത്തിൽ തീൎച്ചയായും ഞാൻ മടങ്ങിവരാം" എന്നും പറഞ്ഞു് രൂപലാൽ പുറത്തേയ്ക്കു പോയി. അയാൾക്കു് ഒരു വലിയ ആശ്വാസം കിട്ടിയതുപോലെ കാണപ്പെട്ടു. ആ വയസ്സന്നു് അയാളുടെ ചെറിയമ്മയുടെ മരണത്തെക്കാൾ ജൂലാനിയുടെ സ്ഥി തിയെപ്പററിയായിരുന്നു അസ്വാസ്ഥ്യം. അവൾക്കു വള രെ ചെറുപ്പം. എവിടെയാണവളെ ആക്കിപ്പോരേണ്ടതെ ന്നു് ആ മനുഷ്യന്നു് യാതൊരുനിശ്ചയവുമുണ്ടായിരുന്നില്ല! ആ ഗ്രാമത്തിലെ ജനങ്ങൾ വളരെ അസൂയാലുക്കളായിരു

ന്നു; ചെറിയമ്മ ജീവിച്ചിരിക്കുമ്പോഠംത്തന്നെ അവർ ആ പെൺകുട്ടിയെപ്പററി എല്ലാതരത്തിലുമുള്ള അസംബന്ധങ്ങളും പറഞ്ഞിരുന്നു; എന്നാൽ കൃപലാലതൊന്നും വിശ്വസിച്ചിരുന്നില്ല. ഇനി അയാഠംക്ക അവശേഷിപ്പുള്ളതു് തന്റെ ചെറിയമ്മയുടെ മകഠം മാത്രമാണു്; അവഠംക്കൊരു ഭർത്താവും കുടുംബവുമൊക്കെയുള്ളതുകൊണ്ടു് ഇവളുടെ ഭാരംകൂടി കൈയ്യേല്ക്കുവാൻതയ്യാറുണ്ടാവുകയില്ല.

മുക്താമാല ജൂലാനിയെ താമസിപ്പിക്കാമെന്നു് ഏററപ്പോഠം ആ വൃദ്ധന്റെ ചുമലിൽനിന്നൊരു വലിയ ഭാരം ഇറങ്ങി. കുട്ടികളെ നോക്കുക, അത്ര സാരമുള്ളൊരു പ്രവൃത്തിയല്ല; ചെയ്യേണ്ടതെന്തൊക്കെയാണെന്നു മനസ്സിലാക്കി, അവഠം അതു് എളുപ്പത്തിൽ ചെയ്തുതീർത്തുകൊള്ളും. അവഠം ജനിച്ചുവളർന്നതു് ഒരു ഗ്രാമത്തിലാണു്; സാധാരണയായി പണിയെടുത്തു ശീലിച്ചിട്ടുമുണ്ടു്.

കൃപലാലുമായുണ്ടായ സംഭാഷണം മുക്താമാലയുടെ ഉറക്കത്തെ ഓടിച്ചുകളഞ്ഞു; അവഠം തന്നൽസ്സാമാനങ്ങളെടുത്തു പ്രവൃത്തി തുടങ്ങി. പക്ഷെ ചുവട്ടിലെ മുറിയിൽനിന്നു് ജ്യേഷ്ഠത്തിയുടെ കോപിച്ചുകൊണ്ടുള്ള ശബ്ദം പ്രവൃത്തി തടസ്സപ്പെടുത്തി.

കൃപലാലിനെക്കൂടാതെ ആ വീട്ടിൽ രണ്ടു വാലിയക്കാരും രണ്ടു വാലിയക്കാരത്തികളുംകൂടിയുണ്ടു്; പക്ഷെ ആ വൃദ്ധൻ ഒരൊററദിവസമെങ്കിലും അവിടെ ഇല്ലാതിരു

ന്നാൽ അവരൊന്നുംതന്നെ ശരിയായ വഴിയ്ക്കു് നടക്കുക യില്ല. അയാറം തന്നത്താൻ എല്ലാവരുടേയും മേലന്വേ ഷണം നടത്തും. ഒന്നിനേയും മടി കാണിച്ചിരിപ്പാനയ യ്ക്കില്ല; ഒരുപാട്ട് കുട്ടികളുള്ള വലിയ എജമാനത്തി അവരുടെ കാര്യങ്ങറം അന്വേഷിച്ചുകൊണ്ടേ ഇരുന്നു. മുക്താമാലയ്ക്കു് രണ്ടു കുട്ടികളേ ഉണ്ടായിരുന്നുള്ളു; പക്ഷെ അവറംക്ക് വീട്ടുകാര്യങ്ങളിലൊന്നും അത്ര ശ്രദ്ധയുണ്ടായി രുന്നില്ല; വായിക്കുന്നതിലും നൂലുകൊണ്ട് ചിത്രപ്പണി കറം ചെയ്യുന്നതിലും വിശേഷിച്ചും സിനിമാ 'കാണുന്ന' തിലുമായിരുന്നു താല്പര്യം. രൂപലാൽ പോയതിന്റെ ശേഷം അതുനിമിത്തമുള്ള ബുദ്ധിമുട്ട് അങ്ങേ അററ ത്തോളം ഓരോരുത്തക്കും അനുഭവപ്പെട്ടു. ഇപ്പോറം രൂപ ലാലിനു് പകരം അങ്ങാടിയ്ക്കു പോകുന്ന ഭൃത്യൻ സാധാ രണയായി സാമാനം വാങ്ങുവാൻ കൊടുത്ത പണത്തിൽ പകുതി കക്കും. എന്തെങ്കിലും പ്രവൃത്തി ശരിയായോ വേണ്ട സമയത്തോ ആ വീട്ടിൽ നടന്നിരുന്നില്ല. എജമാ നന്മക്കും എജമാനത്തികറംക്കുമെല്ലാം കോപം വന്നുതുട ങ്ങി. വക്കീൽ രാവിലെ ലഘുഭക്ഷണത്തിനിരുന്നു; അദ്ദേ ഹം ഭാര്യയോട്ട് ഒരു വിരസമായ മര്യാദയോടുകൂടി ചോ ദിയ്ക്കുയാണ്:—"ഒന്നിനും കൊള്ളരുതാത്ത ഇത്തരം സാ ധനങ്ങളേ ഇവററയ്ക്കു് അങ്ങാടിയിൽ കിട്ടുകയുള്ളു? അ തോ നല്ലതു വാങ്ങുവാൻ ഇവിടെ പണമില്ലാഞ്ഞിട്ടോ?"

പ്രൊഫസർ അദ്ദേഹത്തിന്റെ ഭാര്യയോടു പറ ഞ്ഞു:—"ദയവുചെയ്തു് യൂറോപ്യൻ ഭരണതന്ത്രങ്ങളെ

പ്പററി പറഞ്ഞു ബുദ്ധിമുട്ടിക്കാതെ എങ്ങിനെയാണ് ഒരു കൂട്ടാനുണ്ടാക്കുകയെന്നു ആ വെപ്പുകാരന് പറഞ്ഞുകൊടുക്കാമോ? എന്നാലതു് ഞങ്ങൾക്കുചെയ്യുന്ന ഒരു വലിയ ഉപകാരമായിരിക്കും."

വീട്ടിലെ എജമാനന്മാർ അവരുടെ ഭാര്യമാരോടു ശുണ്ഠിയെടുത്തു; എജമാനത്തികൾ ഭൃത്യന്മാരെ ശകാരിച്ചു. ഭൃത്യന്മാക്കു സുഖമില്ലാതായി; ചിലർ പോവാൻ പുറപ്പെട്ടു; ചിലർ കൂടുതൽ മടിയന്മാരും ഭരിയ്ക്കപ്പെടുവാൻ കഴിയാത്തവരുമായിത്തീൎന്നു. ആയമാർ ഉപായത്തിൽ ആരും കാണാതെ കുട്ടികളെ അടിപ്പാൻ തുടങ്ങി.

ഇങ്ങിനെ ദിവസങ്ങൾ കഴിഞ്ഞുപോയിക്കൊണ്ടിരുന്നു; അവിടത്തെ ബുദ്ധിമുട്ടുകളും കഴപ്പങ്ങളും വദ്ധിച്ചും വന്നു. വക്കീലിൻെറ ഭാൎയ്യയുടെ സ്വഭാവം അവിടെനിന്നെല്ലാവരെയും ഓടിച്ചുകളയത്തക്കവണ്ണം അത്രയും ചീത്തയായിത്തീൎന്നു. താൻ കുറെക്കാലത്തേയ്ക്കു തൻെറ അച്ഛൻെറ വീട്ടിൽപ്പോയി താമസിക്കാൻ തീർച്ചപ്പെടുത്തിയിരിയ്ക്കുന്നതായി മുക്താമാല ഭർത്താവിനോടു പറയുകയും ചെയ്തുകഴിഞ്ഞു.

ഈ ഘട്ടത്തിലാണ് രൂപലാൽ തൻെറ ഭാൎയ്യയായ ജൂലാനിയോടുകൂടി എത്തിച്ചേൎന്നതു്! അവളുടെ ശരീരത്തിനും മുഖത്തിനും നല്ല ഭംഗിയുണ്ടായിരുന്നു. നിറം കറുപ്പാണ്; പക്ഷെ അതിന്നൊരു പ്രത്യേക ഭംഗിയുണ്ട്. ആരോഗ്യം ആ നിറത്തിനു കുറെക്കൂടി ഭംഗി പിടിപ്പിച്ചു. കണ്ണുകൾ വലിയവയും പ്രകാശമുള്ളവരുമായിരുന്നു.

മഷി എഴുതുമ്പോൾ അവയ്ക്കു കൂടുതൽ വലിപ്പവും പ്രകാശവും ഉള്ളതായിതോന്നും. തലമുടി വൃത്തിയായി വകഞ്ഞുകെട്ടിയിരിക്കും.

"നീ എങ്ങിനെയാണ് നിൻെറ കുട്ടിയെ ഇവളുടെ കയ്യിലേല്പിയ്ക്കാൻ ഇഷ്ടപ്പെടുന്നത്?" മുക്താമാലയുടെ ജ്യേഷ്ഠത്തി ചോദിച്ചു. "കുട്ടിയുടെ നിറം കറുത്തു നീലിച്ചു പോകും. അവളുടെ ആ വല്ലാത്ത ആഭരണങ്ങൾ നോക്കു; ആ കുട്ടിയുടെ തല പൊട്ടിപ്പോകും."

മുക്താമാല ചിരിച്ചുകൊണ്ടു പറഞ്ഞു:—"ആട്ടെ, ഞാൻ നോക്കട്ടെ; രൂപലാലിനോടു പറഞ്ഞു് ഇതിൽ നിന്നു കുറെയെങ്കിലും അഴിച്ചുവെപ്പിക്കാൻ നോക്കാം."

ജൂലാനിക്ക് ഈ അപരിചിതമായ സ്ഥലത്തു് അശേഷവും സങ്കോചം ഉള്ളതായി കാണപ്പെട്ടില്ല; അവൾ അവളുടെ ഗ്രാമീണസമ്പ്രദായത്തിൽ എല്ലാവരോടും സംസാരിച്ചു; അവളൊരു സന്തോഷത്തോടുകൂടിയ പെൺകിടാവായിരുന്നു. എല്ലാവരേയും സന്തോഷിപ്പിയ്ക്കുന്ന ഒരു പുഞ്ചിരിയോടുകൂടിയാണ് എപ്പോഴും ആ ബാലികയെ കാണുക. രൂപലാൽ അവളെ അങ്ങേ അററത്തോളം സ്നേഹിക്കുന്നതായിട്ടാണ് കാണപ്പെട്ടതു്. അയാൾ അവൾക്കു പല തരത്തിലുള്ള വസ്ത്രങ്ങളും ആഭരണങ്ങളും വാങ്ങിക്കൊടുത്തിരുന്നു; എന്നുമാത്രമല്ല അവൾ പ്രവൃത്തിയെടുത്തു ക്ഷീണിച്ചുപോകാതിരിക്കാനും വളരെ സൂക്ഷിച്ചിരുന്നു. ഇതുനിമിത്തം വെപ്പുപ്രവൃത്തികൾക്കു് അ

വളെ ദുല്ലഭമായേ അയാളയച്ചിരുന്നുള്ള. മിക്കവാറും ആ വയസ്സൻതന്നെ ആ പണി ചെയ്യുകയാണു് പതിവു്.

"ആ വിഡ്ഢിക്കിഴവനെ നോക്കൂ; അയാഠം ആ പെണ്ണിനെ തലയിലെടുത്തുംകൊണ്ടു നടക്കാൻ കൂടി തയ്യാറാണു്" എന്നു ജ്യേഷ്ഠത്തി രൂപലാലിനെ പരിഹസിച്ചുകൊണ്ടു പറഞ്ഞു. "ശരിയാണു്; നമുക്കൊക്കെ കിട്ടുന്നതു വലിയനാണക്കേടു തോന്നിക്കുന്ന ശകാരമാണല്ലൊ. എനിയ്ക്കും ജൂലാനിയേക്കാഠം ഒട്ടും വയസ്സു കൂടുതലില്ല, പക്ഷെ നിങ്ങളുടെ അനുജൻെറ നാവിൽനിന്നു് ഒരു നല്ലവാക്കു കേഠംക്കാൻ ഇതുവരെ ഭാഗ്യമുണ്ടായിട്ടില്ല. കിഴവന്മാരായ ഭർത്താക്കന്മാർ മറെറാന്നുമില്ലെങ്കിലും അവരുടെ ഭാൎയ്യമാരെ പുകഴ്ത്തിപ്പറകയെങ്കിലും ചെയ്യും" എന്നായിരുന്നു മുക്താമാലയുടെ മറുപടി.

ജൂലാനിയുടെ വരവിൽ മുക്താമാലയുടെ ആയയൊഴിച്ചു് ബാക്കിയെല്ലാവരും സന്തോഷിച്ചു. മുക്താമാല ജൂലാനിയെ തൻെറ സ്ഥാനത്തു വെപ്പാൻ പോകുന്നുവെന്നവഠം കേട്ടിട്ടുണ്ടായിരുന്നു. പണി അത്ര സാരമുണ്ടായിരുന്നില്ല: ശമ്പളം മോശവുമല്ലായിരുന്നു. മുക്താമാല ഒരു നല്ല എജമാനത്തിയുമാണു്. അതുകൊണ്ടവഠംക്കു് യഥാൎത്ഥത്തിൽ പോകണമെന്നുണ്ടായിരുന്നില്ല. പോകേണമെന്നു പറഞ്ഞതു ശമ്പളം വല്ലതും കയററിക്കിട്ടേണമെന്നുള്ള ഒരു ഉപായം മാത്രമാണു്; എന്നാൽ ജൂലാനിയുടെ വരവു് അവളുടെ ഈ പ്ലാൻ മുഴുവൻ തെററിച്ചു. അതുകൊണ്ടവഠംക്കു് ആ പെൺകിടാവിനോടു് ദേഷ്യമായി.

എജമാനത്തിയോടു പറഞ്ഞതു് കുറെ അബദ്ധ മായെന്നു് അവരം വിചാരിച്ചു; പക്ഷെ ഇനി പോകുന്നി ല്ലെന്നു പറയുന്നതു മോശമാണു്. "നീ പറഞ്ഞില്ലേ, കുറച്ചുദിവസംകൂടി ഇവിടെതാമസിച്ചു് ജൂലാനിയെ അവ ളുടെ പ്രവൃത്തി പഠിപ്പിച്ചേ പോകുന്നുള്ളുവെന്നു്?" മുക്താ മാല ചോദിച്ചു.

"ഇല്ല കൊച്ചമ്മേ, ഞാൻ പോവുകയാണു്; എ ന്റെ അമ്മയ്ക്കു് ദീനം കലശലാണു്; അതുകൊണ്ടു് വേ ഗം പോയേ കഴിയൂ." എന്നായിരുന്നു ഒരു സുഖമില്ലാത്ത മട്ടിലുള്ള ആയയുടെ ഉത്തരം.

മുക്താമാല ഒരു ദാക്ഷിണ്യസമ്പന്നയായ എജമാന ത്തിയായിരുന്നു; എന്നാൽ അവരം വാല്യക്കാർ വലിയ നാട്യം നടിയ്ക്കുന്നതു് സമ്മതിച്ചിരുന്നില്ല; അതുകൊണ്ടു് പിന്നെ ഒന്നുംതന്നെ പറഞ്ഞില്ല; അവളെ പോകാനനു വദിച്ചു. ആയ പോകുമ്പോരം പറയുകയാണു്:— "കൊ ച്ചമ്മേ, ആ പെണ്ണിനെ നല്ലവണ്ണം ശ്രദ്ധിച്ചോളണേ; എനിയ്ക്കവളുടെ ആ കള്ളനോട്ടം അത്ര പിടിക്കുന്നില്ല. ഒരു നല്ല സാരിയോ വല്ല ആഭരണമോ കണ്ടാൽ അവ ളെത്ര ആർത്തിയോടുകൂടിയാണു് നോക്കുന്നതെന്നോ!"

മുക്താമാല അവളോടു് അവളുടെ പ്രവൃത്തി നോക്കി ക്കൊള്ളുവാൻ പറഞ്ഞു. ആയയുടെ വായു് അടഞ്ഞു പോയി; പുതിയതായി ഗ്രാമത്തിൽനിന്നു വന്നവളായതു കൊണ്ടു് പട്ടണസമ്പ്രദായങ്ങരം അറിയാതെ ജൂലാനിയ്ക്കു പലേ തെററുകളും പററുമെന്നു് അവരം പ്രതീക്ഷിച്ചി

രുന്നു. ആ പെൺകിടാവിന്ന് നല്ല ആരോഗ്യവും ശക്തി യും ഉള്ളതായിത്തോന്നി; പക്ഷെ രൂപലാലിൻെറ മന്ത ത്തംകൊണ്ടവറം ഒരുപക്ഷെ കേടുവന്നിട്ടുണ്ടായിരിക്കുമോ എന്നായിരുന്നു മുക്താമാലയുടെ സംശയം. പരീക്ഷിച്ചു നോക്കിയപ്പോറം പട്ടണത്തിലുള്ള ആയമാരേക്കാറം വള രെ മീതെയാണ് ജൂലാനി കാണപ്പെട്ടതു്. അവറം ഒരി യ്ക്കലും നിരുന്മേഷയാകാതെ ഒരു പുഞ്ചിരികൊള്ളുന്ന മുഖത്തോടുകൂടി പ്രവൃത്തി എടുക്കും; എന്തെങ്കിലും ഒന്നു ചെയ്യാൻ ഒരു ദിവസം പറഞ്ഞാൽ മതി, പിന്നെ ദിവ സവും അവളതു തെററാതെ ചെയ്തുകൊള്ളും. കണ്ടപ്പോ ഴേയ്ക്കുതന്നെ കുട്ടികറംക്ക് അവളെ ഇഷ്ടമായി; പഴയ ആയയെ അവർ ഓർമ്മിയ്ക്കാതാവുകയും ചെയ്തു.

എന്നാൽ അവളുടെ ആഭരണങ്ങറം നീക്കം ചെയ്യു ന്നതു് വളരെ പ്രയാസമുള്ള ഒരു കാര്യമായിരുന്നു. കൈ യിൻെറ മുട്ടുവരെ മൂടിക്കിടന്നിരുന്ന ഓട്ടുവളകളെ അവ റം വളരെ വിലമതിച്ചിരുന്നു; അവ ഊരിക്കളയുവാൻ പ റഞ്ഞാൽ മതി അവറം വളരെ സങ്കടപ്പെട്ടു തേങ്ങിക്കര യുവാൻ! രൂപലാലും ഈ അഭിപ്രായത്തോടു യോജിച്ചിരു ന്നില്ല; ഗ്രാമത്തിൽനിന്നാരെങ്കിലും വരുമ്പോറം ജൂലാനി യുടെ ആഭരണങ്ങറം കണ്ടില്ലെങ്കിൽ അതു വലിയ സം സാരത്തിന്നിടയാക്കും; എന്നു മാത്രമല്ല അവർ ജൂലാനി യുടെ കൈകൊണ്ടു് കൊടുത്ത വെള്ളംകൂടി സ്വീകരിക്കു കയുമില്ല. ഇതായിരുന്നു രൂപലാലിൻെറ അഭിപ്രായം.

ഒടുവിൽ ഒരു പുതിയ വഴി കണ്ടുപിടിച്ചു; അതു കൊണ്ടു് ബുദ്ധിമുട്ടുകൂടാതെ കാര്യം സാധിയ്ക്കാമെന്ന നില

യിലായി. ശ്രുപലാൽ വളരെ പഴക്കമുള്ള ഒരു ഭൃത്യ നാണ്. തൻെറ ഏജമാനൻെറ കുടുംബത്തിനുവേണ്ടി എന്തുത്യാഗങ്ങളും ചെയ്യാൻ അയാറാ ഒരുക്കവുമാണ്. ഒടുവിൽ ജൂലാനിയും ആ വളകറാ അഴിച്ചുകളവാൻ സമ്മതിച്ചു. മുക്താമാലയുടെ യുക്തിവാദംകൊണ്ടുണ്ടായിത്തീൎന്ന സ്വാധീനശക്തിയും, ജൂലാനിയുടെ അത്യാഗ്രഹവുമാണ് അവളെ ഇങ്ങിനെ സമ്മതിപ്പിച്ചത്. മുക്താമാല അവറാക്ക് ഒരു ജോഡി വെള്ളിവള ഉണ്ടാക്കിക്കൊടുക്കാമെന്നേററു. ഇവ ഓട്ടുവളകളേക്കാറാ കൌതുകമുള്ളവയായിരിക്കുമെന്നത് തീൎച്ചതന്നെ.

ജൂലാനി ആഭരണങ്ങളണിയുന്നതിലും നല്ല വസ്ത്രങ്ങളുടുക്കുന്നതിലും കണക്കിലേറെ കൌതുകമുള്ളവളായിരുന്നു. അവറാ ഒരു ഗ്രാമീണപ്പെൺകിടാവും ഒരു ഭൃത്യൻെറ ഭാൎയ്യയുമാണ്. അതുകൊണ്ടവളുടെ ജീവിതത്തിൽ യാതൊരു സ്വൎണ്ണാഭരണങ്ങളും കാണുകയുണ്ടായിട്ടില്ല. വെള്ളികൊണ്ടുള്ള ആഭരണങ്ങറാ അവളെ സംബന്ധിച്ചേടത്തോളം അനൎഘങ്ങറാ തന്നെയായിരുന്നു. പട്ടണത്തിലെ പണക്കാരികളായ സ്ത്രീകറാ മൂക്കിൽ സ്വൎണ്ണംകൊണ്ടുള്ള ഞാത്തുകളും കഴുത്തിൽ സ്വൎണ്ണപ്പണ്ടങ്ങളും അണിഞ്ഞു നടക്കുമെന്നും മററുമുള്ള കഥ അവറാ കേട്ടിട്ടുണ്ട്. ഭക്ഷണം കഴിക്കുമ്പോറാ ഞാത്തുകറാ കഴുത്തിൽക്കൂടി ചുററിപ്പിന്നോക്കം ഇടത്തുക്കവണ്ണം അവ അത്രയും നീളമുള്ളവയായിരിയ്ക്കും! ആ മാന്യസ്ത്രീകറാ ഒരിയ്ക്കലും അവരുടെ കട്ടിലുകളിന്മേൽനിന്ന് കീഴ്പോട്ടിറങ്ങില്ല. അവരുടെ ശരീരത്തിൻെറ ഘനം ആഭരണങ്ങളുടെ ഘനംപോലെ

തന്നെ അത്ഭുതപ്പെടത്തക്കതായിരിയ്ക്കും! ഇങ്ങനെ യൊക്കെയുള്ള വിവരങ്ങളാണ് ജൂലാനിയ്ക്കും മററു ഗ്രാമീണസ്ത്രീകളെപ്പോലെ നാഗരികാംഗനമാരെപ്പററിയുണ്ടായിരുന്നത്.

നല്ല വെള്ളിവളകഠം കിട്ടിയപ്പോഠം ഓട്ടുവളകഠം അഴിച്ചുകളയുവാൻ ജൂലാനി തടസ്സമൊന്നും പറകയുണ്ടായില്ല. ഈ കുറഞ്ഞ കാലംകൊണ്ടുതന്നെ അവളുടെ അഭിപ്രായങ്ങഠംക്ക് ഒരു വലിയ മാററം സംഭവിച്ചു. അവളുടെ തലമുടി പുതിയ ഫാഷനിൽ വകഞ്ഞുകെട്ടുവാൻ തുടങ്ങി. മററു പലകാൎയ്യങ്ങളിലും മാററങ്ങഠം വന്നുചേൎന്നു. ഇതേവരെ അവഠം മണ്ണുകൊണ്ടാണ് മേൽ തേച്ചിരുന്നത്'; എന്നാലിപ്പോഠം സോപ്പ് ഒഴിയ്ക്കാൻ വയ്യാതായിക്കഴിഞ്ഞിരിയ്ക്കുന്നു. ആദ്യം അവഠം കുട്ടികളുടെ വസ്ത്രങ്ങഠംതിരുമ്മുവാൻ മുക്താമാല കൊടുത്തിരുന്ന സോപ്പാണ് ഉപയോഗിച്ചു തുടങ്ങിയത്: എന്നാൽ ഇതുകൊണ്ടവളുടെ ആഗ്രഹം പൂൎത്തിയായില്ല. "കൊച്ചമ്മെ, എനിയ്ക്കൊരു സോപ്പുകട്ട തരുമോ?" എന്ന് മുക്താമാലയോട് അവഠം ധൈൎയ്യപ്പെട്ടുകൊണ്ട് ചോദിയ്ക്കുക തന്നെ ചെയ്തു. "നിനക്കെന്തിനാണത്?" മുക്താമാല ചിരിച്ചുകൊണ്ട് ചോദിച്ചു. ജൂലാനിയ്ക്കു കുറച്ചൊരു സങ്കോചം തോന്നി; അവഠം പറഞ്ഞു:—"എനിയ്ക്കു കയ്യും മുഖവും തേച്ചു കഴുകാൻതന്നെ; ഇന്നലെ കൊച്ചമ്മ പറഞ്ഞില്ലേ നല്ല വൃത്തിയും വെടിപ്പും വേണമെന്ന്?" മുക്താമാല അപ്പോഠംത്തന്നെ ഒരു കട്ട സോപ്പെടുത്തു കൊടുത്തു; ജൂലാനി സംതൃപ്തിയോടുകൂടി പോവുകയും ചെയ്തു.

കിഴവനായ രൂപലാലിന് ജൂലാനിയുടെ ഈ പെട്ടെന്നുള്ള പരിവൎത്തനങ്ങളൊന്നും അത്ര പിടിച്ചില്ല; എങ്കിലും അയാളതിനെപ്പററി പറഞ്ഞു വേദനിപ്പിച്ച് അവളെ കരയിപ്പാനിടവരുത്തിയില്ല; അവളൊരു ചെറിയ പെൺകിടാവാണ്. അവൾക്ക് അലങ്കാരങ്ങളിലും മററും അഭിരുചിയുണ്ടാകുന്നത് സ്വാഭാവികമാണ്. ഒരു പെൺകുട്ടി വളരെ വേഗത്തിൽ മററുള്ളവരെ അനുകരിക്കുന്നു. അതെല്ലാവരും ചെയ്തിട്ടുള്ളതുമാണ്. അതുകൊണ്ട് അവൾ അതിരു കടന്നിട്ടില്ലെങ്കിൽ അയാളൊന്നും പറയുമായിരുന്നില്ല. ജൂലാനി അവളുടെ രണ്ടു വസ്ത്രങ്ങൾ കൊടുത്ത് വിലകുറഞ്ഞ ഒരു കണ്ണാട്ടിയും പരിഷ്കാരത്തിലുള്ള ചിപ്പുകളും മററും വാങ്ങിയപ്പോൾക്കൂടി അയാളൊന്നും മിണ്ടുവാൻ പോയില്ല. പരുത്ത പരുത്തിത്തുണിയാണ് കൊടുത്തതെങ്കിലും അതു വളരെ പുതിയതായിരുന്നു. രൂപലാൽ ദേഷ്യംകൊണ്ടു വിറച്ചു; എങ്കിലും അയാൾ ഒന്നും പറയാതെ ശാന്തനായിരുന്നു.

എന്നാൽ എവിടെയാണ് നിൎത്തേണ്ടതെന്ന് ജൂലാനിയ്ക്കറിഞ്ഞിരുന്നില്ല. ഒരു ദിവസം അവൾ ഓടുകൊണ്ടുള്ള വലിയ കണ്ണാഭരണങ്ങൾ ഒന്നു മാററി സ്വൎണ്ണംകൊണ്ടുണ്ടാക്കിച്ചു തരേണമെന്ന് രൂപലാലിനോടു പറഞ്ഞു. രൂപലാലൊരു ദരിദ്രനായിരുന്നില്ല; അയാൾ എല്ലായ്പോഴും വലിയ പലിശയ്ക്കു പണം കടംകൊടുത്തിരുന്നു. ഒരു മരപ്പെട്ടിയിൽ ഒരു സഞ്ചിനിറച്ചും പണമിരിക്കുന്നതു ജൂലാനിതന്നെ കണ്ടിട്ടുണ്ട്. അയാൾ അവൾക്കൊരു കണ്ണാ

ഭരണം വാങ്ങിക്കൊടുക്കില്ലേ? അതിന് ഏതാണ്ട് പതിനഞ്ചുറുപ്പികയിലധികം വില വരികയില്ല. ഒരു ഈററനെപ്പോലെ അയാളുണ്ടാക്കുന്ന പണമൊക്കെ ആരാണനുഭവിപ്പാൻ പോകുന്നത്? അയാൾക്ക് അത് മരിയ്ക്കുമ്പോൾ കൂടെ കൊണ്ടുപോകുവാൻ സാധിക്കുമോ?

ക്രപലാലിന് ഇനി ഒട്ടും സഹിക്കുവാൻവയ്യ എന്ന ഘട്ടത്തിലായി. അയാൾ ഒരു വടിയെടുത്ത് ആഭാസമായ വാക്കുകൾ വിളിച്ചുപറഞ്ഞുകൊണ്ട് അവളുടെ പിന്നാലെ ഒട്ടവാൻ തുടങ്ങി. അയാളെ അവൾ വല്ലാതെ വിഷമിപ്പിട്ടുണ്ട്; "ആളേറെ കുത്തിയാൽ ചോരയും കടയ്ക്കു"മെന്ന ഘട്ടങ്ങളും ചിലപ്പോൾ ഉണ്ടാകാം.

ജൂലാനി മുക്താമാലയുടെ മുറിയിലേയ്ക്കോടി അവിടെ രക്ഷപ്രാപിച്ചു. മുക്താമാലയ്ക്ക് അവളുടെ കരച്ചിൽ കണ്ടിട്ട് അത്ഭുതം തോന്നി; അവൾ ചോദിച്ചു:—"എന്തിനാണ് നീയിങ്ങനെ നിലവിളിച്ചുകൊണ്ടോടുന്നത്?"

"അവരുണ്ട് എന്റെ പിന്നാലെ ഒരു വടിയുമായി ഓടിവരുന്നു." ജൂലാനി പറഞ്ഞു.

"എന്തിന്?" മുക്താമാല വീണ്ടും ചോദിച്ചു. ജൂലാനിയ്ക്ക് നല്ല കല്പനാശക്തിയുണ്ടായിരുന്നു; അവൾ പറഞ്ഞു:—"ഞാൻ വലിയ മദാമ്മയായിത്തീന്നിരിക്കുന്നു; ഉടുത്തു ഞെളിഞ്ഞു നടക്കുകയല്ലാതെ യാതൊരു പണിയും എടുക്കുന്നില്ല. എപ്പോഴും മടികാണിച്ചിരിയ്ക്കുയാണ് എന്നൊക്കെയാണ് അവർ പറയുന്നത്."

മുക്താമാലയ്ക്കു വല്ലാതെ ശുണ്ഠിവന്നു. “അയാൾ പിന്നെപ്പിന്നെ കുട്ടിയാവുകയാണ്; തന്നെപ്പോലെതന്നെ എല്ലാവരും ആറുമാസം ഒരു വസ്ത്രംകൊണ്ടുതന്നെ കഴിച്ചു കൂട്ടണമെന്നാണ് അയാളുടെ വിചാരം. ബിഹാരി, പോയി രൂപലാലിനെ വിളിച്ചുകൊണ്ടുവാ” എന്നു മുക്താമാല കോപിച്ചുകൊണ്ടു പറഞ്ഞു.

ഉടനെ രൂപലാലവിടെ എത്തി. ജൂലാനി അകത്തുള്ള മറെറാരു മുറിയിലേയ്ക്കോടി, അവിടെ കുട്ടികളെ കളിപ്പിച്ചുകൊണ്ടിരിപ്പായി.

മുക്തമാലയ്ക്കു് ആ വയസ്സനോടു വലിയ കോപം വന്നിരുന്നു; അവൾ അയാളോടു തട്ടിക്കയറി:—“നിങ്ങളുടെ ബുദ്ധി തീരെ കെട്ടുകഴിഞ്ഞുവോ? എന്തിനാണാ ജൂലാനിയെ അടിയ്ക്കുവാനോടിയതു്? നിങ്ങളുടെ സ്വന്തം വീട്ടിൽവെച്ചു് എന്തെങ്കിലും ചെയ്തോളു; പക്ഷെ ഇവിടെ മയ്യാദയ്ക്കു് പെരുമാറണം. എനിയ്ക്കു് ഈ കാടത്തം കാണിയ്ക്കുന്നതു് വല്ലാത്ത വെറുപ്പാണ്.”

“ഞാനെന്താണ് കൊച്ചമ്മേ, കാണിക്കേണ്ടതു്? അവൾ വല്ല തെററും ചെയ്യുവാൻ പോകയാണെങ്കിൽ അതു മാററണ്ടേ?” വയസ്സൻ ചോദിച്ചു.

“തെററൊ” മുക്താമാല അത്ഭുതപ്പെട്ടുകൊണ്ടു് ചോദിച്ചു. “അവൾ നിങ്ങളെപ്പോലെ വൃത്തികെട്ട നടക്കാത്തതു തെററാണെന്നാണോ നിങ്ങൾ വിചാരിയ്ക്കുന്നതു്? കുട്ടികളെ നോക്കുന്നതവളാണ്; അവൾ വൃത്തിയായിത്തന്നെ നടക്കണം.”

എതിൎത്തു പറയുവാൻ നില്ക്കാതെ ക്രുപലാലവിടെ നിന്നു പോയി. ഇവളെന്താണു് കൊച്ചമ്മയെ പറഞ്ഞു ധരിപ്പിച്ചിരിക്കുന്നതെന്നോൎത്തു് അയാളത്ഭുതപ്പെട്ടു. അവരംക്കു ചെറുപ്പമാണു്; അതുകൊണ്ടു് ആലോചിക്കാതെ വല്ല വിഡ്ഢിത്തവും പറഞ്ഞിട്ടുണ്ടാവും; എന്നാൽ ക്രുപലാലക്കാൎയ്യത്തിൽ വിഡ്ഢിയാവില്ല. വൃത്തികെട്ട ഉള്ളടപ്പ് പരസ്യമായി കഴുകി വൃത്തിയാക്കുന്നതുകൊണ്ടെന്താണു് പ്രയോജനം? തന്റെ ഭാൎയ്യയെ അയാരം മാന്യതയിൽ വെക്കുവാൻ ഭാവമില്ലെങ്കിൽ അയാരംക്കുവേണ്ടി മററുള്ളവരതു ചെയ്യുമെന്നു പ്രതീക്ഷിച്ചുകൂടാ. അവരയാളെ നോക്കി ചിരിയ്ക്കുമാത്രമാണു് ചെയ്യുക.

ക്രുപലാലും ജൂലാനിയും ബോസ്സകുടുംബത്തിൽ വെച്ചുപിന്നെ ലഹളയുണ്ടാക്കാതെ കഴിഞ്ഞുകൂടിയെങ്കിലും, അവരുടെ സ്വന്തം മനസ്സിലെ ശാന്തതയെല്ലാം ഇല്ലാതായിക്കഴിഞ്ഞിരുന്നു; ഇപ്പോരം വീട്ടിലെ എജമാനന്മാൎക്കു് കോപമൊന്നും വരാറില്ല; കാൎയ്യങ്ങളൊക്കെ ശരിക്കു നടന്നിരുന്നതുകൊണ്ടു് എജമാനത്തികളും സംതൃപ്തകളായിത്തന്നെ കഴിഞ്ഞുവന്നു; പക്ഷെ പ്രതീക്ഷിയ്ക്കാത്ത ഒരിടത്തുനിന്നു് ബുദ്ധിമുട്ടുകരം ഉണ്ടാവാൻ തുടങ്ങി.

ഒരു ദിവസം രാവിലെ ജ്യേഷ്ഠത്തി തന്റെ മകനെ, "കുട്ടികളാരെങ്കിലും മേശപ്പുറത്തുനിന്നു് ഒരു സിന്ദൂരച്ചെപ്പെടുത്തു കൊണ്ടുപോയിട്ടുണ്ടോ" എന്നന്വേഷിപ്പാൻ മുകളിലേയ്ക്കയച്ചു. മുക്താമാലയ്ക്കിതത്ര രസിച്ചില്ല; അവരം ചോദിച്ചു:— "കുട്ടികളെപ്പോഴാണു് താഴത്തേയ്ക്കു

പോയതു്? ഞാനവരുടെ കയ്യിൽ ഒന്നും കണ്ടില്ലല്ലോ. "ഖ്.കി"യ്ക്കു മേശപ്പുറത്തേക്കെത്തുകയില്ല. ജൂലാനി, ആ മുറിയിലൊക്കെയൊന്നു നോക്കു; അതവിടെയെവിടെ യെങ്കിലും കിടക്കുന്നുണ്ടാവും."

ജൂലാനി മുറിയിലെല്ലാടത്തും നോക്കീട്ടു പറഞ്ഞു:— "അതെവിടെയും കാണുന്നില്ല."

ജ്യേഷ്ഠത്തിയമ്മ പിന്നെയും അതിനെക്കുറിച്ചു കുറെ സംസാരിച്ചശേഷം മൌനമവലംബിച്ചു. അവൾക്കതു പോയതുകൊണ്ടുള്ള ഖേദം തീർന്നിട്ടില്ല. പക്ഷെ ധനികന്മാരായ മാതാപിതാക്കന്മാരുടെ പുത്രിയായ മുക്താമാല ദരിദ്രഗൃഹത്തിൽ വളർന്ന ജ്യേഷ്ഠത്തിയ്ക്കു് സാധനങ്ങളുടെ ശരിയായ വിലയറിഞ്ഞുകൂടായെന്നു വിചാരിച്ചെങ്കിലോ എന്ന ഭയമാണു് അവളെ മിണ്ടാതാക്കിയതു്.

കുറച്ചുദിവസം കഴിഞ്ഞതശേഷം അതേ മുറിയിൽനിന്നു് ഒരു പുതിയ ടക്കിസ്ടവ്വൽ കാണാതായി. ഇപ്രാവശ്യം വലിയ എജമാനത്തിയ്ക്കു കണക്കിലേറെ കോപം വന്നു. "എനിയ്ക്കാ കള്ളത്തിയുടെ മുഖത്തു് തീക്കൊള്ളി വെയ്ക്കാനാണു് തോന്നുന്നതു്; അവളെന്റെ സാധനങ്ങൾ ഏതൊക്കെയാണു് കക്കേണ്ടതെന്നു നോക്കിവെച്ചിരിയ്ക്കുന്നു.".

അവളുടെ ആയയായ സൌരവി കത്തുന്നതിയൊന്നിളക്കിക്കൊടുത്തു. "കൊച്ചമ്മേ, ഞാൻ പറയാം, അതൊക്കെ ആ ജൂലാനിയുടെ പണിയാണു്. അവൾക്കു അലങ്കാരസാധനങ്ങളിലൊക്കെ വലിയ ഇഷ്ടമാണു്. ആ വ

ഭരണം വാങ്ങിക്കൊടുക്കില്ലേ? അതിന് എത്രാണ്ട് പതി നഞ്ചുറുപ്പികയിലധികം വില വരികയില്ല. ഒരു ഈററ നെപ്പോലെ അയാളുണ്ടാക്കുന്ന പണമൊക്കെ ആരാണനു ഭവിപ്പാൻ പോകുന്നത്? അയാൾക്ക് അത് മരിയ്ക്കു മ്പോൾ കൂടെ കൊണ്ടുപോകുവാൻ സാധിക്കുമോ?

ശ്രീപലാലിന് ഇനി ഒട്ടം സഹിക്കുവാൻവയ്യ എന്ന ഘട്ടത്തിലായി. അയാൾ ഒരു വടിയെടുത്ത് ആഭാസമായ വാക്കുകൾ വിളിച്ചുപറഞ്ഞുകൊണ്ട് അവളുടെ പിന്നാ ലെ ഒട്ടുവാൻ തുടങ്ങി. അയാളെ അവൾ വല്ലാതെ വിഷ മിപ്പിട്ടുണ്ട്; "ആളേറെ കുത്തിയാൽ ചോരയും കട യ്ക്കു"മെന്ന ഘട്ടങ്ങളും ചിലപ്പോൾ ഉണ്ടാകാം.

ജൂലാനി മുക്താമാലയുടെ മുറിയിലേയ്ക്കോടി അവി ടെ രക്ഷപ്രാപിച്ചു. മുക്താമാലയ്ക്ക് അവളുടെ കരച്ചിൽ കണ്ടിട്ട് അത്ഭുതം തോന്നി; അവൾ ചോദിച്ചു:—"എ ന്തിനാണ് നീയിങ്ങനെ നിലവിളിച്ചുകൊണ്ടോടുന്നത്?"

"അവരുണ്ട് എന്റെ പിന്നാലെ ഒരു വടിയുമാ യി ഓടിവരുന്നു." ജൂലാനി പറഞ്ഞു.

"എന്തിന്?" മുക്താമാല വീണ്ടും ചോദിച്ചു. ജൂലാ നിയ്ക്ക് നല്ല കല്പനാശക്തിയുണ്ടായിരുന്നു; അവൾ പറ ഞ്ഞു:—"ഞാൻ വലിയ മദാമ്മയായിത്തീന്നിരിക്കുന്നു; ഉടുത്തു ഞെളിഞ്ഞു നടക്കുകയല്ലാതെ യാതൊരു പണി യും എടുക്കുന്നില്ല. എപ്പോഴും മടികാണിച്ചിരിയ്ക്കുയാണ് എന്നൊക്കെയാണ് അവർ പറയുന്നത്."

മുക്താമാലയ്ക്കു വല്ലാതെ ശുണ്ഠിവന്നു. "അയാാം പിന്നെപ്പിന്നെ കുട്ടിയാവുകയാണ്; തന്നെപ്പോലെതന്നെ എല്ലാവരും ആറുമാസം ഒരു വസ്ത്രംകൊണ്ടുതന്നെ കഴിച്ചു കൂട്ടണമെന്നാണ് അയാളുടെ വിചാരം. ബിഹാരി, പോയി രൂപലാലിനെ വിളിച്ചുകൊണ്ടുവാ" എന്നു മുക്താമാല കോപിച്ചുകൊണ്ടു പറഞ്ഞു.

ഉടനെ രൂപലാലവിടെ എത്തി. ജൂലാനി അകത്തുള്ള മററൊരു മുറിയിലേയ്ക്കോടി, അവിടെ കുട്ടികളെ കളിപ്പിച്ചുകൊണ്ടിരിപ്പായി.

മുക്തമാലയ്ക്കു് ആ വയസ്സനോടു വലിയ കോപം വന്നിരുന്നു; അവാം അയാളോടു തട്ടിക്കയറി:—"നിങ്ങളുടെ ബുദ്ധി തീരെ കെട്ടുകഴിഞ്ഞുവോ? എന്തിനാണാ ജൂലാനിയെ അടിയ്ക്കുവാനോടിയതു്? നിങ്ങളുടെ സ്വന്തം വീട്ടിൽവെച്ച് എന്തെങ്കിലും ചെയ്തോളൂ; പക്ഷെ ഇവിടെ മയ്യാദയ്ക്കു് പെരുമാറണം. എനിയ്ക്കു് ഈ കാടത്തം കാണിയ്ക്കുന്നതു് വല്ലാത്ത വെറുപ്പാണ്."

"ഞാനെന്താണ് കൊച്ചമ്മേ, കാണിക്കേണ്ടതു്? അവാം വല്ല തെററും ചെയ്യുവാൻ പോകയാണെങ്കിൽ അതു മാററണ്ടേ?" വയസ്സൻ ചോദിച്ചു.

"തെററോ" മുക്താമാല അത്ഭുതപ്പെട്ടുകൊണ്ടു് ചോദിച്ചു. "അവാം നിങ്ങളെപ്പോലെ വൃത്തികെട്ടു നടക്കാത്തതു തെററാണെന്നാണോ നിങ്ങാം വിചാരിയ്ക്കുന്നതു്? കുട്ടികളെ നോക്കുന്നതവളാണ്; അവാം വൃത്തിയായിത്തന്നെ നടക്കണം."

എതിൎത്തു പറയുവാൻ നില്ക്കാതെ ശ്രുപലാലവിടെ നിന്നു പോയി. ഇവളെന്താണു് കൊച്ചമ്മയെ പറഞ്ഞു ധരിപ്പിച്ചിരിക്കുന്നതെന്നോൎത്തു് അയാളത്ഭുതപ്പെട്ടു. അവൾക്കു ചെറുപ്പമാണു്; അതുകൊണ്ടു് ആലോചിക്കാതെ വല്ല വിഡ്ഢിത്തവും പറഞ്ഞിട്ടുണ്ടാവും; എന്നാൽ ശ്രുപലാലക്കാൎയ്യത്തിൽ വിഡ്ഢിയാവില്ല. വൃത്തികെട്ട ഉള്ളടപ്പു് പരസ്യമായി കഴുകി വൃത്തിയാക്കുന്നതുകൊണ്ടെന്താണു് പ്രയോജനം? തൻെറ ഭാൎയ്യയെ അയാൾ മാന്യതയിൽ വെക്കുവാൻ ഭാവമില്ലെങ്കിൽ അയാൾക്കുവേണ്ടി മററുള്ളവരതു ചെയ്യുമെന്നു പ്രതീക്ഷിച്ചുകൂടാ. അവരയാളെ നോക്കി ചിരിയ്ക്കുമാത്രമാണു് ചെയ്യുക.

ശ്രുപലാലും ജൂലാനിയും ബോസ്സകുടുംബത്തിൽ വെച്ചുപിന്നെ ലഹളയുണ്ടാക്കാതെ കഴിഞ്ഞുകൂടിയെങ്കിലും, അവരുടെ സ്വന്തം മനസ്സിലെ ശാന്തതയെല്ലാം ഇല്ലാതായിക്കഴിഞ്ഞിരുന്നു; ഇപ്പോൾ വീട്ടിലെ എജമാനന്മാൎക്കു് കോപമൊന്നും വരാറില്ല; കാൎയ്യങ്ങളൊക്കെ ശരിക്കു നടന്നിരുന്നതുകൊണ്ടു് എജമാനത്തികളും സംതൃപ്തകളായിത്തന്നെ കഴിഞ്ഞുവന്നു; പക്ഷെ പ്രതീക്ഷിയ്ക്കാത്ത ഒരിടത്തുനിന്നു് ബുദ്ധിമുട്ടുകൾ ഉണ്ടാവാൻ തുടങ്ങി.

ഒരു ദിവസം രാവിലെ ജ്യേഷ്ഠത്തി തൻെറ മകനെ, "കുട്ടികളാരെങ്കിലും മേശപ്പുറത്തുനിന്നു് ഒരു സിന്ദൂരച്ചെപ്പെടുത്തു കൊണ്ടുപോയിട്ടുണ്ടോ" എന്നന്വേഷിപ്പാൻ മുകളിലേയ്ക്കയച്ചു. മുകുന്ദമാലയ്ക്കിതത്ര രസിച്ചില്ല; അവൾ ചോദിച്ചു:— "കുട്ടികളെപ്പോഴാണു് താഴത്തേയ്ക്കു

പോയതു്? ഞാനവരുടെ കയ്യിൽ ഒന്നും കണ്ടില്ലല്ലോ. ''ഖ്കി''യ്ക്കു മേശപ്പുറത്തേക്കെടുക്കയില്ല. ജൂലാനി, ആ മുറിയിലൊക്കെയൊന്നു നോക്കു; അതവിടെയെവിടെയെങ്കിലും കിടക്കുന്നുണ്ടാവും.''

ജൂലാനി മുറിയിലെല്ലാടത്തും നോക്കീട്ടു പറഞ്ഞു:—''അതെവിടെയും കാണുന്നില്ല.''

ജ്യേഷ്ഠത്തിയമ്മ പിന്നെയും അതിനെക്കുറിച്ചു കുറെ സംസാരിച്ചശേഷം മൌനമവലംബിച്ചു. അവക്കതു പോയതുകൊണ്ടുള്ള ഖേദം തീൎന്നിട്ടില്ല. പക്ഷെ ധനികന്മാരായ മാതാപിതാക്കന്മാരുടെ പുത്രിയായ മുക്താമാല ദരിദ്രഗൃഹത്തിൽ വളൎന്ന ജ്യേഷ്ഠത്തിയ്ക്കു് സാധനങ്ങളുടെ ശരിയായ വിലയറിഞ്ഞുകൂടായെന്നു വിചാരിച്ചെങ്കിലോ എന്ന ഭയമാണു് അവളെ മിണ്ടാതാക്കിയതു്.

കുറച്ചുദിവസം കഴിഞ്ഞശേഷം അതേ മുറിയിൽനിന്നു് ഒരു പുതിയ ടക്കിസ്ടവ്വൽ കാണാതായി. ഇപ്രാവശ്യം വലിയ എജമാനത്തിയ്ക്കു കണക്കിലേറെ കോപം വന്നു. ''എനിയ്ക്കാ കള്ളത്തിയുടെ മുഖത്തു് തീക്കൊള്ളി വെയ്ക്കാനാണു് തോന്നുന്നതു്; അവളെന്റെ സാധനങ്ങൾ ഏതൊക്കെയാണു് കക്കേണ്ടതെന്നു നോക്കിവെച്ചിരിയ്ക്കുന്നു.''.

അവളുടെ ആയയായ സൌരവി കത്തുന്നതീയൊന്നിളക്കിക്കൊടുത്തു. ''കൊച്ചമ്മേ, ഞാൻ പറയാം, അതൊക്കെ ആ ജൂലാനിയുടെ പണിയാണു്. അവൾക്കു അലങ്കാരസാധനങ്ങളിലൊക്കെ വലിയ ഇഷ്ടമാണു്. ആ വ

ള്ളൻ വളരെ അധികം മുമ്പോട്ടു പോയിരിയ്ക്കുന്നു. ഇങ്ങനെ വിലപിടിച്ച സാധനങ്ങൾ കട്ടുതുടങ്ങിയാൽ അവർ പിന്നെ കൊലചെയ്യാൻകൂടി മടിയ്ക്കുമോ? അവൾ പോലീസിനെ വിളിയ്ക്കണമെന്നായി; ജ്യേഷ്ഠത്തിയും അതിനോട് യോജിച്ചു. എന്നാൽ "പററി' യെന്നായിരുന്നു വാസ്തവത്തിൽ അവളുടെ ഉള്ളിലുണ്ടായിരുന്ന വിചാരം.

വാല്യക്കാരുടെ ഒരു പ്രതിനിധിയുടെ മട്ടിൽ രൂപലാൽ മുന്നോട്ടുവന്നു പറഞ്ഞു:—കൊച്ചമ്മെ, ഞാൻ ഈ കുടുംബത്തിൽ പാത്തുതന്നെ ഇങ്ങനെ കിഴവനായി; ഇവരും ഇവിടുത്തെ ചോറുതന്നെയാണ് തിന്നുന്നതു അതുകൊണ്ടു് ഞങ്ങൾ ആരും ഇപ്രകാരം ഒരു പ്രവൃത്തി ചെയ്യില്ല. പോലീസിനെ വിളിച്ചു് ഞങ്ങളെ അപമാനത്തിൽപ്പെടുത്തുന്നതിനുമുമ്പ്, അവിടുന്നുതന്നെ ഞങ്ങളുടെ സാമാനങ്ങളൊക്കെ ഒന്നു പരിശോധിച്ചുനോക്കുക; എന്നിട്ടെന്തെങ്കിലും കണ്ടുവെങ്കിൽ പോലീസിനെ വരുത്തിക്കൊള്ളൂ.

മുക്താമാല കണക്കിലേറെ കോപിച്ചു. അവൾ വാലിയക്കാരുടെ മുറികളുടേയും പെട്ടികളുടേയും പരിശോധന തുടങ്ങി; എന്നാൽ ഒന്നും കണ്ടില്ല. ഒരു വാലിയക്കാരൻ അന്നുതന്നെ അവിടം വിട്ടുപോയി. മററുള്ളവരും ഒന്നായി പിരിയുവാനുള്ള അവരുടെ ആഗ്രഹം അറിയിച്ചു. ഇങ്ങനെ കുറച്ചുദിവസം കഴിഞ്ഞു.

ഉണ്ണാനിരിയ്ക്കുന്ന മുറി താഴത്തായിരുന്നു. ആദ്യം പ്രൊഫസർ പ്രാതൽ കഴിയ്ക്കും; അദ്ദേഹത്തിൻെറ

ജ്യേഷ്ഠൻ വക്കീൽ കുറച്ചുകൂടി വൈകീട്ടാണ് പ്രാതൽ കഴിയ്ക്കുക. അന്ന് മുക്താമാലയും ഭർത്താവിൻെറ ഒന്നിച്ച് ഒക്കെ ശരിയായിട്ടില്ലേ എന്നു നോക്കാൻ വന്നിരുന്നു. പെട്ടെന്നവൾ "അയ്യോ, എൻെറ ദൈവമേ, പണപ്പെട്ടിയുണ്ടു് ഞാൻ മുകളിൽ തുറന്നിട്ടുപോന്നിട്ട്!" എന്നുംപറഞ്ഞു് കസാലയിൽനിന്നു ചാടി എഴുന്നേററു.

മുക്താമാല മുകളിലേയ്ക്കോടി. ജൂലാനി മുറി അടിച്ചു വാരുന്നുണ്ടായിരുന്നു. അവൾ എജമാനത്തിയെ കണ്ടപ്പോൾ കാലുകൊണ്ടെന്തൊ ഒന്ന് മുണ്ടുകളുടെ ചുവട്ടിലേയ്ക്കു നീക്കി. അതു മുക്താമാല കണ്ടു; ഒന്നും കാണാനുണ്ടായിരുന്നില്ല. അവൾ പണപ്പെട്ടിയുടെ അടുത്തു ചെന്ന് എല്ലാം നല്ലവണ്ണം പരിശോധിച്ചുനോക്കി. ഒന്നും പോയിട്ടുണ്ടായിരുന്നില്ല. പെട്ടിപൂട്ടി അവൾജൂലാനിയെ വിളിച്ചു പറഞ്ഞു;—"താഴത്തുപോയി ബീഹാരിയെ വിളിച്ചുകൊണ്ടുവാ; എനിയ്ക്കവനെ അങ്ങാടിയിലോളം ഒന്നയയ്ക്കണം."

ജൂലാനി താഴത്തേയ്ക്കു പോയ ഉടനെ, മുക്താമാല വസ്ത്രങ്ങൾ വെച്ചിട്ടുള്ളതിൻെറ അടുത്തേയ്ക്കു ചെന്ന് ജൂലാനി അതിൻെറ ഉള്ളിലേയ്ക്കു നീക്കിവെച്ചിരുന്നതെന്താണെന്നുനോക്കി. അതു് അവളുടെ സ്വർണ്ണംകൊണ്ടുള്ള ബ്രൂച്ചായിരുന്നു. മുക്താമാലയ്ക്കു് വല്ലാതെ കോപംവന്നു. അവിടത്തെ ബുദ്ധിമുട്ടുകൾ വിചാരിച്ച് അവളുടെ കണ്ണിൽ വെള്ളം വരാൻ തുടങ്ങി. ജൂലാനിയെ രക്ഷിപ്പാൻവേണ്ടി അവൾ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ആ അസത്ത് അവളുടെ സ്വന്തം മുറിയിൽനിന്നും കക്കുന്നു!

ഈ സമയത്തു ജൂലാനി തിരിച്ചുവന്നു. ആ ബ്രൂച്ച് കൊച്ചമ്മയുടെ കൈയിൽ കണ്ടപ്പോൾ അവൾ ഒരു മൃതശരീരം പോലെയായിക്കഴിഞ്ഞു! "ഇതെന്താണ്? ചെകുത്താനെ!" മുക്താമാല ചോദിച്ചു. "നീയൊരു വല്ലാത്ത കേമിയാണ്, അല്ലേ?"

ജൂലാനി ഉറക്കെ തേങ്ങിക്കരയുവാൻ തുടങ്ങി; മുക്താമാല ജനലിന്റെ അടുത്തേയ്ക്കോടിച്ചെന്നു് ഉറക്കെ വിളിച്ചു:—"രൂപലാൽ, രൂപലാൽ!"

രൂപലാലുടനെ ഓടിവന്നു. "എന്താണ് കൊച്ചമ്മേ!" മുക്താമാല ബ്രൂച്ച് പൊതിഞ്ഞുവെച്ചിരുന്ന പൊതി കാണിച്ചു പറഞ്ഞു;—ജൂലാനി ഇതു വസ്ത്രങ്ങളുടെ അടിയിൽ ഒളിച്ചു വെയ്ക്കുയായിരുന്നു. ഞാനതു യദൃച്ഛയാ കാണുകയാണുണ്ടായതു്.

രൂപലാൽ തന്റെ കൈകൾകൊണ്ടു തലയ്ക്കടിച്ചു നിലത്തുവീണു. "നീയെന്തിനാണിതു ചെയ്തതു്? നിനക്ക് ഉണ്ണാനുമുടുക്കാനുമൊക്കെ ഇവിടെ വേണ്ടതുപോലെ കിട്ടുന്നില്ലേ" എന്നു മുക്താമാല ജൂലാനിയെ ശാസിച്ചു.

ജൂലാനി അപ്പോഴും കരയുകയായിരുന്നു. "അതു കക്കണമെന്നുള്ള ഉദ്ദേശത്തിലല്ല; അവിടെ നിലത്തു കിടക്കുന്നതു കണ്ടപ്പോൾ അടിച്ചുവാരി കളഞ്ഞാലോ എന്നു വിചാരിച്ചാണെടുത്തുവെച്ചതെന്നും, അടിച്ചുതളി കഴിഞ്ഞിട്ടുവേണം അതു കൊച്ചമ്മയ്ക്കു തരാൻ എന്നാണ് വിചാരിച്ചിരുന്നതെ"ന്നും മററും അവൾ പറഞ്ഞു നോക്കി.

എന്നാൽ കേട്ടുകൊണ്ടിരുന്ന രണ്ടാൾക്കും അതു പച്ചക്കളവാണെന്നറിയാമായിരുന്നു. പക്ഷെ അതിനെക്കുറിച്ചു പറഞ്ഞിട്ടു പ്രയോജനമുണ്ടായിരുന്നില്ല. രൂപലാൽ പറഞ്ഞു:—"ഞാൻ ഇന്നുതന്നെ ഇവളെ എന്റെ ഗ്രാമത്തിലേയ്ക്കു കൊണ്ടുപോയ്ക്കൊള്ളാം കൊച്ചമ്മേ, എന്നാൽ ഞാൻ വളരെ വയസ്സനായിരിയ്ക്കുന്നു — കൊച്ചമ്മയുടെ അച്ഛനാവാൻ പ്രായമുള്ള കിഴവൻ! എനിയ്ക്കൊരപേക്ഷയുണ്ട്." വയസ്സൻ കമ്പിട്ട് മുക്താമാലയുടെ കാലു പിടിപ്പാൻ ചെന്നു. പെട്ടെന്നു മുക്താമാല പിന്നോക്കം മാറി, "അരുത്; നിങ്ങൾക്കെന്താണാവശ്യം? അതു പറയൂ."

രൂപലാൽ പറഞ്ഞു:—ഈ സംഗതി ആരും അറിവാനിടവരരുത്: ജൂലാനിയുടെ അച്ഛനു ദീനം കലശലാണെന്നും അയാളവളെ കാണണമെന്നു പറയുന്നുവെന്നും എല്ലാവരോടും ഞാൻ പറഞ്ഞുകൊള്ളാം.

മുക്താമാല ശാന്തയായിത്തീർന്നു. അവൾ ആ സാധുവായ കിഴവനെക്കുറിച്ചു വ്യസനിയ്ക്കുയായിരുന്നു അവൾ പറഞ്ഞു:—അങ്ങിനെയാവട്ടെ; ഞാൻ നിങ്ങൾക്കുവേണ്ടി അതു സമ്മതിയ്ക്കാം; പക്ഷെ നിങ്ങളുടെ ഭാര്യയെ ശിക്ഷിയ്ക്കേണ്ടതാണ്; ഇത്ര പോന്ന ഒരു പെണ്ണ്! എങ്ങിനെയാണിവൾ ഇത്രയും സാധനങ്ങൾ മോഷ്ടിപ്പാൻ തുനിഞ്ഞത്?

രൂപലാൽ ജൂലാനിയ്ക്കുവേണ്ടി വാദിപ്പാൻ നോക്കി—"കൊച്ചമ്മെ, മററതൊന്നും ജൂലാനി കക്കുന്നതാരും

കണ്ടിട്ടില്ലല്ലൊ. ഒരിയ്ക്കലവറം മോഷ്ടിയ്ക്കുമ്പോറം കളവു സാധനത്തോടുകൂടിത്തന്നെ കണ്ടുപിടിച്ചതുകൊണ്ടു് എല്ലാ കാൎയ്യത്തിലും അവളെ സംശയിയ്ക്കുന്നതു് സാധാരണയാണു്. എന്നാൽ അവറം നിരപരാധിയായിക്കൂടെന്നില്ലല്ലൊ.

മുക്താമാലയ്ക്കു ചിരി വന്നു; അയാളിനിയും അയാളുടെ ഭാൎയ്യയെ നന്നാക്കിത്തീൎക്കുവാൻ ശ്രമിക്കുകയായിരുന്നു; എന്നാൽ അവറം അതിനൊന്നും മറുപടി പറയാൻ പോയില്ല. രൂപലാൽ ജൂലാനിയേയുംകൂട്ടി താഴത്തേക്കു പോയി; അവളപ്പോഴും കരഞ്ഞിരുന്നു.

അവരുടെ പെട്ടെന്നുള്ള തിരോധാനത്തിൽ എല്ലാവരും അത്ഭുതപ്പെട്ടു. ജൂലാനിയുടെ അച്ഛനു ദീനം കലശലാണെന്നു രൂപലാൽ എല്ലായിടത്തും പറഞ്ഞു പരത്തിയിരുന്നതുകൊണ്ടു് ആരും അതിനെപ്പററി അത്ര ശ്രദ്ധിച്ചില്ല. ഒരാഴ്ച്ചക്കുശേഷം രൂപലാലും മടങ്ങിയെത്തി.

"ജൂലാനി മടങ്ങിവരുന്നില്ലേ, രൂപലാൽ?" വലിയ എജമാനത്തി ചോദിച്ചു. "ഇല്ല, കൊച്ചമ്മേ, അവളുടെ അച്ഛനു ദീനം അധികമാണു്; അവറംക്കിനി തിരിച്ചു വരാൻ സാധിയ്ക്കില്ല." എന്നായിരുന്നു രൂപലാലിൻെറ മറുപടി.

ഒരു ദിവസം ഉണ്ണാനിരിയ്ക്കുമ്പോറം വക്കീലിൻെറ ഭാൎയ്യ പറഞ്ഞു:— "കള്ളനാരാണെന്നുള്ളതു് ഇപ്പോറം വ്യക്തമായി; അവളിവിടെനിന്നു പോയശേഷം ഒരു

യ്ക്കാക്കഷണംകൂടി ഇവിടുന്നു കളവുപോവുകയുണ്ടായിട്ടില്ലല്ലോ.'' ഈ സമയത്തു രൂപലാൽ വാതിലിനടുത്തു നിന്നിരുന്നതു് അവർ കണ്ടില്ല.

മൂന്നുദിവസം കഴിഞ്ഞു; ആ വീടുമുഴുവൻ പരിഭ്രമത്തിലായി. വക്കീലിന്റെ ഒരു വിലപിടിച്ച റിസ്റ്റ്വാച്ച് കാണാതായി. മുക്താമാലയ്ക്കു് ആശ്ചൎയ്യംകൊണ്ടു് ഒന്നും സംസാരിപ്പാൻതന്നെ വയ്യാതായി. ''എന്തൊരു സംഭവം! ഈ വീട്ടിൽ വല്ല പൈശാചന്മാരുടെയും ബാധയുണ്ടോ!'' അവൾ വിചാരിച്ചു.

ഈ പ്രാവശ്യം കാൎയ്യത്തിൽ പുരുഷന്മാർതന്നെ ഇറങ്ങി. ചീത്ത പറയുക, ഭയപ്പെടുത്തുക, അടിയ്ക്കുക എല്ലാം നോക്കി; ഫലമൊന്നുമുണ്ടായില്ല. വക്കീൽ കോടതിയ്ക്കു പോകുമ്പോൾ ഇങ്ങനെ പറഞ്ഞു:— ''ഞാൻ മടങ്ങിവരുമ്പോഴേയ്ക്കു് വാച്ചു കണ്ടില്ലെങ്കിൽ ഉടനെ പോലീസിനു് ആളെ അയയ്ക്കും. ആരാണതു് എടുത്തിട്ടുള്ളതെങ്കിൽ ഞാൻ വരുമ്പോഴേയ്ക്കു മടക്കിത്തരികയാണു് നല്ലതു്.''

തന്റെ വാക്കിനു് ഒരു ഫലമുണ്ടാകുമെന്നദ്ദേഹം വിചാരിച്ചിരുന്നില്ല; എന്നാൽ ചിലപ്പോൾ പ്രതീക്ഷിയ്ക്കാത്തതും സംഭവിയ്ക്കാറുണ്ടു്. അദ്ദേഹം കോടതിയിൽനിന്നു മടങ്ങിവരുമ്പോൾ അദ്ദേഹത്തിന്റെ മകൻ ''അച്ഛാ! വാച്ചു കണ്ടു'' എന്നു പറഞ്ഞുകൊണ്ടു് മുമ്പോട്ടോടിച്ചെന്നു. അവന്റെ പിന്നാലെ അദ്ദേഹത്തിന്റെ ഭാൎയ്യയും മററു കുട്ടികളും ചുററിക്കൂടീട്ടുണ്ടായിരുന്നു.

വക്കീൽ ചോദിച്ചു:—"നീ എവിടുന്നാണ് അതു കണ്ടെത്തിയത്?" എല്ലാവരും ഒപ്പം പറഞ്ഞു:—"രൂപലാലിൻെറ കുപ്പായക്കീശയിൽനിന്ന്!"

ഒരു വക്കീലായിരുന്നതുകൊണ്ട് അദ്ദേഹത്തിന് വിവിധരീതിയിലുള്ള മനുഷ്യസ്വഭാവം നല്ലവണ്ണം അറിയാമായിരുന്നു. അദ്ദേഹം ക്ഷോഭിയ്ക്കാതെ രൂപലാലിനെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞു. അവിടെയുണ്ടായിരുന്നവരെല്ലാവരോടും അവിടെനിന്നു പോകുവാൻ അദ്ദേഹം ആജ്ഞാപിച്ചു.

രൂപലാൽ വന്നു തലതാഴ്ത്തിക്കൊണ്ട് അദ്ദേഹത്തിൻെറ മുമ്പിൽ നിന്നു. യജമാനൻ ചോദിച്ചു:—"എന്തിനാണീ പണി ചെയ്തതു്? നിങ്ങളീ കുടുംബത്തിൽ വളന്നാണ് വയസ്സനായിട്ടുള്ളതു്; ഇത്തരം ഒരു പ്രവൃത്തി ആരും വിചാരിയ്ക്കാത്തതാണ്."

രൂപലാൽ മൌനമവലംബിച്ചതേയുള്ളു. വീണ്ടുംവീണ്ടും ചോദിച്ചപ്പോൾ അയാൾ പറഞ്ഞു:—"ബാബു, എന്നെ പോലീസിലേല്പിച്ചേയ്ക്കുക; ഞാനതു പണത്തിലുള്ള ആഗ്രഹംകൊണ്ടെടുത്തതല്ല; പണം ഇവിടത്തെ ദയകൊണ്ട് എനിയ്ക്ക് ആവശ്യത്തിനു തക്കവണ്ണം ഉണ്ടായിട്ടുണ്ട്. എല്ലാവരും വിചാരിയ്ക്കുന്നതു് ജൂലാനിയാണ് എല്ലാ കളവും നടത്തിയിരുന്നതെന്നാണ്; അവൾ പോയതിൽപ്പിന്നെ ഇവിടെ കളവൊന്നും ഉണ്ടായിട്ടില്ല. ബാബു, ഈ സംഗതി എൻെറ മനസ്സിൽത്തട്ടി. അപ്പോൾ ഞാൻ വിചാരിച്ചു; വേറൊരു കളവുകൂടിയുണ്ടായാൽ ജൂലാനിയെപ്പററിയുള്ള സംശയം തീരുമെന്ന്."

"വിഡ്ഢി പ്രായം ചെന്നു ചെന്നു വീണ്ടും കുട്ടിയായിത്തീന്നിരിക്കയാണ്," എന്നു വക്കീലിൻെറ ഭായ്യ മുള്ളവാക്ക പറഞ്ഞു. "എങ്ങിനെയാണ് നിങ്ങൾക്ക ഞങ്ങളുടെ മുഖത്തുനോക്കി ഇങ്ങനത്തെ കാൎയ്യങ്ങൾ പറവാൻ തോന്നുന്നതു്."

"അയാളെ ചീത്ത പറഞ്ഞിട്ടെന്താണിപ്പോൾ പ്രയോജനം? ചെറുപ്പക്കാരിയായ ഭായ്യയോടുകൂടിയ ഒരു വയസ്സൻ എപ്പോഴും ഒരു വിഡ്ഢിയാണ്."

—(എം. എൻ. നായർ മാസിക.)

---

# 6. ശൈവലിനി.

ഞാൻ വിവാഹം ചെയ്യില്ലെന്നു കേട്ട് പലരും ആശ്ചൎയ്യപ്പെടുന്നു. അച്ഛനമ്മമാരോട് വ്യക്തമായി ഞാൻ ഇങ്ങിനെ പറഞ്ഞു:—"ഒരാളെ വിവാഹം ചെയ്യുയാണെങ്കിൽ എൻെറ ജീവപൎയ്യന്തം പിന്നെ അയാളോടുകൂടി വേണം കഴിച്ചുകൂട്ടുവാൻ; അതൊരുതരം അടിമത്തമാണ്; വേണമെങ്കിൽ ഭിക്ഷ യാചിച്ച് ഉപജീവനം കഴിച്ചുകൊള്ളാം; എന്നാലും എനിയ്ക്ക് കല്യാണം കഴിപ്പാൻ സാധിയ്ക്കയില്ല" എൻെറ വാക്കകേട്ട് അമ്മയുടെ കണ്ണുനീർ ഒഴുകുവാൻ തുടങ്ങി; അതു തുടച്ച് അവർ പറഞ്ഞു:—"കുട്ടി, നീയെന്താണിങ്ങിനെ പറയുന്നതു്? കല്യാണം കഴിപ്പാനിഷ്ടപ്പെടുന്നുവെങ്കിലാവട്ടെ, ഇല്ലെങ്കിലാവട്ടെ, ഞാൻ ജീവിച്ചിരിയ്ക്കുമ്പോൾ നീ ഭീക്ഷതെണ്ടി

---

* ഹിന്ദിയിൽനിന്ന്

ഉപജീവനം കഴിയ്ക്കുകയോ! ഇങ്ങനത്തെ കാൎയ്യം സ്വപ്ന ത്തിൽക്കൂടി വിചാരിയ്ക്കരുതു്!"

എൻെറ വിവാഹം കഴിയാത്തതു് അച്ഛനമ്മമാൎക്കു് ഒരു വലിയ ബുദ്ധിമുട്ടായിത്തീൎന്നു; വിശേഷിച്ചും അമ്മ എന്നെപ്പററി വളരെ പരിതപിച്ചു; ചിലപ്പോഠം അമ്മ യുടെ വിഷാദകലുഷമായ മുഖം കണ്ടിട്ടു് എനിയ്ക്കു് കര ച്ചൽ വരാറുണ്ടു്. എൻെറ വിധി! എന്തുചെയ്യും? ഞാൻ വിവാഹം കഴിയ്ക്കാതിരിയ്ക്കുയാണധികം നന്നായിരിയ്ക്കുക.

ചിലർ വ്യക്തമായും ചിലർ പ്രകാരാന്തരേണയും വിവാഹം ചെയ്യുന്നതിന്നു് എന്നെ ഉപദേശിച്ചുകൊണ്ടി രുന്നു. ചിലരിങ്ങനെ പറഞ്ഞു:—"കുട്ടി, നീ വിവാഹം കഴിയ്ക്കുകയില്ലേ? നിൻെറ അച്ഛൻ വളരെ പ്രസിദ്ധനും സമ്പന്നനുമാണു്; സൎക്കാരുദ്യോഗത്തിലിരുന്നു് വലിയ വലിയ കാൎയ്യങ്ങളൊക്കെ നിറവേററി ഇപ്പോഠം പെൻ ഷൻ പററിപ്പിരിഞ്ഞിട്ടേ ഉള്ളു; അദ്ദേഹം നിന്നെ ഒരു വിദ്യാസമ്പന്നനും ധനാഢ്യനുമായ യുവാവിനു വിവാഹം ചെയ്തു കൊടുത്തുകൊള്ളും. നിനക്കെന്താണില്ലാത്തതു്? നീ സുന്ദരിയാണു്; ഗുണവതിയാണു്. നിന്നെപ്പോലെ സുന്ദരിയും വിദുഷിയുമായ ഒരു പെൺകുട്ടി ഈ ജില്ലയി ലുണ്ടോ!"

ചിലരുടെ പുറപ്പാടു് വലിയ ശാസ്ത്രജ്ഞന്മാരുടെ മട്ടിലായിരുന്നു; ഉപദേശിപ്പാൻ തുടങ്ങിയതിങ്ങനെ യാണു്:—"കുട്ടി, വിവാഹം എന്നതു് പ്രകൃതിനിയമ

മാണ്; ആ നിയമത്തിന് മനുഷ്യൻ തലതാഴ്ത്തി വഴിപ്പെടുകതന്നെവേണം. നിന്നെപ്പോലുള്ള .തരുണീമണികൾ വിവാഹം ചെയ്യാതിരിയ്ക്കുയാണെങ്കിൽ പിന്നെ ഈ രസമയമായ പ്രപഞ്ചം ഒരു ചുട്ടെരിയുന്ന മണലാരണ്യമായി പരിണമിയ്ക്കുന്നതാണ്; എന്നു മാത്രമല്ല തന്മൂലം ഈ മനുഷ്യജാതിതന്നെ നശിച്ചുപോവുകയും ചെയ്യും; അതുകൊണ്ട് ഈ പ്രപഞ്ചം നടത്തുന്നതിന് ഈശ്വരൻ നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ അനുസരിയ്ക്കുകതന്നെ വേണം; ഇതിന്നു വിപരീതമായി പുറപ്പെട്ടാൽ ഈശ്വരസൃഷ്ടി • നശിച്ചുപോകും!"

എന്തിനേറെപ്പറയുന്നു; ഈ ആളുകളുടെ ഉപദേശം കേട്ടു കേട്ടു ഞാൻ ക്ഷീണിച്ചുപോയി! അതു മുഴുവൻ വർണ്ണിയ്ക്കുക സാദ്ധ്യമല്ല. ഞാൻ ക്ഷമയോടുകൂടി എല്ലാം കേട്ടുകൊണ്ടിരുന്നു; ചിലപ്പോൾ കേട്ടു കേട്ട് എന്റെ ക്ഷമയുടെ നെല്ലിപ്പടി കാണുന്ന ഘട്ടത്തിലെത്തുമ്പോൾ "ഇതാ ദയവുചെയ്തു മതിയാക്കു; അധികം സംസാരിച്ചിട്ടാവശ്യമില്ല; എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ തീർച്ചപ്പെടുത്തിയിട്ടുണ്ട്; അതുപ്രകാരം ചെയ്തുകൊള്ളാം." എന്നും പറയാറില്ലെന്നില്ല.

ഈ ഉപദേഷ്ടാക്കളെല്ലാം എന്റെ അമ്മയും അച്ഛനും പ്രേരിപ്പിച്ച് വന്നിട്ടുള്ളവരാണെന്ന് പിന്നീടാണെനിയ്ക്ക് മനസ്സിലായത്. ഇതറിഞ്ഞപ്പോൾ എനിയ്ക്കുമ്മയോട് കുറേശ്ശ വെറുപ്പും അനുകമ്പയും തോന്നിത്തുടങ്ങി. ആ സാധുക്കളെന്തുചെയ്യും! അവർ അവരുടെ കർത്തവ്യം നിർവ്വഹിക്കുന്നു; പക്ഷെ ഞാനവരോട്,

"ഇനി നിങ്ങഠം ഇങ്ങനെ ചെയ്യയാണെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യുകളയും" എന്നു പറഞ്ഞു ഭയപ്പെടുത്തി. പിന്നീടവരുടെ ശല്യം ഉണ്ടായിട്ടില്ല! എൻെറ ജ്യേഷ്ഠത്തിയുടെ മരണം നിമിത്തം അച്ഛനും അമ്മയും ഭയപ്പെട്ടിരുന്നു; അതുകൊണ്ട് എൻെറ ഈ വാക്കുകേട്ടശേഷം എന്നെ വിവാഹംചെയ്യാൻ ഉപദേശിക്കയോ പ്രേരിപ്പിക്കയോ ചെയ്യാതായി; ഇങ്ങിനെ ഞാൻ ബുദ്ധിമുട്ടുകളിൽനിന്നെല്ലാം ഒഴിഞ്ഞു് സ്വതന്ത്രയായി.

ആരൊക്കെയാണെന്നെ വിവാഹംചെയ്യാനാഗ്രഹിയ്ക്കുന്നതെന്നു് എനിയ്ക്കു് നല്ലവണ്ണമറിയാമായിരുന്നു. എത്ര ആളുകളാണു് ഇക്കൂട്ടരുടെ വകയായി എൻെറ അടുത്തു വന്നിട്ടുള്ളതെന്നതിന്നു കണക്കില്ല.

ഈ വിവാഹാത്ഥികളിൽ ഒരാഠം ഒരു ജഡ്ജിയുടെ പുത്രനായിരുന്നു; അതുകൊണ്ടു് സ്വഗ്ഗത്തിലെ അലഭ്യവസ്തുക്കഠംക്കുകൂടി താൻ അഹനാണെന്നാണയാളവകാശപ്പെട്ടിരുന്നതു്. ആവൂ! ആ മനുഷ്യൻെറ ഒരു സ്വഭാവം! കല്ക്കത്തയിൽ ആയാഠം വളരെ കുപ്രസിദ്ധനായിരുന്നു. ഈ "മഹാനുഭാവൻ" ഒരൊന്നാംകിടയിലുള്ള സ്ത്രീലമ്പടനാണു്! എനിയ്ക്കുയാളുടെ പേരു കേട്ടപ്പോഠംത്തന്നെ വെറുപ്പും ഭയവും ആണുണ്ടായതു്; അയാഠം ഒരാഭാസനും പോക്കിരിയുമായിരുന്നു. ഞങ്ങഠം ഗോഖലെമെമ്മോറിയൽ സ്കൂളിൽ പഠിയ്ക്കുമ്പോഠം മിസ്റ്റർ ശമ്മയെക്കഴിച്ചാൽപിന്നെ ഇയ്യാളുടെ പേരാണു് തെമ്മാടികളുടെ കൂട്ടത്തിൽ അധികമായി കേട്ടിരുന്നതു്. ചിലപ്പോഠം ഇയ്യാഠം

കടിച്ചു ലഹരികയറി നിരത്തുവക്കത്തുള്ള അഴുക്കുചാലിൽ വീണ്കിടക്കാറുണ്ടെന്നും, നാട്ടുകാരായ വിദ്യാൎത്ഥികൾ എടുത്തുകൊണ്ടുപോയി പരിചൎയ്യകൾ ചെയ്തിട്ടാണ് ബോധം തെളിയാറുള്ളത് എന്നും മററുമൊക്കെ കേട്ടിരുന്നു! 'ഇതൊക്കെ തനിയ്ക്കനുഭവപ്പെട്ടിട്ടുള്ള എന്റെ സഹോദരൻ പറഞ്ഞതാണ് ഞാനറിഞ്ഞിട്ടുള്ളത്'.

ഇതുകൂടാതെ പേഷ്ക്കാരുടെ മകൻ, ചായത്തോട്ടം മാനേജരുടെ മകൻ, വേറെ കുറെ ചെറുപ്പക്കാർ ഇവരൊക്കെ എന്റെ വിവാഹാൎത്ഥികളായിരുന്നു; എന്നാൽ ഞാനതൊക്കെ നിരസിച്ചു. ആത്മപ്രശംസ ചെയ്യുയാണെന്നാരും വിചാരിയ്ക്കരുതേ! എനിയ്ക്കു വിവാഹം ചെയ്യാനാഗ്രഹമുണ്ടെങ്കിൽ അതിനു പററുന്ന ആൾ ഇതിലുണ്ടാകാതിരിക്കയില്ല; പക്ഷെ ഞാനതിനൊരുക്കമുണ്ടായിരുന്നില്ല. വക്കീലിന്റെ മകനോടോ ജഡ്ജിയുടെ മകനോടൊ അല്ല എനിയ്ക്കു വിരോധമുള്ളത്; പുരുഷവൎഗ്ഗത്തെ മുഴുവനുമാണ് ഞാൻ വെറുക്കുന്നത്.

ഒരിയ്ക്കൽ ഒരു "മഹാനുഭാവൻ" എന്നെ സ്നേഹിപ്പാൻ തുടങ്ങുകയുണ്ടായി. നവരാത്രിക്കല്ലെനക്കാലത്ത് എന്റെ വലിയ ജ്യേഷ്ഠന്റെകൂടെ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ വീട്ടിൽ വന്നിരുന്നു; അയാൾ മെഡിക്കൽകോളേജിലെ ഒരു വിദ്യാൎത്ഥിയായിരുന്നു. ഞാനദ്ദേഹത്തെ 'കാകതി' എന്നു പറഞ്ഞു് തല്ക്കാലം നിങ്ങളെ പരിചയപ്പെടുത്തട്ടെ, അയാളുടെ ശരിയായ പേർ പറയുന്നില്ല; അതു് ആ സാധുവിന്നു് അപമാനമായിവരും.

മെഡിയ്ക്കൽ കോളേജിലെ വിദ്യാൎത്ഥികളുടെ ചരിത്രം കുറച്ചൊക്കെ എനിയ്ക്കറിയാം. കൽക്കത്തയിലെ വിദ്യാൎത്ഥിസത്രത്തിൽ ഇക്കൂട്ടൎക്കു് വിശേഷിച്ചും ഒരു ഖ്യാതിയുണ്ടു്. മററുള്ള കോളേജിലെ വിദ്യാൎത്ഥികൾ ഇവരെ ഒരു ഹിംസാദൃഷ്ടിയോടുകൂടിയാണു് നോക്കുന്നതു്. ഇതിന്നു കുറെ കാരണവുമുണ്ടു്. ഞാൻ സാരാംശം കുറച്ചു പറഞ്ഞു; നിങ്ങളിതിനു് വിസ്തൃതവ്യാഖ്യാനം ചെയ്തുകൊള്ളുക. ജ്യേഷ്ഠൻ അതിഥിയുമായി എന്നെ ഇങ്ങിനെ പരിചയപ്പെടുത്തി. 'മിസ്റ്റർ കാകതി, ഇതെന്റെ സഹോദരിയാണു്; ഇവൾ കല്ക്കത്തയിലെ ഗോഖലെസ്കൂളിൽ ആറാംഫാറംവരെ പഠിച്ചിട്ടുണ്ടു്; അപ്പോഴേയ്ക്കു് ഇവളുടെ ജ്യേഷ്ഠത്തി മരിയ്ക്കയാൽ അച്ഛൻ ഇവളെ സ്കൂളിൽ നിന്നു വിടുത്തുകയാണുണ്ടായതു്, ഇവളുടെ സ്കൂൾജീവിതം വളരെ ഭേദമാണു്. ക്ലാസ്സിൽ എപ്പോഴും ഒന്നാമത്തേവൾ തന്നെയായിരുന്നു. ഇവളുടെ യഥാൎത്ഥനാമധേയം 'വിനിത' എന്നാണു്; എന്നാൽ ഞങ്ങളിവളെ 'ഡാളി' എന്നാണു് വിളിയ്ക്കാറു്. താങ്കളും ഇവളെ ഞങ്ങളെപ്പോലെവിളിച്ചുകൊള്ളുക.'

ഇതിന്നുശേഷം ജ്യേഷ്ഠൻ കാകതിയേയും എനിയ്ക്കു പരിചയപ്പെടുത്തി; ജ്യേഷ്ഠൻ എന്നെപ്പററി മിസ്റ്റർ കാകതിയോടു് പുകഴ്ത്തിപ്പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അയാളുടെ മുഖത്തു് ആശ്ചൎയ്യം സ്ഫുരിക്കുന്നതു കാണാമായിരുന്നു; ഇടയ്ക്കിടയ്ക്കയാൾ എന്റെ മുഖത്തുനോക്കി പുഞ്ചിരിയിടുകയും ചെയ്തിരുന്നു.

'ഡാളി, നിന്നോടെനിയ്ക്കു് പരിചയപ്പെടാനിടവന്നതിൽ വളരെ സന്തോഷമുണ്ടു്. എന്നാൽ, നിന്നെപ്പോലുള്ള ബാലികമാർ പഠിച്ചു ബി. എ. പാസ്സാകുവാൻ ആഗ്രഹിക്കുന്ന കാലത്തേയ്ക്കു നീ സ്കൂളം വിട്ടു വീട്ടിലിരിപ്പായതു് എന്നെ വല്ലാതെ വേദനപ്പെടുത്തുന്നുണ്ടു്. നിൻെറ പ്രശസ്തമായ സ്കൂൾജീവിതത്തിലെ വിജയങ്ങൾ കേട്ടു് ഞാൻ സന്തുഷ്ടനായിരിയ്ക്കുന്നു. ഗോഖലെമെമ്മോറിയൽസ്കൂളിൽനിന്നു് ഒന്നാമനോ രണ്ടാമനോ ആയി പാസ്സാവുകയെന്നതു് ഒരു ചില്ലറ കാര്യമല്ല. ബങ്കാളി സ്ത്രീകളുടെ സ്ഥിതിയെ പരിഷ്ക്കരിക്കുന്നതിന്നു്. യഥാശക്തി നീ പരിശ്രമിക്കുമെന്നാണു് ഞാൻ ആശിക്കുന്നതു്.' എന്നൊക്കെ അയാൾ എന്നോടു പറഞ്ഞു; ജ്യേഷ്ഠൻ എന്നെ അയാളുമായി പരിചയപ്പെടുത്തിയശേഷം അയാളെന്നെ 'നീ' എന്നു വിളിപ്പാൻ തുടങ്ങിയെന്നുകൂടി പറഞ്ഞുകൊള്ളട്ടെ!

ഞങ്ങളുടെ പരിചയം വദ്ധിച്ചുകൊണ്ടുവന്നു; മിസ്റ്റർ കാകകതിയുമായി ഞാൻ ഹൃദയം തുറന്നു സംസാരിപ്പാൻ തുടങ്ങി. ഏകാന്തതയിലും സഹോദരൻെറ സമീപത്തിലുംവെച്ചു ഞങ്ങൾ പല വിഷയങ്ങളെക്കുറിച്ചും സംഭാഷണം ചെയ്യാറുണ്ടായിരുന്നു.

ഒരു ദിവസം രാവിലെ മിസ്റ്റർ കാകതി എന്നോടു പറഞ്ഞു:—'ഡാളി, നിനക്കൊരു കത്തുണ്ടു്.'

എനിയ്ക്കു കുറച്ചൊരു സംശയം ഉണ്ടായി; ഞാൻ ചോദിച്ചു:—ആരു തന്നു?

അദ്ദേഹം പറഞ്ഞു:—വൈകുന്നേരം അറിയാം.

എന്റെ ഹൃദയത്തിൽക്കൂടി മിന്നൽപിണരുകൾ പാഞ്ഞുതുടങ്ങി.

വൈകുന്നേരം വിജനത്തിൽവെച്ച് അയാളെന്റെ വക്കൽ കത്തുതന്നുകൊണ്ടിങ്ങനെ പറഞ്ഞു:—ഈ കത്തു സ്വകാര്യമായിത്തന്നെ വെക്കമെന്നു ഞാൻ വിശ്വസിക്കുന്നു.

കത്തു തന്നശേഷം അയാൾ ജ്യേഷ്ഠന്റെകൂടെ നടക്കുവാൻ പോയി.

ഞാൻ സംശയത്തോടുകൂടി കത്തുവാങ്ങി. ഒരു സുന്ദരമായ ലക്കോട്ടിൽ നീലനിറത്തിലുള്ള കടലാസ്സിലാണ് കത്തെഴുതിയിരുന്നത്. സ്വകാര്യമായിത്തന്നെ വെക്കണമെന്നു പറഞ്ഞതുകൊണ്ടു അങ്ങനത്തെ ഒരു കാര്യമായിരിക്കണം ഇതിലെന്ന് ഞാൻ കത്തു തുറക്കുന്നതിനു മുമ്പു തന്നെ വിചാരിച്ചു; മി: കാകതിയുടെ പ്രേമലേഖനമാണെന്ന് കത്തു വായിച്ചപ്പോഴും മനസ്സിലായി. അദ്ദേഹം എന്നോടു പ്രേമബന്ധത്തിൽപ്പെട്ടിരിക്കുന്നു! സാധുവിചാരിച്ചിട്ടുണ്ടാവും:—'ഒരു നല്ല യുവതിയെ കിട്ടി; എത്രവേഗം പ്രേമബന്ധത്തിൽപ്പെടുന്നുവോ അത്രയും നല്ലതാണ്' എന്ന്.

അദ്ദേഹം എഴുതിയിരിക്കുന്നത് എന്തെല്ലാമാണെന്നല്ലേ അറിയേണ്ടത്? എന്നിലുള്ള പ്രേമാധിക്യത്താൽ അദ്ദേഹത്തിനു ഭ്രാന്തു പിടിച്ചിരിക്കുന്നു; തന്റെ ഹൃദയം അങ്ങനെതന്നെ അദ്ദേഹം എനിയ്ക്കു തന്നുകഴിഞ്ഞിരി

ക്കുന്നു; ഈ ജീവിതകാലമത്രയും അദ്ദേഹം എന്നെയല്ലാതെ മററാരേയും സ്നേഹിക്കയില്ല; എന്നെപ്പോലൊരു സുന്ദരി ഈ ലോകത്തിലെങ്ങും ഉണ്ടായിരിക്കയില്ലെന്നാണദ്ദേഹത്തിൻെറ വിശ്വാസം; എന്നെത്തന്നെ ചിരകാലം ഹൃദയത്തിൽവെച്ചാരാധിച്ച് അദ്ദേഹം ധന്യനാകുന്നതാണ്. ഇതാ ഇതൊക്കെയാണതിലെ വർത്തമാനം!!

ഛീ! എനിക്കു ലജ്ജയായി! ഇതൊക്കെ അയാഠം എനിക്കെഴുതിയല്ലോ. രണ്ടു ദിവസമായിട്ടില്ല കണ്ടിട്ട്; അപ്പോഴേയ്ക്കു അയാളുടെ ഹൃദയത്തിൽ പ്രേമസമുദ്രം കിടന്നു ലയടിപ്പാൻ തുടങ്ങിയത്രെ! തങ്ങളുടെ അഭിലാഷം സാധിപ്പാൻവേണ്ടി ഈ പുരുഷജാതി എന്തൊക്കെത്തന്നെ കപടകഠം കെട്ടിയുണ്ടാക്കുകയില്ല. ഛീ! ഈ വർഗ്ഗത്തിന്നിത്ര ലജ്ജയില്ലല്ലോ!

എഴുത്തുവായിച്ചിട്ട് എനിക്കു ദേഷ്യവും ചിരിയും വന്നു. അയാഠക്കു ലേശമെങ്കിലും വിവേകമോ ലജ്ജയോ ഇല്ലല്ലൊ! ഈ കേസ്സിൻെറ തീപ്പ് സ്വയംതന്നെ ചെയ്തുകൊള്ളാമെന്നു പിന്നീടു ഞാൻ നിശ്ചയിച്ചു.

സന്ധ്യയ്ക്കുശേഷം മി: കാകതി എൻെറ സഹോദരനോടൊരുമിച്ചു നടത്തം കഴിഞ്ഞു തിരിച്ചെത്തി; അദ്ദേഹത്തിൻെറ മുഖത്ത് വ്യസനഭാവം നല്ലവണ്ണം തെളിഞ്ഞുകണ്ടിരുന്നു. കത്തിൻെറ കാര്യമെല്ലാം ഞാൻ പുറത്താക്കിയിരിക്കുമെന്നു വിചാരിച്ച് പാവം ഭയപ്പെടുന്നുണ്ടായിരിക്കും. അയാളുടെ മനോഗതി ഊഹിച്ചറിഞ്ഞു ഞാൻ ചോദിച്ചു:—"നിങ്ങഠം നടത്തം കഴിഞ്ഞു തിരിച്ചു വന്നു?"

അയാളുടെ ഭയമെല്ലാം എന്റെ ഈ ചോദ്യത്തോടു കൂടി തീൎന്നുപോയെന്നാണു് തോന്നുന്നതു്. ഒരു വലിയ ബുദ്ധിമുട്ടിൽനിന്നദ്ദേഹത്തിന്നു മോചനം ലഭിച്ചു. പക്ഷെ അദ്ദേഹം ഇങ്ങനെ വിചാരിച്ചിരിയ്ക്കണം:—'ഡാളി ഒരു നല്ല കുട്ടിയാണു്; അവൾക്കെന്റെ പ്രേമലേഖനം വളരെ പിടിച്ചിരിയ്ക്കുന്നു.'

അദ്ദേഹം സംശയരഹിതനും പ്രസന്നചിത്തനുമായി കാണപ്പെട്ടു. കുറച്ചു കഴിഞ്ഞപ്പോൾ ദ്രുതഗതിയിൽ പറയാൻ തുടങ്ങി:—ഡാളി, ഇന്നു ഞങ്ങൾ തേജപ്പൂരിലെ പാൎക്ക കണ്ടു; എന്തൊരാനന്ദം; അവിടത്തെ താമരപ്പൊയ്കകൾ മറ്റെല്ലാ സൌന്ദൎയ്യത്തേയും അതിശയിയ്ക്കുന്നു. ഹാ! അതു കണ്ടിട്ടു്—അദ്ദേഹം ആനന്ദംകൊണ്ടു മതി മറന്നു് പലതും സംസാരിപ്പാൻ തുടങ്ങി. ഈ വിലയില്ലാത്ത സംസാരത്തിന്നൊരു പൂൎണ്ണവിരാമം ഇടണമല്ലോ എന്നായി എന്റെ വിചാരം. ഒരു വിധത്തിൽ ഞാനാ മനുഷ്യന്റെ അടുത്തുനിന്നൊഴിഞ്ഞുമാറി.

പിറേറന്നു് എന്റെ സഹോദരന്നു് ഒരു വിരുന്നിന്നു് പോകേണ്ടതുണ്ടായിരുന്നു; ഇന്നു മിസ്റ്റർ കാകതിയ്ക്കു തക്ക ശിക്ഷ കൊടുപ്പാനുള്ള സന്ദൎഭം ലഭിയ്ക്കുമെന്നു് ഞാൻ വിചാരിച്ചു് അദ്ദേഹത്തോടു ചെന്നു പറഞ്ഞു:—ഇന്നു് ഏട്ടൻ വിരുന്നിന്നു പോവുകയാണു്; രാത്രി രണ്ടു മണിയ്ക്കുമുമ്പായി മടങ്ങുകയില്ല; ഊണു കഴിഞ്ഞശേഷം നമുക്കു് ഏകാന്തതയിൽ കാണാമെന്നാശിയ്ക്കുന്നു.

ഇതും പറഞ്ഞു ഞാനദ്ദേഹത്തിന്റെ അടുത്തുനിന്നു പോന്നു; അദ്ദേഹം എന്തോ സംസാരിപ്പാൻ വായ്

തുറന്നു; എന്നാൽ ഞാൻ അതിന്നവസരം കൊടുത്തില്ല. ആ മനുഷ്യന്റെ തുറന്ന വായ് അങ്ങനെതന്നെ ഇരുന്നു.

രാത്രി 8 മണിയ്ക്കു് ജ്യേഷ്ഠൻ പോയി; പോകുന്ന സമയത്തു ഞാനും മിസ്റ്റർ കാകുതിയും ഒരിടത്തായിരുന്നു ജ്യേഷ്ഠൻ പോയശേഷം കാകുതിയുടെ മുഖത്തു തൽക്ഷണം പല പരിവർത്തനങ്ങളും കാണപ്പെട്ടു! അദ്ദേഹത്തിന്റെ മുഖത്തു് ഒരിയ്ക്കൽ അസുഖത്തിന്റെ രേഖകൾ കാണാമെങ്കിൽ അടുത്തുതന്നെ സന്തോഷത്തിന്റെ ചിഹ്നങ്ങളാണു് പ്രത്യക്ഷപ്പെടുക. ചിലപ്പോൾ അദ്ദേഹം തന്റെ സൌന്ദര്യം നോക്കും; ചിലപ്പോൾ മൂളിപ്പാട്ടു് പാടും. മൂപ്പരുടെ ഈ ബുദ്ധിമുട്ടൊക്കെക്കണ്ടിട്ടു് എനിയ്ക്കു വലിയ ദയ തോന്നി; ഈ വിഡ്ഢിയുടെ പ്രേമചാപല്യങ്ങൾ കണ്ടിട്ടു് എനിയ്ക്കു ചിരി വന്നു.

"അവളുടെ മനസ്സിളകിയിരിക്കുന്നു; ഇന്നു ഞാനും ഡാളിയുംകൂടി വിജനത്തിൽ സ്വച്ഛന്ദം വിഹരിയ്ക്കും; അവൾ എന്നെ നല്ലവണ്ണം സ്നേഹിക്കുന്നുണ്ടു്; ഇന്നെന്റെ ആഗ്രഹം സാധിയ്ക്കും" എന്നൊക്കെയായിരിയ്ക്കും അദ്ദേഹത്തിന്റെ വിചാരം!

രാത്രിയിലെ ഊണു കഴിഞ്ഞു് എല്ലാവരും ഉറങ്ങി; അച്ഛനും അമ്മയും ഉറങ്ങീട്ടില്ലെങ്കിലും അവർ വളരെ അകന്ന ഒരെടുപ്പിലാണുണ്ടായിരുന്നതു്. ചെറിയ കുട്ടികളെല്ലാം വളരെ നേരത്തെതന്നെ ഉറങ്ങിക്കഴിഞ്ഞിരുന്നു. ഭൃത്യന്മാരുടെ മുറികളിൽ അപ്പോഴും വിളക്കു കത്തുന്നുണ്ടായിരുന്നു.

മി. കാകതിയെ കണ്ടാൽ അയാൾക്കു പനിയു ണ്ടെന്നു തോന്നിയിരുന്നു. ഞാൻ മുറിയിൽ ഉലാത്തിക്കൊ ണ്ടിരുന്നു. ഈ സമയത്തദ്ദേഹം കണ്ണാടിയിൽനോക്കി തൻെറ തലമുടി ഒതുക്കി ശരിപ്പെടുത്തുകയായിരുന്നു. പ കുതി വലിച്ച സിഗരററ മേശപ്പുറത്തിരുന്ന് പുക പുറ പ്പെടുവിച്ചുകൊണ്ടിരുന്നു. ഞാൻ അടുത്തെത്തിയപ്പോൾ അദ്ദേഹം കണ്ണാടിയും ചീപ്പും മേശപ്പുറത്തുവെച്ച് ചാരു കസേലയിൽനിന്നെഴുന്നേററ് രണ്ടു കയ്യും നീട്ടി എന്നെ ആലിംഗനം ചെയ്യാനടുത്തു. ഇതു കണ്ടപ്പോൾ എൻെറ ദേഹം അടിമുതൽ മുടിവരെ വിറച്ചു. ഞാനൊരു ഭദ്രകാളി യായി മാറി. "എടാ വഷളാ, ഓർമ്മവെച്ചോ! കുറച്ചു ദിവസമായി ഞാൻ നിൻെറ സ്വഭാവം സൂക്ഷിച്ചുകൊ ണ്ടിരിക്കുന്നു; ഇന്നലെ നിൻെറ കത്തു കണ്ടപ്പോൾത്ത ന്നെ ഞാൻ വിചാരിച്ചിട്ടുണ്ട്! മെഡിക്കൽ കോളേജിലെ ആ യൂറോപ്യൻവിദ്യാർത്ഥിനിയുമായുള്ള പ്രേമനാടകത്തി ലൊന്നും സന്തോഷമില്ലാതായോ? രണ്ടു ദിവസം ഒരി ടത്ത് ഉല്ലാസയാത്രയ്ക്കു വന്നിട്ടുള്ള ഒരു മനുഷ്യൻ ഒരു ബാലികയുമായി വ്യഭിചാരത്തിനു ശ്രമിക്കുക! നാണ മില്ലല്ലോ! നിങ്ങളുടെ അഭിപ്രായത്തിൽ സ്ത്രീ, പുരുഷൻെറ ഒരു ഭോഗ്യവസ്തു മാത്രമാണ്; സംഭോഗതൃഷ്ണയെ സംതൃ പ്തിപ്പെടുത്തുവാനായി പെൺകുട്ടികളുള്ളേടത്തൊക്കെ നിങ്ങളുടെ വർഗ്ഗക്കാർ ഓടിനടക്കുന്നു! ഇതു ഈ വർഗ്ഗ ത്തിൻെറ സ്വഭാവമാണ്."

ഒരു സർപ്പത്തെപ്പോലെ ചീററുന്ന എന്നെക്കണ്ടിട്ട് മി: കാകതി ഒരു കടപറിഞ്ഞ വൃക്ഷംപോലെ കിടക്ക

യിൽ വീണു! അയാളുടെ മുഖം വിളത്തു; ഒരു ശബ്ദവും പുറപ്പെടാതായി!

പിന്നീട് എരിഞ്ഞ സ്വരത്തിൽ പരിഹാസത്തിന്റേയും വെറുപ്പിന്റേയും വകയായ ഒരു ചിരിയോടുകൂടി ഞാൻ പറഞ്ഞു:—"ശരി, നിങ്ങളുടെ ആഗ്രഹം ഞാൻ നിറവേററിത്തരാം."

ഞാൻ വരാന്തയിലേയ്ക്കു വന്ന് വാല്യക്കാരത്തിയെ വിളിച്ചു; എന്റെ കോപത്തോടുകൂടിയുള്ള വിളികേട്ടു അയാളുടെ പ്രാണൻ കിടന്നു പിടച്ചിട്ടുണ്ടാവണം; ഞാനീവൎത്തമാനം ഇപ്പോൾ വീട്ടിലെല്ലാം പരത്തിക്കളയുമെന്ന് സാധു കാകതി ഭയപ്പെട്ടിട്ടുണ്ടായിരിക്കും. അയാൾ ജനലിൽക്കൂടെ പുറത്തേയ്ക്കുനോക്കി കരഞ്ഞുകൊണ്ട് പറഞ്ഞു:—"എനിയ്ക്കു മാപ്പു തരണേ; ഈ വൎത്തമാനം വീട്ടിലാരോടും പറയരുതേ; ഞാൻ സത്യം ചെയ്യുന്നു. ഇങ്ങനത്തെ ഒരു തെററു ഞാനിനി ഈ ജന്മം ചെയ്യില്ല. എന്റെ കുററത്തിന്നു ഞാൻ ഭവതിയോടു മാപ്പിനിരക്കുന്നു. രാവിലെ ഈ വൎത്തമാനം ആരെങ്കിലും അറിഞ്ഞതായി എനിക്കറിവുകിട്ടിയാൽ ഞാൻ ആത്മഹത്യ ചെയ്തുകളയും. നിങ്ങളുടെ അച്ഛനും അമ്മയും തന്നെയാണ്, ഈ വൎത്തമാനം ആരോടും പറയരുത്."

നിലവിളിച്ചുകൊണ്ടുള്ള ഈ യാചന കേട്ടപ്പോൾ എനിയ്ക്കു് ചിരിയാണ് വന്നത്; ഈ സാധുവിനുണ്ടായ പരിവൎത്തനം നോക്കുക! ഇതേവരെ ഇയ്യാളെന്നെ

"നീ" എന്നാണ് വിളിച്ചിരുന്നതു്; ഇപ്പോൾ "ഭവതി" യും "നിങ്ങ"ളും ഒക്കെയായി!

ഭൃത്യ എന്റെ അടുത്തുവന്നു് പരിഭ്രമിച്ചുകൊണ്ടു ചോദിച്ചു:—എന്താണിങ്ങനെ വിളിച്ചതു്? ഞാൻ ഉണ്ണുന്നതിന്നിടയിൽ ബദ്ധപ്പെട്ടു് വിളികേട്ടു്, കയ്യുകൂടി കഴുകാതെ ഓടി.

ഞാൻ പറഞ്ഞു:— മിണ്ടാതിരിക്കൂ! നിന്നെ ആ ബാബു വിളിച്ചു. ഇതും പറഞ്ഞു ഞാൻ വേഗത്തിൽ വരാന്തയിൽനിന്നു പോന്നു് മുറിയിൽ കടന്നു വാതിലടച്ചു ഉറങ്ങാൻ കിടന്നു.

അപ്പോൾ ടൈംപീസ് നോക്കിയപ്പോൾ സമയം ഒരു മണിയായിരുന്നു.

മൂന്നു മണിവരെ എനിക്കുറക്കം വന്നില്ല. പ്രഭാതത്തിൽ ജ്യേഷ്ഠൻ വന്നെന്നെ വിളിച്ചു; പക്ഷെ ഉറക്കത്തിന്റെ ശക്തികൊണ്ടപ്പോൾ എനിയ്ക്കെണീയ്ക്കാൻ കഴിഞ്ഞില്ല.

പിറേറന്നു് എഴുന്നേററു നോക്കിയപ്പോൾ മി. കാകതിയുടെ കണ്ണുകൾ ചുവന്നിരിക്കുന്നതായിക്കണ്ടു; സാധു, ചിന്താഭാരംകൊണ്ടു് രാത്രി മുഴുവൻ ഉറങ്ങീട്ടുണ്ടായിരിയ്ക്കയില്ല. പ്രേമത്തിന്റെ സുഖം അയാൾ അതിന്റെ പൂർണ്ണരൂപത്തിലനുഭവിച്ചുകഴിഞ്ഞു!

രാവിലെ ഞാൻ എന്റെ ചെറുപ്പക്കാരിയായ വാലിയക്കാരത്തിയെ വിളിച്ചു ചോദിച്ചു:—"എന്തിനേ നിന്നെ ഇന്നലെ രാത്രി ആ ബാബു വിളിച്ചതു്?"

വെറുപ്പും ഉണ്ടാവാനുള്ള കാരണം ഞാൻ വ്യക്തമായി പ്പറഞ്ഞിട്ടില്ല; ഒരു ഉദാരണം പറഞ്ഞു് അതു് വ്യക്ത മാക്കാം.

ഞാൻ മുമ്പു പറഞ്ഞുവല്ലോ എനിയ്ക്കൊരു ജ്യേഷ്ഠത്തിയുണ്ടായിരുന്നുവെന്നു്. അവർ മരിച്ചശേഷം ഞാൻ സ്കൂറം വിട്ടുപോരികയാണുണ്ടായതു് അവരുടെ പേർ "ശൈവലിനി" എന്നായിരുന്നു. അവർ വളരെ സുന്ദരിയായിരുന്നു. മനുഷ്യരൂപമെടുത്തു് ആകാശത്തിൽനിന്നിറങ്ങിവന്ന ഒരു നക്ഷത്രം! എൻെറ സൌഭാഗ്യത്തെപ്പററി ജനങ്ങറം പ്രശംസിക്കുന്നതു് വെറുതെയാണു്. അവരുടെ് സൌഭാഗ്യത്തോടു എൻെറ സൌഭാഗ്യത്തെ താരതമ്യപ്പെടുത്തുവാൻതന്നെ പാടില്ല. ജ്യേഷ്ഠത്തി ഗോഖലെ മെമ്മോറിയൽ സ്കൂളിൽ പഠിച്ചിരുന്നു; അവിടെ അവരുടെ സൌന്ദര്യത്തിന്നു ശരിയായ പ്രശംസ ലഭിച്ചിരുന്നു. വാസ്തവത്തിൽ അന്നതൊരു സ്കൂളായിരുന്നില്ല; സൌന്ദര്യംകണ്ടാനന്ദിപ്പാൻ വന്നിരുന്ന ജനങ്ങളുടെ ഒരു സമൂഹമായിരുന്നു. ഏതെല്ലാം തരത്തിലുള്ള ബാലികമാരാണവിടെയുണ്ടായിരുന്നതു്! എന്തൊരു സൌന്ദര്യം! ഏതെല്ലാംതരത്തിലുള്ള ഉടുപ്പുകറം! എൻെറ ജ്യേഷ്ഠത്തി സൌന്ദര്യത്തിൽ എല്ലാ യുവതികളേയും തോല്പിക്കുകതന്നെ ചെയ്തു.

എന്നാൽ അവരവിടെ അധികകാലം പഠിച്ചില്ല. വീട്ടിൽവെച്ചു് അവരുടെ വിദ്യാഭ്യാസം തുടന്നു. ബങ്കാളിസാഹിത്യത്തിൽ അവക്കു പ്രത്യേകമൊരഭിരുചിയും സാമത്ഥ്യവും ഉണ്ടായിരുന്നു. ചിലപ്പോറം അവർ "പ്രവാസി"

"അരുണോദയം" മുതലായ മാസികകളിൽ വ്യാജനാമങ്ങൾവെച്ചു കഥകളും മററു ലേഖനങ്ങളും പ്രസിദ്ധം ചെയ്തിരുന്നു.

ജ്യേഷ്ഠത്തി എനിയ്ക്കു് ആദർശഭൂതയായിരുന്നു. അവരെ ഞാൻ സ്നേഹിച്ചു; ഭയപ്പെട്ടു; അത്രയുമല്ല എനിയ്ക്കവരോടു ഭക്തിയുമുണ്ടായിരുന്നു. അവരാണെന്നെ എഴുതാനും വായിപ്പാനും പഠിപ്പിച്ചതു്. ശില്പവിദ്യകളിലും തുന്നൽവേലകളിലും ജ്യേഷ്ഠത്തി എന്നെ പരിചയിപ്പിച്ചു; എന്നാൽ അവൾക്കു സംഗീതം നല്ലവണ്ണം അറിഞ്ഞിരുന്നില്ല.

ബാഹ്യവിഷയങ്ങളിൽ ഞങ്ങൾക്കു പരസ്പരം വളരെ അടുപ്പമുണ്ടായിരുന്നു; എങ്കിലും മാനസികവൃത്തികളിൽ തുലോം വൈജാത്യമാണുണ്ടായിരുന്നതു്. ജ്യേഷ്ഠത്തി വളരെ ചഞ്ചലയും വികാരാവേഗമുള്ളവളും, ഭാവനാലോകത്തിൽ വിഹരിക്കുന്നവളുമായിരുന്നു. സ്വപ്നരാജ്യത്തിൽ സഞ്ചരിക്കുന്നതു് അവൾക്കു വളരെ ഇഷ്ടമായിരുന്നു. അവരുടെ ഹൃദയം ദയാപൂർണ്ണവും കോമളവുമായിരുന്നു. ഒരന്ധനെയൊ ബധിരനെയൊ കണ്ടാൽമതി, ജ്യേഷ്ഠത്തി കരച്ചിലായി! ഒരു ദുഃഖിതന്റെ ദുഃഖം അവരുടെ ഹൃദയത്തെ അലിയിച്ചിരുന്നു. അമ്മയോ അച്ഛനോ എന്തെങ്കിലും ചീത്തപറഞ്ഞാൽ മതി അവൾക്കു രണ്ടുമൂന്നു ദിവസത്തിന്നു ഭക്ഷണം കഴിയ്ക്കാതിരിയ്ക്കാൻ; അത്ര വല്ലാത്ത ഒരു കോമളപ്രകൃതി!

എന്നാൽ എന്റെ തരം ഇതായിരുന്നില്ല; ചില്ലറ സംഗതികൾ ഒന്നും എന്നെ ചിരിപ്പിക്കുന്നതിന്നോ കരയി

പ്പിയ്ക്കുന്നതിന്നോ പര്യാപ്തമായിരുന്നില്ല. ഒരാളുടെ കയ്യോ കാലോ മുറിഞ്ഞു രക്തം വരുന്നതുകണ്ടാൽ കഴിഞ്ഞു, ജ്യേഷ്ഠത്തി കരഞ്ഞുകൊണ്ടവിടെനിന്നോടിപ്പോകയായി. രക്തം കാണുന്നതിന്ന് അവക്കു ശക്തിയില്ല. ഞാൻ ആ സമയത്ത് ഓടുകയില്ല, വല്ല മരുന്നും കൊണ്ടുവന്നു കൊടുത്ത് അയാളെ ശുശ്രൂഷിയ്ക്കുയാണ് ചെയ്യുക. ഇതുനിമിത്തം ചിലരെന്നെ സ്നേഹമില്ലാത്തവളായും നിഷ്ഠൂരയായും ഗണിച്ചു. എൻെറ ഹൃദയം ഇരിമ്പുപോലെ കഠിനമാണ്; എനിയ്ക്കു ദയയില്ല. എന്നൊക്കെയാണവരുടെ അഭിപ്രായം. പക്ഷേ, ഞാനത്രത്തോളം പോകുവാൻ തയ്യാറില്ല. എനിയ്ക്കു ദയയും സ്നേഹവുമൊക്കെയുണ്ടായിരുന്നു; പക്ഷെ ഞാൻ ജ്യേഷ്ഠത്തിയെപ്പോലെ ദയാമയിയൊ സ്നേഹമയിയൊ ആയിരുന്നില്ലെന്നുള്ളതാണ് വാസ്തവം. ഇത്തരം വികാരങ്ങൾക്കൊന്നും എൻെറ മനസ്സിനെ കീഴടക്കുന്നതിന്നു കഴിഞ്ഞിരുന്നില്ല.

ജ്യേഷ്ഠത്തി ക്രമേണ മുതിൎന്നുവന്ന് ഒരു നവയുവതിയായിത്തീൎന്നു. യൌവനത്തിൻെറ പ്രത്യേകചിഹ്നങ്ങൾ അവരുടെ ഓരോ അംഗങ്ങളിലും തെളിഞ്ഞു. നവയൌവനത്തിലേയ്ക്ക് കാലുവെച്ചതോടുകൂടി സഹോദരിയിൽ ചില പരിവത്തനങ്ങൾ കാണപ്പെട്ടു. അവരുടെ ശൈശവത്തിലെ ക്രോധവും പ്രേമവും കളിയുമെല്ലാം അന്തൎദ്ധാനം ചെയ്തു. ചാഞ്ചല്യപ്രകൃതി ഗാംഭീൎയ്യമായി രൂപാന്തരപ്പെട്ടു. കുട്ടിക്കാലത്തെ ആ ഭാവപ്രവണത മാത്രം അവരെ വിട്ടുമാറിയില്ല.

ഞാൻ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ജ്യേഷ്ഠത്തി ഒരു വലിയ ദീനത്തിൽപ്പെട്ടു. അച്ഛൻ ഈ സംഗതി എന്നെ അറിയിച്ചില്ല. അവരെ ചികിത്സിക്കുന്നതിനു് സർക്കാർ ഡിസ്പെൻസറിയിലെ അസിസ്റ്റാൻറ് സർജ്ജൻ മിസ്റ്റർ ശരച്ചന്ദ്രബോസിനെയാണു് ഏൎപ്പെടുത്തിയിരുന്നതു്. അദ്ദേഹത്തിൻെറ അവാച്യമായ പരിശ്രമത്തിൻേറയും ശുശ്രൂഷയുടേയും ഫലമായി ജ്യേഷ്ഠത്തി ജീവിച്ചുവെന്നു പറയാം. ദീനം ഒരു മാസംകൊണ്ടു നല്ലവണ്ണം സുഖപ്പെട്ടു മുമ്പെത്തെ നിലയിലെത്തി.

മിസ്റ്റർ ബോസ് തൻെറ വിദ്യാൎത്ഥിജീവിതത്തിൽ ബുദ്ധിവൈഭവത്താൽ ഖ്യാതിനേടിയ ഒരാളായിരുന്നു. അദ്ദേഹം പരീക്ഷ പാസ്സായ ഉടനെ അസിസ്റ്റാൻറ് സർജ്ജനായി നിയമിതനായി! ഞങ്ങളുടെ നാട്ടിലദ്ദേഹം വന്നു് നാലഞ്ചുമാസം കഴിഞ്ഞപ്പോഴയ്ക്കു് ജ്യേഷ്ഠത്തി ദീനത്തിൽപ്പെട്ടു; അദ്ദേഹത്തെ ചികിത്സിപ്പാനും വിളിച്ചു..

മിസ്റ്റർ ബോസ് വളരെയൊക്കെ ബുദ്ധിമുട്ടീട്ടാണു് എൻെറ സഹോദരിയെ ചികിത്സിച്ചിരുന്നതു്. അദ്ദേഹം രണ്ടോ മൂന്നോ തവണ മാത്രമേ വിസിറേറഴ്സ്ഫീസ്സ് വാങ്ങുകയുണ്ടായുള്ളു. പിന്നിട്ട് അച്ഛൻ കൊടുത്തിട്ടും അദ്ദേഹം ഒന്നും സ്വീകരിക്കുകയുണ്ടായില്ല.

മി. ബോസ് രാത്രികൂടി താമസിച്ചു രോഗിയെ ചികിത്സിപ്പാൻ തുടങ്ങി. അദ്ദേഹം വളരെ രാത്രി ഉറക്കമിളച്ചു ബുദ്ധിമുട്ടീട്ടുണ്ടു്. പനി അധികമാകുമ്പോൾ അദ്ദേഹം സ്വയം സഹോദരിയുടെ ശിരസ്സിൽ തണുത്ത

വെള്ളംകൊണ്ടു ധാര ചെയ്യുകയും ആവശ്യം വരുമ്പോൾ തന്റെ കൈകൾകൊണ്ടു് പാദക്ഷാളനം ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹം എന്തൊക്കെത്തന്നെ ചെയ്തിരുന്നില്ല! ബാർളിവെള്ളം തയ്യാറാക്കിക്കൊടുത്തിരുന്നതുകൂടി അദ്ദേഹം സ്വന്തം കൈകൾകൊണ്ടായിരുന്നു.

ഈ സംഗതികളുടെയെല്ലാം അടിയിൽ വേറൊന്നുണ്ടായിരുന്നു; മിസ്റ്റർ ബോസ് എന്റെ സഹോദരിയുടെ ആ വർണ്ണനാതീതമായ സൌന്ദര്യത്തിൽ മോഹിച്ചുപോയിരുന്നു.

ജ്യേഷ്ഠത്തിയ്ക്കു സുഖമായെങ്കിലും ഡാക്ടർ ഞങ്ങളുടെ വീട്ടിൽ വന്നും പോയുംകൊണ്ടുതന്നെ ഇരുന്നു. അച്ഛനും അമ്മയും അദ്ദേഹത്തെ തങ്ങളുടെ സ്വന്തം കുട്ടിയെപ്പോലെ സ്നേഹിപ്പാൻ തുടങ്ങി. ഡാക്ടർ ഞങ്ങളുടെ വീട്ടിൽ നിന്നു് ഊണു കഴിയ്ക്കുന്നതും പതിവായിത്തീർന്നു.

സഹോദരി ആദ്യത്തിൽ ഡാക്ടരുമായി അത്രമാത്രം അടുത്തിരുന്നില്ല; എന്നാൽ രോഗം മാറാറായതോടുകൂടി അവരദ്ദേഹത്തിന്റെ ഗുണങ്ങളെ ആരാധിപ്പാൻ തുടങ്ങി. അദ്ദേഹത്തിന്റെ യത്നം, ശുശ്രൂഷ, ധൈര്യം, കാര്യദക്ഷത മുതലായവ നിമിത്തം രോഗശയ്യയിൽ കിടന്നിരുന്ന ജ്യേഷ്ഠത്തിയുടെ ഹൃദയത്തിൽ അദ്ദേഹത്തോടു് ഭക്തി അങ്കുരിച്ചുതുടങ്ങിയിരുന്നു. ഈ ഭക്തിയും ശ്രദ്ധയും വളർന്നു വന്നു് അതൊരവ്യക്തപ്രേമമായി പരിണമിയ്ക്കുകയും ഈ വഴിയ്ക്കു് അചിരേണ അവർ തമ്മിലുള്ള വിവാഹം നടക്കുകയും ചെയ്തു. മി. ബോസ് ജ്യേഷ്ഠത്തിയെ തന്റെ

ജീവിത്സഹചാരിണിയാക്കുവാനുള്ള ആലോചന പുറത്തുവിടുകയും, ജ്യേഷ്ഠത്തി അദ്ദേഹത്തിന്റെ യത്നത്തിന്നും ശുശ്രൂഷയ്ക്കും ഒരു പ്രതിദാനമെന്നപോലെ അദ്ദേഹത്തിന്നു് തന്റെ ജീവിതം സമർപ്പിക്കുന്നതിന്നു് തയ്യാറാവുകയും ചെയ്തു

സഹോദരിയുടെ ദീനം ഭേദപ്പെട്ടു് ഏതാണ്ടു് ഒരു കൊല്ലം കഴിഞ്ഞശേഷം വൈശാഖമാസത്തിലെ ഒരു ശുഭലഗ്നത്തിൽ വിവാഹം നടത്തി. ഈ വിവാഹം എല്ലാവക്കും ഒരു വലിയ ഉത്സവമായിത്തന്നെ തോന്നി. പരിശുദ്ധമായ സുഖാനുഭൂതികൊണ്ടു് ജ്യേഷ്ഠത്തിയുടെ ഹൃദയം നൃത്തംവെച്ചുകൊണ്ടിരുന്നു. ജ്യേഷ്ഠത്തിയെ വേർപിരിയേണ്ട കാൎയ്യം ആലോചിച്ചു ഞാൻ കരഞ്ഞു; അവരും കരഞ്ഞു; പക്ഷെ എന്റെ കരച്ചിലായിരുന്നു എല്ലാവരുടെ കരച്ചിലിനേക്കാളും ലഘുവായിരുന്നതു്.

വിവാഹസമയത്തു ജ്യേഷ്ഠത്തിക്കു് പതിനേഴും എനിക്കു് പന്ത്രണ്ടും വയസ്സായിരുന്നു. വിവാഹം കഴിഞ്ഞതിന്നുശേഷം മി. ബോസ് സക്കാർ ബങ്കളാവിലേക്കു് തന്റെ ഭാൎയ്യയെ കൂട്ടിക്കൊണ്ടുപോയി.

ഹാ! അവരുടെ ദാമ്പത്യജീവിതം എത്ര സുന്ദരവും മധുരവും ആയിരുന്നു! എന്റെ സഹോദരിക്കു് തന്റെ സ്വാമിയോടുണ്ടായിരുന്ന ഗാഢപ്രേമവും ഭക്തിയും അങ്ങിനെതന്നെ അദ്ദേഹത്തിന്നവരോടുണ്ടായിരുന്ന അകൃത്രിമവാത്സല്യവും കാണേണ്ടതുതന്നെയായിരുന്നു. അദ്ദേഹം ജ്യേഷ്ഠത്തിയെ 'തങ്കം' എന്നാണു് വിളി

ച്ചിരുന്നത്. എന്തൊരു പ്രേമം! എന്തു സ്നേഹം!! ഇത്ര പവിത്രമായ പ്രണയത്തിന്റെ മോഹനാഭിനയം എന്റെ കണ്ണുകളെ പലപ്പോഴും നനച്ചിരുന്നു!

അദ്ദേഹം എന്നെ അവരുടെ സ്വന്തം അനുജത്തിയെപ്പോലെ സ്നേഹിച്ചു.

വിവാഹം കഴിഞ്ഞു് ഒരു കൊല്ലത്തിനുശേഷം ജ്യേഷ്ഠത്തി പ്രസവിച്ചു. പക്ഷെ ഒരു മാസത്തിനുശേഷം ആ കുട്ടി കഴിഞ്ഞുപോയി. ഇതു് ആ ദമ്പതികൾക്കു വലിയൊരു മനോവ്യഥയ്ക്കു കാരണമായി.

ഇതിനുശേഷം നാലുമാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ "ശിവപുര"ത്തേയ്ക്കു മാററി. ഇതു് ഞങ്ങളുടെ കുടുംബത്തിലാകെ വലിയ ദുഃഖമുണ്ടാക്കിത്തീർത്തു. അന്നു ഞാൻ വീട്ടിൽത്തന്നെയുണ്ടായിരുന്നു.

ഒടുവിൽ ജ്യേഷ്ഠൻ ജ്യേഷ്ഠത്തിയെ വീട്ടിലാക്കിപ്പോകാൻ തീർച്ചപ്പെടുത്തി. ശിവപുരം ഒരു ദുർഗ്ഗമസ്ഥാനമായിരുന്നതിനാൽ ആദ്യം അവിടെപ്പോയി ഏർപ്പാടുകളെല്ലാം ചെയ്തശേഷം ജ്യേഷ്ഠത്തിയെ കൂട്ടിക്കൊണ്ടുപോകാമെന്നാണു് വെച്ചിരുന്നതു്.

ജ്യേഷ്ഠൻ പോയ ദിവസം! ഹാ! അതെനിയ്ക്കിന്നും നല്ലവണ്ണം ഓർമ്മയുണ്ടു്. അവർ ഞങ്ങളുടെ വീട്ടിൽ നിന്നാണു് പോയതു്, ഹാ! അതെത്ര ഭീഷണമായ ഒരു ദിവസമായിരുന്നു! അന്നു പ്രഭാതം മുതല്ക്കുതന്നെ ധാരമുറിയാതെ മഴ പെയ്തുകൊണ്ടിരുന്നു. രാവിലെ ഏഴുമണിയ്ക്കദ്ദേഹത്തിന്നു പോകാനുള്ള കാർ തയ്യാറായിവന്നു.

ശരിയ്ക്ക് ആ സമയത്തേയ്ക്കുതന്നെ രണ്ടു നായ്ക്കൾ ഞങ്ങളുടെ ചുററുപാടും ഓടി മുരണ്ട് തമ്മിൽ കടിയ്ക്കുവാൻ തുടങ്ങി. ക്രമേണ അവയുടെ ലഹള വദ്ധിച്ചു വദ്ധിച്ചു വന്നു; ആരുശ്രമിച്ചിട്ടും അതു നിത്തുവാൻ കഴിഞ്ഞില്ല. കടികൊണ്ട് അവയുടെ ശരീരത്തിൽനിന്ന് രക്തം ഒലിയ്ക്കുവാൻ തുടങ്ങി. ഒടുവിൽ അധികം ശക്തനായ നായ മറേറതിനെ കടിച്ചു തള്ളിയിട്ടു; അതിൻെറ ശരീരത്തിൽനിന്നു രക്തം ധാരധാരയായി ഒഴുകിയിരുന്നു. നേരം സന്ധ്യയായതോടുകൂടി അതു ചത്തുപോയി. ഈ സംഭവം ഓക്കുമ്പോൾ എനിയ്ക്കിപ്പോൾകൂടി ശരീരം കിടുകിടെ വിറയ്ക്കുന്നു!

ജ്യേഷ്ഠൻ പോകാൻ തയാറായി; ജ്യേഷ്ഠത്തി അവക്കുവേണ്ടി ഓരോന്നു ചെയ്തുകൊണ്ടിരുന്നു; പോകുമ്പോൾ കരഞ്ഞുകൊണ്ടു പറഞ്ഞു:—"കത്തയക്കണേ". ശോകാധിക്യത്താൽ അവക്ക് പിന്നെ ഒന്നും പറവാൻ സാധിച്ചില്ല.

അദ്ദേഹം ജ്യേഷ്ഠത്തിയുടെ ശിരസ്സുപിടിച്ചു പൊന്തിച്ചു ആശീവ്വദിച്ച് കാറിൽ കയറി; അമ്മയച്ഛന്മാരോടദ്ദേഹം പറഞ്ഞു:—ഞാൻ കത്തയയ്ക്കാം.

മോട്ടോർ പുറപ്പെടുന്ന സമയത്ത് ഒരു ചളിക്കുണ്ടിൽപോയിച്ചാടി; അവിടെനിന്ന് കയറി ഓടി അതു ദൃഷ്ടിയിൽനിന്ന് മറഞ്ഞുപോവുകയും ചെയ്തു.

അദ്ദേഹം പോയശേഷം കുറച്ചുദിവസംകൂടി ഞാൻ വീട്ടിലുണ്ടായിരുന്നു. അന്നാണ് ഞാൻ ജ്യേഷ്ഠത്തിയുടെ

ഭർത്തൃഭക്തി കണ്ടതു്. അവർ ദിവസവും ജ്യേഷ്ഠൻെറ ച്ഛായാപടത്തിൽ ഓരോ പുഷ്പം ചാൎത്തി നമസ്കരിച്ചു പോന്നിരുന്നു!

ഞാൻ സ്കൂൾ തുറന്നു പോകുന്നതിൻെറ രണ്ടു ദിവസം മുമ്പെ ജ്യേഷ്ഠൻെറ വലിയ കത്തുപാക്കററ് വന്നു; അതിൽ അദ്ദേഹം വീട്ടിൽ ഓരോരുത്തൎക്കും വെവ്വേറെ എഴുതിട്ടുള്ള കത്തുകൾ അടക്കം ചെയ്തിരുന്നു; ജ്യേഷ്ഠത്തിയ്ക്കുള്ള കത്ത് എല്ലാററിലുംവെച്ചു നീണ്ടതായിരുന്നു അതേതാണ്ട് നാലുപേജോളം ഉണ്ടായിരുന്നു; അതിൽ അദ്ദേഹം വഴിയിലെ കാഴ്ചകളുടെ ദീൎഘവൎണ്ണനം ചെയ്തിരുന്നു.

രണ്ടു ദിവസം കഴിഞ്ഞു് ഞാൻ പോയി.

ആദ്യം രണ്ടുമൂന്നു മാസം ക്രമമനുസരിച്ച് കത്തുകൾ വന്നുകൊണ്ടിരുന്നു: പിന്നീട് കത്തുകൾക്ക് താമസം നേരിട്ടുതുടങ്ങി; അവസാനം ഓന്നോ രണ്ടോ മാസം കൂടുമ്പോൾ ഒരു കത്തയയ്ക്കുകയെന്നായി! ഈ കത്തുകളിൽ ത്തന്നെ വിശേഷിച്ചൊന്നും ഉണ്ടായിരുന്നതുമില്ല. 'എനിയ്ക്കു് സുഖംതന്നെ; അവിടത്തെ വിശേഷം എന്താണു്?' ഇത്രമാത്രമായിരുന്നു അവയിലുണ്ടായിരുന്നതു്. പിന്നെ കത്തയയ്ക്കുന്നതുതന്നെ തിരെ മാററി! ഏതാണ്ട് ഒന്നര ക്കൊല്ലത്തിനുശേഷം എൻെറ പിതാവു് താൻ മകളേയുംകൂട്ടി ജ്യേഷ്ഠൻെറ അടുത്തേയ്ക്കു ചെല്ലുന്നുവെന്ന് അദ്ദേഹത്തിന്ന് എഴുതുകയുണ്ടായി; അതിന്നു മറുപടി ഇതായിരുന്നു:— "ഇപ്പോൾ വരേണ്ട ആവശ്യമില്ല; ഞാൻ രണ്ടുമാസത്തെ കല്പനയെടുത്ത് അങ്ങോട്ടു വരുന്നു."

പിന്നീടുവന്ന ഒരു കത്തിൽ അദ്ദേഹം മറെറാരു ചെറുപ്പക്കാരിയായ ബങ്കാളിസ്ത്രീയെ വിവാഹം ചെയ്തുവെന്നും, ഇതിന്നു് അച്ഛനമ്മമാർ മാപ്പുകൊടുക്കണമെന്നും മററും എഴുതിയിരുന്നു!! ഹരി! ഹരി, ഇക്കാര്യം ആലോചിയ്ക്കുമ്പോൾ ഇന്നും എന്റെ ശരീരം കിടുകിടെ വിറയ്ക്കുന്നു! അതു മാത്രമല്ല അദ്ദേഹം ആ കത്തിൽ തന്റെ പുതിയ പത്നിയുടെ ഗുണവർണ്ണനം യാതൊരു പിശുക്കും കൂടാതെ നടത്തിയിരുന്നു! ആദ്യം ഞങ്ങൾ വിചാരിച്ചതു് ആ വധു ഒരു കുലീനബംഗാളികുടുംബത്തിലെ സന്തതിയായിരിയ്ക്കുമെന്നാണു്; എന്നാൽ ഏറെത്താമസിയാതെ അവളൊരു വക്കീലിന്റെ വാലിയക്കാരത്തിയുടെ മകളാണെന്നു് അറിവാനിടവന്നു! അദ്ദേഹം ഈ വിവരത്തിന്നു കത്തെഴുതിയതു് എന്തിനാണെന്നു് നല്ലവണ്ണം മനസ്സിലായില്ല; താൻ കല്പനയെടുത്തു് വരുമ്പോൾ പുതിയ അനുജത്തിയെ കണ്ടു് ജ്യേഷ്ഠത്തി സന്തോഷിക്കുമോ എന്നറിയാനായിരിക്കുമോ എന്തോ?

കത്തുകണ്ടു് എല്ലാവരും ഇടിവെട്ടേററവരെപ്പോലെയായി. അച്ഛൻ എന്നെ കമ്പിയടിച്ചു വരുത്തി. ജ്യേഷ്ഠത്തി രണ്ടുദിവസം മോഹാലസ്യപ്പെട്ടു കിടന്നു. വീട്ടിൽ വന്നു് വർത്തമാനം അറിഞ്ഞു് ഞാൻ വല്ലാതെയായി. ജ്യേഷ്ഠത്തിയുടെ ദയനീയസ്ഥിതി കണ്ടിട്ടു് എന്റെ പ്രാണൻ കിടന്നു പിടച്ചുതുടങ്ങി. അവരെ കണ്ടാലറിയാത്ത വിധത്തിലായി. നാലഞ്ചുദിവസത്തിന്നവരൊന്നും കഴിച്ചതേ ഇല്ല!

ഞാൻ വീട്ടിൽ വന്നപ്പോൾ ജ്യേഷ്ഠത്തി പറഞ്ഞു:—
"അമ്മു, ഇനി നിങ്ങൾക്കാർക്കും എന്നെ ഈ നശ്വരസം

സാരത്തിൽ കാണ്മാൻ സാധിക്കുകയില്ല." ഇതു കേട്ടപ്പോൾ എന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ ഒഴുകുവാൻ തുടങ്ങി. ജ്യേഷ്ഠത്തിയും കരഞ്ഞിരുന്നു.

ഒടുവിൽ ഞാൻ പറഞ്ഞു:— "ജ്യേഷ്ഠത്തി, ഇങ്ങനത്തെ വൎത്തമാനം പറയരുത്; ഞാനും ജ്യേഷ്ഠത്തിയുടെ കൂടെ മരിയ്ക്കുയാണ്"

സഹോദരി ഉത്തരം ഒന്നും പറഞ്ഞില്ല; അവർ പിന്നേയും കരഞ്ഞുകൊണ്ടിരുന്നു.

പിറേറദിവസം ജ്യേഷ്ഠത്തിയ്ക്ക് ഒരു ദുഃഖവുമുള്ളതായി കാണപ്പെട്ടില്ല; അവർ തന്നെ കാണാൻ. വരുന്നവരോടൊക്കെ ചിരിച്ചുകളിച്ചു സംസാരിപ്പാൻ തുടങ്ങി; വീട്ടിൽ ആളുകൾ ധാരാളം വന്നുപോയിക്കൊണ്ടിരുന്നു; എല്ലാവൎക്കും ജ്യേഷ്ഠത്തിയുടെ ഈ പരിവൎത്തനം കണ്ടിട്ട് ആനന്ദമുണ്ടായി; ചിലർ എന്നോടും ജ്യേഷ്ഠത്തിയോടും കൂടി അവരുടെ വീട്ടിലേയ്ക്കു ചെല്ലുവാൻ ക്ഷണിച്ചു.

കത്തു കിട്ടിയതിന്റെ എട്ടാംദിവസം ജ്യേഷ്ഠത്തി എന്നോടു പറഞ്ഞു:—"അമ്മു, ഇന്നു നമുക്കിത്തിരി ചുററിനടക്കണം. മിനിഞ്ഞാന്നു സുഭാഷിണിയും വിമലയും, കമലാവതിയുടെ അമ്മയും ഒക്കെ നമ്മെ ക്ഷണിച്ചിട്ടുണ്ടല്ലൊ; ഇന്നു അവിടെ ഒക്കെ ഒന്നു പോകണം."

ഞങ്ങൾ മാതാപിതാക്കന്മാരോടു സമ്മതംവാങ്ങി; ഞങ്ങളുടെ ഈ അഭിപ്രായം കേട്ടപ്പോൾ അവൎക്കു വളരെ സന്തോഷമാണുണ്ടായതു്. ഇങ്ങിനെ ജ്യേഷ്ഠത്തിയുടെ

ശോകം കുറഞ്ഞുകൊണ്ടുവരുമെന്നാണ് അമ്മ വിചാരി ച്ചതു്. അച്ഛൻ പോകുന്നതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്തു.

ഞങ്ങൾ അമ്മയേയും കൂടെ കൊണ്ടുപോകുമായിരു ന്നു; പക്ഷെ അവർ ഓരോ ദിക്കിലും പോയി കരയാൻ തുടങ്ങുമെന്നു വിചാരിച്ച് അവരെ കൂട്ടിയില്ല.

ഞങ്ങൾ കാറിൽ കയറി പുറത്തേയ്ക്കു പുറപ്പെട്ടു; ഡ്രൈവരോടു പതുക്കെപ്പതുക്കെ കാർ ഓടിപ്പാൻ പറ ഞ്ഞു. വഴിയിൽക്കൂടെ പോകുമ്പോൾ ജ്യേഷ്ഠത്തി വീടു കൾ, ഉപവനങ്ങൾ, മുതലായവയെ സൂക്ഷ്മമായി നിരീ ക്ഷിക്കുകയും അവയെപ്പററി എന്നോടു് ഓരോന്നു പറ കയും ചെയ്തുകൊണ്ടിരുന്നു.

ആദ്യം ഞങ്ങൾ പോലീസ്സ് ഡിപ്യൂട്ടിസൂപ്രണ്ടെ ണ്ടു് മിസ്റ്റർ സക്കാറിൻെറ വീട്ടിൽ പോയി; അദ്ദേഹത്തി ൻെറ ഭാര്യ വളരെ ഗുണവതിയായ ഒരു സ്ത്രീയായിരുന്നു, അവർ ഞങ്ങൾക്കു ചായയും പലഹാരവും സല്ക്കരിച്ച് പലേ വിഷയങ്ങളെപ്പററിയും സംസാരിച്ചു; പോരുമ്പോ ൾ അവർ പറഞ്ഞു:—"ശൈവലിനി! വ്യസനിയ്ക്കരുതു്; ഈശ്വരനിൽ വിശ്വസിയ്ക്കു!"

ഒരു വിചിത്രമായ പുഞ്ചിരിയോടുകൂടി ജ്യേഷ്ഠത്തി പറഞ്ഞു:—ഞാൻ വ്യസനമെല്ലാം ഉപേക്ഷിച്ചിരിയ്ക്കുന്നു.

ഇതും പറഞ്ഞു അവർ കാറിൽ കയറി; വിഷാദമ ലിനമായ അവരുടെ മുഖം കണ്ടിട്ട് ഞാൻ ചോദിച്ചു:—

നമുക്കിനി എവിടേയ്ക്കെങ്കിലും പോകണമോ? അതൊ മടങ്ങുകയോ?

എൻെറ ചോദ്യം കേട്ടപ്പോ ഠ അവരുടെ ശോകം കുറഞ്ഞതായി തോന്നി; അവർ പറഞ്ഞു:—നാം സഞ്ചരിയ്ക്കാൻ പോന്നതല്ലേ? സ്നേഹിതകളുടെ വീട്ടിലെല്ലാം ഒന്നു പോകണം!

. മിസിസ്സ് സക്കാറിനോട് യാത്ര ചോദിച്ച് ഞങ്ങഠ ഡ്രൈവറോടു കാറു വിടുവാൻ പറഞ്ഞു. ഇങ്ങിനെ അവിടെയുള്ള പരിചിതകളെയെല്ലാം കണ്ടു്, സഞ്ചാരം അവസാനിച്ചപ്പോഠ സഹോദരി പറഞ്ഞു:—'വളരെ ദിവസമായി നാം പാക്കു കണ്ടിട്ട്; ഇപ്പോഠ ഒന്നു കാണാൻ തോന്നുന്നു. പോവുക.' കാർ പാക്കിലേയ്ക്കു് തിരിച്ചു. പാക്കിൽച്ചെന്നശേഷം സഹോദരി നാലുപാടും നല്ലവണ്ണം നോക്കിക്കൊണ്ടു് ഒന്നു നെടുവീപ്പിട്ടു.

അന്നു പൌണ്ണമിയായിരുന്നു; ചന്ദ്രിക നാലുപാടും പരന്നിരുന്നു. പാക്കിലുള്ള വൃക്ഷങ്ങളുടെ ഇലകഠ ഇളകിക്കൊണ്ടിരിയ്ക്കുമ്പോഠ ചന്ദ്രിക വളരെ പ്രിയദശ്നമായിരുന്നു; എന്നാൽ അന്നു ഞങ്ങഠക്കു ശോകാധിക്യത്താൽ പ്രകൃതിസൌന്ദയ്യം മുഴുവനും ആസ്വദിയ്ക്കുന്നതിന്നു സാദ്ധ്യമായില്ല.

ജ്യേഷ്ഠത്തി അതാതിടത്തിട്ടിട്ടുള്ള ബെഞ്ചുകളിൽപോയിരുന്നും, ചുററിനടന്നും കഴിച്ചുകൂട്ടി. ഞാൻ ജ്യേഷ്ഠത്തിയുടെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു:— 'എനിയ്ക്കു തലവേദനയെടുക്കുന്നു.' ജ്യേഷ്ഠത്തി പറഞ്ഞു;—സാരമില്ല, ഒക്കെ മാറിക്കൊള്ളും.

പിന്നെ അവർ ചോദിച്ചു:—നോക്കൂ, അമ്മു, പത്മാതടാകത്തിൻെറ വക്കത്തുനിന്നു നോക്കിയാൽ പാക്കെത്ര മനോഹരമായിത്തോന്നുന്നു!

ഞാൻ:—വളരെ സുന്ദരമായിത്തോന്നുന്നുണ്ടു്.

പിന്നെ പെട്ടെന്നവർ "നമുക്കു വീട്ടിലേയ്ക്കു് പോകാ"മെന്നു പറഞ്ഞു കാറിൽ കയറി; ഞങ്ങൾ വീട്ടിലേയ്ക്കു മടങ്ങിപ്പോന്നു.

വീട്ടിൽ എത്തിയശേഷം ജ്യേഷ്ഠത്തി മാതാപിതാക്കന്മാരുടെ കാക്കൽ വീണു നമസ്കരിച്ചു; എന്നിട്ടു ചിരിച്ചുംകൊണ്ടു പറഞ്ഞു:—ഇന്നു ഞങ്ങൾ എല്ലാ സ്നേഹിതകളുടേയും വീട്ടിൽപ്പോയി; അത്രമാത്രമല്ല, പട്ടണത്തിലെ രമണീയസ്ഥാനങ്ങളെല്ലാം കാണുകയും ചെയ്തു. ഞങ്ങൾ ഇന്നു പാക്കിലും പോയിരുന്നു.

പുറത്തു സഞ്ചരിയ്ക്കാൻ പോയിവന്നാലും മററും ജ്യേഷ്ഠത്തി മാതാപിതാക്കന്മാരെ നമസ്കരിയ്ക്കുന്നതൊന്നും ഞാനിതേവരെ കണ്ടിട്ടില്ല; എനിയ്ക്കത്ഭുതം തോന്നി. അമ്മ മകളെ ചുംബിച്ചു് ഹൃദയത്തോടടുപ്പിച്ചു.

രാത്രി ഊണുകഴിഞ്ഞു് എല്ലാവരും ഉറങ്ങാൻ പോയി. അച്ഛനും ചെറിയ കുട്ടികളും ആദ്യംതന്നെ ഉറങ്ങിയിരുന്നു. ജ്യേഷ്ഠത്തി ഉറങ്ങുന്നതിന്നുമുമ്പു് അമ്മയോടു പറഞ്ഞു:—അമ്മേ, നിങ്ങൾ ഉറക്കം തൂക്കിക്കൊണ്ടിരിയ്ക്കുന്നു; ഞങ്ങളും ഉറങ്ങുകയായി. നേരം 12 മണി കഴിഞ്ഞു.

ഞാനും ജ്യേഷ്ഠത്തിയും ഒരു മുറിയിലാണ് ഉറങ്ങാൻ കിടന്നത്. രണ്ടു കിടക്കകളിലായി ഞങ്ങൾ കിടന്നു. ജ്യേഷ്ഠത്തി പറഞ്ഞു:—അമ്മു, നിനക്കുറക്കം വന്നു; ഞാനും ഉറങ്ങുകയായി; ഉറക്കം വരുന്നു.

എനിയ്ക്കുറക്കം വന്നു, ഗാഢമായ നിദ്രയിൽപ്പെട്ടു. രാവിലെ വളരെ ഭയങ്കരമായ സ്വപ്നം കണ്ടാണ് ഞാനുണൎന്നത്. ഉണൎന്നുനോക്കിയപ്പോൾ ഭയാനകമായ രംഗമാണ് അവിടെ കണ്ടത്. ജ്യേഷ്ഠത്തി ആ മുറിയിൽ കയറുകെട്ടി തൂങ്ങിമരിച്ചിരിക്കുന്നു! ഹൃദയം നടുങ്ങുന്ന ഈ കാഴ്ചകണ്ടു് ഞാൻ മരവിച്ചുപോയി. എന്റെ നിലവിളി കേട്ട് എല്ലാവരും അവിടെ ഓടി എത്തി. അച്ഛനും അമ്മയും മോഹാലസ്യപ്പെട്ട് നിലത്തുവീണു! ഞാനും ചെറിയ കുട്ടികളും നിലവിളിയ്ക്കയായി. വാല്യക്കാരത്തികളും കരഞ്ഞുതുടങ്ങി.

ജ്യേഷ്ഠത്തി ഈ നശ്വരശരീരം വിട്ടു ദേവസദനത്തിലെത്തി; കഠോരമായ കാലം തന്റെ കരാളഹസ്തം നീട്ടി അവരെ ഞങ്ങളുടെ പിടിയിൽനിന്ന് തട്ടിപ്പറിച്ചുകൊണ്ടു പോയി! അച്ഛൻ ഒരു പുരോഹിതനെ വിളിച്ച് ശവദാഹാദിക്രിയകൾ നടത്തി.

ജ്യേഷ്ഠത്തിയുടെ മരണത്തോടുകൂടി എന്റെയും എന്റെ മാതാപിതാക്കന്മാരുടേയും സുഖത്തിന്നവസാനം കണ്ടുകഴിഞ്ഞു. ഞാനൊന്നും ചെയ്തില്ല; മാതാപിതാക്കന്മാരുടെ മുഖം കണ്ടു് ഞാൻ മിണ്ടാതിരുന്നു. കാലൻ എന്നെ സ്വയം കൊണ്ടുപോകുംവരെ ഞാനൊന്നും ചെയ്യാൻ ഭാവവുമില്ല.

അവസാനദിവസം സഞ്ചരിപ്പാൻ പോയപ്പോൾ എനിയ്ക്കു ജ്യേഷ്ഠത്തിയുടെ പ്രവൃത്തികളിൽനിന്നു ചിലതു് ഊഹിയ്ക്കാമായിരുന്നു; പക്ഷെ വിഡ്ഢിയായ ഞാൻ അതൊന്നും അത്ര ഗണിച്ചില്ല.

ഇന്നു ജ്യേഷ്ഠത്തി ഈ സംസാരത്തിലില്ല; പക്ഷെ അവരുടെ പവിത്രമൂർത്തി എന്റെ ഹൃദയത്തിലുണ്ടു്; അതിനെ ഞാൻ പൂജിയ്ക്കുന്നുമുണ്ടു്. ഈ ജീവിതത്തിൽ എനിയ്ക്കൊരു പുരുഷനുമായുള്ള ബന്ധം ആവശ്യമില്ല.

ഈ പുരുഷജാതിയാണു് എന്റെ ജ്യേഷ്ഠത്തിയെ നശിപ്പിച്ചതു്. ഒരു നരകത്തിലെ പുഴു പുരുഷരൂപമെടുത്തു ജ്യേഷ്ഠത്തിയെ കടിച്ചു. എടാ! നീച, പാഷണ്ഡ, നീ ഈ സംസാരത്തിലെ സുഖം അധികകാലം അനുഭവിയ്ക്കുകയില്ല. ഈ വിശ്വാസഘാതകന്മാരായ—പാപികളായ പുരുഷന്മാരോടുകൂടിയുള്ള ജീവിതം!—ഹാ! ഞാനതിനെ വെറുക്കുന്നു.

—(മാതൃഭൂമി)

---

# 7. *പഞ്ചായത്തു്.

## I

ജുമ്മൻ ഷേയ്ക്കും അലഗു ചൌധരിയും തമ്മിൽ വലിയ മൈത്രിയായിരുന്നു. കൊള്ളക്കൊടുക്ക, കൃഷി മുതലായ കാര്യങ്ങൾകൂടി അവർ കൂട്ടായിട്ടാണു് നടത്തിവന്നിരുന്നതു്. ഒരാൾക്കു് മററെ ആളെക്കുറിച്ചുള്ള

* പ്രേംചന്ദു്.

വിശ്വാസത്തിന്ന് ഒരു കണക്കമുണ്ടായിരുന്നില്ല. ഷേയ്ക്ക് ഹജ്ജിന്നു മക്കത്തേയ്ക്കു പോയപ്പോൾ തൻെറ വീട്ടം കുടുംബവും നോക്കുവാൻ ചൌധരിയെയാണ് ഏല്പിച്ചിരുന്നത്; അങ്ങിനെതന്നെ ചൌധരിയ്ക്കു ദൂരത്തു പോകേണ്ടിവരുമ്പോൾ കാൎയ്യം എല്ലാം ജുമ്മൻ ഷേയ്ക്ക് നോക്കും. അവർ ഒരു പാത്രത്തിൽ വെച്ച ഭക്ഷണമല്ല കഴിച്ചിരുന്നത്; രക്തബന്ധവും ഒന്നും ഉണ്ടായിരുന്നില്ല; എങ്കിലും ഒരു കുടുംബത്തിലുള്ളവരേക്കാളധികം സ്നേഹവും വിശ്വാസവും അവർ തമ്മിലുണ്ടായിരുന്നു.

ഷേയ്ക്കും ചൌധരിയും കുട്ടികളായിരിക്കുമ്പോഴാണ് പരസ്പരം സ്നേഹത്തിലായത്. ജുമ്മൻെറ പൂജ്യപിതാവായ ജുമരാതിയാണ് കുട്ടിക്കാലത്തിവരെ രണ്ടാളെയും പഠിപ്പിച്ചത്. അലഗു ഗുരുശുശ്രൂഷ നല്ലവണ്ണം ചെയ്തിരുന്നു; പാത്രം മോറുക, ഹുക്ക നിറയ്ക്കുക,ഇതെല്ലാം അയാളുടെ പണിയാണ്. ജുമരാതിയുടെ ഹുക്ക ഒരു ക്ഷണനേരത്തേയ്ക്കെങ്കിലും ഒഴിഞ്ഞിരിയ്ക്കുകയില്ല; അപ്പോഴയ്ക്ക് അലഗു നിറച്ചുകഴിയും. കാരണം അയാൾക്കാസമയമെങ്കിലും പുസ്തകങ്ങളിൽനിന്നൊരു മോചനം കിട്ടിയിരുന്നുവെന്നതാണ്. അലഗുവിൻെറ അച്ഛനൊരു പഴയ മനുഷ്യനായിരുന്നു; വിദ്യ, പഠിപ്പുകൊണ്ടുണ്ടാവില്ലെന്നും,. വല്ലതും ഉണ്ടാവണമെങ്കിൽ ഗുരുശുശ്രൂഷകൊണ്ടേ സാധിയ്ക്കു എന്നുമാണ് അദ്ദേഹം ഹൃദയപൂൎവ്വം വിശ്വസിച്ചിരുന്നത്; അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഗുരുവിൻെറ ആശീൎവ്വാദമാണ് ശിഷ്യൻെറ അഭിവൃദ്ധിയ്ക്കെല്ലാം കാരണം.

എന്നാൽ ജുമരാതി ഷേയ്ക്കിന്ന് ആശീർവ്വാദത്തിലൊന്നും അത്ര വിശ്വാസമുണ്ടായിരുന്നില്ല; അതിലധികം അദ്ദേഹത്തിന്ന് വിശ്വാസമുണ്ടായിരുന്നത് തന്റെ കൂററൻ വടിയിലായിരുന്നു; ആ വടിയുടെ പ്രതാപംകൊണ്ട് ജുമ്മൻ ഷേയ്ക്കിന്നും അയൽഗ്രാമങ്ങളിലെല്ലാം ഒരു ബഹുമാനം കിട്ടിവരുന്നുണ്ട്. അദ്ദേഹം എഴുതീട്ടുള്ള ആധാരങ്ങളെക്കുറിച്ചെന്തെങ്കിലും പറവാൻ ഏതു ക്ലാക്കുമാക്കും ധൈര്യമുണ്ടായിരുന്നില്ല. അഞ്ചൽശിപായി, കോൺസ്റ്റബിൾ, തഹസിൽദാരുടെ ശിപായി മുതലായവരെല്ലാം അദ്ദേഹത്തിന്റെ കൃപാദൃഷ്ടിയ്ക്കു് ആഗ്രഹിച്ചിരുന്നു. ഇപ്പോൾ അലഗു ചൌധരി തന്റെ സമ്പത്തുകൊണ്ടാണ് അയൽവക്കക്കാരുടെ ആദരവിന്നു പാത്രമായിരിയ്ക്കുന്നതെങ്കിൽ ജുമ്മൻ ഷേയ്ക്ക് തന്റെ അമൂല്യമായ വിദ്യാധനംകൊണ്ടാണ് അവരുടെ ബഹുമാനത്തിന്ന് വിഷയമായിരിയ്ക്കുന്നതെന്ന് പറയാം.

## II

ജുമ്മൻ ഷേയ്ക്കിന്ന് ഒരു കിഴവിയായ ഇളയമ്മയുണ്ടായിരുന്നു. അവരുടെ പേക്ക് കുറച്ചു ഭൂസ്വത്തുമുണ്ടായിരുന്നു: എന്നാൽ അവക്ക് അടുത്തു ബന്ധപ്പെട്ടവരാരുമുണ്ടായിരുന്നില്ല. ജുമ്മൻ ഷേയ്ക്ക് നല്ല പഞ്ചാരവാക്കുപറഞ്ഞ് പററിക്കൂടി ആ വസ്തു തന്റെ പേരിൽ എഴുതിവാങ്ങി. ദാനത്തീരാധാരം റജിസ്റ്റർ കഴിയുന്നതുവരെ ആ സ്ത്രീയെ നല്ലവണ്ണം ആദരിച്ചിരുന്നു; അവക്കിഷ്ടമുള്ളതൊക്കെക്കിട്ടും. അല്വ, നെയ്ച്ചോറ് എന്തുവേണം, അറിയേണ്ട താമസം മാത്രം; എന്നാൽ ആധാരം

റജിസ്റ്റർ, ആധാരത്തിൽ മാത്രമല്ല, സൽക്കാരത്തിനുകൂടി മുദ്രവെച്ചുവെന്നു പറയേണ്ടിയിരിയ്ക്കുന്നു. ആതിമുഖ്യം കുറഞ്ഞു; സല്ക്കാരം ഇല്ലാതായി; എന്നുമാത്രമല്ല ഷേയ്ക്കിൻെറ ഭാൎയ്യ ഭക്ഷണം വിളമ്പിക്കൊടുക്കുന്നതോടുകൂടി എരുവുള്ള കറിയായി കുറേശ്ശെ തീക്ഷ്ണവാക്കുകളും വിളമ്പിക്കൊടുത്തു. ജുമ്മൻെറ സ്വഭാവവും രൂക്ഷമായിത്തുടങ്ങി. എന്തുചെയ്യും ആ സാധുകിഴവി സാധാരണയായി ഇത്തരം അവമതികൾ സഹിയ്ക്കുകയെ ന്നനിലയായി.

വൃദ്ധ ഇനി എത്രകാലം ജീവിയ്ക്കുമെന്നറിഞ്ഞുകൂട. കുറച്ചുദിവസം അവരിതൊക്കെ കണ്ടും കേട്ടും സഹിച്ചു. സഹിയ്ക്കാൻ വയ്യാതായപ്പോൾ ജുമ്മൻ ഷേയ്ക്കിനോട് ആവലാതിയായി. ഗൃഹസ്വാമിനിയുടെ അധികാരാതൃത്തിയിൽ പ്രവേശിയ്ക്കുന്നതു് ഉചിതമല്ലെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. "കുട്ടി, എനിയ്ക്കിവിടെ കഴിച്ചുകൂട്ടാൻ പ്രയാസമാണ്; നീ എനിയ്ക്കു് ഉറുപ്പിക തന്നേയ്ക്കു്; ഞാൻ വേറെതന്നെ വെച്ചുണ്ടു താമസിച്ചുകൊള്ളാം." എന്നായി വൃദ്ധ.

"എന്താ പണം ഇവിടെ കായ്ക്കുന്നുണ്ടോ?" എന്നു് ജുമ്മൻ തിരിച്ചടിച്ചു.

"നിനക്കെന്താ ഇങ്ങിനെ പരുഷമായി പെരുമാറാതെയെങ്കിലും ഇരുന്നുകൂടെ?" എന്നായി വൃദ്ധ.

ജുമ്മൻഷേയ്ക്ക് ഗംഭീരസ്വരത്തിൽ പറഞ്ഞു:— "നിങ്ങൾ മരണത്തിനോടുകൂടി പൊരുതി ജയിച്ചുവന്നിരിയ്ക്കുയാണെന്നു് ഞാൻ മനസ്സിലാക്കിയിരുന്നില്ല."

വൃദ്ധയ്ക്കു കോപം വന്നു; അവർ ഇക്കാര്യം പഞ്ചായത്തിൻെറ മുമ്പിൽ കൊണ്ടുവരുമെന്നു് ഷെയ്ക്കിനെ ഭയപ്പെടുത്തിനോക്കി; എന്നാൽ അയാളാകട്ടെ ചിരിക്കുകയാണുണ്ടായതു്. ഒരു നായാട്ടുകാരനു് താൻ വെച്ച വലയുടെ നേക്കോടിവരുന്ന മാനിനെക്കാണുമ്പോഠം, ഉണ്ടാകുന്ന ഒരാനന്ദം അയാളുടെ ഹൃദയത്തിൻെറ അടിയിലുണ്ടായി. അയാഠം പറഞ്ഞു:—"അങ്ങിനെയാവട്ടെ; പഞ്ചായത്തിൽ ഒരു തീപ്പുണ്ടാക്കിക്കൊള്ളു. ഇങ്ങിനെ രാവും പകലും ശണ്ഠകൂടിക്കൊണ്ടിരിക്കുന്നതു് എനിയ്ക്കിഷ്ടമില്ല."

പഞ്ചായത്തിൽ ആക്കാണു് വിജയം ഉണ്ടാവുക എന്ന കാര്യത്തിൽ ജുമ്മൻഷേയ്ക്കിനു സംശയമേ ഉണ്ടായില്ല. അയാഠംക്കു കടപ്പെട്ടവരല്ലാതെ അയൽഗ്രാമങ്ങളിലൊന്നും ആരുമുണ്ടായിരുന്നില്ല; അയാളെ കല്പിച്ചുകൂട്ടി ഒരു ശത്രുവാക്കിത്തീപ്പാൻ ആരെങ്കിലും ശ്രമിക്കുമോ! തന്നോടെതിരിടാൻ വരുന്നവൻ ആരാണെന്നു് ഒന്നു കാണട്ടെ! വല്ല ദേവദൂതന്മാരും സ്വർഗ്ഗത്തിൽനിന്നു് പഞ്ചായത്തുകാര്യത്തിലേപ്പെടുവാൻ ഇറങ്ങിവരില്ലല്ലൊ.

## III

ഇതിനുശേഷം കുറച്ചു ദിവസത്തേയ്ക്കു് ആ കിഴവി ഒരു വടിയുംകുത്തി അടുത്ത ഗ്രാമങ്ങളിലെല്ലാം ഓടിക്കൊണ്ടിരുന്നു. പാവം! ഒരു വില്ലുപോലെ വളഞ്ഞിരിക്കുന്നു; ഓരോ അടി വെയ്ക്കുന്നതും വളരെ ബുദ്ധിമുട്ടിക്കൊണ്ടാണു്; എന്നാലും കാര്യത്തിലിറങ്ങിക്കഴിഞ്ഞു; ഇനി അതൊന്നു തീച്ചപ്പെടുത്തണമെന്നാണു് വിചാരം.

ആ കിഴവിചെന്ന കരയാത്ത സ്ഥലങ്ങൾ ചുരുക്ക മാണ്. ചിലർ 'ആം', 'ഉൗം' എന്നൊക്കെ മൂളി ഒഴിച്ചു വിട്ടു; വേറെചിലർ ഈ അന്യായത്തെപ്പററി ശകാരിച്ചു. "കുഴിയിലേയ്ക്കു കാലു നീട്ടിയിരിക്കുന്നു; ഇന്നു ചാവുമോ, അതൊ നാളെയൊ, ഇത്രയേ സംശയമുള്ളു; എന്നാലും ആ ഒരോർമ്മയില്ല. ഇപ്പോൾ നിങ്ങൾക്കെന്താണാവശ്യം? ഭക്ഷണവും കഴിച്ച് ഈശ്വരനാമം ജപിച്ചുകൊണ്ടിരുന്നു കൂടെ? ഈ വക കാര്യത്തിലൊക്കെ എന്തിനാണ് പോയി തലയിടുന്നത്." ചില രസികന്മാർക്ക് ഇതൊരു തമാശയ്ക്കുള്ള വഴിയായി. കൂനുകൊണ്ടുള്ള നടത്തം, ഒട്ടിയ കവിൾ, വെഞ്ചാമരംപോലുള്ള തലമുടി ഇത്രയും സാമഗ്രികൾ ഒരിടത്ത് ഒത്തുകാണുകയാണെങ്കിൽ പിന്നെ ചിരിയ്ക്കാതെ എങ്ങിനെയാണ്. സാധുകിഴവി എല്ലായിടത്തും ചുററിനടന്ന് ഒടുവിൽ അലഗ്രുചൌധരിയുടെ അടുത്തെത്തി; വടി നിലത്തിട്ട് ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു പറഞ്ഞു:—"കുട്ടാ, എന്റെ പഞ്ചായത്തിന്ന് കുറച്ചുനേരത്തേയ്ക്ക് കുട്ടൻകൂടി വരണം.

അലഗ്രു:—എന്നെ വിളിച്ചിട്ടെന്താണ് കാര്യം! മററുള്ള ഗ്രാമങ്ങളിലെ ആളുകൾ വരുമോ?

വൃദ്ധ: —വരുമോ വരില്ലയോ; എന്റെ ബുദ്ധിമുട്ടിനെപ്പററി എല്ലാവരോടും കരഞ്ഞു പറഞ്ഞിട്ടുണ്ട്. വരുന്നതും വരാതിരിക്കുന്നതും അവരുടെ അധികാരമല്ലെ?

അലഗ്രു:—ഞാൻ വരണമെങ്കിൽ വരാം; പക്ഷെ പഞ്ചായത്തിൽ വായ തുറക്കില്ല.

വൃദ്ധ:—എന്താ, കുട്ടാ, അങ്ങിനെ പറയുന്നതു്?

അലഗ്ഗ:—ഇതിനെന്താ പറയേണ്ടതു്? അയാളോടു ശണ്ഠ കൂടാൻ എനിയ്ക്കാവില്ല; അയാളെന്റെ സ്നേഹിതനാണെന്നു് നിങ്ങൾക്കറിഞ്ഞുകൂടെ?

വൃദ്ധ:—കുട്ടി, എന്തു്! തമ്മിൽ തെറേറണ്ടിവരുമെന്നുവെച്ച് ന്യായമായിട്ടുള്ളതു് പറയില്ലെന്നോ! നമ്മുടെ ഉറങ്ങിക്കിടക്കുന്ന ധർമ്മബോധം മുഴുവനും കൊള്ളയടിയ്ക്കപ്പെട്ടിട്ടില്ലെങ്കിൽ അതന്യായത്തിന്റെ പോക്കുവിളികേട്ടു് ഉണരുന്നതാണു്; അങ്ങിനെ ഉണർന്നാൽ പിന്നെ അതിനെ ജയിപ്പാൻ ആൎക്കും സാധിയ്ക്കയില്ല.

അലഗ്ഗവിന്നു് ഇതിനൊന്നും മറുപടി പറവാൻ സാധിച്ചില്ല. പക്ഷെ അയാളുടെ ഹൃദയത്തിൽ ഈ ഒരു ചോദ്യം മുഴങ്ങിക്കൊണ്ടിരുന്നു:—

"എന്തു്; തമ്മിൽ തെറേറണ്ടിവരുമെന്നുവെച്ച് ന്യായമായിട്ടുള്ളതു പറയില്ലെന്നോ!!"

## IV

സന്ധ്യയ്ക്കു് ഒരു മരത്തിന്റെ ചുവട്ടിൽ വെച്ച് പഞ്ചായത്തുകൂടി. ജുമ്മൻഷേയ്ക്കു് കാലേക്കൂട്ടിത്തന്നെ വന്നു് ഇരിക്കുന്നതിന്നു് ജമുക്കാളം വിരിച്ചു തയ്യാറാക്കിയിരുന്നു. ലഘുപാനിയം, മധുരപലഹാരം, ഹുക്ക, പുകയില മുതലായതിന്റെ ഏൎപ്പാടും അദ്ദേഹംതന്നെ ചെയ്തിരുന്നു; കുറച്ചു ദൂരത്തു് ഷേയ്ക്കു് അലഗ്ഗ ചൌധരിയുമായി സംസാരിച്ചുംകൊണ്ടു് ഇരിക്കുന്നുണ്ടായിരുന്നു.

പഞ്ചായത്തിലേയ്ക്ക് ആരെങ്കിലും വരുമ്പോഠം ഒതുങ്ങി നിന്ന് അദ്ദേഹത്തിന്ന് സലാം ചെയ്യല്ലാതെ കടന്നുപോയിരുന്നില്ല. സൂര്യൻ അസ്തമിച്ചു; മരത്തിൻെറ മുകളിൽ കളകളാരവത്തോടുകൂടി പക്ഷികളുടെ പഞ്ചായത്തും ചുവട്ടിൽ മനുഷ്യരുടെ പഞ്ചായത്തും ആരംഭിച്ചു. പുരുഷാരം നിറഞ്ഞു; പക്ഷെ അധികഭാഗവും സന്ദൎശകന്മാരായിരുന്നു. ക്ഷണിച്ചുവന്നിട്ടുള്ളവരിൽ ഏതൊരാളുംതന്നെ ജൂമ്മൻ ഷേയ്ക്കിനോളം സ്ഥിതിയുള്ളവരായിരുന്നില്ല എന്നു കാണിച്ചിരുന്നു. ഒരു കോണിൽ അഗ്നി കത്തിക്കൊണ്ടിരുന്നു. കുട്ടികഠം അങ്ങുമിങ്ങും ഓടുന്നുണ്ടായിരുന്നു. ചിലർ ശണ്ഠകൂട്ടുകയാണ്; വേറെ ചിലർ കരയുകയാണ്; നാലുപാടും ബഹളം പരന്നുകൊണ്ടിരുന്നു; ഗ്രാമത്തിലെ നായ്ക്കഠം ആഠംകൂട്ടം കണ്ടിട്ട് ഇതൊരു സദ്യയ്ക്കുള്ള ഏപ്പാടാണെന്നു മനസ്സിലാക്കി തടിച്ചു കൂടിത്തുടങ്ങി.

പഞ്ചായത്തുകാരെല്ലാം ഇരുന്നുകഴിഞ്ഞപ്പോഠം ആ വൃദ്ധ വിനയപുരസ്സരം പറഞ്ഞു:—പഞ്ചായത്തുകാരേ, നിങ്ങളെൻെറ സങ്കടം കേഠക്കുവിൻ! എൻെറ പേരിലുള്ള എല്ലാ സ്വത്തും ഞാൻ എൻെറ ജ്യേഷ്ഠത്തിയുടെ മകനായ ജൂമ്മൻഷേയ്ക്കിൻെറ പേരിൽ ദാനത്തീരെഴുതിയതു് നിങ്ങളെല്ലാം അറിയുമല്ലൊ. എനിയ്ക്കു മരണം വരെ ഉണ്ണാനും ഉടുക്കാനും ജൂമ്മൻ തരണം; ഇതാണ് നിശ്ചയം. ഈ കഴിഞ്ഞ ഒരു കൊല്ലം മുഴുവനും ഞാൻ ജൂമ്മനൊരുമിച്ച് വളരെ ബുദ്ധിമുട്ടി കഴിഞ്ഞുകൂടി. എനിയ്ക്കു വയററിന്ന് ഭക്ഷണവും ഉടുക്കാൻ വസ്ത്രവും

കിട്ടുന്നില്ല! ഞാനൊരു വിധവയാണ്; കോടതിയ്ക്കു പോകാനും കേസ് നടത്താനും ഒന്നും എന്നെക്കൊണ്ടാവില്ല. നിങ്ങളെയല്ലാതെ ആരെയാണ് എൻെറ ദുഃഖം കേൾപ്പിയ്ക്കേണ്ടത്. നിങ്ങൾ കാണിച്ചുതരുന്ന വഴിയിൽ കൂടെ ഞാൻ നടക്കാം. എൻെറ കയ്യിൽ വല്ല കുററവുമുണ്ടെങ്കിൽ എൻെറചെകിട്ടത്തടിച്ചുകൊള്ളുവിൻ; അല്ല, ജുമ്മൻെറ കയ്യിലാണ് തെററെങ്കിൽ അതവനെ പറഞ്ഞു മനസ്സിലാക്കണം; എന്താ, അസാദ്ധ്യമാണെന്നു വെച്ച് നെടുവീർപ്പിടുകയാണോ? പഞ്ചായത്തുകാരുടെ കല്പന ശിരസാവഹിപ്പാൻ ഞാൻ തയാറാണ്.

രാമധനമിശ്രൻ പറഞ്ഞു:—ജുമ്മൻ ഷേയിക്ക്, താങ്കൾ ആരെയാണ് പഞ്ചായത്തുകാരായി തിരഞ്ഞെടുക്കുന്നത്? ആദ്യം അതു തീർച്ചപ്പെടട്ടെ; പിന്നെ അവരുടെ നിശ്ചയപ്രകാരം നടക്കുകയും വേണം.

ജുമ്മൻ ഷേയ്ക്കിന്ന് എന്തൊ ഒരു വൈമനസ്യമുള്ളതായി കാണപ്പെട്ടു; അയാൾ പറഞ്ഞു:—പഞ്ചായത്തിൻെറ കല്പന പടച്ചവൻെറ കല്പനയാണ്; ഇളയമ്മ ആരെയാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ എടുത്തോട്ടെ; എനിയ്ക്കതിൽ യാതൊരു വിരോധവുമില്ല.

വൃദ്ധ ഉറക്കെ വിളിച്ചുപറഞ്ഞു:—എട, പടച്ചവൻെറ സേവക, നീയെന്താണ് അഞ്ചാളെ തിരഞ്ഞെടുക്കാത്തത്! എനിയ്ക്കും കുറച്ചറിയാം.

ജുമ്മൻ ക്രുദ്ധനായിപ്പറഞ്ഞു:—ഇപ്പോൾഎൻെറ വായ തുറപ്പിയ്ക്കേണ്ട; ഇപ്പോൾ നിങ്ങളുടെസമയമാണ്; ഇഷ്ടമുള്ള അഞ്ചാളെ തിരഞ്ഞെടുത്തുകൊള്ളു.

വൃദ്ധയ്ക്കും ജൂമ്മൻെറ മനോഗതി മനസ്സിലായി; അവർ പറഞ്ഞു:—എടൊ ദൈവത്തെ ഭയപ്പെടണം പഞ്ചായത്തുകാർ ആരുടെയും ബന്ധുക്കളല്ല, ശത്രുക്കളെ മല്ല; നീ എന്തൊക്കെയാണ് പറയുന്നത്. നിനക്ക് ആരുടെ പേരിലാണ് വിശ്വാസമില്ലാത്തത്; പറയു; അല്ല, അലഗ്രചൌധരിയെപ്പററി മനസ്സിൽവെച്ച നീ വല്ലതും പറകയാണൊ? എന്നാൽ ആവട്ടെ; ഞാൻ അയാളെയാണ് പ്രധാനിയായി തിരഞ്ഞെടുക്കുന്നത്.

ജൂമ്മന് ഉള്ളിൽ വളരെ സന്തോഷം തോന്നി; പക്ഷെ അതു പുറത്തു കാണിച്ചില്ല; അയാളാണെങ്കിൽ അയാളാവട്ടെ; എനിയ്ക്കു രാമധനമിശ്രനെപ്പോലെ തന്നെയാണ് അലഗ്രവും; ഈ കുഴപ്പത്തിൽ കുടുങ്ങു വാൻ അലഗ്രവിന്നാഗ്രഹമുണ്ടായിരുന്നില്ല. അയാറം പറഞ്ഞു:—എന്താ മുത്തശ്ശി, നിങ്ങറംക്കറിഞ്ഞുകൂടെ ഞാനും ജൂമ്മനുമായി വളരെ സ്നേഹത്തിലാണെന്ന്?

വൃദ്ധ ഗംഭീരസ്വരത്തിൽ പറഞ്ഞു: കുട്ടി, സ്നേഹത്തിൻെറ കാര്യം ഒന്നുവേറെ; അതിന്നുവേണ്ടി ഒരാറം തൻെറ വിശ്വാസ്യതയെ ബലികഴിയ്ക്കണമെന്നില്ല; നാലാറംപറഞ്ഞാൽ നാട്ടിൽനിന്നും പോകണമെന്നില്ലെ. പഞ്ചായത്തുകാരുടെ ഉള്ളിലിരിയ്ക്കുന്നതു പടച്ചവനാണ്; അവരുടെ വായിൽനിന്നു പുറപ്പെടുന്നത് ദൈവത്തിൻെറ വായിൽനിന്നു പുറപ്പെടുന്നതാണ്. രാമധനമിശ്രനും ജൂമ്മൻെറ മററു വിരോധികളും ആ വൃദ്ധയെ മനസാ ശപിച്ചു.

അലഗ്രചൌധരി പറഞ്ഞു:—ജുമ്മൻ ഷേയ്ക്ക്, ഞാനും താങ്കളും വളരെക്കാലമായി ചങ്ങാതികളാണ്. ആവശ്യമുള്ളപ്പോഴെല്ലാം താങ്കൾ എന്നെ സഹായിയ്ക്കാറുണ്ട്; അങ്ങിനെതന്നെ എന്നാൽ ആവുംവിധം ഞാൻ താങ്കളേയും സേവിച്ചുപോന്നിട്ടുണ്ട്; എന്നാൽ ഇപ്പോൾ എൻെറ ദൃഷ്ടിയിൽ താങ്കളും താങ്കളുടെ ഈ ഇളയമ്മയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല; എനിയ്ക്ക് രണ്ടാളും ഒരുപോലെയാണ്. താങ്കൾക്ക് ഈ പഞ്ചായത്തിൻെറ മുമ്പിൽ വല്ലതും ബോധിപ്പിയ്ക്കുവാനുണ്ടെങ്കിൽ ബോധിപ്പിയ്ക്കാം.

ഈ പന്തയത്തിൽ വിജയം തനിയ്ക്കാണെന്ന് ഷേയ്ക്കിന്നു പൂർണ്ണവിശ്വാസമുണ്ടായിരുന്നു; അലഗ്രചൌധരി ഇതെല്ലാം കാട്ടിക്കൂട്ടുകയാണെന്നാണ് അയാൾ വിചാരിച്ചത്; അതുകൊണ്ടയാൾ ശാന്തതയോടുകൂടി പറഞ്ഞു:—"എൻെറ ഈ ഇളയമ്മ അവരുടെ സ്വത്തുകൾ എൻെറ പേരിലാക്കീട്ട് മൂന്നുകൊല്ലം കഴിഞ്ഞു; ഞാനവർക്കിതേവരെ ഊണും ഉടുപ്പും കൊടുത്തു സംരക്ഷിച്ചുവന്നുവെന്നത് ഒരു സത്യം മാത്രമാണ്; ഇതേവരെ അവക്ക് ഞാൻ യാതൊരുപദ്രവവും വരുത്തീട്ടില്ലെന്നതിന്നു പടച്ചവൻ സാക്ഷിയാണ്. അവരെൻെറ അമ്മയെപ്പോലെയാണ്; അവരെ ശുശ്രൂഷിക്കേണ്ടത് എൻെറ കർത്തവ്യവുമാണ്; എന്നാൽ പെണ്ണുങ്ങൾ തമ്മിൽ കുറേശ്ശ അലോഗ്യമുണ്ട്. ഇതിൽ ഞാനെന്താണ് ചെയ്യേണ്ടത്? ഇപ്പോൾ ഇളയമ്മ മാസം മാസം അവക്ക ചെലവിന്നുള്ള

പണം വേറെ കിട്ടണമെന്ന് ആവശ്യപ്പെടുന്നു. ആ വസ്തു എത്രയുണ്ടെന്നുള്ളത് എല്ലാവക്കുമറിയാം; ഈ പഞ്ചായത്തുകാരുടെ ദൃഷ്ടിയിൽനിന്ന് എനിയ്ക്കതു മറച്ചുവെപ്പാൻ കഴിയുമൊ! മാസാന്തം സംഖ്യ കൊടുപ്പാൻ മാത്രമുള്ള വകയൊന്നും അതിൽനിന്നു കിട്ടുന്നില്ല; ദാനപത്രത്തിൽ അങ്ങിനെ പ്രതിമാസം സംഖ്യകൊടുപ്പാനുള്ള നിശ്ചയങ്ങൾ ഒന്നും ഇല്ലതാനും, അല്ലെങ്കിൽ ഞാനീകഴപ്പത്തിലൊന്നും വന്നു പെടുകയില്ല. എനിയ്ക്കിതേ പറവാനുള്ളു. ഇനി നിങ്ങളുടെ അധികാരമാണ്; നിങ്ങളെന്തു തീൎപ്പുചെയ്യുന്നുവോ അതു ചെയ്തുകൊള്ളുക; എനിയ്ക്കതു സമ്മതമാണ്.

അലഗുചൌധരിയ്ക്ക് പലപ്പോഴും കച്ചേരികളിൽ കാൎയ്യങ്ങളുണ്ടാകാറുണ്ട്; അതുകൊണ്ടയാൾക്ക് നിയമപരിജ്ഞാനം നല്ലവണ്ണമുണ്ടായിരുന്നു. ആ പഞ്ചായത്തുപ്രസിഡൻറ്, ജുമ്മൻ ഷേയ്ക്കിനെ വിസ്തരിപ്പാൻ തുടങ്ങി; അയാളുടെ ഓരോ ചോദ്യവും ഷേയ്ക്കിൻെറ ഹൃദയത്തിൽ ചുററികകൊണ്ടുള്ള അടിപോലെ കൊണ്ടു. രാമധനമിശ്രന്നു വളരെ രസമായി. ഷേയ്ക്കിന്നു ഭയമായിത്തുടങ്ങി:—ഹാ! അലഗുവിന്നെന്തായിപ്പോയി! എന്നോടൊരുമിച്ചിരുന്ന് അയാളിപ്പോൾ എന്തൊക്കെയാണ് സംസാരിച്ചുകൊണ്ടിരുന്നത്! ഇത്രയും നേരംകൊണ്ട് ഇത്രയ്ക്കൊയ്ക്ക വ്യത്യാസം വന്നു കഴിഞ്ഞുവോ? ഇയ്യാൾ എൻെറ ശരീരം വെട്ടിമുറിച്ചു തൂക്കിനോക്കുവാൻ പോകയാണോ! എന്താണുണ്ടാവുകയെന്നറിഞ്ഞുകൂടാ. കഷ്ടം! ഇത്ര വളരെക്കാലത്തെ മൈത്രികൊണ്ട് യാതൊരു കാൎയ്യവുമില്ലാതായല്ലൊ!

ജുമ്മൻഷേയ്ക്ക് ഇത്തരം വിചാരപരമ്പരകളിൽ ഊളിയിട്ടുകൊണ്ടിരിയ്ക്കുമ്പോഴേയ്ക്ക് അലഗ്രുചൌധരി കാര്യത്തിൽ ഒരു തീർപ്പുചെയ്തുകഴിഞ്ഞു. അദ്ദേഹം പറഞ്ഞു:-

"ജുമ്മൻഷേയ്ക്ക്, ഞങ്ങൾ ഈ കാര്യത്തെപ്പററി ആലോചന ചെയ്തുകഴിഞ്ഞു; മാസംതോറും ആ സ്ത്രീയ്ക്ക് നിങ്ങൾ ചെലവിന്നുള്ള സംഖ്യ കൊടുക്കുന്നതാണ് ന്യായമെന്നും, അതിന്നുതക്കവണ്ണമുള്ള ആദായം അവരുടെ വസ്തുവിൽനിന്ന് നിങ്ങൾക്ക് കിട്ടുന്നുണ്ടെന്നുമാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊടുപ്പാൻ ജുമ്മൻഷേയ്ക്കിന്നിഷ്ടമില്ലാത്തപക്ഷം ദാനപത്രം റദ്ദ്ചേയ്യപ്പെടേണ്ടതാണ്.

V

ഷേയ്ക്ക് നിശ്ശബ്ദനായിപ്പോയി; തന്റെ മിത്രം ശത്രുവായി പരിണമിക്കുകയും കഴുത്തിൽ കത്തിവെയ്ക്കുകയും ചെയ്യുക! കാലത്തിന്റെ വ്യത്യാസമെന്നല്ലാതെ ഇതിന്നൊക്കെ എന്താണ് പറയുക! ആരെ താൻ പരിപൂർണ്ണമായി വിശ്വസിച്ചിരുന്നുവോ അയാൾ തക്ക അവസരം വന്നപ്പോൾ ചതിച്ചു! ഈ ലോകത്തിൽ ഇത്തരം സന്ദർഭങ്ങളാണല്ലൊ യഥാർത്ഥമിത്രങ്ങൾക്കുള്ള ഉരകല്ലുകൾ. ഇതു് കലിയുഗത്തിലെ മൈത്രിയുടെ സ്വഭാവമാണ്; ഇത്തരം കപടപടുക്കളും ചതിയന്മാരുമായ ആളുകളില്ലായിരുന്നുവെങ്കിൽ ലോകത്തിന്ന് യാതൊരാപത്തും സംഭവിക്കുമായിരുന്നില്ല; കോളറ, പ്ലേഗ് മുതലായവയെല്ലാം ഇത്തരം ദുഷ്ടന്മാർക്കുള്ള ശിക്ഷയാണ്.

എന്നാൽ രാമധനമിശ്രനും മററു പഞ്ചായത്തിലെ അംഗങ്ങളും അലഗുചൌധരിയുടെ ഈ നീതിന്യായനിഷ്ഠയെ ഹൃദയം തുറന്ന് അഭിനന്ദിച്ചു. അവരിങ്ങിനെ പറഞ്ഞു:-"ഇതിൻെറ പേർ പഞ്ചായത്ത് എന്നാണ് പാലിനെ പാലും വെള്ളത്തെ വെള്ളവുമായി വേർതിരിച്ചു കാണിക്കുന്നു. മൈത്രി മൈത്രിയുടെ സ്ഥാനത്ത്; പക്ഷെ ധമ്മത്തിൻെറ കാര്യത്തിൽ അതു് കൈകടത്തിക്കൂടാ. ധമ്മം സംരക്ഷിയ്ക്കപ്പെടുകതന്നെ വേണം; ഇത്തരം സത്യവാദികാം നിമിത്തമാണ് ഭൂമി നിലനില്ക്കുന്നതു്; ഇല്ലെങ്കിൽ ഇതു പണ്ടുതന്നെ പാതാളത്തിൽ ആണ്ടുപോകുമായിരുന്നു."

ഈ തീർപ്പ് നമ്മുടെ സ്നേഹിതന്മാരുടെ മൈത്രിയെ നിശ്ചേതനമാക്കിത്തീർത്തു; ഇടയ്ക്കിടയ്ക്ക് അവർ രണ്ടാളും കൂടി സംസാരിച്ചുകൊണ്ടിരിയ്ക്കുന്നതു ഇപ്പോളാരും കാണാറില്ല. ഇത്രയും പഴക്കം ചെന്ന മൈത്രീവൃക്ഷം സത്യത്തിൻെറ ഒരംഘാതമേല്ക്കുന്നതിലാപോലും ശക്തമായില്ല! വാസ്തവത്തിൽ അതു നിന്നിരുന്നതു് മണൽപ്പുറത്തായിരുന്നു. ജുമ്മനും അലഗുവും തമ്മിലിടയ്ക്ക് സമ്മേളിച്ചിരുന്നില്ലെന്നില്ല; എന്നാൽ ആ സമ്മേളനം വാളിൻെറയും പരിചയുടേയും സമ്മേളനമായിരുന്നു.

ജുമ്മൻെറ ഹൃദയത്തിൽ തൻെറ ചങ്ങാതിയോടുള്ള വിദ്വേഷം അങ്ങേ അററത്തോളം വളന്നിരുന്നു; എപ്പോഴാണ് പകരം വീട്ടുവാനൊരു തരം കിട്ടുകയെന്ന വിചാരം അയാളെ രാവും പകലും അലട്ടിക്കൊണ്ടിരുന്നു!

## VI

നല്ല കാൎയ്യങ്ങൾ സാധിയ്ക്കുന്നതിന്ന് അധികം സമയം പിടിയ്ക്കും; എന്നാൽ ചീത്തകാൎയ്യങ്ങൾ വേഗത്തിൽ ആവും; പകരം വീട്ടാനുള്ള സന്ദൎഭം ജുമ്മന്ന് താമസിയാതെ കിട്ടി: കഴിഞ്ഞ കൊല്ലം അലഗു ചൌധരി വളരെ മോഹിച്ച് ഒരു ജോഡി ഒന്നാംതരം കാളകളെ വാങ്ങിയിരുന്നു; അവ വളരെ മനോഹരങ്ങളായ കൊമ്പുകളുള്ള പടിഞ്ഞാറൻവൎഗ്ഗത്തിൽപ്പെട്ടവയായിരുന്നു. ഒരു മാസത്തോളം കാലം അയൽവാസികൾ അവയെ കാണുവാൻ വന്നുകൊണ്ടിരുന്നു. ജുമ്മന്റെ പഞ്ചായത്തു കഴിഞ്ഞ് ഒരു മാസമായപ്പോൾ ഒരു കാള ചത്തുപോയി; ഷേയ്ക്ക് തന്റെ സ്നേഹിതന്മാരോടു പറഞ്ഞു:—"ഇതു ചതിയ്ക്കു കിട്ടിയ പ്രതിഫലമാണ്; മനുഷ്യൻ എപ്പോഴും നല്ലതേ ചെയ്യാവു; ദൈവം എല്ലാം കാണുന്നവനാണ്"" ജുമ്മൻഷേയ്ക്ക് കാളയ്ക്കു വിഷം കൊടുപ്പിച്ചിരിയ്ക്കുമോ എന്നു അലഗുചൌധരിയ്ക്കും ഒരു സംശയമുണ്ടായി. ചൌധരിയുടെ ഭാൎയ്യ ജുമ്മന്റെ പേരിൽ ഈ കുററം ചുമത്തി സംസാരിച്ചു: ജുമ്മൻ ചെയ്തതു കുറെ കടുപ്പമായിപ്പോയെന്നു' അവർ പറഞ്ഞു; ഒരു ദിവസം രണ്ടു ശ്രീമതിമാരുംകൂടി ശബ്ദബാഹുല്യത്തിന്റെ ഒരു പ്രവാഹംതന്നെ ഉണ്ടാക്കി. വ്യങ്ഗ്യം, വക്രോക്തി, അന്യോക്തി, ഉപമ മുതലായ അലങ്കാരങ്ങളെടുത്ത് അവർ കൈകാൎയ്യം നടത്തി. ജുമ്മൻ സമാധാനം സ്ഥാപിച്ചതെങ്ങനെയാണെന്നു പറവാൻ പ്രയാസം; അയാൾ തന്റെ ഭാൎയ്യയെ ഭയപ്പെടുത്തി ശാസിയ്ക്കേണ്ടിവന്നു; എന്നല്ല ആ പോക്കിരി

ത്തിൽനിന്ന് അവരെ ബലാല്ക്കാരമായി പിടിച്ചുകൊണ്ടു പോവുകതന്നെ വേണ്ടിവന്നു; അലഗ്ഗു ചൌധരി മററു വഴി കാണാതായപ്പോഠം വടിയെടുത്തു!

ഇനി ഈ ഒററ മൂരി എന്തിനാണ്? ഒരു തുണയെ കിട്ടുവാൻ അന്വേഷിച്ചുനോക്കി; പക്ഷെ കിട്ടിയില്ല. ഒടുവിൽ ആ ആലോചന നിൎത്തി; ഇതിനെ വിററുകളയാമെന്നായി. ഗ്രാമത്തിൽ ചെട്ടിയാരുണ്ടായിരുന്നു; അയാഠക്ക് ഒരൊററക്കാളവണ്ടിയും ഉണ്ടായിരുന്നു; ഗ്രാമത്തിൽനിന്ന് ശക്കര, നൈ മുതലായതു കയററി അയാഠം ചന്തയ്ക്കു കൊണ്ടുപോകും, അവിടെനിന്ന് എള്ള്, ഉപ്പ് മുതലായതു വാങ്ങി ഗ്രാമത്തിലേയ്ക്കും കൊണ്ടുവരും. ഈ കാളയിൽ അയാഠംക്കൊരഭിലാഷംതോന്നി. "ഈ കാളയെ കയ്യിൽ കിട്ടിയാൽ ഒരു ദിവസം മൂന്നു തവണ തീച്ച്യായും ചരക്കു കൊണ്ടുപോകാം; ഇപ്പോഠം ഒരിയ്ക്കലേ കൊണ്ടുപോകാൻ ആവുന്നുള്ളുവല്ലൊ" എന്നായിരുന്നു അയാളുടെ വിചാരം. കാളയെ നോക്കി, വണ്ടിയിൽക്കെട്ടി ഓടിച്ചുനോക്കി; ചുഴിയും കൊമ്പുമെല്ലാം പരിശോധിച്ചു; വില തീച്ച്പ്പെടുത്തി, വാങ്ങിക്കൊണ്ടുപോയി വീട്ടിൽ കെട്ടി; ഒരു മാസത്തിന്നുള്ളിൽ വില കൊടുത്തു തീപ്പാനാണ് നിശ്ചയിച്ചിരുന്നത്. നിൎത്തിപ്പണയത്തിന്നാണെങ്കിലും നഷ്ടം ഇല്ലല്ലൊ എന്ന് ചൌധരിയും വിചാരിച്ചു.

കാളയെ കയ്യിൽ കിട്ടിക്കഴിഞ്ഞപ്പോഠം ചെട്ടിയാർ ഉത്സാഹപൂൎവ്വം തൻെറ പണി തുടങ്ങി. ദിവസത്തിൽ മൂന്നും നാലും പ്രാവശ്യം വണ്ടിയിൽ സാമാനം കയററി

കൊണ്ടുപോവുക എന്ന നിലയിലായി. കാളയ്ക്കു പുല്ലും വെള്ളവും കൊടുക്കേണ്ട കൂട്ടംതന്നെയില്ല; ചുമടുകൊണ്ടു പോകേണ്ട കാര്യം മാത്രമേ നമ്മുടെ ചെട്ട്യാർക്കുള്ളു; ആ സാധുമൃഗത്തിന്ന് ശ്വാസം കഴിപ്പാനുള്ള സമയം പോലും കിട്ടിയിരുന്നില്ല. അലഗ്ര ചൌധരിയുടെ വീട്ടിലാണെങ്കിൽ അതിന്നു സുഖമായിരുന്നു. എന്നെങ്കിലും ഒരിക്കലൊണതിനെ വണ്ടിയ്ക്കു കെട്ടിയിരുന്നതു്! അപ്പോൾ തിന്ന് തുള്ളിച്ചാടി വളരെ ദൂരം ഓടുവാൻ യാതൊരു വിഷമവും ഉണ്ടായിരുന്നില്ല; അവിടെ ആ കാളരാജാവിന്ന് ദിനംപ്രതി നല്ലവെള്ളവും, പൊടിച്ച തുവര പ്പരിപ്പും, തവിടുചേർത്ത പിണ്ണാക്കും ഒക്കെയുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്കു് നെയ്യുകൂടി സ്വാദുനോക്കുവാൻ കിട്ടിയിരുന്നു. രാവിലേയും വൈകുന്നേരവും തട്ടിത്തുടച്ചു വൃത്തിയാക്കുവാൻ ഒരാളും ഉണ്ടായിരുന്നു. ആ സുഖസൌകര്യങ്ങൾ എവിടെ? ഈ പണി എടുത്തു ചാവലെവിടെ? ഒരു മാസം കൊണ്ടതു തുലഞ്ഞുകഴിഞ്ഞു. വണ്ടിയുടെ നുകം കാണുന്നതുതന്നെ അതിന്ന് അസുഖമായിത്തുടങ്ങി. ഓരോ അടിവെയ്ക്കുന്നതും അതു വളരെ ബുദ്ധിമുട്ടിട്ടായിരുന്നു; എല്ലൊക്കെ പുറത്തുകണ്ടു. അതൊരു നല്ല ചുണയുള്ള ജീവിയായിരുന്നു; എന്നാലും ചെട്ട്യാരുടെ അടി കൊള്ളുവാനതിന്നു വയ്യാതായി.

ഒരു ദിവസം നാലാമത്തെ ചുമടാണ്; ചെട്ടിയാർ നാട്ടിലുള്ള സാമാനമെല്ലാം കയററിവെച്ചു; പകൽ മുഴുവൻ വയ്യാതായി, പോരെങ്കിൽ ചാട്ടകൊണ്ടടിയും പൊ-

ട്ടിച്ചുതുടങ്ങി. കാള ഉശിരുകാണിച്ചു കുറച്ചുദൂരം ഓടി; പിന്നെ ശ്വാസം കഴിപ്പാൻ കുറച്ചു നിന്നു; ചെട്ട്യാർക്കു് വേഗം വീട്ടിലെത്തേണ്ട ആവശ്യമുണ്ടായിരുന്നു; അയാഠം ദയയില്ലാതെ ചമ്മട്ടികൊണ്ടു നല്ല പ്രഹരം കൊടുത്തു; ഒരുക്കകൂടി അതു പാഞ്ഞുനോക്കി; എന്നാൽ ഇത്തവണ അതിൻെറ പ്രാണനാണ് അടിയ്ക്കു മറുവടി പറഞ്ഞതു്! അതു ഭൂമിയിൽ വീണു! എന്നന്നേയ്ക്കും എഴുനേൽക്കാത്തതായ ഒരുവീഴ്ച! ചെട്ട്യാർ കുറെ അടിച്ചുനോക്കി; വാലു പിടിച്ചുവലിച്ചു; മൂക്കിൻെറ ദ്വാരങ്ങളിൽക്കൂടി വടിതിരുകി! പക്ഷെ അയാഠംക്കു് ചത്ത ജീവിയെ എഴുന്നേൽപ്പിപ്പാൻ സാധിയ്ക്കയില്ലല്ലോ! അയാഠംക്കും കുറച്ചു ശങ്കയായി. കാളയെ ഗൌരവഭാവത്തിൽ സൂക്ഷിച്ചുനോക്കിയശേഷം വണ്ടിയുടെ നുകം കഴുത്തിൽനിന്നെടുത്തു. വണ്ടി എങ്ങിനെയാണ് വീട്ടിൽ എത്തിയ്ക്കുക എന്നായി. പിന്നെ അയാളുടെ വിചാരം. കുറെനേരം നിന്നു വിളിച്ചു നിലവിളിച്ചുനോക്കി. ഒരു കുട്ടിയേയും കണ്ടില്ല. അടുത്തൊന്നും ഒരു ഗ്രാമവും ഉണ്ടായിരുന്നില്ല. അയാഠംക്കു വല്ലാത്ത ശുണ്ഠി വന്നു. ആ ചത്ത ജീവിയെ ശപിച്ചുകൊണ്ടിങ്ങനെ പറവാൻ തുടങ്ങി:—അസത്തു് ചാവുകയാണെങ്കിൽ വീട്ടിച്ചെന്നു ചാവാമായിരുന്നില്ലേ? ഈ വഴിയുടെ നടക്കകിടന്നു ചത്തിട്ടു എന്താണു ചെയ്യേണ്ടതു്! ഇനി ഈ വണ്ടി ആരാണ് വലിയ്ക്കുക! വല്ലാത്തൊരു സത്തുജന്തു!

കുറെ ശക്കരപ്പാക്കും നെയ്യിൻപീപ്പയും വിററു് 250ക. അരയിൽ ഉറപ്പിച്ചുകെട്ടി. പിന്നെ കുറെ ഉപ്പു

ചാക്കുണ്ടായിരുന്നു. അതവിടെ ഇട്ടുപോവാൻ വയ്യായിരുന്നു; ആ നിസ്സഹായനായ പാവം വണ്ടിയിൽത്തന്നെ കിടന്നു; രാത്രി ഉറക്കമൊഴിച്ചിരിപ്പാൻ തീർച്ചയാക്കി; അയാൾ മൂളിപ്പാട്ടു പാടിയും ഹുക്ക വലിച്ചും ഏതാണ്ടർദ്ധ രാത്രിവരെ കഴിച്ചുകൂട്ടി. പിന്നെ ഒന്നു മയങ്ങി; പക്ഷെ ഉള്ള പിട്ടുറങ്ങീട്ടില്ല; നേരം പ്രഭാതമായി. ഉറക്കമുണൎന്നു ചെട്ടിയാർ നോക്കുന്നു; അരയിൽ പണസ്സഞ്ചിയില്ല! അങ്ങുമിങ്ങും നോക്കുമ്പോൾ, എണ്ണപ്പാട്ടുകളുണ്ടായിരുന്നതും കാണ്മാനില്ല. ആ സാധു ദുഃഖംകൊണ്ടു് തലയ്ക്കുതച്ചു നിലവിളിപ്പാൻ തുടങ്ങി; രാവിലെ കരഞ്ഞുംകൊണ്ടു വീട്ടിലെത്തി. ചെട്ടിച്ചിയാർ ഈ ദുഃഖവൎത്തമാനം കേട്ടപ്പോൾ ആദ്യത്തിൽ നിലവിളിച്ചു; പിന്നെ ചെട്ട്യാരെ ശകാരിപ്പാൻ തുടങ്ങി:—"അസത്തു്! ലക്ഷണംകെട്ടവൻ! കാളയെ കൊന്നു! എന്നെന്നേയ്ക്കുമുള്ള സൎവ്വ നശിപ്പിച്ചു!

ഇതിന്നുശേഷം മാസം ഒന്നു കഴിഞ്ഞു. ചൌധരി തൻെറ കാളയുടെ വില ചോദിപ്പാൻ ചെന്നപ്പോൾ ചെട്ടിയാരും ഭാൎയ്യയും [illegible] എടുത്ത നായ്ക്കളെപ്പോലെ ലഹളകൂട്ടുവാൻ [illegible] —"ഇവിടെയാണെങ്കിൽ ഈ ജന്മത്തേക്കുള്ള സൎവ്വവരവും നിന്നുകഴിഞ്ഞു; എല്ലാം തുലഞ്ഞുപോയി; പിന്നേയും വിലയുടെ കൂട്ടമാണു്! ആ ചത്ത കാളയെത്തന്നു; അതും പോരാത്തതിന്നു് ഇനി വില വേണംപോലും! മുഖത്തു് ഒരേറു കൊടുക്കുകയാണു് വേണ്ടതു്. ആ നശിച്ച കാളയെ കഴുത്തിൽക്കെട്ടി; എന്താ ഞങ്ങളൊക്കെ തീരെ പൊട്ടന്മാരാണെന്നാണോ

ഭാവം? ഞങ്ങറ ചെട്ടിയുടെ കട്ടികളാണ്; അത്രയ്യോ ന്നം മണ്ടന്മാരാവില്ല; വല്ല കണ്ടിലുംപോയി മുഖമൊന്ന കഴുകിവരൂ; എന്നിട്ടാവാം വിലതരൽ; അല്ലെങ്കിൽ കാളയെ വിട്ടുകൊണ്ടു പോയ്ക്കോളൂ. ഒരു മാസമല്ല രണ്ടു മാസംതന്നെ ആയിക്കൂടെ?"

അലഗ്രചൌധരിയ്ക്ക് എതിരായിട്ടുള്ള ആളുകളും അവിടെ കുറവായിരുന്നില്ല; അവരെല്ലാവരും ഒരുമിച്ചു കൂടി, ചെട്ട്യാരുടെ ചിലയ്ക്കലിന്ന ശക്തികൂട്ടി. ഈ വിധ മുള്ള ശകാരവാക്കുകറ കേട്ടപ്പോറ അലഗ്രചൌധരി ഗജ്ജിച്ചു. എന്നാൽ 150 ഓളം ഉറുപ്പിക ഇങ്ങിനെ കൈ വിട്ടുകളയുന്നത് എളുപ്പമായിരുന്നില്ല; അദ്ദേഹത്തിന്നും കോപംവന്നു. ചെട്ട്യാർ ഒരു വടിയെടുപ്പാനായിട്ടെന്ന പോലെ വീട്ടിലേയ്ക്കു കടന്നു; അപ്പോറ അയാളുടെ ഭാര്യ മുമ്പോട്ടുവന്നു. തമ്മിൽ പറഞ്ഞു പറഞ്ഞ് അടിപിടി കൂടുവാനുള്ള ഘട്ടമായപ്പോറ ചെട്ടിച്ചിയാർ അകത്തു കടന്നു വാതിലടച്ചു. ഈ ബഹളമെല്ലാം കേട്ട് ഗ്രാമത്തി ലുള്ളവരെല്ലാം തടിച്ചുകൂടി. അവർ രണ്ടുകൂട്ടരേയും സമാ ധാനിപ്പിച്ചു; ചെട്ടിച്ചിയാരെ ധൈയ്യപ്പെടുത്തി പുറ ത്തേക്കു വിളിച്ച് അവരുപദേശിച്ചു:—"ഇങ്ങനത്തെ ത ലപൊളിക്കുന്ന കാൎയ്യങ്ങളൊന്നും ചെയ്യരുത്. പഞ്ചായ ത്തുകൂടി അവരെന്തു തീച്ചപ്പെടുത്തുന്നുവോ അതു ചെയ്യു ക." ചെട്ടിയാക്കതു പിടിച്ചു; ചൌധരിയും ആ അഭിപ്രാ യം സ്വീകരിച്ചു.

## IIV

പഞ്ചായത്തിന്നുള്ള ഒരുക്കങ്ങളായിത്തുടങ്ങി; രണ്ടു പക്ഷക്കാരും അവരവരുടെ ഭാഗത്തേക്കുള്ളവരെ ആലോ

ചിയ്ക്കുയായി. പ്രസ്തുത സംഭവം ഉണ്ടായതിൻെറ മൂന്നാം ദിവസം ആ വൃക്ഷത്തിൻെറ ചുവട്ടിൽത്തന്നെ വീണ്ടും പഞ്ചായത്തുകൂടി; അതും സന്ധ്യാസമയമായിരുന്നു. വയലുകളിൽ കാക്കകഠം അവരുടെ പഞ്ചായത്തു നടത്തുന്നുണ്ടു്. അവിടെ നില്ക്കുന്ന കയറ്റിൽ അവൎക്ക വല്ല അവകാശവും ഉണ്ടൊ ഇല്ലയൊ എന്നായിരുന്നു വാദവിഷയം; അക്കായ്മും തീച്ച്പ്പെടുന്നതുവരെ ലഹളകൂട്ടി തങ്ങളുടെ അപ്രസന്നതയെ പ്രകടിപ്പിയ്ക്കുവാനാണു് അവർ തീച്ച്പ്പെടുത്തിയിരുന്നതു്. മരത്തിൻെറ കൊമ്പത്തിരിയ്ക്കുന്ന തത്തകഠം മനുഷ്യരുടെ നിൎദ്ദയത്വത്തെപ്പററിപ്പറകയായിരുന്നു: "നമ്മളിൽ ചിലരെ ചതിച്ചു് കൂട്ടിൽപ്പിടിച്ചിടുന്നതിനുകൂടി ഇവൎക്ക നാണമില്ലല്ലോ" എന്നവർ അഭിപ്രായപ്പെട്ടു.

പഞ്ചായത്തുകൂടിക്കഴിഞ്ഞപ്പോഠം രാമധനമിശ്രൻ ചോദിച്ചു:—എന്താ സമയമായില്ലെ? ആളെ തിരഞ്ഞെടുക്കുക. ചൌധരി, പറയൂ; നിങ്ങഠം ആരേയാണു് തിരഞ്ഞെടുക്കുന്നതു്?

അലഗ്രു ദീനഭാവത്തിൽ പറഞ്ഞു:— ചെട്ട്യാർതന്നെ തിരഞ്ഞെടുക്കട്ടെ!

"എൻെറ ഭാഗത്തേയ്ക്കു് ജുമ്മൻഷേയ്ക്കു്" ചെട്ട്യാർ പെട്ടെന്നു് എഴുന്നേററു് സന്തോഷത്തോടുകൂടി വിളിച്ചു പറഞ്ഞു.

ജുമ്മൻെറ പേർ കേട്ടപ്പോഠംത്തന്നെ അലഗ്രുചൌധരിയുടെ ഹൃദയം കിടന്നു് ശക്തിയായി അടിയ്ക്കുവാൻ

തുടങ്ങി; രാമധനൻ അലഗ്രുവിൻെറ ഒരു മിത്രമായിരുന്നു. അയാറാ കാൎയ്യം മനസ്സിലാക്കിച്ചോദിച്ചു: "എന്താ ചൌധരി, നിങ്ങറാക്കു വിരോധമൊന്നുമില്ലല്ലൊ?"

ചൌധരി ധൈൎയ്യത്തോടെ പറഞ്ഞു:—"ഇശ്ശ്: എന്താണെനിക്കു വിരോധമുണ്ടാകുവാൻ?"

* *

ഉത്തരവാദിത്വബോധം പലപ്പോഴും നമ്മെ കൎയ്യപ്രാപ്തിയുള്ളവരാക്കിത്തീൎക്കാറുണ്ട്. വഴിയറിഞ്ഞുകൂടാതെ നാം കിടന്നുഴലുമ്പോറാ ഇതു നമുക്കു ശരിയായ മാൎഗ്ഗദൎശനം ചെയ്യുന്നു!

പത്രാധിപന്മാർ ശാന്തമായ തങ്ങളുടെ സ്ഥാനത്തിരുന്നു് എത്ര ധൃഷ്ടതയോടും സ്വാതന്ത്ര്യത്തോടുംകൂടിയാണു തങ്ങളുടെ സമുജ്ജ്വലലേഖനങ്ങറാകൊണ്ടു് മന്ത്രിസഭയെ വിമൎശിക്കുന്നതു്! എന്നാൽ അവരെത്തന്നെ നാം മന്ത്രിമാരാക്കുക! എല്ലാം മാറി. മന്ത്രിസഭയിലേക്കു കടക്കുന്നതോടുകൂടിത്തന്നെ അവർവിചാരശീലന്മാരും മൎമ്മജ്ഞന്മാരും ന്യായപരായണന്മാരുമായിത്തീരുന്നു. ഉത്തരവാദിത്വബോധമാണിതിന്നു കാരണം. ചെറുപ്പക്കാർ ആദ്യകാലങ്ങളിൽ എത്ര വികൃതികളായി കാണപ്പെടാറുണ്ടു്. മാതാപിതാക്കന്മാർ അവരെപ്പററി വിഷാദിക്കുവാനിടവരുന്നു; അവർ തറവാടുകെടുത്തുവാനുള്ളവരാണെന്നു വിചാരിച്ചുപോരുന്നു; എന്നാൽ തറവാട്ടുഭാരം അവരുടെ തലയിൽവരട്ടെ, ആ വ്യവസ്ഥയില്ലാത്തവനും ഉന്മത്തനു

മായ യുവാവുകാണാം മുഴവനും മാറിവരുന്നത്! ഉത്തര വാദിത്വബോധമാണിനൊക്കെ കാരണം.

പഞ്ചായത്തിന്റെ തലവനായിക്കഴിഞ്ഞപ്പോഠ ജുമ്മൻ ഷേയ്ക്കിന്നും തന്റെ കത്തവ്യത്തെപ്പററി പൂണ്ണബോധമുണ്ടായി. "ഞാനിപ്പോളിരിയ്ക്കുന്നത് ന്യായത്തിന്റെയും ധമ്മത്തിന്റെയും സവ്വോൽക്കൃഷ്ടമായ ഒരു ന്യായാധിപനാണ്. എന്റെ വായിൽനിന്നിപ്പോഠ പുറപ്പെടുന്നത് ദൈവവാക്യത്തിനു തുല്യവുമാണ്; ആ ദൈവവാക്യത്തിൽ എന്റെ മനോവികാരങ്ങഠക്കൊന്നും ഒരിയ്ക്കലും സ്ഥാനമുണ്ടായിക്കൂടാ. എന്നെന്നിയ്ക്കുപോലും സത്യം വിടുന്നത് എനിയ്ക്കുചിതമല്ല."

രണ്ടുപക്ഷത്തിലുമുള്ള പഞ്ചായത്തുകാർ വളരെ നേരത്തോളം അവരവരുടെ പക്ഷം പിടിച്ചു വാദിച്ചു. ഒടുവിൽ ഒന്നു തീച്ചപ്പെടുത്തേണ്ട ഘട്ടം എത്തി. ചെട്ടിയാറ് കാളയുടെ വില കൊടുക്കേണമെന്ന കാര്യത്തിൽ ആക്കും ഭിന്നാഭിപ്രായമുണ്ടായിരുന്നില്ല; പക്ഷെ കാള ചത്തതുകൊണ്ട് ചെട്ടിയാർക്കു നഷ്ടം പററീട്ടുണ്ടെന്നും അതുകൊണ്ട് സംഖ്യയിൽ ഇളവുചെയ്തു കൊടുക്കേണ്ടതാണെന്നുമായിരുന്നു രണ്ടാളുടെ അഭിപ്രായം; എന്നാൽ സംഖ്യ ഇളവുചെയ്തുകൂടെന്നു മാത്രമല്ല, ഇനി യാതൊരു ജീവിയോടും ഇത്ര നിർദ്ദയമായി പെരുമാറാതിരിപ്പാൻ അയാഠക്കു കുറച്ചു ശിക്ഷകൂടി കൊടുക്കണമെന്ന പക്ഷക്കാരായിരുന്നു മററു രണ്ടാളുകഠ. അവസാനം ജുമ്മൻ

ഷേയ്ക്ക് വിധി പറഞ്ഞു:—ചൌധരി, ചെട്ട്യാരെ, നിങ്ങളുടെ കാൎയ്യത്തെപ്പററി ഇവിടെ കൂടിയ പഞ്ചായത്തുകാർ നല്ലവണ്ണം ആലോചന നടത്തി. കാളയുടെ വില മുഴുവനും ചെട്ടിയാർ കൊടുക്കേണ്ടതാണ്; കൊടുക്കുമ്പോൾ അതിന്നു യാതൊരു ദീനവും ഉണ്ടായിരുന്നില്ല; അപ്പോൾത്തന്നെ വില റൊക്കം കൊടുത്തിരുന്നുവെങ്കിൽ ഇപ്പോൾ അതു മടക്കിക്കിട്ടുവാൻ ചെട്ടിയാർ ആഗ്രഹിയ്ക്കുകയും ചെയ്യുമായിരുന്നില്ല. അതിനെക്കൊണ്ടു വല്ലാത്തെ പണി എടുപ്പിച്ചു; വേണ്ടതുപോലെ തിന്നാനും വെള്ളവും കൊടുത്തതുമില്ല.

രാമധനമിശ്രൻ:—ചെട്ടി അതിനെ പട്ടിണിയിട്ടു കൊന്നിരിയ്ക്കുയാണ്; അതുകൊണ്ടതിന്നു ശിക്ഷ കൊടുക്കണം.

ജുമ്മൻ:—അതു വേറൊരു കാൎയ്യം; അതല്ലല്ലൊ നമ്മുടെ ഇപ്പോഴത്തെ ആലോചനാവിഷയം.

ചെട്ട്യാർ:—വല്ലതും വിട്ടുതരാൻ ദയയുണ്ടാകണം.

ജുമ്മൻ:—അത് അലഗ്രചൌധരി തീച്ചപ്പെടുത്തേണ്ടതാണ്; വല്ലതും വിട്ടുതരുന്നുവെങ്കിൽ അതദ്ദേഹത്തിന്റെ ഔദാൎയ്യം.

അലഗ്ര വളരെ സന്തുഷ്ടനായി; അദ്ദേഹം എഴുന്നേററുനിന്നു ഉറക്കെ വിളിച്ചുപറഞ്ഞു:—"പഞ്ചപരമേശ്വർ കീ ജയ്!"

നാലുപുറത്തും മാറെറാലി മുഴങ്ങി:—"പഞ്ചപരമേശ്വർ കീ ജയ്!"

ഓരോരുത്തരും ജുമ്മന്റെ നീതിബോധത്തെപ്പററി പ്രശംസിച്ചു; അവർ പറകയാണ്: – ഇതൊരു മനുഷ്യന്റെ പ്രവൃത്തിയാണെന്നു പറഞ്ഞുകൂടാ. ആ അഞ്ചാളുടെ ഉള്ളിലിരിക്കുന്നതു് ദൈവമാണ്; ഇതദ്ദേഹത്തിന്റെ മഹിമയാണ്. പഞ്ചായത്തിന്റെ മുമ്പിൽ കുററത്തെ കുററമല്ലാതാക്കിക്കാണിപ്പാൻ ആക്കു കഴിയും?

കുറച്ചു കഴിഞ്ഞപ്പോറം ജുമ്മൻ ഷേയ്ക്ക് അലഗു ചൌധരിയുടെ അടുത്തേയ്ക്കു വന്നു് അദ്ദേഹത്തിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു് പറഞ്ഞു:—നിങ്ങറം അന്നു് എന്റെ പഞ്ചായത്തു തീപ്പുചെയ്തതു് മുതൽക്കു് ഞാൻ താങ്കളുടെ ഒരു ജന്മശത്രുവായി മാറിയിരുന്നു; എന്നാൽ ഇന്നെനിയ്ക്കു മനസ്സിലായി പഞ്ചായത്തിൽ ന്യായവിചാരം ചെയ്യുമ്പോറം നമുക്കാരും ബന്ധുവുമല്ല, ആരും ശത്രുവുമല്ലെന്നു്; ന്യായമല്ലാതെ അവിടെ മറെറാന്നുമില്ല. ഇന്നെനിയ്ക്കു മനസ്സിലായി പഞ്ചായത്തുകാരിൽക്കൂടി പടച്ചവനാണ് സംസാരിയ്ക്കുന്നതെന്നു്.

അലഗു കരയുവാൻ തുടങ്ങി; അയാളുടെ കണ്ണുനീർ രണ്ടാളുടേയും ഹൃദയമാലിന്യത്തെ കഴുകിക്കളഞ്ഞു. മൈത്രിയുടെ ആ വാടിയ വള്ളി വീണ്ടും തെളിഞ്ഞു പൂത്തു തളിപ്പാൻ തുടങ്ങി.

—(അപ്രകാശിതം.)

# ൯. പുനർജ്ജന്മം.

(ഒരു പ്രഹസനം)

[സ്ഥലം: ദൌലത്ത രാമൻെറ വീട്ടിൻെറ പുറത്താവളം. സമയം: പകൽ]

(പരവതാനി, മേശ, കസാല മുതലായ സാമാനങ്ങളും അങ്ങുമിങ്ങുമായി കിടക്കുന്നു, [illegible] ഒരു കട്ടിൽ, ചുമരിൽ ഒരു ഘടികാരം, ഘടികാരത്തിൽ സമയം 7_15 ആയിരിക്കുന്നു.)

[ദൌലത്ത് രാമൻെറ മരിച്ച സഹോദരിയുടെ ഭർത്താവായിരുന്ന ബിഹാരിലാലും ദൌലത്ത് രണ്ടാമതു വിവാഹം ചെയ്ത ഭാൎയ്യ ചുന്നിയും നില്ക്കുന്നു.]

ബിഹാരി:—ഇന്നുതന്നെയാണ് ആ വൈശാഖമാസം നാലാം തിയ്യതി. ഞാൻ മുമ്പേക്കൂട്ടിത്തന്നെ എല്ലാവരോടും പറഞ്ഞു് ഏൎപ്പാടു ചെയ്തിട്ടുണ്ടു്.

ചുന്നി:—എന്നാൽ ഇതുകൊണ്ടു് ഫലം എന്താണുണ്ടാവുക എന്നാണ് ഞാൻ ഇപ്പോഴും ആലോചിക്കുന്നതു്.

ബി:—ഫലം? ഫലം ഒന്നുമുണ്ടാവില്ലെങ്കിൽക്കൂടി, ചുരുങ്ങിയപക്ഷം ആ സാധുവിൻെറ പ്രാണനെങ്കിലും രക്ഷപ്പെടും. എടവാടുകാർ അദ്ദേഹത്തെ (നിങ്ങളുടെ സ്വാമിയെ) തഞ്ചം നോക്കി കൊല്ലുവാൻ നിശ്ചയിച്ചിരിക്കുന്നു!

---

* സുപ്രസിദ്ധബങ്കാളിനാടകകാരനായിരുന്ന ദ്വിജേന്ദ്രലാലിൻെറ ബങ്കാളിപ്രഹസനത്തിൻെറ ഹിന്ദിഭാഷാന്തരത്തിൽനിന്നു വിവൎത്തനം ചെയ്യപ്പെട്ടതു്.

ച—പക്ഷെ, അദ്ദേഹത്തിന്നിതിലെന്താണപരാധം? പലിശയ്ക്കു പണം കടം കൊടുക്കുന്നു; അപ്പോൾ പലിശ വാങ്ങില്ലടെ? എപ്പോൾ ഉണ്ടികക്കച്ചവടക്കാരൻ.....

ബി—എന്താ, സാധുക്കളുടെ വീടും കുടിയും വില്പിച്ചെടുക്കുന്നതു് ഉണ്ടികക്കച്ചവടമാണോ? അതു തട്ടിപ്പറിയാണ്. രാവിലെ എണീററാൽ അന്നു ഭക്ഷണംകൂടി കിട്ടില്ലെന്നു വിചാരിച്ച് ആരും അദ്ദേഹത്തിൻെറ നാമധേയംകൂടി ഉച്ചരിയ്ക്കാറില്ല! യാത്രാസമയത്തു് ആരും അദ്ദേഹത്തിൻെറ മുഖത്തുനോക്കാൻ ഇഷ്ടപ്പെടാറില്ല. വളരെയാളുകൾ രാവിലേയും വൈകുന്നേരവും അദ്ദേഹം മരിയ്ക്കുന്നതിന്നുവേണ്ടി പ്രാത്ഥിയ്ക്കുന്നു! ഇതൊക്കെ വളരെ സുഖമുള്ള അവസ്ഥയാണോ?

ച—എന്നാൽ, നിങ്ങൾ വിചാരിക്കുന്നതു്, ലക്ഷ്യം ശരിയാണെങ്കിൽ വളരെ നല്ലതുതന്നെ. ഭക്ഷണത്തിന്നു ഭക്ഷണം; മരുന്നിന്നു മരുന്ന്!

ബി—ഒക്കെ ശരിയാവും, സ്യാലന്ന് ജ്യോതിഷത്തിൽ വളരെ വിശ്വാസമാണ്. വൈശാഖമാസം നാലാം തിയ്യതി ഉച്ചയ്ക്കു് വീട്ടിൽവെച്ച് പാമ്പുകടിച്ചു മരിയ്ക്കുമെന്ന് ജ്യോതിഷക്കാരൻ പറഞ്ഞതു് ആ സാധു പൂണ്ണമായി വിശ്വസിച്ചിരിക്കുന്നു!

ച—അദ്ദേഹം ഇപ്പോളെവിടെയാണ്?

ബി—"മുത്തുക്കുളത്തി"ൽ കഴുത്തുവരെ വെള്ളത്തിലിറങ്ങി നില്ക്കുകയാണ്; എന്നാൽ പിന്നെയെങ്ങിനെയാണ് വീട്ടിൽവെച്ചു പാമ്പു കടിയ്ക്കുക!

ച—(ചിരിച്ചുകൊണ്ട്) കഷ്ടം!

ബി—ഇന്നു വലിയ തമാശയുണ്ടാവും.

ച—സംശയമില്ല; നല്ല തമാശയുണ്ടാവും; എന്നാൽ ആ സമയം എനിയും ആയിട്ടില്ലല്ലോ!

ബി—അതൊക്കെ ഇപ്പോൾ ആവും; നിങ്ങളോട ചെയ്യാനേല്പിച്ചിട്ടുള്ളതൊക്കെ ഓൎമ്മയുണ്ടല്ലോ!

ച—ഒക്കെ ഓൎമ്മയുണ്ട്.

ബി—ശരി, ഇപ്പോൾ അകത്തേയ്ക്കു പൊയ്ക്കോളൂ.

ച—നല്ല തമാശയുണ്ടാവും; എയ്! സമയം പോകുന്നില്ലല്ലൊ! (പോകുന്നു)

ബി—ദൈവലത്ത് പൂൎവ്വജന്മത്തിൽ വലിയ തപസ്സുചെയ്തിട്ടുണ്ട്. ആതുകൊണ്ടാണ് അദ്ദേഹത്തിന്ന് ഇങ്ങനത്തെ ഒരു ഭാൎയ്യയെ കിട്ടിയത്. അദ്ദേഹത്തിന്നെത്രയോ സ്വത്തുണ്ട്. എന്നാൽ തന്റെ ഭാൎയ്യയ്ക്കുകൂടി വയറു നിറച്ച് ഉണ്ണാൻ കൊടുക്കുന്നില്ല. എന്നിട്ടും ചുന്നി ചിരിച്ചുകൊണ്ട് കഴിയുന്നു! എന്തെങ്കിലും ഒരു തമാശയ്ക്കു വഴിയുണ്ടാവണം. എന്നാലവൾ ചിരിച്ച ചിരിച്ചു ബോധം കെടും! അളിയൻ ഒരു പിശുക്കശ്ശിരോമണിയാണ്. വാൎദ്ധക്യകാലത്തൊരു കല്യാണവും കഴിച്ചു! നല്ല വിദ്യാഭ്യാസമുള്ള സുന്ദരിയായ ഒരു സ്ത്രീ. മൂപ്പരൊരു വിഡ്ഢിയും! വിഡ്ഢിയല്ലെങ്കിൽ ജാതകഫലത്തിൽ വിശ്വസിക്കുമോ?

[നന്ദ, മോഹനൻ, രാമചന്ദ്രൻ, സുന്ദരൻ, എന്നിവർ പ്രവേശിക്കുന്നു.]

ബി—നിങ്ങഠം വന്നുകഴിഞ്ഞുവോ? ശരിയായ സമയത്തു ദൌലത്ത് വരുന്നുണ്ടാവും.

മോ—ഇവിടെ എല്ലാം ശരിയായോ?

ബി—എല്ലാം ശരിയായി. ദൌലത്തിൻെറ രണ്ടു കുട്ടികളോടു മാത്രം ഇനിയും പറവാൻ തരമായിട്ടില്ല. മൂന്നു ദിവസമായിട്ട് അവർ വീട്ടിൽതന്നെവന്നിട്ടില്ല. പൈസ ചെലവാകുമെന്നു വിചാരിച്ച് സ്യാലൻ അവരെ എഴുതാനും വായിപ്പാനുംകൂടി പഠിപ്പിക്കുന്നില്ല. ഈ നിലയ്ക്കു അവർ ശണ്ഠകൂടുകയല്ലാതെ എന്താണുണ്ടാവുക? രണ്ടു ചെക്കന്മാരെയും ഒന്നിനും കൊള്ളില്ല.

മോ—(സംശയത്തിൽ) ആഹാ!

ബി—അതുകൊണ്ടു് അവരും പറയുന്നതു് കേഠംക്കും. എപ്പോഴാണീ പിശുക്കൻ തന്ത മരിക്കുക എന്നവരും നോക്കിക്കൊണ്ടിരിയ്ക്കുകയാണ്. അച്ഛൻെറ മരണാവസ്ഥയറിഞ്ഞിട്ട് ആ കുട്ടികഠം എന്താണ് ചെയ്യുക എന്നുകൂടി ആ മനുഷ്യൻ കാണട്ടെ. ദൌലത്ത്രാമൻ വന്നുകഴിഞ്ഞു. രാമചന്ദ്രാ കിടന്നോളൂ, കിടന്നോളൂ.

[രാമചന്ദ്രൻ കിടക്കുന്നു]

ബി—നിങ്ങളെല്ലാവരും രാമചന്ദ്രൻെറ നാലുപുറവും ഇരുന്നോളിൻ.

[എല്ലാവരും അങ്ങിനെ ചെയ്യുന്നു. ബിഹാരി രാമചന്ദ്രൻെറ മേൽ പുതപ്പിടുന്നു.]

ബി—നല്ലവണ്ണം ദുഃഖം നടിച്ചിരിക്കിൻ. രാമചന്ദ്രാ, ഇളകം മററൊന്നും അരുതട്ടൊ.

[എല്ലാവരും പറഞ്ഞപോലെ ചെയ്യുന്നു]

ബി—എല്ലാം ശരിയായി.

എല്ലാവരും—ആ് എല്ലാം ശരിയായി:

ബി—എന്നാൽ ഞാൻ പോരുന്നു; ശരിയായ സമയത്തിന്ന് എത്തിക്കൊള്ളാം. ഇപ്പോൾ നിങ്ങളെല്ലാവരും ദുഃഖം നടിച്ചോളിൻ.

[ദൌലത്ത്രാമൻ വരുന്നു]

ദൌ—പ്രാണൻ നല്ലവണ്ണം രക്ഷപ്പെട്ടു. ജാതകത്തിലെ ഗണിതംകൂടി തെററിപ്പോകുന്നു; ഞാൻ വിചാരിച്ചിരുന്നു ശരിയ്ക്കുച്ചയ്ക്ക് പ്രാണൻ പോവുമെന്ന്. (ക്ലോക്കിൽ നോക്കീട്ട്). ഉച്ച കഴിഞ്ഞു; ഇനി എനിയ്ക്കൊരു പേടിയുമില്ല.

മോ—ഹ! കഷ്ടം! സാധു മരിച്ചുപോയി!

നന്ദു—ഉച്ചയ്ക്ക്-

സുന്ദർ—പാമ്പു കടിച്ചിട്ട്-

ദൌ—(പരിഭ്രമിച്ച്) ആരാണ് മരിച്ചത്?

മോ—തലയിലെഴുത്ത്-

നന്ദു—ആക്കും മാ യ്ക്കാൻ കഴിയില്ല.

സു—എന്നിട്ടും ആളുകൾ ജ്യോതിഷത്തിൽ വിശ്വസിയ്ക്കുന്നില്ലല്ലൊ.

ദൌ—ഏയ്, മരിച്ചതാരേ്?

നന്ദു—കുട്ടികളാണെങ്കിൽ ഇതേവരെ വന്നിട്ടില്ല.

മോ—നമ്മളെപ്പോൾത്തുടങ്ങിയ ഇരുത്താ?

ന്ദ—ഇനി ഏതുവരെയാ കാത്തിരിയ്ക്കു്ാ? പൊവ്വ, ശവം പൊടലേലയ്ക്കു് കൊണ്ടുപോകാം.

ദൌ—ഏയ്! ചേട്ടാ, ആരുടെ ശവമാണ് പൊടലേലയ്ക്ക കൊണ്ടോണ്?

മോ—ഹായ് കഷ്ടം! സേട്ടു് ദൌലത്ത്റാം-

നന്ദ—അവസാനം-

സുന്ദർ—മരിയ്ക്കു്ന്നെ ചെയ്തു.

ദൌ—ഏയ് ദൌലത്ത്റാം മരിച്ചു? ഏതു ദൌലത്ത്റാം?

മോ—ഇങ്ങനത്തെ ഒരു വീടും-

നന്ദ—രണ്ടാമതു വിവാഹംചെയ്ത ആ പരമസുന്ദരിയായ സ്ത്രീയും-

പുരംദർ—ഹായ് കഷ്ടം!

ദൌ—ആരു് മരിച്ചുപോയി?

മോ—സേട്ടു് ദൌലത്ത്റാം.

ദൌ—(ശ്രുണ്ഠിയെടുത്തുകൊണ്ടു്) ഏയ്, ദൌലത്ത്റാം എന്തിനാ മരിയ്ക്കു...

നന്ദ—എന്തിനു മരിയ്ക്കുന്നു? അതു്, മൂപ്പരേ, ഞങ്ങളെങ്ങനെയാണറിഞ്ഞതു്? എന്നാൽ മരിച്ചതു വാസ്തവമാണ്?

എല്ലാവരും—കഷ്ടം! കഷ്ടം!.

ദൌ—നിങ്ങളെന്താ പറഞ്ഞുംകൊണ്ടിരിക്കണ്? ഞാനാ ... ങ്കിലിതാ ജീവിച്ചുംകൊണ്ടു് നില്ക്കുന്നു.

മോ—സാഹിബേ, നിങ്ങളാരാണ്?

ദൌ—ഞാൻതന്നെയാണ് സേട്ട് ദൌലത്ത്രാം.

നന്ദ—ഉം!

ദൌ—എന്താ, ഉം!

മോ—കഷ്ടം! ചേട്ടാ, കഷ്ടം!

ദൌ—നിങ്ങളെന്താ ഭ്രാന്തന്മാരായോ? നിങ്ങൾക്കു കണ്ടു കൂടെ ഞാനാണ് ദൌലത്ത്-

മോ—പൊയ്ക്കൊട്ടെ, അവിടുന്ന്; വ്യസനസമയത്ത് ഈ വക തമാശ നന്നല്ല.

നന്ദ—വല്ല കഞ്ചാവുവലിയനും ആയിരിക്കും.

സു—ഇവിടുന്നു കടന്നുപൊയ്ക്കൊട്ടെ.

ദൌ—ഇതെന്തൊരാപത്തായി! നിങ്ങളൊക്കെ എന്താ ഭ്രാന്തന്മാരായോ? ഞാൻ ദൌലത്ത്രാം സേട്ടുവാണ്. കാണാൻ പാടില്ലെ-

മോ—ഹാ! നല്ലവണ്ണം കാണാം. (നോക്കുന്നു.)

[നന്ദ അവന്റെ തല ഇളക്കിക്കൊണ്ട് അടിമുതൽ മുടിയോളം നോക്കുന്നു. സുന്ദരൻ ദൌലത്തിന്റെ നാലു പുറവും-ചുററിനടന്നു നോക്കുന്നു.]

നന്ദ—ഹാ! നോക്കിയാൽ സേട്ട്ജിയുടെ വേഷം കെട്ടിയതു് വളരെ ശരിയായിട്ടുണ്ടെന്നു തോന്നും.

സു—വേഷം വളരെ ശരിയായിരിക്കുന്നു!

മോ—കഷ്ടം!

ദൌ—എങ്ങന്യാ വേഷം കെട്ടണ്?

മോ—കെട്ടീതു് നന്നായിട്ടുണ്ട്, പക്ഷെ, ഈ മൂക്ക് അങ്ങനെയല്ല.

ദൈ—മൂക്ക എങ്ങനെയല്ല? ഇതിൻെറ ഒക്കെ അൎത്ഥ
മെന്താണ്? (മൂക്ക തട്ടിനോക്കുന്നു.)

നന്ദ—നിറൊ?-നിറം ഏതാണ്ട് അങ്ങനെ ആക്കീട്ടുണ്ട്.

ദൈ — ആക്കീട്ടുണ്ട്!

സു—കുറച്ചുകൂടി നേരെ ആക്കാനുണ്ട്-ചേട്ടാ, കഷ്ടം!

മോ—എന്നാലീ മൂക്ക്-

നന്ദവും സുന്ദരനും—ആ! ഈ മൂക്ക്-

ദൈ—ഉം? മൂക്കെന്താ?

മോ —(തലയാട്ടിക്കൊണ്ട്) ഇല്ല, ശരിയ്യായിട്ടില്ല.

നന്ദ—ഉന് ഹു!

സു—എടവാടുകാരെ പററിയ്ക്കാൻ സാധിയ്ക്കില്ല.

ദൈ—നിങ്ങളെന്താ ഞാൻ ദൊലത്ത് രാമനല്ലെന്നു പറ
വാനാണോ ഭാവം?

മോ —കഷ്ടം, ചേട്ടാ, നിങ്ങളുടെ ധൈൎയ്യം നിശ്ചയ
മായും പ്രശംസിയ്ക്കത്തക്കതാണ്. സംസാരംകൂടി അനു
കരിയ്ക്കുന്നു.

നന്ദ—ശരിയായനുകരിയ്ക്കുന്നു!

സു—വേഷം കെട്ടിയതു് അത്ര മോശമായിട്ടില്ല.

മോ—ഹാ! കഷ്ടം രണ്ടാമതു വിവാഹം കഴിച്ച ഭാൎയ്യ-

നന്ദ —നല്ല വിദ്യാഭ്യാസം-

സു—നല്ല യുവതി-

ദൈ—യുവതിയാകട്ടെ, വൃദ്ധനാകട്ടെ, നിങ്ങൾക്കിതിൽ
കാൎയ്യമെന്താ? അവൾ എൻെറ ഭാൎയ്യയാണ്.

മോ—നല്ല കാൎയ്യം! എടവാടുകാരെ ചതിയ്ക്കണമെന്നു
മാത്രമല്ല മോഹം-

നന്ദ— മഹാത്മാവേ, സ്ത്രീകളുടെ മേൽക്കൂടി കയ്യുവെപ്പാൻ ആഗ്രഹിയ്ക്കുന്നുവൊ?

സു—ഉം,

ദൌ—നിങ്ങാം-ആരാണ് നിങ്ങാം?

[എടവാടുകാർ പ്രവേശിയ്ക്കുന്നു.]

ഒന്നാമൻ—എന്താ സായ്വെബ്, സേട്ടു ദൌലത്തുരാം മരിച്ചുപോയി?

മോ—ഉവ്വ് സേർ, ഞങ്ങളെല്ലാവരും അദ്ദേഹത്തിൻെറ ശവം ചുടലയിലേയ്ക്കു കൊണ്ടുപോവാൻ തുടങ്ങുകയാണ്.

രണ്ടാ—ഓഹോ! ഇതാണാ മനുഷ്യൻ?

മൂന്നാ—ഇയ്യാം സേട്ടുജിയുടെ വേഷംകെട്ടി വന്നിരിയ്ക്കയാണൊ ?

ദൌ—വേഷം കെട്ടി വരേ ?

സു—ആ്, ഇവൻ അങ്ങനെയൊരുത്തൻതന്നെയാണ്.

നാല—ഇവനൊരു ചതിയനാണ്.

ദൌ—ചതിയൻ! പൊറത്തുപോ എൻെറ വീട്ടിൽ നിന്ന്.

അഞ്ചാ—താൻ പുറത്തുപോവു.

ദൌ—ഇതെൻെറ വീടാണ്.

രണ്ടാ—ആങ്ഹാ! ഞങ്ങളെ പററിയ്ക്കാൻ വന്നതാണോ? എന്നാലതു തരാവില്ല.

നാലാ— ഞങ്ങളൊരു പൈസ തരില്ല.

ദൌ—കേസ്സുകൊടുത്ത് ഞാൻ നല്ലവണ്ണം ചെലവാക്കിയ്ക്കും.

മൂന്നാ—കേസ്സുകൊടുക്കും? ധൈയ്യമുണ്ടെങ്കിൽ കാണട്ടെ.

അഞ്ചാ—ഞാൻ നിന്നെ പോലീസ്സിൽ ഏല്പിയ്ക്കും..

മൂന്നാ—വിളിയ്ക്കൂ പോലീസ്സിനെ.

നാ—ഞാൻ നിൻെറ എല്ലാ കള്ളത്തവും ഇപ്പോൾ പുറത്താക്കിക്കളയാം.

രണ്ടാ—പൊവ്വ്, പോയി പോലീസ്സിനെ വിളിച്ചുകൊണ്ടു വരൂ.

(ഒന്നാമൻ പോകുന്നു )

മോ—നടക്കു നന്ദു, നമുക്കു ശവം എടുത്തുകൊണ്ടു പോവുക എത്ര നേരാ കാത്തുനില്ക്ക്വാ?

സു—എടുക്ക്വാ.

നന്ദു—ആ, എടുക്ക്വാ. (ശവം എടുക്കുന്നു.)

എല്ലാവരും—രാമനാരായണ! രാമനാരായണ! ശിവ ശിവ!! (പോകുന്നു.)

ദൌ—ഇവരു് ചുടലയിലേയ്ക്കു് ആരുടെ ശവമാണു് കൊണ്ടുപോയതു്? ദൌലത്തു് രാമൻെറ? എന്നാൽപിന്നെ ഞാനാരാണു്.

രണ്ടാ—ചതിയൻ!

ദൌ—വഷളത്തം കാണ്ടിയ്ക്കുണ്ടാ, ഹാ! പറഞ്ഞുതരാം.

മൂന്നാ—അസ്സല്, ഒന്നാംതരം വേഷം!

ദൌ—പിന്നെ!

നാ—അടി, ചങ്ങാത്യേ അടി.

ദൌ—ഏ! സാഹിബേ,—

എല്ലാവരും—മിണ്ടാതിരി!

(ക്രമേണ എല്ലാവരും ഒത്തുചേൎന്നു് അടിയ്ക്കുന്നു)

ദൌ—ശിപായി, ഏയ് ശിപായി.

(ഒരു വശത്തുകൂടി ദൌലത്തിൻെറ പെൺകുട്ടിയും മറുവശത്തുകൂടി ബിഹാരിയും വരുന്നു.)

ബി—എന്താ, സേർ, എന്താണു്? ഈ കലശമാലൊക്കെ ആക്കവേണ്ടിയാണു്?

ദൌ—ബിഹാരി വന്നു! നോക്കു അനുജാ-

എല്ലാ—മിണ്ടാതിരിയ്ക്കു്.

ബി—എന്താ സംഗതി?

ദൌ—ഇവരാണെങ്കിൽ നോക്കു-

എല്ലാ—മിണ്ടാതിരിയ്ക്കു്.

ബി—എടൊ, എന്താ സംഗതി?

രണ്ടാ—സേർ, സേട്ടു് ദൌലത്തു്രാം മരിച്ചുപോയി.

മൂന്നാ—ഇതു കേട്ടിട്ടാണു് ഞങ്ങളും വന്നതു്.

നാലാ—എന്നാൽ അതിനിടയിൽ ഈ പാപി എവിടന്നാണെന്നറിഞ്ഞുകൂടാ; സേട്ടു് ദൌലത്തു്രാമിൻെറ വേഷവും കെട്ടി വന്നിരിയ്ക്കുന്നു.

ദൌ—എന്നാൽ, ഞാൻ-

എല്ലാ—മിണ്ടാതിരിയ്ക്കു്.

ബി—എന്തിനാ കലശമാലൊക്കെയുണ്ടാക്കണു്; സാഹിബേ ഞാനൊക്കെ ശരിയാക്കിത്തരാം. സേട്ടു് ദൌലത്തു്രാം മരിച്ചുവോ?

രണ്ടാ—ഉവ്വു്, സേർ.

ബി—എന്നാൽ ഞാനാണെങ്കിൽ കേൾക്കുകയുണ്ടായില്ല; അങ്ങിനെ വരാൻ വയ്യ!

ദൈറ—നോക്കു, ഞാനാണെങ്കിൽ ശരിയ്ക്കു ജീവിയ്ക്കുന്നു-

എല്ലാ—മിണ്ടാതിരുന്നോ.

ബി—ആഃ, എന്താ ചെയ്യുന്നത്? സേട്ട്ജിയുടെ കാലം കഴിഞ്ഞുവെന്ന് തനിയ്ക്കു നല്ലവണ്ണം മനസ്സിലായി; അല്ലേ?

മൂന്നാ—ഉവ്വ്, സേർ. താങ്കൾ വരുന്നതിന്നു കുറച്ചുമുമ്പ് ആളുകൾ അദ്ദേഹത്തിൻെറ ശവം എടുത്ത് ശ്മശാന ത്തിലേയ്ക്കു കൊണ്ടുപോയി.

ബി—എപ്പോൾ?

നാലാ—ദാ പ്പൊ, ഉച്ചയ്ക്ക്.

ബി—എങ്ങനെ മരിച്ചു?

രണ്ടാ—പാമ്പു കടിച്ചിട്ട്.

ബി—ഉച്ചയ്ക്ക്? പാമ്പു കടിച്ചിട്ട്! അങ്ങിനെ വരാൻ വയ്യല്ലൊ.

ദൈറ—അനുജാ, നോക്കു, ഈ അക്രമം കണ്ടുകൊണ്ടിരി യ്ക്കേ? ഞാനാണെങ്കിൽ ജീവിച്ചുകൊണ്ടുതന്നെ-

എല്ലാ—മിണ്ടാതിരുന്നോ.

ബി—ഉച്ചയ്ക്ക് പാമ്പിൻെറ കടികൊണ്ടങ്ങനെ മരിച്ചു?

രണ്ടാ—ഒരുപായവും ഉണ്ടായില്ല. ജാതകത്തിലെഴുതീട്ടു ണ്ടായിരുന്നു. എന്താ ചെയ്യുക?

ബി—ശരി, ജാതകം ഒന്നു കൊണ്ടുവരൂ. (മകളോട്) കുട്ടീ അച്ഛൻെറ ജാതകം ഒന്നെടുത്തു കൊണ്ടുവരൂ.

[കുട്ടി പോകുന്നു.]

ബി—ജാതകത്തിലെഴുതീട്ടുണ്ടു്? ശരിയായിട്ടറിയൊ?

നാലാ—ശരിയായിട്ടു്.

മൂന്നാ ഞങ്ങളെന്താ കളവു പറയൊ്?

ദൌ—എന്നാൽ ഞാൻ ജീവിക്കുന്നവല്ലൊ!

ബി—ശരി, നില്ക്കു. ജാതകം നോക്കിയാൽ മനസ്സിലാവും;

ദൌ—ഇതു വലിയ ബുദ്ധിമുട്ടായി കാണുന്നല്ലൊ! എന്തു്! നിയ്യുംകൂടി എന്നെ തിരിച്ചറിയുന്നില്ലേ?

ബി—നിങ്ങളെന്തിനാ സാഹിബെ, പരിഭ്രമിയ്ക്കുന്നതു്? ജാതകം വന്നുപോയി; അതു നോക്കു.

[കുട്ടി ജാതകംകൊണ്ടുവന്നു ബിഹാരിയ്ക്കു കൊടുക്കുന്നു]

ബി—എവിടെയാണെഴുതിയിരിക്കുന്നതു്?

നാലാ—നോക്കു-ഇതുനോക്കു, വൈശാഖമാസം 4-ാംനു- ഉച്ചയ്ക്കു് പാമ്പുകടികൊണ്ടു് മരണംവരുമെന്നെഴുതയിരിക്കുന്നു. 4-ാംനു- ഉച്ചയ്ക്കു് കേതുദശ കഴിയുന്നതിന്നു മുമ്പായി വീട്ടിൽവെച്ചു് പാമ്പുകടിച്ചു് മരിയ്ക്കുമെന്നു സ്പഷ്ടമായെഴുതിയിരിയ്ക്കുന്നു.

ബി—ആ, ശരിയാണു്. (കുട്ടിയോടു്) പൊയ്ക്കോളു കുട്ടി, കുട്ടി അകത്തേയ്ക്കു പൊയ്ക്കോളു. [കുട്ടി പോകുന്നു]

ബി—(ആലോചനാഭാവത്തിൽ വായിച്ചും കഷ്ടംവെച്ചു്) ഉം! ശരിയ്ക്കു എഴുതിയിരിയ്ക്കുന്നു.

ദൌ—എന്നാലനിയാ, നിനക്കും എന്നെ തിരിച്ചറിഞ്ഞുകൂടെ?

ബി—(പതുക്കെപ്പതുക്കെ തലയിളക്കിക്കൊണ്ട്) കേസ് മോശമായി.

[മോഹൻ പിന്നെയും വരുന്നു.]

മോ—ഇതാ സേട്ട്ജിയുടെ മരണത്തെപ്പററി ഡോക്ടർ എഴുതിതന്ന സർട്ടിഫിക്കററുകൂടി നോക്കു.

ബി—എന്ത്? സർട്ടിഫിക്കററോ?

മോ—അതെ, ഇതു നോക്കൂ, ദൌലത്ത്രാം സേട്ടുവിൻെറ മരണകാര്യം എഴുതിയിരിയ്ക്കുന്നു I certify that Seth Doulatram is defunct. He is as dead as doornail (സേട്ട് ദൌലത്ത്രാമിൻെറ സ്ഥിതി മോശമാണ്; അദ്ദേഹം തീരെ നിർജ്ജീവനാണെന്നു ഞാനഭിപ്രായപ്പെടുന്നു.)

ദൌ—ഓ, എൻെറച്ഛാ!

ബി—സാഹെബ്, താങ്കളുടെ കേസ്സ് പിന്നെപ്പിന്നെ വളരെ മോശമായിക്കൊണ്ടിരിയ്ക്കുയാണ്; പക്ഷെ നടക്കാൻതന്നെ പ്രയാസമായിരിയ്ക്കും.

ദൌ—എന്തുകൊണ്ട്?

ബി—ഒരിടത്തു ജാതകം, മറെറാരിടത്തു ഡാക്ടരുടെ സർട്ടിഫിയ്ക്കററ്.

മൂന്നാ—പിന്നെ ഞങ്ങളൊക്കെ ഞങ്ങളുടെ കണ്ണുകൾ കൊണ്ടു കണ്ടിരിയ്ക്കുന്നു. ആളുകൾ ദൌലത്ത്രാമിൻെറ ശവം ശ്മശാനസ്ഥലത്തിലേയ്ക്ക് കൊണ്ടുപോകുന്നത്.

ബി—എല്ലാവരും കണ്ടിരിയ്ക്കുന്നു?

എടവാടുകാർ—ആ' എല്ലാവരും കണ്ടിരിയ്ക്കുന്നു.

ബി—കേസ് ഒരുവിധത്തിലും നില്പാൻ നിവൃത്തിയില്ല ഇത്രയായിട്ടുംകൂടി ആരെങ്കിലും ജീവിയ്ക്കുന്നുവെങ്കിൽ-

ദൌ—(ആഗ്രഹത്തോടുകൂടി) എങ്കിൽ, പിന്നെ?-

ബി—എങ്കിൽ, ജീവിയ്ക്കുന്നുവെന്ന് സമ്മതിപ്പാൻ പാടില്ലാത്തതാണ്.

ദൌ—ബിഹാരി, നീകൂടി എന്താ എന്നെ തിരിച്ചറിവാൻ കഴിയാത്തവനായൊ!

ബി—ഇതിലധികം എനിയ്ക്കൊന്നും പറവാൻ സാധിയ്ക്കയില്ല: ലോകത്തിൽ ചിലപ്പോഠം ഒരാഠംക്കു ശരിയ്ക്ക് മററൊരാളെപ്പോലുള്ള ആകൃതി കാണാറുണ്ട്. എരട്ട പെററപോലെ. ദൌലത്ത്'രാമൻെറ അച്ഛന്ന് ജോഡിയായി രണ്ടു മക്കളുണ്ടായി. രണ്ടു മക്കളുണ്ടായിട്ടില്ലെന്നതിന്നു തെളിവൊന്നുമില്ല. ദൌലത്തിൻെറ അച്ഛനോടിക്കായ്യം ഒരിയ്ക്കലും ചോദിപ്പാൻ സാധിയ്ക്കയില്ല; കാരണം അദ്ദേഹം ഇപ്പോഠം സ്വർഗ്ഗത്തിലാണ്.

ദൌ—എന്നാൽ ഞാൻ പറയുന്നു........

ബി—നിങ്ങഠം പറയുന്നതു സ്വീകരിപ്പാൻ നിവൃത്തിയില്ല. നിങ്ങളാരാണ്? ഇതാണെങ്കിൽ വലിയ കുഴപ്പമായി. ഞാൻ നിങ്ങളെ ദൌലത്ത്'രാമനെന്നു തന്നെ വിചാരിയ്ക്കാം. നിങ്ങഠംക്കെന്തു തെളിവാണതിന്നു തരാൻ കഴിയുക? നിങ്ങഠം പറയുന്നതു ഒട്ടും ഒരു തെളിവാകയില്ല.

ദൌ—പിന്നെങ്ങനയാ തെളിവു തര്ാ?

ബി—നിങ്ങൾക്കാരെങ്കിലും സാക്ഷിയുണ്ടോ?

ദൌ—ഇല്ല, എന്നാലതിൻെറ അത്യാവശ്യം എന്താണ്ഃ

ബി—ഇവരെല്ലാവരും ഏകസ്വരത്തിൽപ്പറയുന്നു താങ്കൾ സേട്ട് ദൌലത്ത്രാമല്ലെന്ന്. (എടവാടുകാരോട്) എന്താ നിങ്ങൾ പറയുന്നില്ലേ?

എല്ലാ—ആ, ഞങ്ങളെല്ലാവരും പറയുന്നു.

ദൌ—നിങ്ങളെന്താ സത്യമായിട്ടും ഗംഭീരഭാവത്തിൽ ഇക്കാര്യം പറയുന്നുവൊ?

എല്ലാ— ഗംഭീരം! കുറച്ചിങ്ങട്ടു നോക്കു (ഏററവും ഗംഭീരഭാവത്തിൽ) നിങ്ങളൊരിയ്ക്കലും സേട്ട് ദൌലത്ത്രാമല്ല.

ദൌ—അപ്പോൾ ഞാൻ സത്യമായിട്ടും സേട്ട് ദൌലത്ത്രാമല്ല?

രണ്ടാ—ഒരിയ്ക്കലുമല്ല.

മൂന്നാ—എന്തു്? ദൌലത്ത്രാമിൻെറ മുഖം ഇങ്ങനേരുന്നു്?

നാലാ—ചേട്ടാ, ദൌലത്ത്രാമനായിട്ട് എടവാടുകാരെ പററിയ്ക്കാൻ വരേ്, അല്ലെ?

അഞ്ചാ—ഞാനൊരു പൈസ കൊടുക്കില്ല.

ദൌ—ഞാൻ കേസ്സു കൊടുക്കും.

ബി—കോടതിയിൽ നിങ്ങളുടെ കേസ്സ് സ്വീകരിയ്ക്കുക തന്നെ എപ്പോഴാണുണ്ടാവുക? ഇദ്ദേഹമാണെങ്കിൽ സേട്ട് ദൌലത്ത്രാമിനോടാണ് പണം കടം വാങ്ങീട്ടുള്ളതു്; താങ്കൾ സേട്ട് ദൌലത്ത്രാം ആവുകയുമില്ല.

ദൌ—ഞാൻ തെളിവുകൊടുക്കാം.

ബി—തെളിവുകൊടുക്കൽ വളരെ പ്രയാസമായിരിയ്ക്കും. (ഏടവാടുകാരോട്) നിങ്ങളെല്ലാം ഒരുപാക്ഷെ ഇയ്യാൾ ദൌലത്ത്റാമല്ലെന്നു തെളിവു കൊടുക്കുമായിരിയ്ക്കും?

എല്ലാ—(ഒരുമിച്ച്) തീച്ച്യായും.

ബി—പിന്നെന്താ സാധിയ്ക്ക്യാ?

[ദൌലത്ത് നിരാശാഭാവത്തിൽ നില്ക്കുന്നു]

ബി—സാഹിബ്ബേ, ഞാൻ. വക്കീലാണ്; നിങ്ങളുടെ ഒരു ബന്ധുവിൻെറ നിലയിൽ ഉപദേശം തരുന്നു:—ഈ വക പണി ചെയ്യരുത്. ജെയിലിൽ പോരേണ്ടിവ ന്നേയ്ക്കും.

ദൌ—ജെയ്ലിൽ?

ബി—ആ, കപടവേഷം കെട്ടിയതിന്നുള്ള ശിക്ഷയായിട്ട് നാലു കൊല്ലത്തേയ്ക്ക്!

ദൌ—അയ്യൊ! ഈശ്വര!

ബി—എനിയ്ക്കു നിങ്ങളെയറിഞ്ഞുകൂട; എന്നാലും ഒരു മിത്രത്തിൻെറ നിലയിൽ ഓർമ്മിപ്പിക്കുന്നു, കല്പിച്ചുകൂട്ടി ഈ ആപത്തിൽപ്പോയി ചാടരുത്. കേൾക്കു, നിങ്ങൾ ദൌലത്ത്റാം സേട്ടുവാണെന്ന് എങ്ങനെയും തെളിയിപ്പാൻ കഴിയില്ല.

ദൌ—എന്തുകൊണ്ട്?

ബി—നിങ്ങളുടെ ഈ ജാതകമാണ് ഈ കുഴപ്പങ്ങളൊക്കെ ഉണ്ടാക്കിയത്; ശരി, നിങ്ങൾതന്നെ പറയു; ജാതകം ഒരിയ്ക്കലും കളവാകയില്ലല്ലോ?

ദൌ—(തലയാട്ടിക്കൊണ്ടു്) ഇല്ല, ജാതകം ഒരിയ്ക്കലും കള വാവാൻ വയ്യ.

ബി—അതിന്നുപുറമെ ഡോക്ടരുടെ സട്ടിഫിക്കററ്—ജീവിയ്ക്കുന്ന ആളെ കൊല്ലാൻ കഴിയും; എന്നാലതുപോലെ മരിച്ച ആളെ ജിവിപ്പിയ്ക്കാൻ കഴിയുമോ? ഞാൻ പറയാം; താങ്കൾ സേട്ടു് ദൌലത്ത്റാമാകുന്നതിൽ വളരെ സംശയമുണ്ടു്; നിങ്ങളങ്ങനെയാണെങ്കിൽക്കൂടി തെളിവുകൊടുക്കാൻ അസാദ്ധ്യമാണു്.

ദൌ—നിനക്കും സംശയമാണു്?

ബി—നിങ്ങൾതന്നെ ആലോചിച്ചുനോക്കു; നിങ്ങൾക്കു തന്നെ നല്ല സംശയമില്ലെ? ഇതാ ജാതകം; ഇതാ ഡോക്ടരുടെ സട്ടിഫിക്കററ്.

ദൌ—എന്താ ഡോക്ടർ സത്യമായിട്ടു് ഞാൻ മരിച്ചിരിയ്ക്കുന്നുവെന്നെഴുതിയിരിയ്ക്കുന്നുവൊ?

ബി—ഇല്ലെ. നോക്കു (സട്ടിഫിക്കററ് കൊടുക്കുന്നു.)

ദൌ—(തലയിളക്കിക്കൊണ്ടു്) ആ, എഴുതീട്ടുണ്ടു്!!

ബി—നിങ്ങളുടെ മുമ്പിൽവെച്ചുതന്നെ ഈ ആളുകൾ സേട്ടുജിയുടെ ശവം ചുടലയിലേയ്ക്കെടുത്തു കൊണ്ടു പോയി; എന്നിട്ടും നിങ്ങൾക്കു സേട്ടു് ദൌലത്ത്റാം ആവുന്നതിൽ യാതൊരു സംശയവുമില്ലല്ലൊ!

ദൌ—(പതുക്കെ) ആ, എടുത്തുകോണ്ടുപോയി. (നെററി കയ്യുകൊണ്ടു താങ്ങീട്ടു്) എനിയ്ക്കു തലചുററുന്നു

[വൎത്തമാനക്കടലാസ്സു വായിച്ചുകൊണ്ടു് നന്ദു പ്രവേശിയ്ക്കുന്നു.]

(പദ്യം)

സേട്ട് ദൌലത്തുരാമൻതാൻ
മരിച്ചു ബഹുഭാഗ്യമായ്;
അപ്പിശുക്കൻ പാരിടത്തിൽ
കുപ്രസിദ്ധി കലന്നവൻ;
കടക്കാരന്റെ രക്തത്തെ-
യട്ടപോലെ കടിച്ചവൻ
നാശം വരുത്തി,യവനെ-
ക്കണ്ടെനാം കഞ്ഞികിട്ടിടാ?
കഷ്ടപ്പെട്ടവനാജ്ജിച്ച-
തൊക്കയും വിട്ടുപോയവൻ;
ക്രിയാഫലങ്ങളഖില-
മവനനുഭവിച്ചിടും.

ബി—എന്ത്! വത്തമാനപ്പത്രത്തിൽക്കൂടി സേട്ട്ജിയുടെ മരണവൃത്താന്തം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു?

നന്ദു—ഉവ്വ്, സേർ.

ബി - അച്ചടിച്ച അക്ഷരത്തിൽ?

നന്ദു — ഇല്ലേ, നോക്കു.

ബി—(കടലാസ്സുനോക്കീട്ട് ദൌലത്തിനോട്)സാഹിബേ, നിങ്ങളുടെ കേസ്സ് (Case) ഹോപ്പ്ലസ്സ് (Hopeless) ആയിപ്പോയി!

(ദൌലത്ത്റാം തലതാഴ്ത്തിയിരിക്കുന്നു.)

ബി—(എടവാടുകാരോട്) നിങ്ങളിപ്പോഠം താന്താങ്ങളുടെ വീട്ടിലേക്കു പൊയ്ക്കോളിൻ; ഞാനിപ്പോഠം ദൌല

ത്ത്രാമിൻെറ എസ്റ്റേയ്ററ് (Estate) ൻെറ അഡ്മിനിസ്ട്രേഷൻ (Administration) കയ്യേല്ക്കാൻ ശ്രമം ചെയ്യട്ടെ.

ദൌ—(എഴുന്നേററിട്ട്) ലെററർ ഓഫ് അഡ്മിനിസ്റ്റ്രേഷൻ (Letter of Administration) ആര് തരും?

ബി—ദൌലത്ത്രാമിൻെറ വിധവയായ ഭാര്യ. ഇപ്പോഠം ഞാൻതന്നെ ഇതൊക്കെ നോക്കേണ്ടിവരും; എന്താ ചെയ്യാ? (എടവാട്ടുകാരോട്ട്) നിങ്ങളുടെ കയ്യിലുള്ള ഉറപ്പികയുടെ പലിശ വാങ്ങുന്നതല്ല.

ദൌ—എന്തുകൊണ്ട്?

എടവാട്ടുകാർ—ബിഹാരി കി-ജയ്? [പോകുന്നു]

ദൌ —(ബിഹാരിയോട്ട്) എന്താ പലിശ വാങ്ങില്ലാന്ന്?

ബി—പലിശ വാങ്ങേണ്ട അത്യാവശ്യമെന്താണ്? സേട്ട്ജി എത്രയോ ഉറപ്പിക സമ്പാദിച്ചാണ് മരിച്ചു പോയിട്ടുള്ളത്.

ദൌ—മരിച്ചുപോയി? (തലതാഴ്ത്തുന്നു) ബിഹാരി, അനിയാ, എന്നാൽ ഞാൻ മരിച്ചിട്ടില്ലല്ലോ. നിശ്ചയാണ് സത്യം ഞാൻ മരിച്ചിട്ടില്ല.

ബി—സാഹിബേ, ഞാനെന്താ ചെയ്യാ? നിയമപ്രകാരം താങ്കഠം ജീവിക്കുന്നുവെന്നു തെളിയിപ്പാൻ കഴികയില്ല. (പോകുന്നു.)

[അയൽവാസികളായ സ്ത്രീകഠം പ്രവേശിക്കുന്നു.]

ഒന്നാമത്തേവഠം—അസ്സലായി.

രണ്ടാ—ആപത്തു തീൎന്നു.

മൂന്നാ—വളരെ സമ്പാദിച്ച് മരിച്ചുപോയി! വയറുനിറച്ചുണ്ണംകൂടി ചെയ്യാതെ.

നാലാ—ഇന്ന പത്തുരുള ഞാൻ കട്ടുണ്ണും.

അഞ്ചാ—പിശുക്കന്റെ പണം ഇങ്ങിനെ പോണം.

ദൌ—കേട്ടുകേട്ട് എനിയ്ക്കുതന്നെ സംശയം ആവുന്നു: ഞാൻ മരിച്ചിരിയ്ക്കുന്നോ, അതോ ജിവിയ്ക്കുന്നോ, എന്ന്. അയൽപക്കക്കാരെ,

ഒന്നാ—ഇതാരാണ്?

ദൌ—ഞാൻ.

രണ്ടാ—പല വേഷവും കെട്ടാൻ കഴിന്നോനൊ?

ദൌ—ദൌലത്തരാം.

മൂന്നാ—എടാ ചാവ്!

ദൌ—സേട്ട് –

നാലാ—മരിച്ചുപോയി.

ദൌ—ഇല്ല, ഇപ്പോഴും മരിച്ചിട്ടില്ല.

അഞ്ചാ—ഇവിടുന്ന പുറത്തുപോ ശവമേ!

ദൌ—ഞാൻ പൊറത്തുപൊവ്വെ? ഇതെന്റെ വീടാണ്; ധ്രുള്ളേ്യാളെ, നിങ്ങള് പൊറത്തുപോവിൻ!

ഒന്നാ—എടൊ ഇവനാരാ?

രണ്ടാ—എടാ, ഞങ്ങളെന്തിനാ പുറത്തുപോണ്?

മൂന്നാ—ആ, ഞങ്ങളെന്തിനാ പുറത്തുപോണ്?

നാലാ—ഒന്നു പറഞ്ഞുതന്നാട്ടെ.

അഞ്ചാ—ചാവ്, ശവേ.

ദൌ—(മിണ്ടാൻ വയ്യാതെ) ഓഹൊ!

ഒന്നാ—മരമൊകറൻ മരിച്ചുപോയി; അസ്സലായി (ഇരിയ്ക്കുന്നു.

രണ്ടാ—നാട്ടുകാരുടെ ജീവൻ രക്ഷപ്പെട്ടു. (ഇരിയ്ക്കുന്നു.)

മൂന്നാ—രണ്ടു കുട്ടികളും വയറുനിറച്ചുണ്ണും. (ഇരിയ്ക്കുന്നു.)

നാലാ—പക്ഷെ പെങ്കുട്ടിയ്ക്കു് അത്ര ഉണ്ണാൻ തരാവ്ല്ല. (ഇരിയ്ക്കുന്നു)

അഞ്ചാ—തന്തയ്ക്കു് നരകത്തിൽക്കൂടി സ്ഥലം കിട്ടില്ല. (ഇരിയ്ക്കുന്നു).

ദൌ—എല്ലാവരും ഇരുന്നു! ദൌലത്ത്രാമ, ഒതുങ്ങിയിരിയ്ക്കു, ജീവിക്കുന്നുവെന്നതുതന്നെ ഇല്ലാതായ്ക്കൊണ്ടു വരികയാണ്. അതുണ്ടെന്നു വരട്ടെ—ഇല്ലെങ്കിൽ കഴിഞ്ഞു! (അയൽവക്കക്കാരികളോട്) പൊവ്വിൻ ധൂള്ള്യോളെ, ഇവ്ടുന്ന്. പൊവ്വിൻ, പൊവ്വിൻ! പൊവ്വ്ല്ലെ? നല്ലതു്. ഇരിയ്ക്കിൻ-(പുറത്തുപോയി വടിയെടുത്തു കൊണ്ടുവന്നു) പുറത്തു പൊവ്വിൻ, ഇതോമ്മിച്ചോളിൻ. ഇല്ലെങ്കിൽ ഈ വടികൊണ്ടു്-

ഒന്നാ - അത്ഭുതം! ഒന്നാംതരം വേഷമായിട്ടുണ്ടു്.

ദൌ—പൊറത്തുപോവ്വിൻ.

രണ്ടാ—അടിയ്ക്ക്യോ?

ദൌ—അടിയ്ക്കില്ലെ? (വടിഇളക്കിയുംകൊണ്ടു്) പൊറത്തു പൊവ്വിൻ.

മൂന്നാ—അടിച്ചാട്ടെ, ഒന്നു കാണട്ടെ (ഒരു ഇഷ്ടികയെടുത്തു പൊന്തിയ്ക്കുന്നു.)

ദൌ—അയ്യൊ! ഈശ്വരാ! (പിന്നോക്കം മാറുന്നു.)

നാലാ—പൊറത്തുപോ ശവമെ, പൊറത്തു പോയില്ലെങ്കിൽ നിൻെറ മണ്ട പൊളിയ്ക്കും.

ദൌ—(പേടിച്ചിട്ട്)വേണ്ട, വേണ്ട, ഞാൻ പൊവ്വ്ാണ്.

അഞ്ചാ—ഇല്ലെങ്കിൽ (ചൂലെടുത്ത് ഉയർത്തി) ഈ ചൂല കണ്ടോ?

ദൌ—എയ്, രക്ഷിയ്ക്കണെ!

[ദൌലത്ത് ഓടുന്നു; അദ്ദേഹത്തിൻെറ പിന്നാലെ അയൽവക്കക്കാരികളും ഓടിപ്പോകുന്നു.]

[ദൌലത്ത്രാമൻെറ പെൺകുട്ടി പ്രവേശിയ്ക്കുന്നു.]

കുട്ടി—അച്ഛാ! അച്ഛാ! അമ്മ നിലവിളിച്ചുകൊണ്ടിരിയ്ക്കുന്നു.

[ദൌലത്ത്രാമൻ വരുന്നു]

ദൌ—ആരാണ് നിലവിളിച്ചുകൊണ്ടിരിയ്ക്കുണത്?

കുട്ടി—അമ്മ.

ദൌ—എന്തിന്?

കുട്ടി—ഞാനെങ്ങനെയാണറ്യാ?

[അണിയറയിൽ വിലാപം]

"അയ്യൊ അങ്ങെവിടേയ്ക്കു പോയി? തയ്യാറാക്കി വെച്ച ഭക്ഷണം കഴിയ്ക്കാതെ എവിടേയ്ക്കുപോയി ഊ-ഹു! ഹു! ഹു!

ദൌ—കഷ്ടം! കഷ്ടം! ഭാര്യയുംകൂടി ഞാൻ മരിച്ചുവെന്നു വിചാരിച്ച് കരയാൻ തുടങ്ങിയിരിയ്ക്കുന്നു. എയ് അമ്മൂ, ഞാൻ മരിച്ചിട്ടില്ല. വരു (കുട്ടിയോട്) കുട്ടി പൊയ്ക്കോളു.

[കുട്ടി പോകുന്നു; അതിൻെറ പിന്നാലെ ദൌല ത്ത്റാമൻ പൊവാൻ തുടങ്ങുന്നു]

(ദൌലത്ത്റാമൻെറ അളിയന്മാർ പ്രവേശിയ്ക്കുന്നു; അവരുടെ പിന്നാലെ വലിയ പെട്ടികഠം, ട്രങ്കുകഠം മുതലായവയുമുണ്ടു്.)

ഒന്നാമത്തെ സ്യാലൻ—എടുത്തുകൊണ്ടോയ്ക്കോളു! എടുത്തുകൊണ്ടോയ്ക്കോളു!

ദൌ—എയ്! ഇതെന്താത്?

രണ്ടാ—സ്യാ—കൂലിക്കാരെ വിളിയ്ക്കു.

മൂന്നാ—സ്യാ—കൂലി! കൂലി! (പോകുന്നു)

ദൌ—ഏയ്! എന്തിനാ കൂലിക്കാരെ വിളിയ്ക്കണ്? സ്യാമാന്നൊക്കെ എന്തിനാ വീട്ട്ന്നു പുറത്തിടണ്?

രണ്ടാ—സ്യാ—എടുത്തുകൊണ്ടാവാൻ.

ദൌ—എവിടേയ്ക്ക്?

ഒന്നാ—സ്യാ—എവിടേയ്ക്ക്! ഞങ്ങളുടെ വീട്ടിലേയ്ക്ക്; അല്ലാതെവിടേയ്ക്കാ?

ദൌ—എന്ത്? എൻെറ സാമാനം നിങ്ങളുടെ വീട്ടിലേയ്ക്കെന്തിനാ കൊണ്ടോണത്?

രണ്ടാ—സ്യാ—നിങ്ങടെ സാമാനം?

ദൌ—ആ:

ഒന്നാ—സ്യാ—എടുത്തോളു, കൂലിക്കാര് വന്നുപോയി.

[മൂന്നുനാലു കൂലിക്കാരോടുകൂടി മൂന്നാമത്തെ അളിയൻ പിന്നെയും വരുന്നു]

ദൌ—കാമ്മവെച്ചോ! (മുമ്പാക്കം ചെല്ലുന്നു)

ഒന്നാ—സ്വാ-മിണ്ടാതിരുന്നോ. (അടിയ്ക്കാൻ തുടങ്ങുന്നു)
ദൌ—ബിഹാരി! ബിഹാരി!(പോകുന്നു)

[എല്ലാ അളിയന്മാരും പരസ്പരം നോക്കി മുഖം മറച്ച് ചിരിയ്ക്കുന്നു]

## II

ഒന്നാ—സ്വാ-ബിഹാരിയെക്കൂട്ടി പിന്നെയും വരുന്നു.
രണ്ടാ—സ്വാ-വേഗാട്ടെ.
മൂന്നാ—സ്വാ-ഉം, വേഗം, വേഗം.

[ബിഹാരിയോടുകൂടെ ദൌലത്ത്റാമൻ പിന്നെയും വരുന്നു.]

ദൌ—ബിഹാരി, നോക്ക്യാട്ടെ; എന്തൊരു ദുരിതം-
ബി—(ദൌലത്തിൻെറ അളിയന്മാരോട്) എന്താ മാന്യന്മാരെ, നിങ്ങൾ വീട്ടിൽനിന്നു സാമാനം എവിടെയ്ക്കു കൊണ്ടുപോവുന്നതു്?
ഒന്നാ—സ്വാ-എന്താ കൊണ്ടുപോകാതെ? ഈ സാമാനമൊക്കെ ഇപ്പോ ഞങ്ങടെ സഹോദരിയുടേതാണു്.
രണ്ടാ—സ്വാ അവളിപ്പോൾ ഞങ്ങടെ കൂടെയാണ് താമസിയ്ക്കുന്നതു്.
മൂന്നാ—സ്വാ-എന്താച്ചാൽ ഞങ്ങടെ അളിയൻ മരിച്ചുപോയി.
ദൌ—നോക്കുക, ദുരിതം. ഞാൻ ജീവിച്ചിരിയ്ക്കുമ്പോൾ തന്നെ ഈ അക്രമം നടന്നുകൊണ്ടിരിയ്ക്കുന്നു. അവിടെ സ്ത്രീ പോയിക്കൊണ്ടിരിയ്ക്കുന്നു; ഇവിടെ സർവ്വ സാമാനങ്ങളും!! (കരയുന്നു)
ബി—ചേട്ടന്മാരെ, ദൌലത്ത്റാമൻെറ വിധവ ഇപ്പോൾ എൻെറ ഭാര്യയാണ്. എന്താണെന്നുവെച്ചാൽ

എൻെറ ഭാൎയ്യയും മരിച്ചിരിയ്ക്കുന്നു. നിങ്ങളുടെ പെങ്ങളുടെ ഭൎത്താവും മരിച്ചിരിയ്ക്കുന്നു.

ദൌ—ഇതുകൊണ്ട് എൻെറ ഭാൎയ്യ നിൻെറ ഭാൎയ്യയായിക്കഴിഞ്ഞുവെന്നു തീൎച്ചപ്പെട്ടു?

ബി—എങ്ങിനെയായാലും ഇതു തെളിയിപ്പാൻ അത്ര പണിയൊന്നുമില്ല. (സ്യാലന്മാരോട്) നിങ്ങളിപ്പോരം വീട്ടിൽ പോയ്ക്കോളിൻ. പെട്ടി ഇവിടെ ഇരിയ്ക്കട്ടെ.

സ്യാലന്മാർ—ഇതെന്താണ്?

ബി—വലിയ സൂത്രപ്പണികളൊന്നും എടുക്കേണ്ട; ഞാൻ വക്കീലാണ്; മതി ഇപ്പോരം പോയ്ക്കോളിൻ.

സ്യാലന്മാർ—പോവില്ലെങ്കിലോ?

ബി—ഇല്ലെങ്കിൽ കോടതിയിൽനിന്നു നിങ്ങളെ പറപറപ്പിയ്ക്കും; സാക്ഷികരം വഴിയ്ക്കു നിങ്ങളെ വെണ്ണീറാക്കും.

സ്യാലന്മാർ—അയ്യോ! അയ്യോ! പോവുക; പോവുക.

ബി—(ദൌലത്ത്റാമനോട്) ഇപ്പോരം താങ്കളും പോയ്ക്കോളൂ. ഈ വീടിപ്പോളെൻേറതാണ്; സേട്ട് ദൌലത്ത്റാം മരിച്ചുപോയി.

ദൌ—ഞാൻ മരിച്ചിട്ടില്ലല്ലോ!

ബി—ഇതിനെന്താ പ്രമാണം; ആരെങ്കിലും സാക്ഷിയുണ്ടോ?

ദൌ—എന്തുകൊണ്ടില്ല? എൻെറ ഭാൎയ്യ സാക്ഷി പറയും.

ബി—നല്ലകാൎയ്യം: നിങ്ങളുടെ ഭാൎയ്യയെ വിളിക്കു.

ദൌ—അമ്മു, വേഗം ഇവിടെ ഒന്നു വരു. ഇപ്പോരം

ലജ്ജിച്ചിട്ടെന്താ പ്രയോജനം? ഞാൻ എന്റെ ധന ത്തെയും ജീവിതത്തെയും വിട്ടുപോയിക്കൊണ്ടിരിയ്ക്കുന്നു പുറത്തേയ്ക്കു വരൂ.

[കരഞ്ഞുകൊണ്ട് ചുന്നി വരുന്നു]

"ഹാ! ഞാൻ തനിച്ചായി, സവ്വസഹായങ്ങളും നശിച്ചു; പ്രിയതമ, ഇപ്രകാരം എന്നെ ഉപേക്ഷിച്ചു; എവിടേയ്ക്കെഴുന്നള്ളി? ഹാ! ഞാൻ എന്തു ചെയ്യേണ്ടു. ഇങ്ങനെ അലയാറായല്ലൊ. ഞാൻ കാലുപിടിയ്ക്കുന്നു. പ്രാണനാഥ ദയചെയ്തു ദശനം തരണമേ! എന്നെ ചവുട്ടിത്തേയ്ക്കരുതേ! നാഥ, എന്നെ ഉപേക്ഷിയ്ക്കരുതേ! ഞാൻ വ്യാകുലയായി ഭവാനെപ്പററി കരയുന്നു; എന്നെ ഇങ്ങനെ ഉപേക്ഷിച്ച് എവിടേയ്ക്കു പോയി?"

മൌ—ഇല്ലില്ല; ഞാൻ കാലുകൊണ്ട് ഒരിയ്ക്കലും ചവിട്ടിത്തേയ്ക്കില്ല. ആഹാ! എത്ര പതിവ്രതയായ ഒരു സ്ത്രീ!!

[ചുന്നി പിന്നേയും നിലവിളിയ്ക്കുന്നു]

"ഹാ! ഞാൻ എത്രതരം പലഹാരങ്ങളെല്ലാം പുതുതായി തെയ്യാറാക്കി! അങ്ങിത്ര നിഷ്ഠുരനായിപ്പോയോ? ഞാൻ തനിയെ ഇതെല്ലാം ഭക്ഷിക്കേണമെന്നൊ? ഭവാനോടുകൂടെ ഇനി എനിയ്ക്കു ഭക്ഷണത്തിന്ന് ദൈവം വിധിച്ചിട്ടില്ലെ? ഹാ! ഇങ്ങിനെ എന്നെ ഉപേക്ഷിച്ച് എവിടേയ്ക്കു പോയി?"

മൌ—പലഹാരങ്ങളുണ്ടാക്കീട്ടുണ്ട്? ഞാനും നിന്റെകൂടെ തിന്നാൻ വരാം. ആഹാ! എന്തൊരു സതിയായ ലക്ഷ്മി!!

[ചുന്നി വീണ്ടും കരയുന്നു]

"ഹാ! ഞാൻ തലമുടി ചീകി ശകുന്തളതൈലം പു രട്ടി; നല്ല വസ്ത്രങ്ങൾ ധരിച്ച് അങ്ങയെ കാത്തിരിക്കുന്നു; അങ്ങയുടെ പുഞ്ചിരി കാണ്മാനാഗ്രഹിക്കുന്നു; ഇപ്രകാരം എന്നെ ഉപേക്ഷിച്ചുകൊണ്ടു എവിടേക്കു പോയി!"

ദൈ—എൻെറ പ്രിയതമെ, കരയേണ്ട. ഞാൻ ചിരിക്കാം. (പല്ലുകൾ മുഴുവൻ പുറത്തു കാണിച്ചു ചിരിക്കുന്നു )

[ചുന്നി വീണ്ടും കരയുന്നു]

ഹാ! എന്നെ ഇനി പ്രിയതമേ എന്നു വിളിച്ചു ലാളിക്കുന്നതാരാണ്? എനിക്കു വിശേഷപ്പെട്ട ദുപ്പട്ടകളും സാരികളും കൊണ്ടുവന്നു തരുന്നതാരാണ്? ടൂത്ത്പൌഡറും സോപ്പും കൊണ്ടുവന്നു തരുന്നതാരാണ്? ഞാനുതൊക്കെ ആരോടു ചോദിക്കും? ഹാ! ഞാനെൻെറ പ്രാണനാഥൻെറ ഒരുമിച്ചുതന്നെ മരിച്ചിരുന്നുവെങ്കിൽ പിന്നെ ഒരു ദുഃഖവും ഉണ്ടായിരുന്നില്ല. ഹാ! ഇത്തരത്തിൽ എന്നെ ഉപേക്ഷിച്ച് എൻെറ സൎവ്വസ്വമേ, ഭവാനെവിടേക്കു പോയി?"

ദൈ—എൻെറ പ്രിയതമേ, കരയണ്ട; ഞാൻ വരാം (ചുന്നിയുടെ കൈ പിടിക്കുന്നു.)

ചുന്നി—അയ്യോ! ഈശ്വരാ! ഇയ്യാളാരാണ്?

ദൈ—ഞാൻ നിൻെറ സ്വാമിയാണ്; നിൻെറ പ്രിയതമനാണ്; നിൻെറ നാഥനാണ്; നിൻെറ പ്രാണേശ്വരനാണ്; നിൻെറ ഹൃദയസൎവ്വസ്വമായ സേട്ട് ദൈവലത്ത്രാമനാണ്. നോക്കൂ, കുറച്ചിങ്ങോട്ടുനോക്കൂ.

ചുന്നി—(മൂടുപടം എടുത്തുനോക്കീട്ട്) അയ്യോ! ഈശ്വര (മൂർഛ അഭിനയിയ്ക്കുന്നു.)

ദൌ—ഐ! ഇതെന്താ സംഗതി?

ബിഹ—നീ ഏതു ദുഷ്ടനാണ്; ദേദപ്പെട്ട ആളുകളുടെ ഭാൎയ്യമാരുടെ അടുത്തേയ്ക്കുകൂടി കൈനീട്ടുകയോ?

ദൌ—ഇതു് എൻെറ ഭാൎയ്യതന്നെയാണ്.

ബി — നിൻെറ?

ദൌ—ആ!

ബി—നിങ്ങൾ വളരെ നല്ല ആളുതന്നെ!

ദൌ—ഇതെൻെറ ഭാൎയ്യയാണ്.

[ചുന്നി എഴുന്നേല്ക്കുന്നു]

ദൌ—നോക്കു, തൻേറടം വന്നു.

ചുന്നി—അദ്ദേഹത്തോടുകൂടാതെ എനിയ്ക്കു ജീവിപ്പാൻ അസാദ്ധ്യമാണ്.

ബിഹാ—ധന്യയായ പതിവ്രതതന്നെ!

ചുന്നി—അബലയും വിഹ്വലയും ബാലയുമായ ഞാൻ -

ബിഹാ—ഹാ! ഹാ!

ചുന്നി—ചെറുപ്പക്കാരിയും സുന്ദരിയുമായ ഞാൻ എങ്ങിനെ തനിയെ താമസിയ്ക്കും?

ബിഹ—തനിയെ എന്തിനാ മോഹിനീ നീ കഴിയുന്നതു്? ബിഹാരി ജീവിച്ചിരിയ്ക്കുമ്പോൾ നിനക്കെന്താണ് ചിന്തയ്ക്കുവകാശം?

ദൌ—ബിഹാരി, നിൻെറ ഈ പ്രവൃത്തി -

ചുന്നി—ഇപ്പോൾതന്നെ ഞാനെൻെറ പതിയുടെ പിന്നാലെ പോകയാണ് -

ബി—എൻെറ ഭാൎയ്യയും ഇപ്പോൾ മരിച്ചിരിക്കുന്നു -

ചുന്നി—മനസ്സിൻേറ അവസ്ഥ-

ബിഹാ--വളരെ-

ദൌ--ചീത്തയാണു്; എന്നാൽ-

ബിഹാ--(ചുന്നിയോടു) പോയ്ക്കോളൂ. ഇപ്പോഠം ഭവതി അകത്തേയ്ക്കു പോയ്ക്കോളൂ. ഞാൻ വിവാഹത്തിൻേറ ഒരുക്കങ്ങഠം ചെയ്യാൻ പോകുന്നു.

[ചുന്നി പോകുന്നു]

ദൌ--ശേഷക്രിയയും വിവാഹവും ഒരിക്കൽത്തന്നെയോ ?

ബീഹാ--ലാത്തിയെവിടെ? ഇവിടെയുണ്ടു് (ലാത്തിയെടുക്കുന്നു.)

ദൌ—വടിയെന്തിനാണു്?

ബിഹാ—സ്ത്രീയെ വശത്താക്കാനുള്ള പണി ആദ്യംതന്നെ എടുത്തുകളയാം; 5000-കയുടെ പണ്ടമുണ്ടു്; 1000-ക ചുന്നിയുടെ കയ്യിൽത്തന്നെയുണ്ടു്.

ദൌ—നോക്കു, താങ്കളെൻേറ അളിയനാണു്; വക്കീലാണു്. എന്നിട്ടും ഇങ്ങനെ നീചകമ്മം ചെയ്യരുതു്; ഞാൻ ജീവിച്ചിരിയ്ക്കുമ്പോഠംത്തന്നെ എൻേറ ഭാര്യയെ കല്യാണം കഴിയ്ക്കുകയോ?

ബി—നീചകമ്മമോ? എങ്ങനെ? വിധവയെ വിവാഹം ചെയ്യുന്നതിൽ എനിയ്ക്കു യാതൊരു വൈഷമ്യവുമില്ല..

ദൌ—എന്നാൽ അവഠം എൻേറ ഭാര്യയാണല്ലോ.

ബീ—ഈ സംഗതിയാണെങ്കിൽ അവഠംതന്നെ സമ്മതക്കുന്നില്ലല്ലോ?

ദൌ—ഈശ്വര! (കരയുന്നു.)

ബി—നോക്കു സാഹിബേ, നിങ്ങളെ കണ്ടിട്ട് എനിയ്ക്കു വ്യസനമാവുന്നു; ഒരുപക്ഷെ നിങ്ങൾ ദൌലത്ത്‌രാം തന്നെയായിരിയ്ക്കാം; എന്നാൽ അതിന്നു ലക്ഷ്യമില്ലല്ലോ. കോടതിയിൽ നിങ്ങൾക്കു നില കിട്ടില്ല; പറയൂ, എന്താ ചെയ്യുക?

ദൌ—ഇതു തന്നെയാണ് സംഗതി; ഭാര്യ തിരിച്ചറിയുന്നില്ല! ഒരുപക്ഷെ ഞാൻ സത്യമായിട്ടും മരിച്ചിരിയ്ക്കുന്നുവോ? നോക്കട്ടെ. കാര്യം ഇതാണ്; ഞാൻ മരിച്ചിരിയ്ക്കുന്നുവൊ ഇല്ലയൊ? ഞാൻ സംസാരസാഗരത്തിൻെറ തിരകളിൽ കിടന്നു കൊടുങ്കാററിൻെറ ശക്തികൊണ്ടു ചുററിത്തിരിയുന്നുവൊ, അതൊ അതിൽ കളിച്ചുകൊണ്ടിരിയ്ക്കുന്നുവൊ? ഞാൻ സിംഹം, കരടി, പാമ്പ് മുതലായ ദുഷ്ടജീവികളാൽ പരിപൂർണ്ണമായ വനത്തിൻെറ ഘനമായ അന്ധകാരത്തിൽ കരഞ്ഞുകൊണ്ടിരിയ്ക്കുന്നുവൊ, അതൊ പാട്ടു പാടിക്കൊണ്ടിരിയ്ക്കുന്നുവൊ? ഞൊടിച്ചു നോക്കട്ടെ (കൈകൊണ്ടു ഞൊടിച്ചു നോക്കുന്നു.) തല ഇളക്കിനോക്കട്ടെ (അങ്ങിനെ ചെയ്യുന്നു.) ഒന്നും മനസ്സിലാവുന്നില്ല!—അല്ല, ഇതു ജീവിതവുമല്ല മരണവുമല്ല; എന്തൊരാപത്ത്; ഞാൻ സ്വപ്നത്തിൽക്കൂടി ഇങ്ങനെ ഒരാപത്തു വരുമെന്നു വിചാരിച്ചിരുന്നില്ല-അതാരാണ്? ആട്ടെ, അവരെന്താ ചെയ്യുന്നതെന്ന് ഒളിച്ചിരുന്നു നോക്കാം. (ഒളിയ്ക്കുന്നു.)

[ആഘോഷത്തോടുകൂടി ദൌലത്തിൻെറ ബന്ധുക്കൾ പ്രവേശിക്കുന്നു]

ഒന്നാ—ഇവടെത്തന്നെ ഇരിക്കു. (ഇരിയ്ക്കുന്നു.)

രണ്ടാ—ഹാ, ഇന്ന് ഹൃദയം ആനന്ദംകൊണ്ടു നിറഞ്ഞിരിയ്ക്കുന്നു. (ഇരിയ്ക്കുന്നു.)

മൂന്നാ—(ഇരുന്നിട്ടു) കിഴവൻ പോയി ചത്തു!

നാലാ—എനിയ്ക്കു വളരെ സന്തോഷമായി. (ഇരിയ്ക്കുന്നു.)

അഞ്ചാ—ഒരു പൈസയെങ്കിലും ഒരാൾക്കു കൊടുത്തിട്ടില്ല.

ഒന്നാ— വല്ലാത്ത പിശുക്കനായിരുന്നു!

മൂന്നാ—മൂപ്പരുടെ വിചാരം താനൊരിയ്ക്കലും മരിയ്ക്കില്ലെന്നായിരുന്നു.

രണ്ടാ—ഏതായാലും ദൈവലത്ത്റാം സേട്ടുവിനെക്കൂടി മരണം ഒഴിച്ചു വിട്ടില്ല!

നാലാ—ശരിയാണ് പറഞ്ഞതു--ഹാ: ഹാ: ഹാ: ഹാ:

അഞ്ചാ—ഹാ: ഹാ: ഹാ: ഹാ:

ദൈവ—ഇവർ വളരെ സന്തോഷമുള്ളവരായി കാണപ്പെടുന്നു!

ഒന്നാ—കിഴവൻ വളരെ പിശുക്കനായിരുന്നു;

രണ്ടാ—ആപത്തു തീന്നു!

മൂന്നാ—ഒസ്യത്തിൽ നമുക്കും തീച്ചയായും വല്ലതും എഴുതിവെച്ചിട്ടുണ്ടാവും.

ദൈവ—(വിരൽ കാണിച്ചു) ഒററ പൈസയില്ല.

അഞ്ചാ—എന്നാൽ ആക്കെങ്കിലും കൊടുത്തിട്ടുണ്ടാവും.

ദൈവ—ആക്കുമില്ല.

ആറാ—കൂടെ എടുത്തുകൊണ്ടോവാൻ സാധിയ്ക്കില്ലല്ലോ!

ദൈവ—പെട്ടി എടുത്തുകൊണ്ടുപോവാൻ സാധിയ്ക്കില്ല; എന്നാൽ താക്കോൽക്കൂട്ടം എടുത്തുകൊണ്ടോവാൻ സാധിയ്ക്കും.

രണ്ടാ—ഇനിയത്തെ ജന്മത്തിൽ തലപൊട്ടിത്തെറിയ്ക്കും.

ഔ—തല ഇപ്പോഠംത്തന്നെ പൊട്ടിത്തെറിപ്പാൻ ആ ഗ്ര
ഹിയ്ക്കുന്നു.

മൂന്നാ—അയാഠം വേണ്ടപോലെ തിന്നും കുടിച്ചും ഇല്ല;
നോക്കു!

ഔ—ചേട്ടാ, ഇപ്പോഠം അങ്ങനെയല്ല; പകൽ പച്ചമു
ന്തിരിങ്ങാ മുതലായതു്; രാത്രി മേത്തരം ഭക്ഷണം;
ഇങ്ങനെയാണു്.

നാലാ—ഇപ്പോഠം ആ രണ്ടു കുട്ടികഠംക്കു് സർവ്വ സ്വത്തും
കിട്ടും.

ഔ—പോവൂ, ഇപ്പോഠം കിട്ടില്ല.

[ദൌലത്തു്രാമിൻെറ രണ്ടു മക്കളും വരുന്നു.]

ഒന്നാ—സ്വത്തു പകുതി എൻെറയാണു്.

രണ്ടാ—ഒരൊററ പൈസ നിൻെറയല്ല; അച്ഛൻ ഒസ്യ
ത്തിൽ എല്ലാം എൻെറ പേക്കെഴുതി വെച്ചിരി
യ്ക്കുന്നു.

ഔ—എഴുതിവെച്ചിരിയ്ക്കുന്നു? എങ്ങിനെ? എന്നെ ഓമ്മ
യില്ലേ?

ഒന്നാ—ഒസ്യത്തു കളവാണു്, ഞാൻ തെളിയിയ്ക്കും.

രണ്ടാ—ഒരിയ്ക്കലും അല്ല!

ഒന്നാ—നിശ്ചയമായും കളവാണു്.

രണ്ടാ—ഞാനെൻെറ ഭാഗത്തു മിസ്റ്റർ ദാസ്സിനെ നിത്തും.

ഒന്നാ—ഞാൻ ബാരിസ്റ്റർ ജാക്ക്സനെക്കൊണ്ടു കേസ്
നടത്തിയ്ക്കും.

രണ്ടാ—ഞാൻ 10000_ക. ചെലവുചെയ്യും!

ഒന്നാ—ഞാൻ 15000_ക. ചെലവുചെയ്യും!

രണ്ടാ—നീ വിശ്വാസവഞ്ചകനാണു്.

ഒന്നാ—നീ ചതിയനാണ്.
രണ്ടാ—നീ എലിയാണ്.
ഒന്നാ—നീ പിറുക്കയാണ്.
രണ്ടാ—എൻെറ വീട്ടിൽനിന്നു പുറത്തുപോ.
ഒന്നാ—നിൻെറ? നിൻെറ അച്ഛൻെറ വീടാ?
രണ്ടാ—പുറത്തു പോ-
ഒന്നാ—മിണ്ടാതിരി.
രണ്ടാ—ബന്ധു-ഇന്നെന്തിനാ നിങ്ങറം ശണ്ഠ കൂട്ടുന്നതു്?
ഇന്നാനന്ദിയ്ക്കിൻ. എത്ര ആനന്ദിയ്ക്കേണ്ട ദിവസം!
നിങ്ങളുടെ അച്ഛൻ മരിച്ചുപോയിരിയ്ക്കുന്നു.
മൂന്നാ—ബന്ധു-ഹാ! വയറുനിറയെ ഉണ്ണുവിൻ!
നാലാ—ബന്ധു സുഖമായി ആനന്ദിപ്പിൻ!
അഞ്ചാ—നൃത്തം വെയ്ക്കിൻ!
രണ്ടാ—പാടുവിൻ!
ഒന്നാ—ഞാനൊരു പാട്ടുണ്ടാക്കിട്ടുണ്ടു്!
രണ്ടാ—ആ, പാടു, ആ പാട്ടുതന്നെ.
മൂന്നാ—ഏതു്?
ഒന്നാ—ഞാനുണ്ടാക്കിയതുതന്നെ:— 'കിഴവൻ ചത്തുപോയ് -'
ദൈ—ഇതിലിടയ്ക്കു പാട്ടും ഉണ്ടാക്കിയോ!

[എല്ലാവരും പാടുന്നു]

(അന്നനട)

കിഴവൻ ചത്തുപോയ്; കിഴവൻ ചത്തുപോയ്!
കിഴവൻ ചത്തുപോയ്; കിഴവൻ ചത്തുപോയ്!

ദൈ—മതി; ഇപ്പോറം അവൻ മരിച്ചിട്ടില്ല.

[എല്ലാവരും പാടുന്നു]

കിഴവൻ ചത്തുപോയ്, കിഴവൻ ചത്തുപോയ്!

[ദൌലത്ത്രാമിൻെറ പെൺകുട്ടി മുമ്പോക്കം വന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു പാടുന്നു]

കിഴവൻ ചത്തില്ല; കിഴവൻ ചത്തില്ല;
കിഴവൻ നില്ക്കുവതിതാ നോക്കീടുവിൻ.

ഒന്നാ—പുത്രൻ - ഏയ്! ഇവനാരാണ്?

ണ്ടാ—ററാ! ഇവനാരാണ്?

ദൌ—(കുട്ടികളോട്) നിങ്ങൾ ഇത്ര ആശ്ചൎയ്യം പ്രകടിപ്പിയ്ക്കുന്നുവൊ? എന്നാൽ എൻെറ വിശ്വാസം കിഴവൻ ഇപ്പോഴം മരിച്ചിട്ടില്ലെന്നും, അവൻെറ ശരീരമാണ് നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതെന്നുമാണ്.

ഒ—പുത്രൻ_എങ്ങിനെ?

ര—പുത്രൻ_ശരിയാണ്; എങ്ങിനെ;

ബന്ധുക്കൾ—(ദൌലത്തിനോട്) സേർ, നിങ്ങളാരാണ്? പോവൂ; പുറത്തുപോവൂ.

ദൌ—ഞാനീ രണ്ടു കുട്ടികളുടേയും അച്ഛനാണ്.

ബന്ധുക്കൾ—അച്ഛൻ? അതെങ്ങനെ? ഞങ്ങൾക്കു വിശ്വാസമില്ല; അച്ഛനാണെന്നു തെളിയിയ്ക്കൂ.

ദൌ—എല്ലാം തെളിയിയ്ക്കണം? സഹോദരന്മാരേ, കേൾക്കിൻ_ഞാൻ ഈ കുട്ടിയുടെ അച്ഛനാണെന്നു നിങ്ങൾക്കാക്കും തെളിയിയ്ക്കാൻ കഴിയില്ലേ? നിങ്ങളതു് വിശ്വസിയ്ക്കുന്നില്ലേ?

ബന്ധു—ഇല്ല, ഞങ്ങൾ വിശ്വസിക്കുന്നില്ല, പുറത്തുപോവൂ.

ദൌ—എവിടേയ്ക്കു പോവും?

ബന്ധു—അതു് ഞങ്ങളെങ്ങനെ അറിയും? ഞങ്ങൾക്കറിഞ്ഞുകൂട.

ദൌ—രണ്ടു കുട്ടികളും തിരിച്ചറിഞ്ഞിരിയ്ക്കുന്നു; എന്നാൽ മുഖഭാവംകൊണ്ടു് അതു കാണിയ്ക്കുന്നില്ല. കലിയുഗത്തിലെ കുട്ടികൾ!!

ബന്ധു—(ദൌലത്തിനോടു്) ഏയ് എന്താ ആലോചിയ്ക്കണ്? കുറച്ചു ലഹരിസാധനം ഉണ്ടു്. കഴിയ്ക്കണൊ? വേഗം എടുത്തോളൂ.

ദൌ—(കുറച്ചാലോചിച്ചിട്ടു്) ഞാനാണെങ്കിൽ ജീവിയ്ക്കുന്നു. പിന്നെ എന്തിനതുപേക്ഷിയ്ക്കണം? (എടുത്തു കുടിയ്ക്കുന്നു.)

[ബിഹാരി, പോലീസ് ഇൻസ്പെക്ടരുടെവേഷത്തിൽ രാമചന്ദ്രൻ, ഒരു ഹവിൽദാരുടേയും കോൺസ്റ്റബിൾമാരുടേയും വേഷത്തിൽ നന്ദു, മോഹൻ, സുന്ദർ എന്നിവരും പ്രവേശിയ്ക്കുന്നു

ബി—ആ വന്നു മൂപ്പരെ........

ബന്ധു—ഏയ് പോലീസ് വന്നുപോയി! ഓടിക്കോളൂ, ഓടിക്കോളൂ, (ഓടിപ്പോകുന്നു)

ബിഹാ—(ഇൻസ്പെക്ടരോടു് ഇവൻ ദൌലത്ത്‌രാമിന്റെ വേഷമെടുത്തു വന്നിരിക്കയാണു്; എടവാടുകാരെ ചതിക്കാനായിട്ടു്.

ഇൻ—എന്താ, നിങ്ങൾ 'ഞാൻ സേട്ടു് ദൌലത്ത്‌രാമാണെ'ന്നു പറയുന്നുവോ?

ദൌ—(കൈ കൂപ്പീട്ടു്) ഉവ്വ്, ജമേദാർ എജമാനനെ.

(കൺസ്റ്റേബിൾമാർ കടന്നു പിടിയ്ക്കുന്നു.)

ഇൻ—പിടിയ്ക്കുവനെ.

ദൌ—സേർ, ഞാൻ........

ഇൻ—ദൌലത്തുറാം സേട്ടാണു!

ദൌ--(വിറച്ചുംകൊണ്ടു)എജമാനനെ ഒരു ജന്മത്തിലും അല്ല!

ഇൻ--പിന്നെ അയാളുടെ രൂപമെടുത്തു് എന്തിനുവന്നു?

ദൌ--എജമാ-

ഇൻ--കളവു! സത്യം പറഞ്ഞോ!

ദൌ--ഇൻസ്പക്ടരെജമാനനെ, ഞാൻ പറയുംമുമ്പന്നെ നിങ്ങഠം അതു കളവാണെന്നു പറയുന്നു.

ഇൻ—അതെനിക്കറിയാം.

ദൌ—ഇൻസ്പെക്ടർസാഹിബെ, പോലീസുകാർ സർവ്വശക്തന്മാരാണെന്നു് എനിക്കറിവുണ്ടായിരുന്നു. എന്നാൽ അവർ സർവ്വജ്ഞന്മാരാണെന്നറിഞ്ഞിരുന്നില്ല.

ഇൻ—നേരുപറയു. (വടികൊണ്ടടിയ്ക്കുന്നു.)

ദൌ—സേർ, സേർ അങ്ങിനെ പറഞ്ഞിരുന്നവനായിരുന്നു. അടിയ്ക്കുമ്പോഠം ഒക്കെ മറന്നുപോകുന്നു; ഞാനെന്തുപറഞ്ഞാലാണു അവിടേയ്ക്കു സന്തോഷാവു്ാ?

ഇൻ—ഞാൻ സേട്ടു് ദൌലത്ത്രാമല്ലെന്നു്. (വടി ഇളക്കുന്നു.

ദൌ—ഒരിയ്ക്കലുമല്ല; അപ്പാ! തല്ലരുതേ.

ഇൻ—പിന്നെ താനാരാണു്?

ദൌ—സമ്പത്ത്സേട്ടു്.

ഇൻ--സമ്പത്ത്സേട്ടു് ആരാണു്?

ദൌ--ദൌലത്ത്രാമിൻെറ അനുജൻ.

ഇൻ--എന്നാൽ പിന്നെ ദൌലത്ത്റാമിൻെറ വേഷം കെട്ടി വന്നതെന്തിനാണു്?

ദൌ--എജമാ-(ആലോചിക്കുന്നു)

ഇൻ—നേരുപാറ (വടികൊണ്ടടിയ്ക്കുന്നു) അയാളുടെ ഇങ്ങനത്തെ വേഷം കെട്ടീട്ടു-

ദൌ—ഞങ്ങറം രണ്ടാളും ഇരട്ട പെററവരാണ്?

ഇൻ—മിണ്ടാതിരിയ്ക്കു്.

ദൌ—ശരി, മിണ്ടാതിരുന്നോളാം.

ഇൻ—(ബിഹാരിയെ ചൂണ്ടിക്കാണിച്ചു്) ഇദ്ദേഹം ആരാണ്?

ദൌ—(ആത്മ്യം) എന്റെ—അതായതു ദൌലത്ത്റാമിന്റെ സഹോദരിയെ വിവാഹംചെയ്ത ആളായിരുന്നു. എന്നാൽ ഇപ്പോറം അവന്റെ ഭാര്യയുടെ ഭത്താവു്!

ഇൻ—സത്യമാണോ പറയുന്നതു്?

ദൌ—സേർ, ഞാൻ കുളവു ചിലപ്പോറം പറയും.

ഇൻ—മൂക്കു തിരുമ്മിനോക്കു, ചെവി പിടിച്ചുനോക്കു.

ദൌ—എന്തിനാണ് ജമേദാർ സാഹിബേ?

ഇൻ—മിണ്ടാതിരി; ചെവി പിടിക്കു.

ദൌ—ആ എജമാനനെ (ചെവി പിടിയ്ക്കുന്നു)

ഇൻ—പറയൂ ഞാൻ ഒരിയ്ക്കലും ഒരു ജന്മത്തിലും സേട്ടു് ദൌലത്ത്റാമായിരുന്നില്ലെന്നു്.

ദൌ—അങ്ങനെ ആയിക്കൊള്ളട്ടെ; ഞാനൊരിയ്ക്കലും ദൌലത്ത്രാമനായിരുന്നില്ല.

ബിഹാ—ബാർഡ്’ ബൈ ലിമിറേറഷൻ (Barred by limitation)

[കാലഹരണം വന്നു]

ഇൻ—ശരി.

ബി—(ഇൻസ്പെക്ടരോടു) പോവുക; കുറച്ചു ചായ കഴിച്ചു വരാം.

ദൌ—എൻെറ മുമ്പേത്തെ വിധവ എന്നെ തിരിച്ചറിയു
മോ എന്നുകൂടി ഇൻസ്പെക്ടർ നോക്കണ്ടേ?

ഇൻ—മിണ്ടാതിരിയ്ക്കു".

ദൌ—(പേടിച്ച്) സേർ!

[ദൌലത്തൊഴിച്ച് ബാക്കിയെല്ലാവരും പോകുന്നു]

ദൌ—(തന്നെത്താൻ) ഒടുക്കം വടിയെടുത്തടിച്ചപ്പോഠം ഞാൻ സേട്ട് ദൌലത്ത്റാമല്ലെന്നു തെളിഞ്ഞു. "അടിയിലും മീതെ ഓടിയില്ലെ"ന്നു പറയുന്നത് നേരാണ്. അല്ല, ഞാൻ മരിച്ചുപോയിരുന്നു. ആ സംഗതി കളവല്ല; ഹാ! മരിച്ചുപോയിരുന്നു. സഹോദരാ, ഇത് എൻെറ പുനർജ്ജന്മമാണ്. ഇന്നു പുതിയ അനുഭവങ്ങളോടും വിശ്വാസങ്ങളോടും ഞാൻ പിന്നെയും ജീവിച്ചെഴുന്നേല്ക്കുന്നു. പാവങ്ങളെ ഉപദ്രവിച്ചിട്ടും തന്നെത്താൻ വഞ്ചിച്ചിട്ടും ഞാൻ സമ്പാദിച്ച സ്വത്തൊക്കെ ഇവർ വെറുതെ ധൂത്തടിക്കുന്നു! അത് എൻെറ കണ്ണുകൊണ്ടുതന്നെ കാണുന്നു! വെറുതെ പറഞ്ഞിട്ടെന്താ കായ്യം? ഇന്നു ഞാൻ ജീവിച്ചിരിയ്ക്കുന്നുവെന്നു തെളിഞ്ഞെങ്കിൽ ഞാൻ സാധുക്കഠംക്കന്നവും വസ്ത്രവും കൊടുക്കും; വയറുനിറച്ചുണ്ണുകയും ചെയ്യും; ഏതുവരെ തെളിയിയ്ക്കുന്നില്ലയോ അതുവരെ നീ ചിരിച്ചോ, തിന്നോ, കുടിച്ചോ; എന്നാൽ ഞാൻ ജീവിയ്ക്കുന്നത് തെളിയിപ്പാൻ സാധിച്ചില്ലെങ്കിൽ കാട്ടിലേയ്ക്കുപോയി പുനർജ്ജന്മം ഉണ്ടാവാതിരിയ്ക്കാൻ തപസ്സുചെയ്യും!

[ബിഹാരിയും ചുന്നിയും വരുന്നു]

ചുന്നി—(ദൌലത്തിനോട്) എന്താ ആലോചിച്ചുംകൊണ്ട് നില്ക്കുന്നത്?

ദൌ—ഇതുതന്നെ(കൈകൂപ്പി ബിഹാരിയോട്)മഹാശയ, നമസ്കാരം, (പിന്നെ ചുന്നിയുടെ മുമ്പിൽ കൈകൂപ്പുന്നു) എന്താണാജ്ഞ?

ബി—ദൌലത്ത്റാംജി!

ദൌ—ആരു ദൌലത്ത്രാമൻ?

ബി—നിങ്ങൾ!

ദൌ—ആരു പറയുന്നു! നിങ്ങളെല്ലാവരുംകൂടി ഇപ്പോൾ തന്നെയാണ് ഞാൻ സേട്ട് ദൌലത്ത്റാമല്ലെന്നു തെളിയിച്ചതു്; ഇപ്പോൾ ഞാൻ ദൌലത്ത്റാമാണ്; അല്ല, ഞാൻ ദൌലത്ത്റാമല്ല.

ചുന്നി—എന്തിനാണെന്നോട്' പ്രണയകലഹം? അങ്ങെൻെറ പ്രാണനാഥനാണ്.

ദൌ—എങ്ങനെ? ഇപ്പോളെല്ലാം തെളിഞ്ഞുകഴിഞ്ഞു. ജാതകം, ഡാക്കരുടെ സർട്ടിഫിക്കററ്, വത്തമാനക്കടലാസ്സ്, സാക്ഷി, ഇതിനെല്ലാം വലിയ പ്രമാണം, നല്ല വടികൊണ്ടുള്ള അടി; എന്നിട്ടും എന്നെ നിൻെറ പ്രാണനാഥനാക്കുകയൊ? ഞാനാരാണ്? ഞാനല്ല.

ചുന്നി—അല്ല, നിങ്ങളെൻെറ പ്രാണനാഥനാണ്.

ദൌ—ഇതു കേൾക്കുമ്പോൾ വളരെ ആനന്ദം ഉണ്ടാവുന്നു.

ചു—അങ്ങേയ്ക്കെന്തിനാണ' എന്നോട് അന്യായമായ ഈ പ്രണയകലഹം?

ദൌ—എനിയ്ക്കു കോപമുണ്ടു; ഞാൻ വിരക്തനായിത്തീന്നിരിക്കുന്നു; എന്നെ കുഴപ്പത്തിലാക്കരുതു്; ഞാൻ കാട്ടിലേയ്ക്കു പോകയാണ്.

ചു—ഞാനും വരും.

ദൈ—ഞാൻ സന്ന്യസിയ്ക്കുകയാണ്.

ചു—ഞാൻ സന്ന്യാസിനിയാവുകയാണ്.

ദൈ—എന്നിട്ട് തപസ്സുചെയ്യും. പുനർജ്ജന്മത്തിൽ നിന്നെ കല്യാണം കഴിക്കാനിടവരാതിരിപ്പാൻവേണ്ടി; കല്യാണം കഴിയ്ക്കേണ്ടിവരികയാണെങ്കിൽത്തന്നെ നിന്നെ കല്യാണം കഴിപ്പാനിടവരരുത്.

ചു—നിങ്ങൾതന്നെ എന്നെ വിവാഹം കഴിപ്പാൻവേണ്ടി ഞാൻ തപസ്സുചെയ്യും.

ദൈ—ഇല്ല; നിയ്യെന്നെ സ്നേഹിക്കുന്നില്ല.

(ബിഹാരി തലയാട്ടുന്നു.)

ദൈ—തലയാട്ടുന്നുവോ? ഇപ്പെന്താ വല്ല ഉപദ്രവവും ഉണ്ടാക്കിത്തീർക്കാൻ ആലോചിച്ചു വരികയാണോ? ഇങ്ങട്ടു നോക്കു; ഇതെന്റെ ഭാര്യയാണ്. (ചുന്നിയുടെ കൈ പിടിയ്ക്കുന്നു.)

ബി—ഇത് നിങ്ങൾക്കു വിശ്വാസമുണ്ടോ?

ബി—വിശ്വാസം! ഇപ്പോ എന്താ ഇവളെന്റെ ഭാര്യയല്ലെന്നുകൂടി തെളിയിച്ചുകളയാമെന്നുണ്ടോ? ജാതകം കൊണ്ടുവരു, സർട്ടിഫിക്കററും സാക്ഷിയും ഒക്കെയാവട്ടെ; പത്രത്തിലും എഴുതിക്കോളൂ.

ബി—ശരി, നിങ്ങളുടെ ഭാര്യയെ നിങ്ങൾക്കു തരുന്നു.

ദൈ—വലിയ ദയയായിപ്പോയി!

ബി—ശരി മോട്ടുജി, നിങ്ങൾക്ക് കുറച്ചു പാഠം പഠിച്ചുവോ ഇല്ലയോ?

ദൈ—[illegible], ഇതെന്റെ പുനർജ്ജന്മമാണ്!

([illegible]ില വീഴുന്നു.)

—(മാതൃഭൂമി)